കേരള സർക്കാർ

സംസ്ഥാന ആസൂത്രണ ബോർഡ്

# സമീപന രേഖ

പതിനാലാം പഞ്ചവത്സര പദ്ധതി 2022-27

# ഉള്ളടക്കം


**1. ആമുഖം** 5

1.1. കേരളത്തിന്റെ സവിശേഷതകൾ 6

1.2. പതിമൂന്നാം പദ്ധതിക്കാലയളവിലെ വെല്ലുവിളികളും പ്രതിസന്ധികളും 7

1.3. പതിമൂന്നാം പഞ്ചവത്സര പദ്ധതിയിലെ നേട്ടങ്ങൾ 8

1.4. അന്തർദേശീയ സാഹചര്യവും കേരളവും 11

1.5. പതിനാലാം പഞ്ചവത്സര പദ്ധതി 13

**2.ഉൽപാദന മേഖലകളും സേവനങ്ങളും** 15

2.1. കൃഷിയും അനുബന്ധ മേഖലകളും 15

2.2. വ്യവസായം 24

2.3. ശാസ്ത്രവും സാങ്കേതിക വിദ്യയും 27

2.4. വിവരസാങ്കേതികവിദ്യ 29

2.5. വിനോദസഞ്ചാരം 32

2.6. വിദേശ, ആഭ്യന്തര വ്യാപാരം 35

**3. തൊഴിൽ, തൊഴിലാളി ക്ഷേമം, തൊഴിൽ സാദ്ധ്യതകളും നൈപുണ്യവും** 37

3.1. തൊഴിലും തൊഴിലാളി ക്ഷേമവും 37

3.2. തൊഴിൽ സാദ്ധ്യതകളും നൈപുണ്യവും 38

**4. വിദ്യാഭ്യാസം** 41

4.1. സ്കൂൾ വിദ്യാഭ്യാസം 41

4.2. ഉന്നത വിദ്യാഭ്യാസം 42

**5. ജനക്ഷേമത്തിലെ പുത്തൻ വാതായനങ്ങൾ** 45

5.1. വൈദ്യ ശുശ്രൂഷയും പൊതുജനാരോഗ്യവും 45

5.2. ലിംഗപദവിയും വികസനവും 47

5.3. പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗങ്ങൾ 49

5.4. സാമൂഹിക സേവനങ്ങളും സാമൂഹിക സുരക്ഷയും 51

5.5. പാർപ്പിടം 52

5.6. ശുദ്ധജല വിതരണവും മലിനജല നിവാരണവും 53

5.7. ഭക്ഷ്യഭദ്രതയും പൊതുവിതരണവും 53

5.8. അതിദാരിദ്ര്യ നിർമാർജ്ജനം 53

**6. പശ്ചാത്തല സൗകര്യങ്ങൾ** 55

6.1. ഗതാഗതം 55

6.2. ഊർജ്ജം 58

6.3. ജലസേചനം 60

**7. പരിസ്ഥിതി** 62

7.1. ജൈവവൈവിധ്യം, കാലാവസ്ഥാ വ്യതിയാനം, പരിസ്ഥിതി 62

7.2. ദുരന്ത നിവാരണം 63

7.3. വനസംരക്ഷണം 65

**8. പ്രാദേശിക സർക്കാരുകൾ** 67

**9. കലയും സംസ്കാരവും കായികവും** 71

9.1. കലയും സംസ്കാരവും 71

9.2. കായികം 72

**10. പ്രവാസി മലയാളികൾ** 74

**11. ഭരണ നിർവ്വഹണവും ഗവേണൻസും** 76

11.1. ഭൂരേഖകൾ 76

11.2. ഇ-ഗവേണൻസ് 77

11.3. വികസനത്തിനായുള്ള സ്ഥിതിവിവരക്കണക്കുകൾ 78

**12. പതിനാലാം പഞ്ചവത്സര പദ്ധതിക്കുള്ള വിഭവങ്ങൾ** 79

12.1. പദ്ധതി വിഭവങ്ങളും വിഹിതവും 79

12.2. സഹകരണ സംഘങ്ങൾ 81

**13. പദ്ധതികളുടെ വിലയിരുത്തൽ** 82

# 1. ആമുഖം

1. തുടർച്ചയായി അധികാരത്തിൽ വരികയെന്ന മുൻപുണ്ടായിട്ടില്ലാത്ത നേട്ടം ഇടതുപക്ഷ ജനാധിപത്യ മുന്നണി കൈവരിച്ചിരിക്കുന്നു. സാമൂഹിക നയപരിപാടികളിലും നിക്ഷേപങ്ങളിലുമുള്ള കരുത്ത് ശക്തിപ്പെടുത്താൻ മാത്രമല്ല, ജനങ്ങൾക്ക് സമ്പൽസമൃദ്ധമായൊരു ഭാവി ഉറപ്പാക്കാനും സംസ്ഥാന സർക്കാരിന് ഇതൊരു അതുല്യ അവസരമാണ്. ഇന്ത്യയിലെ ഒരു സംസ്ഥാന സർക്കാർ എന്ന നിലയിൽ രാഷ്ട്രീയവും സാമ്പത്തികവും ഭരണപരവുമായ പരിമിതികൾക്കുള്ളിൽ പ്രവർത്തിക്കേണ്ടതുണ്ടെങ്കിലും പതിനാലാം പഞ്ചവത്സര പദ്ധതിയിലൂടെയും മറ്റ് മാർഗങ്ങളിലൂടെയും കേരള സർക്കാർ ഇന്ത്യയ്ക്കും ലോകത്തിനും മുൻപാകെ മതനിരപേക്ഷവും ജനാധിപത്യപരവും സമൂഹത്തിലെ എല്ലാവരെയും ഉൾക്കൊള്ളുന്നതുമായ ഒരു ഉയർന്ന സാമ്പത്തിക വളർച്ച ഉറപ്പാക്കുന്ന ബദൽ വികസന നയം അവതരിപ്പിക്കും.

2. വ്യക്തമായ വികസന കാഴ്ചപ്പാടോടെയാണ് കേരളത്തിലെ ഇടതുപക്ഷ സർക്കാരുകൾ അധികാരത്തിൽ വന്നിട്ടുള്ളത്. പതിമൂന്നാം പഞ്ചവത്സര പദ്ധതിയിൽ രേഖപ്പെടുത്തിയതു പോലെ, 1957ൽ കേരളത്തിലെ ആദ്യ തിരഞ്ഞെടുപ്പ് നടക്കുമ്പോൾ, 1956 ജൂണിൽ തൃശ്ശൂരിൽ ചേർന്ന സമ്മേളനം ജനാധിപത്യവും സമൃദ്ധവുമായ കേരളത്തിന്റെ നിർമ്മിതി എന്ന ഒരു മാർഗരേഖ തയ്യാറാക്കിയത് 1957 ലെ തിരഞ്ഞെടുപ്പ് പ്രകടന പത്രികയ്ക്കും ആദ്യ സംസ്ഥാന സർക്കാരിന്റെ നയപരിപാടികൾക്കും അടിത്തറയായി. 2016 ലെ നിയമസഭാ തിരഞ്ഞെടുപ്പിന്റെ പ്രകടനപത്രിക വിശാലമായ പൊതുജനാഭിപ്രായത്തെയും അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ്സിലെ ചർച്ചകളെയും അടിസ്ഥാനമാക്കിയുള്ളതായിരുന്നു. കേരളത്തിലെയും മറ്റിടങ്ങളിലെയും തിരഞ്ഞെടുപ്പ് പ്രകടന പത്രികയുടെ നിലവാരത്തിൽ വ്യത്യാസമുണ്ട്, നയരേഖ എന്ന നിലയിൽ മുൻ സർക്കാരിന്റെ കാലത്തെ തിരഞ്ഞെടുപ്പ് പ്രകടന പത്രിക പുതിയൊരു പ്രാധാന്യം നേടിയെടുക്കുകയുണ്ടായി.

3. 2021 ൽ മഹാമാരി ഏല്പിച്ച തടസ്സങ്ങൾക്കിടയിലും ഭാവിയെക്കുറിച്ചും ഒരു നവകേരളം സൃഷ്ടിക്കുന്നതിനെക്കുറിച്ചും ജനങ്ങളുടെ അഭിപ്രായംതേടി വിപുലമായ കൂടിയാലോചനകൾ മുഖ്യമന്ത്രി നടത്തി. കേരള പര്യടന പരിപാടിയിലൂടെയും സംസ്ഥാനത്തെ ഉന്നതവിദ്യാഭ്യാസ കാമ്പസുകളിലെ സംവാദങ്ങളിലൂടെയും ബഹുജന സംഘടനകളുമായും സാമൂഹിക ഗ്രൂപ്പുകളുമായും ഓൺലൈൻ, ഹൈബ്രിഡ് മീറ്റിംഗുകൾ വഴിയും ഈ കൂടിയാലോചനകൾ നടത്തി. കേരള സംസ്ഥാന ആസൂത്രണ ബോർഡ് ചെയർപേഴ്സന്റെ നേതൃത്വത്തിൽ "ഭാവി വീക്ഷണത്തോടെ കേരളം" എന്ന ഒരു അന്താരാഷ്ട്ര സമ്മേളനവും കൂടിയാലോചനയും സംഘടിപ്പിച്ചു.

## 1.1 കേരളത്തിന്റെ സവിശേഷതകൾ

### മാനവ വികസനം

4. മാനവ വികസന നേട്ടങ്ങളിൽ, പ്രത്യേകിച്ച് ആരോഗ്യ-വിദ്യാഭ്യാസ മേഖലകളിൽ, കേരളം ശ്രദ്ധയാകർഷിക്കപ്പെട്ടിട്ടുണ്ട്. ശിശുമരണ നിരക്കും അഞ്ച് വയസ്സിന് താഴെയുള്ള കുട്ടികളുടെ മരണനിരക്കും ഇന്ത്യയിൽ ഏറ്റവും കുറഞ്ഞ സംസ്ഥാനം കേരളമാണ്. വാസ്തവത്തിൽ ഇന്ത്യയിലെ വലിയ സംസ്ഥാനങ്ങളിൽ വച്ച് ശിശുമരണ നിരക്ക് 6 എന്ന സംഖ്യയിൽ നിൽക്കുന്നത് കേരളത്തിൽ മാത്രമാണ്. (ഇത് OECD അഥവാ ഓർഗനൈസേഷൻ ഫോർ ഇക്കണോമിക് കോ-ഓപ്പറേഷൻ ആന്റ് ഡെവലപ്മെന്റ് രാജ്യങ്ങളുടെ ശിശുമരണ നിരക്കിന് സമാനമാണ്). അഖിലേന്ത്യാ ശിശു മരണനിരക്ക് 30 ആണ്. കേരളത്തിൽ അഞ്ചുവയസ്സിനു താഴെ പ്രായമുള്ള കുട്ടികളുടെ മരണനിരക്ക് 10 ആണ്. ഇത് ഇന്ത്യയിൽ 36 ആണ്. അതുപോലെ കേരളത്തിലെ ആയുർദൈർഘ്യം (75.3) ഇന്ത്യയിലെ നിരക്കിനേക്കാൾ (69.4) കൂടുതലാണ്. മാതൃ മരണനിരക്ക് 1,00,000 പ്രസവങ്ങളിൽ 30 ൽ താഴെയായി കുറയ്ക്കുക എന്ന യുഎൻ സുസ്ഥിര വികസന ലക്ഷ്യം 2019 ൽ നിശ്ചിത സമയക്രമത്തിന് ഒരു വർഷം മുമ്പേ കേരളം കൈവരിച്ചു. മാതൃമരണ നിരക്ക് കേരളത്തിൽ 30 ഉം അഖിലേന്ത്യതലത്തിൽ 103 ഉം ആണ്. കേരളത്തിലേത് ഇന്ത്യയിലെ ഏറ്റവും താഴ്ന്ന നിരക്കാണ്. സംസ്ഥാനത്തെ രണ്ട് പൊതുജനാരോഗ്യ കേന്ദ്രങ്ങൾ (ചാലക്കുടി താലൂക്ക് ആശുപത്രിയും നൂൽപ്പുഴ കുടുംബാരോഗ്യ കേന്ദ്രവും) രാജ്യത്തെ ഏറ്റവും മികച്ച സർക്കാർ ആശുപത്രികളായി 2018 ൽ തിരഞ്ഞെടുക്കപ്പെട്ടു. സ്കൂൾ വിദ്യാഭ്യാസത്തിന്റെ കാര്യത്തിൽ കേരളം സാർവത്രിക പ്രവേശനവും രാജ്യത്തെ ഏറ്റവും കുറഞ്ഞ കൊഴിഞ്ഞുപോക്ക് നിരക്കും കൈവരിച്ചിട്ടുണ്ട്. സുസ്ഥിര വികസന ലക്ഷ്യം ഇന്ത്യ സൂചികയിൽ കേരളം മൂന്നു വർഷം (2018, 2019, 2020) തുടർച്ചയായി ഒന്നാം സ്ഥാനത്താണ്. നീതി ആയോഗിന്റെ ബഹുമുഖ ദാരിദ്ര്യ സൂചിക (2021) പ്രകാരം കേരളത്തിലെ പ്രതിശീർഷ ദാരിദ്ര്യാനുപാതം (സംസ്ഥാനത്ത് ബഹുതല ദാരിദ്ര്യം അനുഭവിക്കുന്ന ആളുകളുടെ എണ്ണം മൊത്തം ജനസംഖ്യയുടെ അനുപാതമായിട്ട്) 0.71 ശതമാനമാണ്. ഇത് ഇന്ത്യയിലെ സംസ്ഥാനങ്ങളിൽവെച്ച് ഏറ്റവും താഴ്ന്നതാകുന്നു. ഈ പ്രതിശീർഷാനുപാതം അഖിലേന്ത്യാതലത്തിൽ 25.01 ശതമാനവും ബീഹാറിൽ 51.9 ശതമാനവും ജാർഖണ്ഡിൽ 42.16 ശതമാനവുമാണ്. 2019 ൽ ഭിന്നശേഷിക്കാർക്കിടയിലെ ശാക്തീകരണം പ്രോത്സാഹിപ്പിക്കുന്നതിൽ ഇന്ത്യയിലെ സംസ്ഥാനങ്ങളിൽ ഒന്നാമതായി കേരളം വിലയിരുത്തപ്പെട്ടു. രാജ്യത്തെ സംസ്ഥാനങ്ങളിൽ നഗര-ഗ്രാമ വ്യത്യാസമില്ലാതെ കേരളത്തിലാണ് പ്രതിമാസ പ്രതിശീർഷ ഉപഭോഗ ചെലവ് ഏറ്റവും കൂടുതലുള്ളത്. ആളോഹരി വരുമാനാടിസ്ഥാനത്തിൽ സംസ്ഥാനത്തെ ശരാശരി പ്രതിശീർഷ വരുമാനം അഖിലേന്ത്യാ ശരാശരിയുടെ 1.5 മടങ്ങുവരും.

### ആസൂത്രണം തുടരുന്നു

5. ആസൂത്രണ പ്രക്രിയ തുടരാനുള്ള സാമൂഹ്യ പ്രതിബദ്ധത നിലനിർത്തിയിരിക്കുന്ന ഏക സംസ്ഥാനം കേരളമാണ്. പഞ്ചവത്സര പദ്ധതികളും വാർഷിക പദ്ധതികളും ജനങ്ങളുടെ അഭിലാഷങ്ങളെ പദ്ധതികളായും പരിപാടികളായും രൂ

പപ്പെടുത്തുന്നതിനും സമ്പദ് വ്യവസ്ഥയിലെ ദുർലഭമായ വിഭവങ്ങൾഉൽപാദന പരവും സമൂഹത്തിൽ സ്വാധീനം ചെലുത്താവുന്നതുമായ ആവശ്യങ്ങൾക്കായി നിക്ഷേപിക്കുന്നതിനുള്ള ഉപകരണങ്ങളായി വർത്തിക്കുന്നു.

6. 2016 ൽ അധികാരത്തിൽ വന്ന കേരള സർക്കാർ കേന്ദ്രത്തിലും അന്യ സംസ്ഥാനങ്ങളിലും ഉള്ള പ്രവണതയ്ക്കെതിരായി സാമ്പത്തിക ആസൂത്രണ പ്രക്രിയ തുടരാൻ തീരുമാനിച്ചു. മാനവിക വികസനത്തിലെ നേട്ടങ്ങൾ ശക്തിപ്പെടുത്തുകയും വിപുലീകരിക്കുകയും ചെയ്യുമ്പോൾത്തന്നെ ഈ നേട്ടങ്ങൾ ജനങ്ങൾക്ക് പ്രത്യേകിച്ച് യുവാക്കൾക്ക് പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്ന ഉൽപാദനോപാധികൾ മെച്ചപ്പെടുത്തുന്നതിനും കാർഷിക, വ്യാവസായിക, വരുമാനദായക സേവന മേഖലകളിൽ നിന്നുള്ള വരുമാനം വർധിപ്പിക്കുന്നതിനും വരുമാനദായക സേവനങ്ങൾക്കും പശ്ചാത്തല സൗകര്യ നിർമ്മാണത്തിനുമുള്ള അടിത്തറയായി ഉപയോഗപ്പെടുത്തുമെന്ന് സർക്കാർ തീരുമാനിച്ചു.

7. സാമ്പത്തിക പരിമിതികൾ വരും വർഷങ്ങളിൽ കൂടുതൽ കർശനമായേക്കാം. പതിനഞ്ചാം ധനകാര്യ കമ്മീഷൻ ശുപാർശ ചെയ്ത റവന്യൂ കമ്മി ഗ്രാന്റുകൾ 2023–24 നുശേഷം നിർത്തലാക്കും. ജി.എസ്.ടി നഷ്ടപരിഹാരം 2022 ജൂണിൽ അവസാനിച്ചേക്കാം. കൂടാതെ സംസ്ഥാന മൊത്ത ആഭ്യന്തര ഉൽപാദനത്തിന്റെ അനുപാതമായി കടമെടുക്കുന്നതിനുള്ള പരിധി 2025–26 ൽ 3 ശതമാനമായി തിരികെ കൊണ്ടുവരും (മഹാമാരിയുടെ സമയത്ത് ഇത് 4.5 ശതമാനമായി ഉയർത്തിയിരുന്നു). ഈ സാഹചര്യത്തിൽ സമ്പദ് വ്യവസ്ഥയെ പുനരുജ്ജീവിപ്പിക്കുന്നതിനായുള്ള കോവിഡാനന്തര വീണ്ടെടുക്കൽ ശ്രമങ്ങൾക്ക് നൽകിവരുന്ന ഊന്നൽ തുടരേണ്ടതുണ്ട്. സുസ്ഥിര സാമ്പത്തിക വളർച്ചയെ പ്രോത്സാഹിപ്പിക്കാനുള്ള ദൗത്യം മാറ്റിവെയ്ക്കാവുന്നതല്ല.

8. കേരളം ഇന്ന് സുസ്ഥിര വികസനം എന്ന വെല്ലുവിളിയെ ശാസ്ത്രീയമായും യുക്തിസഹമായും നേരിടേണ്ടിയിരിക്കുന്നു. പശ്ചാത്തല സൗകര്യ വികസനം കാലാവസ്ഥാ വ്യതിയാനങ്ങൾ ഉൾക്കൊള്ളാൻ കഴിയുന്നതായിരിക്കണം. ദുരന്തമുണ്ടായതിനുശേഷമുള്ള ഒരു ആലോചനയായിട്ടല്ലാതെ വികസന പ്രക്രിയയിൽ തന്നെ ദുരന്തനിവാരണം ഉറപ്പാക്കണം. കാലാവസ്ഥാ വ്യതിയാനം പുതിയ ആശങ്കൾ ഉയർത്തുന്നു, പ്രത്യേകിച്ച് തീരസംരക്ഷണത്തിലും കാർഷിക പ്രകൃതിവിഭവങ്ങൾക്കുമേലുള്ള ആഘാതത്തിലും. രാജ്യത്തെ ജൈവവൈവിധ്യ കേന്ദ്രങ്ങളിലൊന്നാണ് കേരളം. അതിനാൽ കാലാവസ്ഥാ വ്യതിയാനം മൂലമുണ്ടാകുന്ന മാറ്റങ്ങൾ നിരീക്ഷിക്കുമ്പോൾ തന്നെ ജൈവവൈവിധ്യത്തിന്റെ സംരക്ഷണവും മെച്ചപ്പെടുത്തലും ഉറപ്പാക്കേണ്ട പ്രത്യേക ഉത്തരവാദിത്വം നമുക്കുണ്ട്.

## 1.2 പതിമൂന്നാം പദ്ധതിക്കാലയളവിലെ വെല്ലുവിളികളും പ്രതിസന്ധികളും

9. കഴിഞ്ഞ അഞ്ച് വർഷം പല തരത്തിൽ പ്രവചനാതീതമായിരുന്നു. 2017 ലെ ഓഖി ചുഴലിക്കാറ്റ്, 2018 ലെയും 2019 ലെയും അതിതീവ്രമായ മഴ കാരണം ഉണ്ടായ വെള്ളപ്പൊക്കവും മണ്ണിടിച്ചിലും – സംസ്ഥാനം തീവ്രമായ കാലാവസ്ഥാ

വ്യതിയാനങ്ങൾക്ക് സാക്ഷ്യംവഹിച്ചു. 2018 ൽ സംസ്ഥാനത്തെ രണ്ട് ജില്ലകളിൽ നിപ വൈറസ് രോഗബാധയുണ്ടായി. 2016 ലെ നോട്ട് നിരോധനവും 2017 ൽ ജിഎസ്ടി ഏർപ്പെടുത്തിയതും സംസ്ഥാന സമ്പദ്‌വ്യവസ്ഥയെ സമ്മർദ്ദത്തിലാക്കി. മറ്റു സംസ്ഥാനങ്ങളെപ്പോലെ കേരളത്തിലും കോവിഡ് 19 മഹാമാരി സൃഷ്ടിച്ച പ്രതിസന്ധി സമ്പദ്‌വ്യവസ്ഥയെ മുമ്പെങ്ങുമില്ലാത്തവിധം അസ്ഥിരമാക്കി. കോവിഡ് 19 മഹാമാരിയുടെ പ്രാരംഭ ഘട്ടത്തിൽ ചരക്കുകളുടെയും സേവനങ്ങളുടെയും ഉൽപ്പാദനം ഏതാണ്ട് പൂർണ്ണമായും നിലച്ചു. മാത്രമല്ല, കോവിഡ് 19 മഹാമാരിയുടെ കാലത്ത് ഉൽപാദനം നിർത്തിവച്ചത് പ്രാദേശിക അടിസ്ഥാനത്തിലോ ഉൽപാദനത്തോതിന്റെ അടിസ്ഥാനത്തിലോ ആയിരുന്നില്ല. അതിന്റെ ദോഷഫലങ്ങൾ മുകൾത്തട്ട് മുതൽ താഴെത്തട്ട് വരെ എല്ലാ ഇടങ്ങളെയും ബാധിച്ചു. ദേശീയ അന്തർദേശീയ വിതരണ ശൃംഖലകൾ ഉൾപ്പെടുന്നതിനാൽ ചരക്കുകളുടെയും സേവനങ്ങളുടെയും ഉൽപാദനം പൂർണ്ണ തോതും മുൻകാല നിലവാരവും കൈവരിക്കാൻ എത്രനാൾ വേണ്ടിവരുമെന്ന കാര്യത്തിൽ ഇപ്പോഴും അനിശ്ചിതത്വം നിലനിൽക്കുന്നു.

10. 2018ലെ പ്രളയക്കാലയളവിൽ, ദ്രുതഗതിയിലുള്ള രക്ഷാപ്രവർത്തനവും ദുരിതാശ്വാസ പ്രവർത്തനങ്ങളും നടത്തുന്നതിൽ കേരളം അനിതര സാധാരണമായ മികവ് തെളിയിച്ചു. "കേരള പുനർനിർമ്മാണ പ്രവർത്തനങ്ങളിലൂടെ" സമ്പദ്‌വ്യവസ്ഥയെ പുനർനിർമ്മിക്കാനും പുനരധിവസിപ്പിക്കാനുമുള്ള സത്വര നടപടികൾ സംസ്ഥാനം കൈക്കൊണ്ടു. കോവിഡ് 19 മഹാമാരി കാലത്ത്, കേരളത്തിന്റെ നയപരമായ ഇടപെടൽ വേഗത്തിലുള്ളതും ജനോപകാരപ്രദവുമായിരുന്നു. അവശ്യ സാധനങ്ങൾ അടങ്ങുന്ന കിറ്റുകൾ ലഭ്യമാക്കി ആരും പട്ടിണി കിടക്കുന്നില്ലെന്ന് ഉറപ്പുവരുത്തുന്നതിനും എല്ലാവർക്കും വൈദ്യസഹായവും അഭയസ്ഥാനവും ലഭ്യമാണെന്ന് ഉറപ്പുവരുത്തുന്നതിനും പൊതുജനങ്ങൾക്ക് സൗജന്യമായും, തുടർച്ചയായും വിവരങ്ങൾ ലഭ്യമാക്കുന്നതിനും സർക്കാർ നടപടികൾ സ്വീകരിച്ചു. ഈ പ്രതിസന്ധി ഘട്ടത്തിലും അതിഥി തൊഴിലാളികളുടെ ക്ഷേമം ഉറപ്പുവരുത്താൻ കേരള സർക്കാർ പ്രത്യേക ശ്രമങ്ങൾ നടത്തി.

## 1.3 പതിമൂന്നാം പഞ്ചവത്സര പദ്ധതിയിലെ നേട്ടങ്ങൾ

11. പ്രകൃതി ദുരന്തങ്ങൾ, മഹാമാരി, പരിമിതമായ ധനവിഭവങ്ങൾ, പ്രതികൂലമായ കേന്ദ്രനയങ്ങൾ തുടങ്ങി അനേകം വെല്ലുവിളികൾ കേരളം നേരിടേണ്ടിവന്നെങ്കിലും സമ്പദ്ഘടനയുടെ വിവിധ തലങ്ങളിൽ ഹ്രസ്വകാല, ഇടക്കാല, ദീർഘകാല നേട്ടങ്ങൾ കൈവരിക്കാൻ സാധിച്ചു.

12. പദ്ധതിയുടെ ആദ്യ മൂന്ന് വർഷങ്ങളിൽ (2017–20) കേരളത്തിന്റെ ശരാശരി സാമ്പത്തിക വളർച്ച സ്ഥിരവിലയിൽ 5.31 ശതമാനവും നടപ്പുവിലയിൽ 9.15 ശതമാനവുമാണ്. ഇത് ദേശീയ ശരാശരിയോട് വളരെ അടുത്തുനിൽക്കുന്നു. സമ്പദ്‌വ്യവസ്ഥയിൽ ഉൽപാദന മേഖലകളിൽ കാര്യമായ പുരോഗതിയുണ്ടായി. 2016–17ൽ നെല്ലുൽപാദനം ഹെക്ടറിൽ 2547 കിലോഗ്രാം ആയിരുന്നത് 2020–21 ൽ ഹെക്ടറിൽ 3105 കിലോഗ്രാം ആയി വർദ്ധിച്ചു. പതിമൂന്നാം പദ്ധതി കാലത്ത്, 2016–17 ൽ 1.71 ലക്ഷം ഹെക്ടർ നെൽകൃഷി ഉണ്ടായിരുന്നത് 2020–21 ൽ 2.02 ലക്ഷം ഹെക്ടർ ആയി വർദ്ധിച്ചു. കൃഷിയിടങ്ങളുടെ വിസ്തൃതി വർദ്ധിച്ചതും പച്ചക്കറി ഉൽപാദനം വർദ്ധിച്ചതുമാണ് കാർഷിക മേഖലയിലെ

മറ്റൊരു സുപ്രധാന നേട്ടം. പച്ചക്കറി കൃഷി 2016–17 ൽ 52830 ഹെക്ടറിൽ നിന്നും 2020–21 ൽ 1.02 ലക്ഷം ഹെക്ടർ ആയി വർദ്ധിച്ചു. തൽഫലമായി ഈ കാലയളവിൽ പച്ചക്കറി ഉൽപാദനം 7.25 ലക്ഷം മെട്രിക് ടണ്ണിൽ നിന്ന് 15.7 ലക്ഷം മെട്രിക് ടൺ ആയി വർദ്ധിച്ചു.

13. 2016 മുതൽ കേരളത്തിന്റെ സമ്പദ്‌വ്യവസ്ഥയുടെ പുനരുജ്ജീവനത്തിന്റെ അടിസ്ഥാനം നിർമ്മാണമേഖലയിലുണ്ടായ പുരോഗതിയാണ്. സംസ്ഥാനത്തെ നിർമ്മാണമേഖലയുടെ വിഹിതത്തിൽ സുസ്ഥിരമായ വർദ്ധനവുണ്ടായിട്ടുണ്ട്. കേരളത്തിന്റെ മൊത്ത സംസ്ഥാന സംയോജിത മൂല്യത്തിൽ (GSVA) ഉൽപാദന മേഖലയുടെ വിഹിതം 2014–15ൽ 9.8 ശതമാനമായിരുന്നത് 2019–20ൽ 11 ശതമാനമായി ഉയർന്നു. 2016–17 മുതൽ കേരളത്തിന്റെ ഉൽപാദന മേഖലയുടെ മെച്ചപ്പെട്ട പ്രകടനത്തിലെ പ്രധാനമായവ, സംസ്ഥാനത്തെ പൊതുമേഖല സ്ഥാപനങ്ങളുടെ (പ്രധാനമായും കെമിക്കൽസ്, ഇലക്ട്രിക്കൽ മെഷിനറി മേഖലകളിൽ) പുനരുജ്ജീവനവും സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങളുടെ (എംഎസ്എംഇ) ത്വരിതമായ വളർച്ചയുമാണ്. പതിമൂന്നാം പദ്ധതിക്കാലത്ത് നടപ്പിലാക്കിയ പരിഷ്കാരങ്ങളുടെ ഫലമാണ് എംഎസ്എംഇകളുടെ വളർച്ച. കഴിഞ്ഞ കുറച്ച് വർഷങ്ങളായി കേരളം ഒരു നിക്ഷേപ സാധ്യതയുള്ള മേഖലയാണെന്ന ധാരണ സംരംഭകർക്കിടയിൽ സൃഷ്ടിക്കപ്പെട്ടത് വ്യവസായ മേഖലയിലെ ശ്രദ്ധേയമായ നേട്ടങ്ങളിലൊന്നാണ്.

14. വിവരസാങ്കേതിക മേഖലയിൽ കേരള ഫൈബർ ഒപ്റ്റിക് നെറ്റ്‌വർക്കിന്റെയും (കെ–ഫോൺ) സ്കിൽ ഡെലിവറി പ്ലാറ്റ്ഫോം കേരളയുടെയും തുടക്കം കുറിച്ചത് പതിമൂന്നാം പദ്ധതിയിലെ പ്രധാന നയങ്ങളുടെ ഭാഗമായാണ്. പല ലോകപ്രശസ്ത കമ്പനികളും ഈ മേഖലയിൽ സംസ്ഥാനത്ത് പ്രവർത്തനം ആരംഭിച്ചു. കേരളത്തെ വിജ്ഞാനാധിഷ്ഠിത സമൂഹമാക്കി മാറ്റാനും വിവര സാങ്കേതിക വിദ്യയുടെ മുൻനിര കേന്ദ്രമാക്കാനും പദ്ധതിയുടെ ആദ്യ വർഷത്തിൽ തന്നെ ഐടി നയം രൂപീകരിച്ചു. സംസ്ഥാനത്തെ ഐടി പാർക്കുകളിലെ ബിൽറ്റ്–അപ്പ് സ്പേസിലും കമ്പനികളുടെ എണ്ണത്തിലും തൊഴിലവസരങ്ങളിലും ഗണ്യമായ വർധനയുണ്ടായി. സംസ്ഥാനത്തെ സ്റ്റാർട്ടപ്പുകൾക്ക് അനുയോജ്യമായ അന്തരീക്ഷം സൃഷ്ടിക്കാനായതാണ് പതിമൂന്നാം പദ്ധതിയുടെ സുപ്രധാന നേട്ടങ്ങളിലൊന്ന്.

15. കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡിന്റെ (കിഫ്ബി) പുനരുദ്ധാരണത്തോടെ അടിസ്ഥാന സൗകര്യ വികസന രംഗത്ത് സംസ്ഥാനം ഒരു പുതിയ ഘട്ടത്തിലേക്ക് കടന്നു. കേരള ഫൈബർ ഒപ്റ്റിക് നെറ്റ്‌വർക്ക്, കൊച്ചിയിലെ പെട്രോകെമിക്കൽ & ഫാർമ പാർക്ക്, കോസ്റ്റൽ ആൻഡ് ഹിൽ ഹൈവേ, ട്രാൻസ്ഗ്രിഡ് 2.0, തിരുവനന്തപുരത്തെ ലൈഫ് സയൻസ് പാർക്ക്, ഹൈടെക് സ്കൂൾ പ്രോഗ്രാം എന്നിവ കിഫ്ബി ധനസഹായം നൽകുന്ന ചില പ്രധാന പദ്ധതികളാണ്. 2022 മാർച്ചിലെ കണക്കനുസരിച്ച് അടിസ്ഥാന സൗകര്യ വികസനത്തിനായി 50,762 കോടി രൂപയുടെ 955 പദ്ധതികൾക്കും ഏഴ് പദ്ധതികൾക്കായി ഭൂമി ഏറ്റെടുക്കുന്നതിന് 20,000 കോടി രൂപ ഉൾപ്പെടെ ആകെ 70,762 കോടി രൂപയുടെ പദ്ധതികൾക്ക് അംഗീകാരം നൽകി. കൊച്ചി മെട്രോ, കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളം,

കൊല്ലം, ആലപ്പുഴ ഹൈവേ ബൈപ്പാസുകൾ എന്നിവയുൾപ്പെടെ മറ്റ് പല പ്രധാന പദ്ധതികളും പതിമൂന്നാം പദ്ധതി കാലയളവിൽ പൂർത്തീകരിച്ചു. സംസ്ഥാനത്തെ എല്ലാ വീടുകളിലും വൈദ്യുതി കണക്ഷൻ നൽകിയതാണ് ഈ കാലയളവിലെ മറ്റൊരു പ്രധാന നേട്ടം.

16. ഭവനരഹിതരായ പാവപ്പെട്ടവർക്ക് ആധുനികരീതിയിലുള്ള മെച്ചപ്പെട്ട ഭവനങ്ങൾ നൽകുന്നതിനുള്ള ചരിത്രപരവും അതുല്യവുമായ ലൈഫ് പദ്ധതിക്ക് 2016 ൽ തുടക്കം കുറിച്ചു. സംസ്ഥാനത്ത് മുൻകാലങ്ങളിൽ ഉണ്ടായിരുന്ന എല്ലാ ഭവന പദ്ധതികളേക്കാളും ഉയർന്ന നിക്ഷേപമാണ് ഇത് വിഭാവനം ചെയ്യുന്നത്. 2022 ഫെബ്രുവരി വരെ ലൈഫ് മിഷനു കീഴിൽ 2.79 ലക്ഷത്തിലധികം വീടുകൾ നിർമ്മിച്ചു നൽകി.

17. പതിമൂന്നാം പദ്ധതി കാലയളവിൽ വിനോദസഞ്ചാര മേഖലയിൽ പുതിയ നയങ്ങൾ കൊണ്ടുവന്നു. നിക്ഷേപത്തിന്റെ വലിയൊരു പങ്കും പ്രചാരണത്തിനും വിപണനത്തിനുമായി വിനിയോഗിക്കേണ്ടതായി വന്നു. വിനോദസഞ്ചാരമേഖലയിൽ കൂടുതൽ ശ്രദ്ധ പതിപ്പിക്കേണ്ട പുതിയ മേഖലകളും പുതിയ ചട്ടക്കൂടും അടങ്ങിയ വിനോദസഞ്ചാര നയം 2017 ൽ പ്രഖ്യാപിച്ചു. പതിമൂന്നാം പദ്ധതിക്കാലയളവിൽ ഏറ്റവും അധികം പ്രശ്നങ്ങൾ ബാധിച്ച മേഖലകളിൽ ഒന്നാണ് വിനോദസഞ്ചാരം. എന്നിരുന്നാലും ഈ മേഖല വലിയ രീതിയിൽ ഉല്പതിഷ്ണുത പ്രകടമാക്കി. 2018 ലെ പ്രളയത്തിന് ശേഷം 2019 ൽ ഈ മേഖല ശക്തമായി തിരിച്ചുവരവ് നടത്തി.

18. ദേശീയ ഭക്ഷ്യസുരക്ഷാ നിയമം 2013 വിജയകരമായി നടപ്പാക്കാനും പ്രതിസന്ധി ഘട്ടങ്ങൾ ഉൾപ്പെടെ എല്ലാ സമയത്തും എല്ലാവർക്കും ഭക്ഷ്യസുരക്ഷ ഉറപ്പാക്കാനും സർക്കാർ പ്രത്യേകം ശ്രദ്ധ ചെലുത്തി. 2018 ലെ പ്രളയ ദുരിതാശ്വാസ നടപടികളുടെ ഭാഗമായി, ദുരന്തബാധിതരായ ഓരോ കുടുംബത്തിനും തീരദേശത്തെ എല്ലാ കുടുംബങ്ങൾക്കും 15 കിലോ അരി വീതം സർക്കാർ സൗജന്യമായി നൽകി. കോവിഡ്–19 മഹാമാരി ബാധിച്ചതിന് ശേഷം, എല്ലാവർക്കും ഭക്ഷണസാധനങ്ങളും മറ്റ് അവശ്യ ഉപഭോക്തൃ സാധനങ്ങളും ലഭ്യമാക്കുന്നുണ്ട് എന്ന് സർക്കാർ ഉറപ്പുവരുത്തി. എല്ലാ റേഷൻ കാർഡുടമകൾക്കും സൗജന്യ ഭക്ഷ്യസാധനങ്ങൾ വിതരണം നടത്തി. ആഘോഷവേളകളിൽ പ്രത്യേക കിറ്റുകൾ വിതരണം ചെയ്തു.

19. ഈ സർക്കാരിന്റെ പ്രധാന നേട്ടങ്ങളിൽ ഒന്നാണ് 2019 ൽ കേരള ബാങ്ക് സ്ഥാപിച്ചത്. സംസ്ഥാനത്തിന്റെ സുസ്ഥിര വികസനം ഉറപ്പാക്കുന്നതിനു സഹകരണാടിസ്ഥാനത്തിലുള്ള പരിശ്രമങ്ങൾക്ക് ബാങ്ക് നേതൃത്വം നൽകും.

20. സംസ്ഥാനത്തെ സ്കൂളുകളിലെ അടിസ്ഥാന സൗകര്യങ്ങളുടെയും അധ്യാപനത്തിന്റെയും പഠനത്തിന്റെയും ഗുണനിലവാരം ഉയർത്താൻ ലക്ഷ്യമിട്ടുള്ള സർക്കാരിന്റെ "പൊതുവിദ്യാഭ്യാസ പുനരുജ്ജീവന മിഷൻ" പദ്ധതി നടപ്പിലാക്കിയതിന്റെ ഫലമായി 2016–17 നും 2021–22 നും ഇടയിൽ അൺ എയ്ഡഡ് സ്കൂളുകളിൽ നിന്ന് സർക്കാർ, എയ്ഡഡ് സ്കൂളുകളിലേക്ക് വൻതോതിൽ കുട്ടികൾ പ്രവേശനം നേടി. ഈ കാലയളവിൽ 8.91 ലക്ഷം കുട്ടികൾ സർക്കാർ, സർക്കാർ എയ്ഡഡ് സ്കൂളുകളിൽ അധികമായി പ്രവേശനം നേടി.

21. പൊതുജനാരോഗ്യ രംഗത്തെ കേരളത്തിന്റെ പുരോഗതി നിരവധി ദേശീയ അന്തർദേശീയ പ്രശംസകൾ ഏറ്റുവാങ്ങിയിട്ടുണ്ട്. പൊതുജനാരോഗ്യരംഗത്തെ സംസ്ഥാന സർക്കാരിന്റെ ഇടപെടലുകൾ ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങൾക്ക് മാതൃകയാണ്, 2018 ലെ നിപ്പ വൈറസ് ബാധയും കോവിഡ്-19 മഹാമാരിയും കൈകാര്യം ചെയ്ത രീതി ഇത് തെളിയിക്കുന്നത്. സംസ്ഥാനത്തെ പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ മുതൽ സർക്കാർ മെഡിക്കൽ കോളേജുകൾ വരെ എല്ലാ പൊതുജനാരോഗ്യ സ്ഥാപനങ്ങളും നവീകരിക്കാനും അവ ജനസൗഹൃദമാക്കാനും ആർദ്രം മിഷൻ ലക്ഷ്യമിടുന്നു.

22. ക്ഷേമ പെൻഷനുകൾ 2016 ൽ ഒരു ഗുണഭോക്താവിന് 600 രൂപയായിരുന്നത് 2021 ൽ 1600 രൂപയായി വർധിപ്പിച്ചു. സാമൂഹിക സുരക്ഷാ പെൻഷൻകാരുടെ എണ്ണം 2015-16 ൽ 34 ലക്ഷമായിരുന്നത് 2020-21 ൽ 51.35 ലക്ഷമായി ഉയർന്നു. മുതിർന്നപൗരന്മാർ, ഭിന്നശേഷിക്കാർ, സ്ത്രീകളും കുട്ടികളും, പട്ടികജാതി, പട്ടികവർഗ വിഭാഗത്തിൽപ്പെട്ടവർ എന്നിവരുടെ ക്ഷേമത്തിനായി നിരവധി പദ്ധതികൾ നടപ്പിലാക്കി. പതിമൂന്നാം പദ്ധതിയുടെ ഒരു പ്രധാന സവിശേഷതയാണ് ജെൻഡർ ബജറ്റിംഗ്. ഈ കാലയളവിലാണ് ജെൻഡർ ബജറ്റിംഗ് പ്രക്രിയ യാഥാർഥ്യമായത്. ജെൻഡർ ബജറ്റിനായുള്ള വിഹിതം 2017-18 ൽ 11.5 ശതമാനമായിരുന്നത് 2021-22 ൽ 19.5 ശതമാനമായി വർദ്ധിച്ചു.

23. പതിമൂന്നാം പദ്ധതി കാലഘട്ടത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ആസൂത്രണ പ്രക്രിയകൾ കാര്യക്ഷമമാക്കുകയും പദ്ധതികളുടെ നടത്തിപ്പ് മെച്ചപ്പെടുത്തുകയും ചെയ്തു. ഈ കാലഘട്ടത്തിലെ ശ്രദ്ധേയമായ ഒരു സവിശേഷത ജില്ലാ പദ്ധതികളുടെ രൂപീകരണമായിരുന്നു.

24. പ്രതിസന്ധി ഘട്ടങ്ങളിൽ, പ്രത്യേകിച്ച് പ്രളയസമയത്തും കോവിഡ്-19 മഹാമാരിയുടെ സമയത്തും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നിർണായക പങ്ക് വഹിച്ചു.

25. പതിമൂന്നാം പദ്ധതിക്കാലത്ത്, അഭിമുഖീകരിക്കേണ്ടി വന്ന എല്ലാ പ്രതിസന്ധികളിലും കേരള സർക്കാർ ജനക്ഷേമം ലക്ഷ്യമാക്കിയുള്ള നയസമീപനങ്ങളാണ് സ്വീകരിച്ചിട്ടുള്ളത്.

## 1.4 അന്തർദേശീയ സാഹചര്യവും കേരളവും

26. പതിമൂന്നാം പഞ്ചവത്സര പദ്ധതി കാലയളവ് 2021-22 ൽ അവസാനിക്കവേ ആഗോള സാമ്പത്തിക സാഹചര്യങ്ങൾ പൊതുവേ അനുകൂലമായിരുന്നില്ല. തുടക്കത്തിൽ മഹാമാരിയുടെ തീവ്രതയും ഒപ്പമുണ്ടായ സാമ്പത്തിക പ്രവർത്തനങ്ങൾക്ക് വിനാശകരമായ അടച്ചുപൂട്ടലും പിന്നിട്ടതായി കരുതിയെങ്കിലും പുതിയ പ്രശ്നങ്ങൾ ഉടലെടുത്തു. മഹാമാരിയുടെ ആഘാതത്തിൽ നിന്നും മോചനം നേടാൻ തുടങ്ങവേ നാണയപ്പെരുപ്പം വീണ്ടും ഒരു പ്രശ്നമായി ഉയർന്നുവന്നു. തുടർന്ന് കാലങ്ങളായി വളർച്ച മുന്നോട്ടുകൊണ്ടുപോകാനായി കുറഞ്ഞ പലിശ നിരക്കിൽ സമ്പദ് വ്യവസ്ഥയിലേക്ക് പണം ലഭ്യമാക്കുന്നത് ഉൾപ്പെടെയുള്ള പാരമ്പര്യേതര ധനനയങ്ങൾ പിൻവലിക്കാൻ വികസിത രാജ്യങ്ങളിലെ സെൻട്രൽ ബാങ്കുകൾ നിർബന്ധിതരാവുന്നു. പ്രായോഗികമായി അത്തരം

നയങ്ങളുടെ വളർച്ച ഫലത്തിൽ ദുർബലമായിരുന്നെങ്കിലും അധിക പണാല ഭ്യത ആസ്തി വിപണികളിലേക്ക് പ്രത്യേകിച്ച് ആഗോള സാമ്പത്തിക വിപണികളി ലേക്ക് എത്തുകയും ആസ്തികളുടെ അസ്ഥിര വിലക്കയറ്റത്തിന് കാരണമാവുക യും ചെയ്തു. ഇത് അർത്ഥമാക്കുന്നത് ഇത്തരം പാരമ്പര്യേതര ധന നയങ്ങൾ വളരെ വേഗത്തിൽ പിൻവലിക്കുകയാണെങ്കിൽ വളർച്ച മന്ദഗതിയിലാകുകയും ആസ്തി വിലകൾ ഇടിയുകയും ചെയ്യും എന്നാണ്. പണപ്പെരുപ്പമില്ലാതെ വീണ്ടെ ടുക്കൽ ഉറപ്പാക്കുക ബുദ്ധിമുട്ടായിരുന്നു. പണപ്പെരുപ്പത്തെ നേരിടാനുള്ള ശ്രമ ങ്ങൾ വികസിത രാജ്യങ്ങളിലെയും ഇന്ത്യയെപ്പോലുള്ള വളർന്നുവരുന്ന സമ്പദ് വ്യവസ്ഥകളിലെയും സാമ്പത്തിക വിപണികളെ അസ്ഥിരപ്പെടുത്തും.

27. പണപ്പെരുപ്പത്തിന്റെ വെല്ലുവിളി നേരിടവെയാണ് ഉക്രെയിനിൽ യുദ്ധം പൊട്ടിപ്പുറപ്പെട്ടത്. യുദ്ധം ക്ഷാമത്തിലേക്ക് നയിക്കുകയും എണ്ണ, ഭക്ഷണം, മറ്റ് സാധനങ്ങൾ എന്നിവയുടെ വില വർധിപ്പിക്കുകയും മാന്ദ്യവും വിലക്കയറ്റവും ചേർന്ന സ്ഥിതിയിലേക്കുള്ള പ്രവണത തീവ്രമാക്കുകയും ചെയ്തു. നയവൃത്തങ്ങളിൽ ഊർജ്ജം, ഭക്ഷണം, സാമ്പത്തികം എന്നീ പ്രതിസന്ധിയെക്കുറിച്ചുള്ള ഭയം പ്രകടമാണ്.

28. ഇന്ത്യയെ ഈ സംഭവവികാസങ്ങളെല്ലാം ചേർന്ന് സാരമായി ബാധിച്ചു. എണ്ണവിലയും പണപ്പെരുപ്പവും കുതിച്ചുയരുന്നു. വിദേശ നിക്ഷേപകർ സാമ്പത്തിക വിപണിയിൽ നിന്ന് പുറത്തുകടക്കുന്നു. രൂപയുടെ മൂല്യം ഇടിയുന്നു. ഈ പ്രക്രിയയിൽ പണപ്പെരുപ്പം ത്വരിതപ്പെടുന്നു. മൂലധന രൂപീകരണം ത്വരിതപ്പെടുത്താൻ ലക്ഷ്യമിടുന്ന ഒരു സംസ്ഥാനമായതിനാൽ കേരള സർക്കാരിന് പ്രത്യേകിച്ചും ഈ സംഭവവികാസങ്ങൾ വെല്ലുവിളിയാണ്. ലഭ്യമായിട്ടുള്ള സാമ്പത്തിക സ്രോതസ്സുകളുടെ യഥാർത്ഥ മൂല്യം കുറഞ്ഞേക്കാം. മഹാമാരി ബാധിച്ചതും ഇപ്പോൾ പണപ്പെരുപ്പത്തിന്റെ ഭാരം അനുഭവിക്കുന്നതുമായ ദുർബല വിഭാഗങ്ങൾക്ക് പിന്തുണ നൽകുന്നതിന് കൂടുതൽ വിഭവങ്ങൾ ചെലവഴിക്കേണ്ടതുണ്ട്. ആഗോളതലത്തിൽ എണ്ണവില ഉയരുന്നത് ഗൾഫിൽ നിന്നുള്ള പണമയയ്ക്കലിൽ ഉണ്ടാക്കിയേക്കാവുന്ന ഗുണഫലമാണ് പ്രതീക്ഷയുടെ ഒരു ഉറവിടം. ഈ സാഹചര്യത്തിൽ അന്തർലീനമായിരിക്കുന്ന അനിശ്ചിതത്വങ്ങൾ പതിനാലാം പഞ്ചവത്സര പദ്ധതിയിലെ വിഭവസമാഹരണത്തെ ദുഷ്കരമാക്കുന്നു.

29. വ്യാപാര തർക്കങ്ങളും അനുബന്ധ രാഷ്ട്രീയ സംഭവവികാസങ്ങളും ആഗോള ഉൽപാദന ശൃംഖലയിൽ അടുത്തകാലത്ത് സങ്കീർണ്ണമായ മാറ്റങ്ങൾക്ക് കാരണമായി. ഈ മാറ്റങ്ങളുടെ ആദ്യകാല തെളിവുകൾ ജപ്പാൻ, ദക്ഷിണ കൊറിയ, തായ്‌വാൻ, വിയറ്റ്നാം തുടങ്ങിയ കിഴക്കൻ ഏഷ്യൻ രാജ്യങ്ങളുടെ കയറ്റുമതി രീതികളിൽ പ്രകടമാവുന്നു. ഇന്ത്യൻ സമ്പദ് വ്യവസ്ഥയിലും പ്രത്യേകിച്ച് ഇന്ത്യൻ ഉൽപാദനത്തിലും ഈ മാറ്റങ്ങളുടെ ആഘാതം ഇപ്പോഴും വളരെ വ്യക്തമല്ല, അത് ശ്രദ്ധാപൂർവ്വം നിരീക്ഷിക്കേണ്ടതുണ്ട്.

## 1.5 പതിനാലാം പഞ്ചവത്സര പദ്ധതി

### പ്രക്രിയ

30. പഞ്ചവത്സര പദ്ധതികളുടെ രൂപീകരണം ജനപങ്കാളിത്തത്തോടെയുള്ള ഒരു പ്രവർത്തനമാണ്. സംസ്ഥാന ആസൂത്രണ ബോർഡ് 2021 സെപ്റ്റംബറിൽ പതിനാലാം പഞ്ചവത്സര പദ്ധതി തയ്യാറാക്കുന്നതിനുള്ള വിപുലമായ കൂടിയാലോചനകളും ചർച്ചകളും ആരംഭിച്ചു.

31. ബോർഡ് വിവിധ മേഖലകളിലെ പ്രത്യേക പ്രശ്നങ്ങളും ആശങ്കളും വിലയിരുത്തുന്നതിനായി 44 വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിച്ചു. ഓരോ വർക്കിംഗ് ഗ്രൂപ്പിലും പ്രസ്തുത മേഖലയിലെ ഒരു വിദഗ്ധനും ബന്ധപ്പെട്ട അഡീഷണൽ ചീഫ് സെക്രട്ടറിയോ, സെക്രട്ടറിയോ ചേർന്നാണ് അധ്യക്ഷം വഹിച്ചത്. വർക്കിംഗ് ഗ്രൂപ്പുകളിൽ ഏകദേശം 1200 ഓളം അംഗങ്ങൾ ഉണ്ടായിരുന്നു. വർക്കിംഗ് ഗ്രൂപ്പിലെ അംഗങ്ങളിൽ പണ്ഡിതന്മാരും ഭരണാധികാരികളും സാമൂഹിക–രാഷ്ട്രീയ പ്രവർത്തകരും മറ്റ് വിദഗ്ധരും ഉൾപ്പെടുന്നു. വർക്കിംഗ് ഗ്രൂപ്പുകളുടെ റിപ്പോർട്ടുകൾ പതിനാലാം പഞ്ചവത്സര പദ്ധതിയുടെ രൂപീകരണത്തിനുള്ള വിലപ്പെട്ട സ്രോതസ്സുകളാണ്.

### പതിനാലാം പഞ്ചവത്സര പദ്ധതി ഊന്നൽ നൽകുന്ന മേഖലകൾ

32. പതിനാലാം പഞ്ചവത്സര പദ്ധതി പൊതുനിക്ഷേപം (പ്രത്യേകിച്ച് ആരോഗ്യം, സ്കൂൾ വിദ്യാഭ്യാസം, പാർപ്പിടം), സാമൂഹ്യ ക്ഷേമം, സാമൂഹ്യനീതി, ലിംഗനീതി എന്നീ മേഖലകളിൽ ആർജ്ജിച്ച കരുത്തിൽ കേരളം പടുത്തുയർത്തുന്നത് തുടരും. ഇതിനെ സമ്പദ് വ്യവസ്ഥയിലെ ഉൽപാദന ശക്തികളുടെ ത്വരിത വളർച്ചയ്ക്കുള്ള ഒരു ചാലകശക്തിയായി ഉപയോഗപ്പെടുത്തും. ശാസ്ത്രം, സാങ്കേതികവിദ്യ, അത്യാധുനിക നിപുണതകൾ, വിജ്ഞാന സമ്പദ്ഘടനയിൽ ലഭ്യമായിട്ടുള്ള നിപുണതകൾ എന്നിവ കൃഷി, അനുബന്ധ പ്രവർത്തനങ്ങൾ, ആധുനിക വ്യവസായം, പശ്ചാത്തല സൗകര്യ വികസനം, വരുമാനദായക സേവനങ്ങൾ എന്നിവയുടെ വർധിത വളർച്ച പതിനാലാം പഞ്ചവത്സര പദ്ധതി ഉറപ്പാക്കും. ഉന്നതവിദ്യാഭ്യാസ സമ്പ്രദായത്തെ നവീകരിക്കുന്നതിനും മെച്ചപ്പെടുത്തുന്നതിനും ആധുനിക സമ്പദ് വ്യവസ്ഥയിലെ ഏറ്റവും മികച്ച തൊഴിലവസരങ്ങൾ കേരളത്തിലെ യുവജനങ്ങൾക്ക് ലഭ്യമാക്കുന്ന തരത്തിലും സാമ്പത്തിക നയം രൂപകല്പന ചെയ്യും.

33. അടുത്ത 25 വർഷത്തിനുള്ളിൽ കേരളത്തിലെ ജീവിത നിലവാരം അന്തർദേശീയ തലത്തിൽ ഒരു വികസിത ഇടത്തരം വരുമാനമുള്ള രാജ്യത്തെ ജീവിത നിലവാരത്തിലെത്തിക്കുക എന്നതാണ് ലക്ഷ്യം. അത് വികസന പ്രക്രിയയിൽ എല്ലാവരെയും ഉൾക്കൊള്ളുകയെന്ന സവിശേഷത കൂടി ഉൾപ്പെടുന്നതായിരിക്കും. നിലവിലെ സർക്കാരിന്റെ നേതൃത്വത്തിൽ നടക്കുന്ന വികസന പ്രക്രിയയിൽ ആരെയും പിന്നിലാക്കില്ല എന്നതാണ് തത്വം.

34. അഞ്ച്വർഷത്തിനുള്ളിൽ സമ്പദ്‌വ്യവസ്ഥയുടെ ഒന്നിലധികം മേഖലകളെയും സമൂഹത്തിലെ എല്ലാ വിഭാഗങ്ങളെയും ഒരു നൂതന സമൂഹമായി മാറ്റാൻ ലക്ഷ്യമിടുന്നു. ആധുനികവും ജനാധിപത്യപരവും സുസ്ഥിരവുമായ ഭാവിക്ക് ഇത്തരമൊരു നൂതന സംസ്കാരം, പ്രത്യേകിച്ച് ശാസ്ത്രം, സാങ്കേതികവിദ്യ, ഉൽപാദന പ്രവർത്തനങ്ങൾ എന്നിവയിൽ അത്യന്താപേക്ഷിതമാണ്.

35. ഉന്നത വിദ്യാഭ്യാസം കേരള സർക്കാരിന്റെ വികസന മുൻഗണനകളിലെ ഒരു പ്രധാന മേഖലയായിരിക്കും. പതിനാലാം പഞ്ചവത്സര പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങൾ താഴെപ്പറയുന്നു:

i. പൊതുനിക്ഷേപം (ആരോഗ്യം, സ്കൂൾ വിദ്യാഭ്യാസം, പാർപ്പിടം), സാമൂഹ്യക്ഷേമം, സാമൂഹ്യനീതി, ലിംഗനീതി എന്നീ മേഖലകളിൽ ആർജ്ജിച്ച കരുത്ത് കൂടുതൽ ബലപ്പെടുത്തി അതിൽ പടുത്തുയർത്തുക;

ii. മാനവശേഷിയുടെ കരുത്തിലൂന്നി ഒരു വിജ്ഞാനസമൂഹം കെട്ടിപ്പടുക്കുകയും സമ്പദ്ഘടനയിലെ ഉൽപാദനശക്തികളുടെ വളർച്ച ദ്രുതഗതിയിലാക്കുകയും ചെയ്യുക;

iii. വിവരസാങ്കേതികവിദ്യ, വിനോദസഞ്ചാരം, ചെറുകിട വ്യാപാരം എന്നിവയടങ്ങുന്ന വരുമാനദായക സേവനങ്ങൾ, കൃഷിയും അനുബന്ധ പ്രവർത്തനങ്ങളും, ആധുനിക വ്യവസായം, പശ്ചാത്തല സൗകര്യ വികസനം എന്നിവയുടെ വളർച്ച മെച്ചപ്പെടുത്താനായി ശാസ്ത്രം, സാങ്കേതികവിദ്യ, ആധുനിക നിപുണതകൾ എന്നിവ ഉപയോഗപ്പെടുത്തും;

iv. ആധുനികവും തൊഴിൽദായകവും ഉൽപാദനക്ഷമവുമായ സമ്പദ്ഘടന കെട്ടിപ്പടുക്കുക;

v. ഉന്നത വിദ്യാഭ്യാസ സമ്പ്രദായം ആധുനികവൽക്കരിക്കുകയും മെച്ചപ്പെടുത്തുകയും ചെയ്യുക, യുവതലമുറയ്ക്ക് ആധുനിക സമ്പദ്ഘടനയിലെ ഏറ്റവും മികച്ച തൊഴിൽ നൽകുക;

vi. അതിദാരിദ്ര്യം ഇല്ലാതാക്കുക;

vii. മാലിന്യനിർമ്മാർജ്ജനത്തിന് സമഗ്രവും നൂതനവുമായ സമ്പ്രദായങ്ങൾ സ്ഥാപിക്കുക;

viii. വളർച്ചയുടെ ചാലകശക്തികളായി മാറാൻ പ്രാദേശിക സർക്കാരുകളെ സഹായിക്കുക;

ix. എല്ലാവരെയും ഉൾക്കൊള്ളുന്ന ഒരു വികസന നയം പ്രോത്സാഹിപ്പിക്കുക – വികസന പ്രക്രിയയെ നയിക്കുന്ന തത്വം ആരും പിന്നിലാവരുത് എന്നതാണ്.

# 2. ഉൽപാദന മേഖലകളും സേവനങ്ങളും

## 2.1 കൃഷിയും അനുബന്ധ മേഖലകളും

36. എൻ.എസ്.എസ്.ഒ യുടെ 2018–19 വർഷത്തെ സ്ഥിതിവിലയിരുത്തൽ സർവ്വേ പ്രകാരം കേരളത്തിലെ 44 ലക്ഷം ഗ്രാമീണ കുടുംബങ്ങളിൽ 33 ശതമാനവും കാർഷിക കുടുംബങ്ങൾ ആയിരുന്നു. ഇന്ത്യയിലൊട്ടാകെ മൊത്തം ഗ്രാമീണ കുടുംബങ്ങളിൽ 54 ശതമാനം കാർഷിക കുടുംബങ്ങളായിരുന്നു.

37. സംസ്ഥാന വരുമാനത്തിൽ കാർഷികമേഖലയുടെ വിഹിതം ദീർഘകാലാടിസ്ഥാനത്തിൽ കുറഞ്ഞുവരുന്നതായി സമയ പരമ്പരയനുസരിച്ചുള്ള (time series) വിവരശേഖരം കാണിക്കുമ്പോൾ 2018–19 ലെ സ്ഥിതിവിവര സർവ്വേ പ്രകാരം കൃഷിയെ ആശ്രയിക്കുന്ന കുടുംബങ്ങളുടെ എണ്ണം ഗണ്യമായ തോതിൽ തുടരുന്നു എന്നാണ് കാണിക്കുന്നത്. കേരളത്തിലെ കൃഷിയുടെ സവിശേഷതയായ പുരയിട കൃഷി അഥവാ വീട്ടുവളപ്പിലെ കൃഷി ഇപ്പോഴും ധാരാളമായി തുടരുന്നുവെങ്കിലും ഇതിനെ സംബന്ധിച്ച വിവരങ്ങൾ വേണ്ട രീതിയിൽ വിവരശേഖരങ്ങളിൽ ഉൾപ്പെടുത്തിയിട്ടില്ല.

38. കഴിഞ്ഞ ദശകത്തിലെ കേരളത്തിന്റെ കാർഷിക മേഖലയുടെ സവിശേഷത അതിന്റെ ദുർബലമായ വാർഷിക വളർച്ചാ നിരക്കാണ്. 2011–12 നും, 2019–20 നും ഇടയിലുള്ള കാലയളവിൽ കൃഷിയും അനുബന്ധമേഖലകളും വർഷംതോറും (–)2.2 ശതമാനം കുറഞ്ഞ വളർച്ച കൈവരിച്ചപ്പോൾ വിളമേഖലയിൽ (–) 3.6 ശതമാനം വളർച്ചയുണ്ടായി. 2012–13, 2018–19 വർഷങ്ങളിലെ സ്ഥിതി വിലയിരുത്തൽ സർവ്വേ പ്രകാരമുള്ള ഗാർഹികതല വിവരശേഖരം ഈ കണക്കുകളുമായി പൊരുത്തപ്പെടുന്നു.

39. കേരളത്തിലെ മിക്ക വിളകളുടെയും ഉൽപാദനമൂല്യത്തിലുണ്ടായ കുറഞ്ഞ വളർച്ചാ നിരക്ക് അന്താരാഷ്ട്ര വിലനിലവാരത്തോടുള്ള ഈ വിളകളുടെ ആശ്രയത്വത്തെ പ്രതിഫലിപ്പിക്കുന്നു എന്ന് ആദ്യമേ അംഗീകരിക്കേണ്ടിയിരിക്കുന്നു. കേരളത്തിന്റെ കാർഷിക സമ്പദ്‌വ്യവസ്ഥയുടെ പ്രധാനഘടകങ്ങളായ റബ്ബർ, തേയില, കാപ്പി, ഏലം മറ്റു സുഗന്ധവ്യഞ്ജനങ്ങൾ, നാളികേരം എന്നിവയുടെ പ്രതിലോമകരമായ ഇറക്കുമതിക്കും തന്നിമിത്തം ഉണ്ടാകുന്ന വിലയിടിവിനും ഭാരത സർക്കാരിന്റെ സ്വതന്ത്രവ്യാപാരനയങ്ങൾ കാരണമാകുന്നു. 2015 നും 2022 നും ഇടയിൽ കർഷകരുടെ വരുമാനം ഇരട്ടിയാക്കുമെന്ന് ഭാരതസർക്കാർ പ്രഖ്യാപിച്ചുവെങ്കിലും, ആഭ്യന്തര കാർഷിക നയങ്ങൾ–നോട്ട് നിരോധനത്തിൽ തുടങ്ങി, ഗോവധ നിരോധനം, സങ്കോചിത ധനനയങ്ങൾ, നികുതി–ജി.എസ്.ടി വ്യവസ്ഥകളിലുള്ള പരിഷ്കാരങ്ങൾ ഉൾപ്പടെ ഗ്രാമീണ മേഖലയിൽ 2012–13 നും 2018–19 നുമിടയിൽ കൃഷിയിൽ നിന്നുള്ള യഥാർത്ഥ വരുമാനത്തിന്റെ കേവലമായ ഇടിവിനു കാരണമായി.

40. വർദ്ധിച്ച ഉൽപാദനക്ഷമത, ലാഭക്ഷമത, കാർഷിക ഉൽപാദനത്തിൽ സുസ്ഥിരത എന്നിവയായിരുന്നു കേരളത്തിന്റെ പതിമൂന്നാം പഞ്ചവത്സര പദ്ധതിയിലെ കാർഷിക മേഖലയ്ക്കായുള്ള മുദ്രാവാക്യം. കഴിഞ്ഞ അഞ്ചുവർഷക്കാലം നിരവധി പ്രതികൂല സാഹചര്യങ്ങൾ കാർഷിക

മേഖലയെ സാരമായി ബാധിച്ചുവെങ്കിലും പതിമൂന്നാം പഞ്ചവത്സര പദ്ധതിയിലെ നയപരമായ ഇടപെടലുകളുടെ ഫലമായി പ്രധാനപ്പെട്ട നിരവധി നേട്ടങ്ങളുണ്ടായി. നെൽകൃഷി വിസ്തൃതിയിലുണ്ടായ കുറവ് തടഞ്ഞു നിർത്തുവാൻ സാധിച്ചു; വാസ്തവത്തിൽ നെൽകൃഷി വിസ്തൃതി 2016-17 ലെ 1.71 ലക്ഷം ഹെക്ടറിൽ നിന്നും 2020-21 ൽ 2.02 ലക്ഷം ഹെക്ടറായി വർദ്ധിച്ചു. ഇന്ന് ഇന്ത്യയിൽ നെൽ കർഷകർക്ക് ഏറ്റവും ഉയർന്ന താങ്ങുവില നൽകുന്നത് കേരളമാണ്. സംസ്ഥാനത്ത് ഉൽപാദിപ്പിക്കുന്ന നെല്ലിന്റെ ഭൂരിഭാഗവും സംസ്ഥാന ഏജൻസികളാണ് സംഭരിക്കുന്നത്. ആയതിനാൽ കേരളത്തിലെ കാർഷിക മേഖലയുടെ പ്രശ്നം താങ്ങുവിലയിലെ കുറവല്ല, മറിച്ച് ഉൽപാദനക്ഷമതയുടെയും, പ്രതിവർഷം കൃഷി ചെയ്യുന്ന വിളകളുടെ എണ്ണത്തിന്റെയുമാണ്. ഉൽപാദനക്ഷമത, കൃഷിയുടെ തീവ്രത എന്നിവയുടെ സ്ഥായിയായ വർദ്ധന ഉറപ്പാക്കുക എന്നതാണ് വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള പ്രധാന മാർഗ്ഗം.

41. പതിമൂന്നാം പഞ്ചവത്സര പദ്ധതി കാർഷിക ഉൽപാദനക്ഷമത വർദ്ധിപ്പിക്കേണ്ടതിന്റെ ആവശ്യകതയിൽ ഊന്നൽ നൽകി. പച്ചക്കറി ഉൽപാദനത്തിൽ ഗണ്യമായ വർദ്ധനവുണ്ടാവുകയും, ഉൽപാദന സബ്സിഡി ഉയർത്തുകയും, അടിസ്ഥാന വില പ്രഖ്യാപിക്കുകയും, പൊതു ഏജൻസികളുടെ വിപണി ഇടപെടലുകൾ ശക്തിപ്പെടുത്തുകയും ചെയ്തു. ഒരു വർഷത്തിനുള്ളിൽ 10 ലക്ഷം തെങ്ങിൻ തൈകൾ നട്ടുപിടിപ്പിക്കുക എന്ന ലക്ഷ്യത്തോടെ നാളികേര ഉൽപാദന മേഖലയിൽ മിഷൻ അടിസ്ഥാനത്തിലുള്ള പരിപാടി ആരംഭിച്ചു. ഫലവർഗ്ഗങ്ങളുടെ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനുള്ള പരിപാടികൾക്ക് ആരംഭമിട്ടു. കേരളം പാലുൽപാദനത്തിൽ സ്വയം പര്യാപ്തതയിലേക്ക് അടുക്കുകയും, മത്സ്യ ഉൽപാദനം വർദ്ധിക്കുകയും ചെയ്തു. പതിമൂന്നാം പഞ്ചവത്സര പദ്ധതിയിൽ സംസ്ഥാനത്തെ കാർഷിക പരിസ്ഥിതി മേഖലകൾ രേഖപ്പെടുത്തി.

42. 2020 ലെ മഹാമാരിയുടെ സമയത്ത് സമ്പദ്‌വ്യവസ്ഥയെ പുനരുജ്ജീവിപ്പിക്കുന്നതിനു സഹായകമാകുന്ന വിധത്തിൽ നടപ്പിലാക്കിയ പ്രധാന ഉൽപാദന പദ്ധതിയായിരുന്നു സുഭിക്ഷ കേരളം. ഭക്ഷ്യവിള ഉൽപാദനത്തിലും, കാർഷികോൽപന്നങ്ങളുടെ മൂല്യവർദ്ധനയിലും ഈ പരിപാടി ഊന്നൽ നൽകി. ദുഷ്കരമായ ഈ കാലഘട്ടത്തിൽ സമ്പദ്‌വ്യവസ്ഥ പുനരുജ്ജീവിപ്പിക്കുന്നതിനായി കൃഷിയും അനുബന്ധ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്ന വകുപ്പുകളുടെയും, ജലസേചനം, സഹകരണം, വ്യവസായം, തദ്ദേശസ്വയംഭരണം എന്നീ വകുപ്പുകളുടെയും ഉദ്യമങ്ങൾ ഒരുമിച്ചു കൊണ്ടുവരുവാൻ ഇതിലൂടെ സാധിച്ചു.

43. പതിനാലാം പഞ്ചവത്സര പദ്ധതി കാലയളവിൽ കാർഷിക മേഖലയിലെ വിളകളുടെ വർദ്ധിച്ച ഉൽപാദനക്ഷമതയും തീവ്രതയുമാണ് സംസ്ഥാനത്തെ കാർഷിക വളർച്ച നിരക്ക് പുനരുജ്ജീവിപ്പിക്കുന്നതിനുള്ള പ്രധാന ഉപാധിയായി മാറേണ്ടത്. കാർഷിക മേഖലയിലെ ഉൽപാദനശക്തികളുടെ വികസനവും, ഉൽപാദനക്ഷമത, ലാഭക്ഷമത, സുസ്ഥിരത എന്നിവയുടെ പുതിയ തലങ്ങളിലുള്ള നേട്ടങ്ങളും ഉറപ്പാക്കുന്നതിന് കാർഷിക മേഖലയിലെ ഉൽപാദന ബന്ധങ്ങൾ പുനർ രൂപകൽപ്പന ചെയ്യണം. കേരളത്തിന്റെ

കൃഷിയിൽ പുതിയ സാങ്കേതികവിദ്യകൾ, പ്രത്യേകിച്ചും ബയോടെക്നോളജി, നാനോ ടെക്നോളജി എന്നിവ സ്വീകരിക്കണം. ഉൽപാദനക്ഷമതയും ലാഭക്ഷമതയും വർധിപ്പിക്കാൻ മാത്രമല്ല, സുസ്ഥിരത വർധിപ്പിക്കാനും ശാസ്ത്രം നമ്മെ സഹായിക്കുന്നു. ജൈവകൃഷിയുടെ വിവിധ രൂപങ്ങൾ അവതരിപ്പിക്കുന്നതിന് ശാസ്ത്രീയ അടിത്തറയിലുള്ള നൂതനാശയങ്ങളും ഇടപെടലും ആവശ്യമാണെന്ന് ലോകരാജ്യങ്ങളിൽ നിന്നുള്ള അനുഭവം കാണിക്കുന്നു. യുവാക്കളെ ആകർഷിക്കത്തക്കവിധത്തിൽ കാർഷികമേഖല സാമ്പത്തികമായി പ്രതിഫലദായകവും, ബൗദ്ധിക ഉത്തേജനവും നൽകുന്ന രീതിയിലാക്കണം. ഉൽപാദനവും വിപണനവും പുനസംഘടിപ്പിക്കുകയും സംസ്ഥാനത്തിന്റെ വിപണന ഇടപെടലുകൾ സഹകരണ മേഖലയുടെ കരുത്ത് ഉപയോഗപ്പെടുത്തുകയും ചെയ്യണം. കാർഷിക മേഖലയിലെ മൂല്യവർദ്ധനയിലും സംസ്കരണത്തിലും സ്വകാര്യ നിക്ഷേപം ഉപയോഗപ്പെടുത്തണം.

44. ഈ സാഹചര്യത്തിൽ കൃഷിയിലും അനുബന്ധപ്രവർത്തനങ്ങളിലും പതിനാലാം പഞ്ചവത്സര പദ്ധതിയുടെ പ്രധാനപ്പെട്ട ലക്ഷ്യങ്ങൾ താഴെപ്പറയുന്നവയാണ്.

i. കാർഷിക മേഖലയിലെ പദ്ധതികൾ കേരളത്തിലെ കൃഷിയുടെ സ്വഭാവം പ്രതിഫലിപ്പിക്കുന്ന തരത്തിലായിരിക്കണം. മിക്ക കർഷകരും ചെയ്തുവരുന്ന വീട്ടുവളപ്പിലെ കൃഷി, കാർഷിക–കാലാവസ്ഥാ മേഖലകൾക്കനുസരിച്ച് കൃഷിരീതികൾ വ്യത്യസ്തമാണ്. അതിനാൽ ആസൂത്രണം വിളകളെ കേന്ദ്രീകരിച്ചുള്ള കൃഷി മാത്രമല്ല, വിളകൾ, കന്നുകാലികൾ, മത്സ്യബന്ധനം, തേനീച്ച വളർത്തൽ, സെറികൾച്ചർ തുടങ്ങിയ മറ്റു പ്രവർത്തനങ്ങൾ ഉൾകൊള്ളുന്ന സംയോജിത കാർഷിക പദ്ധതികളിലേക്കുമായി ക്രമപ്പെടുത്തണം.

ii. ഭൂമി തരിശ്ശിടുന്നതും, തണ്ണീർത്തടങ്ങൾ കാർഷികേതര ആവശ്യങ്ങൾക്കായി മാറ്റുന്നതും നിരുത്സാഹപ്പെടുത്തുകയും കർഷകക്കൂട്ടായ്മകൾ വഴി കൃഷിയോഗ്യമായ ഭൂമിയിൽ കൃഷി ചെയ്യാനുള്ള ശ്രമങ്ങൾ നടത്തുകയും വേണം. അത്തരം പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് ആവശ്യമായ നിയമ പരിഷ്കാരങ്ങളുടെ സാധ്യതകൾ കണ്ടെത്തണം.

iii. ശാസ്ത്രീയമായി നെൽകൃഷിയും തണ്ണീർത്തട സംരക്ഷണവും ആസൂത്രണം ചെയ്യുന്നതിന് അടിയന്തിരമായി ആധുനിക സാങ്കേതിക വിദ്യ ഉപയോഗിച്ച് കൃഷി ചെയ്യുന്ന ഭൂമിയുടെയും തണ്ണീർത്തടത്തിന്റെയും കൃത്യമായ വിവരസങ്കേതം സൃഷ്ടിക്കണം. ഇന്ത്യയുടെ ഭൂവിനിയോഗ ക്ഷമത വർഗ്ഗീകരണത്തെ അടിസ്ഥാനമാക്കി കാർഷിക ആസൂത്രണം നടപ്പിലാക്കേണ്ടതാണ്.

iv. കേരളത്തിലെ മിക്ക വിളകളുടെയും ഉൽപാദനക്ഷമതയിൽ മുന്നേറ്റം ആവശ്യമാണ്. ഗവേഷണ കേന്ദ്രങ്ങളിൽ ലഭിക്കുന്ന വിളവും ഇന്ത്യയിലെ മറ്റേതു ഭാഗത്തെ കർഷകർക്ക് ലഭിക്കുന്ന വിളവും താരതമ്യം ചെയ്യുമ്പോഴും വിളകളിലുടനീളം വലിയ വിടവ് കാണുന്നതായി 2021 ലെ കേരള വികസന റിപ്പോർട്ടിലുള്ള വിശകലനത്തിൽ കാണിക്കുന്നു. കുറഞ്ഞ വിളവ് കർഷകരുടെ വരുമാനം ഉയർത്താനുള്ള ശ്രമങ്ങളെ തടസ്സപ്പെടുത്തുന്നു.

v. കേരളത്തിന്റെ വിളപരിപാലന സമ്പ്രദായങ്ങളിൽ മാറ്റം ആവശ്യമാണ്.

ഉദാഹരണത്തിന് വിള ഉൽപാദനത്തിൽ പ്രധാന ഘടകമായ മണ്ണ് പരിപാലനം എടുത്താൽ, കേരളത്തിലെ മണ്ണുകളുടെ വലിയ പങ്കിലും പ്രധാന മൂലകങ്ങളും സൂക്ഷ്മ മൂലകങ്ങളും അപര്യാപ്തമാണ്. 91 ശതമാനം മണ്ണു അമ്ലസ്വഭാവമുള്ളതും, 34 ശതമാനം മണ്ണിൽ നൈട്രജനും, 37 ശതമാനത്തിൽ ഫോസ്ഫറസും, 31 ശതമാനത്തിൽ പൊട്ടാസ്യവും, 59 ശതമാനത്തിൽ കാൽസ്യവും, 79 ശതമാനത്തിൽ മഗ്നീഷ്യവും, 56 ശതമാനത്തിൽ സൾഫറും, 64 ശതമാനത്തിൽ ബോറോണും അപര്യാപ്തമാണ്. അടിക്കടിയുള്ള പ്രളയവും, കനത്ത മഴയും കാരണം ജൈവകാർബണിന്റെ ഒലിച്ചുപോകലുൾപ്പെടെയുള്ള മണ്ണിന്റെ ഫലഭൂയിഷ്ഠതയെ കൂടുതൽ ബാധിച്ചു. അതേസമയം സംസ്ഥാനത്ത് രാസവളങ്ങളുടെ അമിത ഉപയോഗമുണ്ടെന്ന കാഴ്ചപ്പാടിന് വിരുദ്ധമായി കേരളത്തിൽ നൈട്രജൻ, ഫോസ്ഫറസ്, പൊട്ടാസ്യം രാസവളങ്ങളുടെ ഉപഭോഗം ഹെക്ടറിന് 36.4 കിലോഗ്രാം എന്നത് ഇന്ത്യയിലെ മറ്റേതു സംസ്ഥാനത്തെയും അപേക്ഷിച്ച് കുറവാണ്. കഴിഞ്ഞ പത്തു വർഷത്തിൽ കേരളത്തിലെ നൈട്രജൻ, ഫോസ്ഫറസ്, പൊട്ടാസ്യം രാസവളങ്ങളുടെ ഉപഭോഗം ഗണ്യമായ രീതിയിൽ കുറവ് രേഖപ്പെടുത്തി. 2010–11 ൽ ഹെക്ടറിന് 106.2 കിലോഗ്രാം ആയിരുന്നത് 2018–19 ൽ 36.4 കിലോ ഗ്രാം ആയി കുറഞ്ഞു. ഔദ്യോഗിക പാക്കേജ് ഓഫ് പ്രാക്ടീസുകളുടെ ശുപാർശകളിൽ നിന്നും വളരെ വ്യത്യസ്തമായ ഇത്തരം അസന്തുലിതാവസ്ഥകൾ കാർഷിക വളർച്ചയ്ക്ക് ഒരു പ്രധാന പരിമിതിയാണ്.

vi. കാർഷിക യന്ത്രവൽക്കരണ മേഖലയിൽ ഫീൽഡ് തല പ്രവർത്തനങ്ങളുടെ യന്ത്രവൽക്കരണം തുടരും. പതിനാലാം പഞ്ചവത്സര പദ്ധതി ചെറുകിട കൃഷിയിടങ്ങളിലും വീട്ടുവളപ്പുകളിലും അനുയോജ്യമായ യന്ത്രങ്ങളുടെയും ഉപകരണങ്ങളുടെയും ഉപയോഗം പ്രോത്സാഹിപ്പിക്കും.

vii. കേരളത്തിലെ ചെറു കൃഷിയിടങ്ങളുടെ പശ്ചാത്തലത്തിൽ, സ്ഥിരതയുള്ള വിപണിയും കർഷകർക്കു ഉയർന്ന വരുമാനവും ഉറപ്പാക്കുന്നതിന് കാര്യക്ഷമതയും ലാഭസാധ്യതയും പരമാവധി വർദ്ധിപ്പിക്കേണ്ടത് വളരെ പ്രധാനമാണ്. ഗ്രാമീണ വായ്പ പോലുള്ള മേഖലകളിൽ സംസ്ഥാനത്ത് സഹകരണ സംവിധാനത്തിന്റെ സമ്പന്നമായ ചരിത്രമുണ്ടെങ്കിലും ഉൽപാദനം, വിപണനം എന്നിവ സംഘടിതമാക്കുന്ന രീതിയിൽ ചെറുകിട–നാമമാത്ര കർഷകരെ ഒരുമിച്ചുകൊണ്ടുവരേണ്ടതാണ്.

viii. കാർഷിക വിപണനം ആശങ്കയുള്ള ഒരു പ്രധാന മേഖലയാണ്. പതിനാലാം പഞ്ചവത്സര പദ്ധതി കാലയളവിൽ കാർഷിക വിപണന നയത്തിൽ സമൂലവും തന്ത്രപരവുമായ മാറ്റം ആവശ്യമാണ്. നാളികേരം, പച്ചക്കറികൾ, റബ്ബർ, സുഗന്ധവ്യഞ്ജനങ്ങൾ തുടങ്ങിയ പ്രധാന ഉൽപ്പന്നങ്ങൾക്കായി വ്യവസ്ഥിതമായ വിതരണ ശൃംഖല കെട്ടിപ്പടുക്കണം. ഇടക്കാലാടിസ്ഥാനത്തിൽ, ഓരോ പഞ്ചായത്തിലും ശീതീകരണ സൗകര്യങ്ങളുള്ള ഒരു പ്രാഥമിക ഗ്രാമീണ കാർഷിക വിപണിയെങ്കിലും (PRAM) ആവശ്യമാണ്. ഈ വിപണികൾ, ബ്ലോക്ക്, ജില്ലാ തലത്തിൽ പ്രവർത്തിക്കുന്ന വിപണികളുടെ പോഷക വിപണിയായി പ്രവർത്തിക്കണം. കർഷകർ, കർഷക സഹകരണ സംഘങ്ങൾ, കർഷക ഉൽപാദക കമ്പനികൾ, കൃഷിക്കൂട്ടങ്ങൾ എല്ലാം തന്നെ ഈ പ്രാഥമിക വിപണികളുമായി ബന്ധിപ്പിക്കണം. മൂല്യവർദ്ധന–

സംസ്കരണ മേഖലയുമായുള്ള ബന്ധം ഉറപ്പാക്കുന്നതിന് വിപണികളുടെ ഫെഡറേഷനുകൾ സൃഷ്ടിക്കുന്നതിനുള്ള ശ്രമങ്ങളും നടത്തേണ്ടതുണ്ട്.

ix. ഉൽപാദനസ്ഥലത്ത് (അഥവാ ഉൽപാദകരിൽ നിന്നും നേരിട്ട്) ഉൽപന്നങ്ങൾ സമാഹരിക്കുന്നതിനുള്ള സംവിധാനത്തിന്റെ അഭാവമാണ് കേരളത്തിലെ കാർഷിക വിപണനത്തിന്റെ മറ്റൊരു പ്രശ്നം. ഈ അഭാവം വീട്ടുവളപ്പിൽ കൃഷിയിൽ കൂടുതൽ പ്രകടമാകുന്നു. സമാഹരണ സംവിധാനം കൊണ്ടുവന്നാൽ മാത്രമേ കർഷകരെ ദ്വിതീയ തലത്തിലെ ഉൽപാദനവുമായി ലാഭകരമായി ബന്ധിപ്പിക്കാൻ കഴിയൂ. കാർഷിക വിപണനത്തിൽ പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ (PACS), കർഷക ഉൽപാദക കമ്പനികൾ, കുടുംബശ്രീ ഗ്രൂപ്പുകൾ, കൃഷിക്കൂട്ടങ്ങൾ, മറ്റു കൂട്ടായ്മകൾ എന്നിവയുടെ പങ്കാളിത്തത്തിന് പതിനാലാം പഞ്ചവത്സര പദ്ധതി ഊന്നൽ നൽകുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യും.

x. മൂല്യവർദ്ധനവ്, സംസ്കരണം എന്നീ മേഖലകളിൽ സ്വകാര്യ നിക്ഷേപം സ്വാഗതം ചെയ്യും. കേരളത്തിൽ നിരവധി ഫുഡ് പാർക്കുകളും വ്യവസായ പാർക്കുകളും ഉണ്ടെങ്കിലും അവയുടെ പൂർണ്ണമായ സാധ്യതകൾ ഇനിയും കൈവരിക്കാനായിട്ടില്ല.

xi. ഉൽപാദനക്ഷമത വർദ്ധിപ്പിക്കുന്നതിനും പ്രത്യേക പാരിസ്ഥിതിക വെല്ലുവിളികൾ നേരിടുന്നതിനുള്ള പരിഹാരം കാർഷിക ഗവേഷണത്തിൽ നിക്ഷിപ്തമാണ്. ഉയർന്ന വിളവ് നൽകുന്നതും രോഗകീട പ്രതിരോധശേഷിയുള്ളതുമായ വിത്തിനങ്ങളും സങ്കരയിനങ്ങളും സംഭാവന ചെയ്യുന്നതിന് കേരളത്തിലെ പൊതു ഗവേഷണ സംവിധാനം ഗണ്യമായ ശ്രമം നടത്തിയിട്ടുണ്ട്. നെൽകർഷകർക്ക് ഇന്ന് ഉയർന്ന വിളവ് നൽകുന്നതും കീടങ്ങളെയും രോഗങ്ങളെയും പ്രതിരോധിക്കുന്നതും മാത്രമല്ല, കാലാവസ്ഥാവ്യതിയാനം, ലവണാംശം, അമ്ലത എന്നിവയെ പ്രതിരോധിക്കുന്നതുമായ പുതിയ വിത്തിനങ്ങൾ ആവശ്യമാണ്. നിലവിലുള്ള ഇനങ്ങളെക്കാൾ ദൈർഘ്യം കുറഞ്ഞ ഇനങ്ങളും ആവശ്യമാണ്. പച്ചക്കറി കർഷകർക്ക്, ഉയർന്ന വിളവു നൽകുന്നതും, കീടരോഗപ്രതിരോധ ശേഷിയുള്ളതും, കൃത്യതാ കൃഷിക്കും പോളിഹൗസ് കൃഷിക്കും അനുയോജ്യമായതുമായ സങ്കരയിനം വിത്തുകൾ ആവശ്യമാണ്. നാളികേര കർഷകർക്ക് ഉയർന്ന ഉൽപാദനക്ഷമതയുള്ളതും കീടരോഗ പ്രതിരോധശേഷിയുള്ളതുമായ തൈകൾ ആവശ്യമാണ്. കേരളത്തിലെ കാർഷിക ഗവേഷണം കർഷകർ അഭിമുഖീകരിക്കുന്ന മറ്റു വെല്ലുവിളികളെ നേരിടുന്നതിനായി സജ്ജമാകേണ്ടതാണ്. വിത്തുകളുടെ ഗുണനിലവാരമാണ് ആശങ്കയുളവാക്കുന്ന മറ്റൊരു മേഖല.

xii. കാർഷിക മേഖലയിൽ രാസവസ്തുക്കളുടെ ഉപയോഗം കുറയ്ക്കുന്നതിനായി, സംയോജിത പോഷക പരിപാലനവും, സംയോജിത കീട പരിപാലനവുമാണ് കാർഷിക ഗവേഷണ സംവിധാനം നിർദ്ദേശിക്കുന്ന പ്രധാന നടപടികൾ. അതേ സമയം ഈ പരിപാലനരീതികൾ വലിയ രീതിയിൽ സ്വീകരിച്ച് നടപ്പിലാക്കുവാൻ കർഷകരെ പ്രോത്സാഹിപ്പിക്കുന്നതിൽ കാർഷിക വിജ്ഞാനവ്യാപന സംവിധാനം വിജയം കൈവരിച്ചില്ല. കൃഷി ഓഫീസർമാർ കർഷകരുമായി കൂടുതൽ സമയം ചെലവഴിക്കാൻ അനുവദിക്കുന്ന

സ്മാർട്ട് കൃഷിഭവനുകളായി കൃഷിഭവനുകൾ മാറണം. സോഷ്യൽ മീഡിയയും, മൊബൈൽ ആപ്ലിക്കേഷനുകളും പുതിയ വിജ്ഞാനവ്യാപന തന്ത്രങ്ങളിൽ ഇടം കണ്ടെത്തണം.

xiii. കൃഷി–കൃഷി അനുബന്ധമേഖലകളിലെ ഉൽപാദന പ്രക്രിയകളിൽ പ്രാദേശിക സർക്കാരുകളുടെ പങ്കാളിത്തവും, കാർഷിക ഉൽപാദന മേഖലയിൽ അവയുടെ പദ്ധതിചെലവും വർദ്ധിപ്പിക്കുക എന്ന രീതിയിൽ പരിവർത്തനം ആവശ്യമാണ്.

xiv. പതിനാലാം പഞ്ചവത്സരപദ്ധതി കാലയളവിൽ പ്രാദേശിക സർക്കാരുകൾ കാർഷിക ആസൂത്രണത്തിലുള്ള പങ്കാളിത്തം ശക്തമാക്കും. കാർഷിക മേഖലയിൽ പ്രായോഗികവും അർത്ഥവത്തുമായ പ്രോജക്ടുകൾ തയ്യാറാക്കുന്നതിനും വ്യത്യസ്ത പ്രവർത്തനങ്ങളിൽ മാതൃകാ പദ്ധതികൾക്കായി രൂപരേഖകൾ ഉണ്ടാക്കുന്നതിനും അവർക്ക് പ്രത്യേക സഹായം നൽകും.

xv. കാലാവസ്ഥാ വ്യതിയാനം ഈ മേഖലയിലെ ഒരു പ്രധാനപ്പെട്ട വെല്ലുവിളിയായി പതിനാലാം പഞ്ചവത്സര പദ്ധതി പരിഗണിക്കും. കാലാവസ്ഥാ വ്യതിയാനംകൊണ്ട് കർഷകർ അഭിമുഖീകരിക്കുന്ന വെല്ലുവിളികൾക്ക് പരിഹാര നിർദ്ദേശങ്ങൾ പദ്ധതിയിലുണ്ടാവും.

**മത്സ്യബന്ധനം**

45. ചെറുകിട കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള ഫലവത്തായ ഒരു മാർഗ്ഗമാണ് ശാസ്ത്രീയമായ ഉൾനാടൻ മത്സ്യകൃഷി. യുവജനങ്ങൾക്ക് ഈ മേഖലയിലേക്ക് വരുന്നതിന് വളരെയേറെ താൽപര്യമുണ്ട്. പതിമൂന്നാം പഞ്ചവത്സര പദ്ധതിയിൽ ഉൾനാടൻ മത്സ്യമേഖലയ്ക്ക് ഊന്നൽ നൽകിയെങ്കിലും തുടർച്ചയായി ഉണ്ടായ വെള്ളപ്പൊക്കവും കനത്ത മഴയും മേഖലയുടെ വളർച്ചയ്ക്ക് തടസ്സമായി മാറി. പതിനാലാം പഞ്ചവത്സര പദ്ധതിയിലും ഈ മേഖലയുടെ വളർച്ചയെ പരിപോഷിപ്പിക്കുന്നതിനായുള്ള ശ്രമങ്ങൾ തുടരണം. ചെറിയ കുളങ്ങൾ, കനാലുകൾ, മറ്റ് ജലാശയങ്ങൾ എന്നിവയാൽ കേരളത്തിലെ ഗ്രാമപ്രദേശങ്ങൾ സമ്പന്നമാണ്. ആയതിനാൽത്തന്നെ ഓരോ പഞ്ചായത്തും വാണിജ്യാടിസ്ഥാനത്തിൽ നിശ്ചിത അളവിൽ, ജലാശയങ്ങളിൽ ഉൾനാടൻ മത്സ്യബന്ധനം പ്രോത്സാഹിപ്പിക്കണം. സംസ്ഥാനത്തെ ജലസംഭരണികളും ഉൾനാടൻ മത്സ്യബന്ധനത്തിനായി പരമാവധി ഉപയോഗപ്പെടുത്തണം.

46. ഉൾനാടൻ മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിൽ നേരിടുന്ന പ്രധാന തടസ്സം ഗുണനിലവാരമുള്ള മത്സ്യവിത്തുകളുടെ ലഭ്യത കുറവാണ്. ഉൾനാടൻ മത്സ്യബന്ധനത്തിന് ആവശ്യാനുസരണം മത്സ്യവിത്തുകൾ ലഭ്യമാക്കുന്നതിന് കൂടുതൽ ഹാച്ചറികളിലും നഴ്സറികളിലുമുള്ള മൂലധന നിക്ഷേപം ഉറപ്പാക്കുന്നതിന് പതിനാലാം പഞ്ചവത്സര പദ്ധതിയിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നതാണ്.

47. പതിനാലാം പഞ്ചവത്സര പദ്ധതിയുടെ കാലയളവിൽത്തന്നെ ഓരോ ബ്ലോക്കിലും മത്സ്യഭവനുകൾ സ്ഥാപിക്കും. സംസ്ഥാന സർക്കാരിന്റെ പദ്ധതികളുടെ കാര്യക്ഷമമായ നടത്തിപ്പ് ഉറപ്പുവരുത്തുകയും ഉൾനാടൻ മത്സ്യബന്ധന വിപുലീകരണ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുകയുമാണ് മത്സ്യഭവനുകളുടെ പ്രധാന ചുമതല.

48. നെല്ലിനോടൊപ്പം മത്സ്യം വളർത്തുന്ന സംസ്കാരത്തിന് കേരളത്തിൽ ഏറെ പ്രതീക്ഷയുണ്ട്. നെൽകർഷകരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനും, പാടങ്ങൾ കാർഷികേതര ആവശ്യങ്ങൾക്ക് മാറ്റുന്ന പ്രവണത കുറയ്ക്കാനും ഇത് സഹായകകരമാവും. പൊക്കാളി, കൈപ്പാട്, കോൾ മേഖലകളിൽ നെല്ലിനോടൊപ്പം മത്സ്യകൃഷി എന്ന കാഴ്ചപ്പാട് പ്രോത്സാഹിപ്പിക്കുന്നതിന് പ്രത്യേക ശ്രമങ്ങൾ നടത്തും.

49. പതിനാലാം പഞ്ചവത്സരപദ്ധതി കടലോര മത്സ്യബന്ധന മേഖലയുടെ രണ്ട് പ്രധാന പ്രശ്നങ്ങൾക്ക് ഊന്നൽ നൽകുന്നുണ്ട്. ഒന്നാമതായി സമുദ്ര മത്സ്യബന്ധനം സുസ്ഥിരമാക്കുകയും, മത്സ്യത്തൊഴിലാളികളുടെ ഭൗതിക സുരക്ഷ, സാമൂഹിക സുരക്ഷ, സാമ്പത്തിക സുരക്ഷ എന്നിവ ഉറപ്പുവരുത്തുകയും ചെയ്യണം. അതോടൊപ്പം തന്നെ മത്സ്യത്തൊഴിലാളികളുടെ കടബാധ്യത കുറയ്ക്കുന്നതിനുള്ള പ്രത്യേക പദ്ധതികൾ ആവിഷ്ക്കരിക്കണം. രണ്ടാമതായി മത്സ്യത്തൊഴിലാളികളുടെ സഹകരണ സംഘങ്ങളും, കൂട്ടായ്മകളും സർക്കാർ ഏജൻസികളുമായി സഹകരിച്ച് ആഴക്കടൽ മത്സ്യബന്ധനത്തിലേക്ക് നീങ്ങുന്നതിനുള്ള ഒരു തന്ത്രം ആവിഷ്കരിക്കണം.

## മൃഗ സമ്പത്ത്

50. യുവജനങ്ങൾക്ക്, തൊഴിലിനും വരുമാനോൽപാദനത്തിനും സഹായകമായ ഒരു ഗ്രാമീണ സംരംഭമെന്ന നിലയിൽ മൃഗപരിപാലനത്തിന് വളരെയധികം സാധ്യതകൾ കേരളത്തിലുണ്ട്. എന്നാൽ, നിലവിൽ ഇത് കാർഷിക കുടുംബങ്ങൾക്ക് വളരെ തുച്ഛമായ രീതിയിലുള്ള ഒരു അനുബന്ധ വരുമാന സ്രോതസ്സ് മാത്രമാണെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്.

51. പതിമൂന്നാം പഞ്ചവത്സര പദ്ധതിയുടെ അവസാന വർഷം ആരംഭിച്ച ഒരു പദ്ധതിയാണ് "കേരള ചിക്കൻ". പ്രസ്തുത പദ്ധതിക്ക്, പതിനാലാം പഞ്ചവത്സര പദ്ധതി കാലയളവിൽ ദൃഢമായ അടിത്തറയുണ്ടാക്കുന്നതിനുള്ള പ്രത്യേക ശ്രമങ്ങൾ അവലംബിക്കുന്നതാണ്. മൃഗസംരക്ഷണ വകുപ്പ്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, കുടുംബശ്രീ, കേരള സ്റ്റേറ്റ് പൗൾട്രി ഡെവലപ്മെന്റ് കോർപ്പറേഷൻ, സഹകരണ സ്ഥാപനങ്ങൾ എന്നിവയുടെയെല്ലാം സഹകരണം ഈ പദ്ധതിയിൽ ഉൾപ്പെടുന്നു.

52. സമീപകാലത്ത്, പാലുൽപാദനത്തിൽ കേരളം കൈവരിച്ച നേട്ടങ്ങൾ മാംസത്തിന്റെയും മുട്ടയുടെയും ഉൽപാദനത്തിൽ കൈവരിക്കാനായിട്ടില്ല. മാംസോൽപാദന മേഖലയ്ക്കായുള്ള തന്ത്രപരമായ പദ്ധതി രൂപീകരണ ശ്രമങ്ങൾക്കുള്ള പൂർണ്ണ പിന്തുണ പതിനാലാം പഞ്ചവത്സര പദ്ധതി കാലയളവിൽ ആസൂത്രണ ബോർഡ് നൽകുന്നതായിരിക്കും. മൃഗ പരിപാലനത്തിലും, മാംസോൽപാദനത്തിലുമുള്ള ആധുനികവത്ക്കരണം, കൂടുതൽ അറവുശാലകളുടെ സ്ഥാപനം, അറവുശാലകളിലേക്കുള്ള അസംസ്കൃത വസ്തുക്കൾ സ്ഥിരമായി വിതരണം ചെയ്യുന്നതിനുള്ള സമ്പ്രദായം എന്നിവയ്ക്ക് പദ്ധതിയിലൂടെ സഹായം നൽകും. റെൻഡറിംഗ് പ്ലാന്റുകളുള്ള അറവുശാലകൾ നവീകരിക്കുന്നതിന്റെ പ്രശ്നങ്ങളും ഇതിൽ പരിഗണിക്കും.

53. കോഴി, താറാവ്, ആട്, പന്നി എന്നിവയെല്ലാം ഉൾപ്പെടുന്ന തരത്തിൽ ഈ മേഖലയിലെ ഇൻഷുറൻസ് സ്കീമുകൾ വിപുലീകരിക്കേണ്ടതുണ്ട്. ഇത്തരത്തിലുള്ള ഉപമേഖലകളിലേക്ക് നിക്ഷേപകരെ ആകർഷിക്കണമെങ്കിൽ കേരളത്തിന് ഇത് ആവശ്യമാണ്. പല സ്വകാര്യ സംരംഭകരും ഇപ്പോൾ വലിയ ഡയറി ഫാമുകളിലും, കോഴിഫാമുകളിലും, അറവുശാലകളിലും മൂലധന നിക്ഷേപം നടത്താൻ താൽപര്യപ്പെടുന്നുണ്ട്. കൂടുതൽ സ്വകാര്യ നിക്ഷേപകരെ ഈ മേഖലയിലേക്ക് ആകർഷിക്കുന്നതിനായി ഇത്തരം സ്ഥാപനങ്ങളിലെ നിയന്ത്രണങ്ങളും നിയമങ്ങളും, അവലോകനം ചെയ്ത് ലഘൂകരിക്കേണ്ടത് ആവശ്യമാണ്.

## ക്ഷീര വികസനം

54. പതിമൂന്നാം പഞ്ചവത്സര പദ്ധതി കാലയളവിൽ, പാലുൽപാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിൽ ഗണ്യമായ പുരോഗതി നേടുവാൻ കേരളത്തിന് സാധിച്ചു. സംസ്ഥാനത്തെ കന്നുകാലികളുടെ ഉൽപാദനക്ഷമത മെച്ചപ്പെടുത്തുന്നതിനുള്ള ശ്രമങ്ങൾ പതിനാലാം പഞ്ചവത്സര പദ്ധതിക്കാലയളവിൽ നടപ്പിലാക്കേണ്ടതാണ്.

55. പാലുൽപാദനക്ഷമത വർദ്ധിപ്പിക്കുന്നതിന് ക്ഷീരമേഖലയിൽ നിരവധി നിർദിഷ്ട ഇടപെടലുകൾ ആവശ്യമാണ്. ഒന്നാമതായി, കേരളത്തിലെ കറവപശുക്കളുടെ ജനിതക അടിത്തറ മെച്ചപ്പെടുത്തണം. രണ്ടാമതായി, സംസ്ഥാനത്ത് തീറ്റ പുൽക്കൃഷി കുറവാണ്, കൃഷിയിടങ്ങളിലും, വീട്ടുവളപ്പിലും തീറ്റപ്പുൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കണം. മൂന്നാമതായി, ക്ഷീര സഹകരണ സംഘങ്ങൾ വഴി വിൽക്കുന്ന പാലിന്റെ വിഹിതം നിലവിലുള്ള 25 ശതമാനത്തിൽ നിന്ന് 50 ശതമാനമായെങ്കിലും ഉയർത്താൻ ശ്രമിക്കണം. ആധുനികവൽക്കരണവും, ആധുനിക സാങ്കേതിക സംവിധാനങ്ങളും ക്ഷീര സഹകരണ സംഘങ്ങൾക്കും ആവശ്യമാണ്.

56. പതിനാലാം പഞ്ചവത്സര പദ്ധതിക്കാലയളവിൽ കേരളം പാലുൽപാദനത്തിൽ ഒരു മിച്ച സംസ്ഥാനമായി മാറുന്നതിനായി തയ്യാറാകണം. മലപ്പുറം ജില്ലയിൽ ഒരു പൗഡർ കം ഇവാപ്പൊറേറ്റർ പ്ലാന്റ് സ്ഥാപിക്കാൻ കേരള കോ ഓപ്പറേറ്റീവ് മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷൻ (മിൽമ) പദ്ധതിയിടുന്നു. കൂടാതെ, ക്ഷീരമേഖലയിൽ വിവിധ തരത്തിലുള്ള മൂല്യ വർധിത ഉൽപന്നങ്ങൾ ഉൽപാദിപ്പിക്കാനുള്ള ശ്രമങ്ങളും നടത്തേണ്ടതുണ്ട്.

## കൃഷിക്കും അനുബന്ധ പ്രവർത്തനങ്ങൾക്കുമുള്ള വായ്പാ ലഭ്യത

57. കൃഷിയിലും അനുബന്ധ പ്രവർത്തനങ്ങളിലും മൂലധന രൂപീകരണം അത്യന്താപേക്ഷിതമാണ്. ഉൽപാദനക്ഷമതയും വരുമാനവും വർദ്ധിപ്പിക്കുന്നതിനും കർഷകരുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനും അതിന് നിർണായക സ്ഥാനമുണ്ട്. ആയതിനാൽ മൂലധന രൂപീകരണത്തിൽ വായ്പ ഒരു നിർണായക പങ്കുവഹിക്കുന്നു.

58. പ്രാഥമിക മേഖലയിൽ സംസ്ഥാന വിഹിതത്തോടൊപ്പം സ്വകാര്യ ഓഹരി പങ്കാളിത്തവും വർധിപ്പിക്കാനുതകുന്ന ധനകാര്യ സ്ഥാപനങ്ങൾക്ക് സംസ്ഥാനത്തിന്റെ വികസനത്തിൽ വലിയ പങ്ക് വഹിക്കാൻ കഴിയും.

പതിനാലാം പഞ്ചവത്സര പദ്ധതി കാലയളവിൽ, ഈ മേഖലയിലെ പ്രധാന അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിന് ധനകാര്യ സ്ഥാപനങ്ങൾ ദീർഘകാല, ഇടത്തരം നിക്ഷേപ വായ്പകളിൽ ശ്രദ്ധകേന്ദ്രീകരിക്കേണ്ടതായിട്ടുണ്ട്. അങ്ങനെ ശ്രദ്ധകേന്ദ്രീകരിക്കുന്നതിലൂടെ ഹ്രസ്വകാല വായ്പകൾക്ക് കൂടുതൽ ആവശ്യക്കാരുണ്ടാവുകയും, ഈ മേഖലയിലെ വായ്പ സ്വീകരിക്കുന്നതിനുള്ള ശേഷി വർദ്ധിപ്പിക്കുകയും ചെയ്യും.

59. കേരളത്തിൽ കാർഷിക വായ്പ നൽകുന്നതിൽ ഉൾപ്പെട്ടിരിക്കുന്ന മൂന്ന് പ്രധാന സ്ഥാപനങ്ങൾ (1) വാണിജ്യ ബാങ്കുകൾ, (2) ക്രെഡിറ്റ് സഹകരണ സ്ഥാപനങ്ങൾ, അവയിൽ കേരള ബാങ്ക് ഉൾപ്പെടെയുള്ള പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾ (PACS), ഫാർമേഴ്സ് സർവീസ് സൊസൈറ്റികൾ (FSS), കേരള സ്റ്റേറ്റ് കോ– ഓപ്പറേറ്റീവ് അഗ്രികൾച്ചറൽ ആൻഡ് റൂറൽ ഡെവലപ്മെന്റ് ബാങ്ക് (KSCARDB), പ്രൈമറി കോഓപ്പറേറ്റീവ് അഗ്രികൾച്ചർ ആൻഡ് റൂറൽ ഡെവലപ്മെന്റ് ബാങ്കുകൾ (PCARDB) (3) കേരള ഗ്രാമീണ ബാങ്ക് എന്നിവയാണ്. ജില്ലാ സഹകരണ ബാങ്കുകളെ കേരള സ്റ്റേറ്റ് കോ–ഓപ്പറേറ്റീവ് ബാങ്കുമായി സംയോജിപ്പിച്ച് രൂപീകരിച്ചിട്ടുള്ള കേരള ബാങ്ക്, പ്രാഥമിക മേഖലയുടെ വികസനത്തിൽ ഒരു പ്രധാന പങ്കാളിയായി ഉയർന്നുവരുന്നുണ്ട്.

60. പതിനാലാം പഞ്ചവത്സര പദ്ധതി കാലയളവിൽ നബാർഡിൽ നിന്നുള്ള വായ്പകൾ പ്രയോജനപ്പെടുത്തുന്നതിനായി സംസ്ഥാനം പ്രാഥമിക മേഖലയിൽ പുതിയ അവസരങ്ങൾ സൃഷ്ടിക്കും. അതോടൊപ്പം റൂറൽ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് ഫണ്ടിന് (ആർഐഡിഎഫ്) കീഴിൽ അടിസ്ഥാന സൗകര്യത്തിനുള്ള ഫണ്ടിംഗ് കണ്ടെത്തുന്നതിനും, അതിനനുസരിച്ച് പദ്ധതികൾ രൂപപ്പെടുത്തുന്നതിനും നിരീക്ഷിക്കുന്നതിനുമുള്ള ഒരു സംവിധാനം സംസ്ഥാനം വികസിപ്പിക്കും.

## സ്ഥിതിവിവരക്കണക്കുകൾ

61. കൃത്യമായ വിവരങ്ങളുടെ അഭാവം കാർഷിക മേഖലയിലെ ശാസ്ത്രീയ ആസൂത്രണത്തിന് ഒരു പ്രധാന തടസ്സമാണ്. സംസ്ഥാനത്തെ കാർഷിക സ്ഥിതിവിവരക്കണക്കുകളുടെ മുഴുവൻ സംവിധാനവും അവലോകനം ചെയ്യുന്നതിനും അത് നവീകരിക്കുന്നതിനുള്ള മാർഗങ്ങൾ നിർദ്ദേശിക്കാൻ സംസ്ഥാന സ്റ്റാറ്റിസ്റ്റിക്കൽ കമ്മീഷനോട് അഭ്യർത്ഥിക്കേണ്ടതായിട്ടുണ്ട്. കൃഷിയിലെ വ്യത്യസ്ത ഡാറ്റാബേസുകളെ, സംസ്ഥാനത്തെ ഭൂമി പുനർനിർണയിക്കുന്നതിനും, അതോടൊപ്പം ഭൂവുടമസ്ഥതയെയും ഉപയോഗത്തെയും കുറിച്ച് വിവരം നൽകുന്നതുമായ ഡിജിറ്റൽ ജിയോ റഫറൻസ് ഡാറ്റാബേസ് സൃഷ്ടിക്കുന്നതിനുവേണ്ടിയുള്ള റവന്യൂ വകുപ്പിന്റെ ശ്രമങ്ങളുമായി ബന്ധിപ്പിക്കണം.

62. ചുരുക്കത്തിൽ, പതിനാലാം പഞ്ചവത്സര പദ്ധതിയുടെ ലക്ഷ്യം കേരളത്തിന്റെ കാർഷിക സമ്പദ്‌വ്യവസ്ഥയെ നവീകരിക്കുക എന്നതായിരിക്കണം. കൃഷി, മൃഗസംരക്ഷണം, മത്സ്യബന്ധനം എന്നീ വകുപ്പുകളാണ് ഈ ശ്രമത്തിന് നേതൃത്വം നൽകേണ്ടത്, എന്നാൽ തദ്ദേശ സ്വയംഭരണം, സഹകരണം, വ്യവസായം എന്നീ വകുപ്പുകളുടെ ശ്രമങ്ങൾ സജീവ സഹായമായി

ഇതോടൊപ്പം ഉണ്ടായിരിക്കണം. ഉൽപാദന നിലവാരം ഉയർത്താൻ ലഭ്യമായ ഏറ്റവും ആധുനിക സാങ്കേതിക വിദ്യകൾ കാർഷിക മേഖല സ്വീകരിക്കണം. ഉൽപാദനക്ഷമത വർധിപ്പിച്ചാൽ മാത്രമേ കർഷകരുടെ വരുമാനം ഉയർത്താൻ കഴിയൂ. ആയതിനാൽ തന്നെ സംയോജനം, വിപണനം, മൂല്യവർദ്ധന എന്നിവയിലും സർക്കാർ നയത്തിൽ പ്രത്യേക ശ്രദ്ധ നൽകണം. സഹകരണ സ്ഥാപനങ്ങളും മറ്റ് തരത്തിലുള്ള കൂട്ടായ സംഘടനകളും, അവയുടെ താഴെത്തട്ടിലുള്ള കൂട്ടായ പ്രവർത്തനങ്ങളും കാർഷിക/കാർഷികേതര മേഖലകളുടെ പുരോഗതിയിൽ പ്രധാനപ്പെട്ട ഘടകങ്ങളായിരിക്കണം.

## 2.2 വ്യവസായം

63. മൂല്യവും തൊഴിലും വരുമാനവും സൃഷ്ടിക്കുകയും ഒരു സമൂഹത്തിന്റെ സാമൂഹികവും സാമ്പത്തികവുമായ പുരോഗതിയിൽ സുപ്രധാന പങ്ക് വഹിക്കുകയും ചെയ്യുന്ന മേഖലയാണ് വ്യവസായം. സ്വകാര്യ, സഹകരണ, പൊതുമേഖലകളിലെ വ്യവസായിക വികസന പരിപാടികൾ നടപ്പിലാക്കുന്നതിന് കേരളം പ്രതിജ്ഞാബദ്ധമാണ്. ഈ മേഖലയുടെ പ്രാധാന്യം കണക്കിലെടുത്ത്, നിലവിലുള്ള വ്യവസായങ്ങളിലും ഉയർന്നു വരുന്ന മേഖലകളിലും നിക്ഷേപം ആകർഷിക്കുന്നതിന് സംസ്ഥാനം മുൻഗണന നല്കുന്നു. കേരളത്തെ വ്യവസായ സൗഹൃദവും നിക്ഷേപസൗഹൃദവുമാക്കി നിലനിർത്താനുള്ള ഫലപ്രദമായ നടപടികൾ സംസ്ഥാനം കൈക്കൊള്ളും.

64. സംസ്ഥാനത്തിന്റെ വിഭവാടിത്തറ, സവിശേഷമായ നേട്ടങ്ങൾ, ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ എന്നിവ കണക്കിലെടുത്താണ് വ്യാവസായിക വികസനം പ്രോത്സാഹിപ്പിക്കേണ്ടത്. കേരളത്തിലെ വ്യാവസായിക വികസനത്തിന് അതിന്റേതായ പ്രത്യേകതകൾ ഉണ്ടായിരിക്കുകയും പ്രത്യേക സവിശേഷതകൾ ഉള്ള പാത പിൻതുടരുകയും വേണം.

65. കേരളത്തിന്റെ ഉൽപാദന മേഖലയിൽ ചെറിയ വർദ്ധനവുണ്ടായെങ്കിലും, തുടർച്ചയായുള്ള പ്രകൃതി ദുരന്തങ്ങളും മഹാമാരികളും ഈ മേഖലയെ പിന്നോട്ട് നയിച്ചു. 2014–15 ലെ 9.8 ശതമാനത്തിൽ നിന്നും 2019–20ൽ 11.1 ശതമാനമായി കേരളത്തിന്റെ ജി എസ് വി എ യിലെ ഉൽപാദന വിഹിതം വർദ്ധിച്ചു. പതിമൂന്നാം പഞ്ചവത്സര പദ്ധതിക്കാലയളവിൽ സംസ്ഥാന പൊതുമേഖല സ്ഥാപനങ്ങളുടെ പ്രവർത്തനത്തിൽ ഉണർവ്വുണ്ടായി. പ്രത്യേകിച്ചും രാസവസ്തുക്കളുടെയും ഇലക്ട്രിക്കൽ മെഷനറികളുടെയും ഉൽപാദനത്തിൽ ഏർപ്പെട്ടിരിക്കുന്നവയുടെയും സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭക (എം എസ് എം ഇ) മേഖലയുടെയും വളർച്ചക്കും ഇത് കാരണമായി.

66. 2019, 2020 വർഷങ്ങളിൽ അസെന്റ് (ASCEND) എന്ന പുതിയ ഔട്ട്റീച്ച് പ്രോഗ്രാം കൊച്ചിയിൽ നടന്നു. കേരളത്തിൽ വ്യവസായങ്ങൾ തുടങ്ങുന്നതിനുള്ള രീതികൾ ലളിതമാക്കുന്നതിനുള്ള നയപരമായ നടപടികൾ നടപ്പിലാക്കി. സംസ്ഥാനത്ത് പുതിയ ബിസിനസ്സുകൾ സ്ഥാപിക്കുന്നതിനും നിലനിർത്തുന്നതിനും സഹായിക്കുന്ന പരിഷ്ക്കാരങ്ങളും പ്രധാന ഘടകങ്ങളിലൊന്നാണ് കേരള മൈക്രോ സ്മോൾ മീഡിയം എന്റർപ്രൈസ് ഫെസിലിറ്റേഷൻ ആക്ട് 2019. കൊച്ചിയും പാലക്കാടും ബന്ധിപ്പിച്ചുകൊണ്ടുള്ള

ഹൈടെക് വ്യാവസായിക ഇടനാഴി പ്രൊജക്ട്, ഹൈ ടെക്നോളജി മാനുഫാക്ച്ചറിംഗ്, അഗ്രോ-പ്രോസസിംഗ്, വിവരസാങ്കേതിക വിദ്യ, ബയോടെക്നോളജി, ലൈഫ് സയൻസ് അധിഷ്ഠിത വ്യവസായം എന്നീ മേഖലകളിലെ നിക്ഷേപത്തിന് ഉത്തേജകമാകും.

67. പതിനാലാം പഞ്ചവത്സര പദ്ധതിക്കു കീഴിൽ വ്യവസായങ്ങൾ വികസിപ്പിക്കുന്നതിനുള്ള തന്ത്രങ്ങൾക്ക് താഴെപറയുന്ന ഘടകങ്ങൾ ഉണ്ടായിരിക്കും.

i. പതിനാലാം പഞ്ചവത്സര പദ്ധതി എല്ലാ മേഖലകളിലും (സ്വകാര്യ മേഖല, പൊതുമേഖല, സഹകരണ മേഖല) നിലവിലുള്ള വ്യാവസായിക അടിത്തറ പ്രത്യേകിച്ച് കോവിഡ് 19 പശ്ചാത്തലത്തിൽ തൊഴിൽ ശക്തിപ്പെടുത്തുന്നതിനും സംരക്ഷിക്കുന്നതിനും ശ്രമിക്കും. മഹാമാരിക്കു ശേഷം പുനരാരംഭ പ്രവർത്തനങ്ങളിൽ അടച്ചുപൂട്ടിയ യൂണിറ്റുകളെ സഹായിക്കുന്നതിനും പൂർണ്ണ ശേഷിയിലെത്തിക്കുന്നതിനും പ്രത്യേക ഊന്നൽ നൽകേണ്ടതുണ്ട്. ചെറുകിട ഇടത്തരം സംരംഭങ്ങളുടെ വളർച്ച സുഗമമാക്കുന്നതിലൂടെയും ഇടത്തരം വ്യവസായത്തെ ദേശീയ ആഗോള വിപണികളുമായി ബന്ധിപ്പിക്കുന്നതിലൂടെയും എം എസ് എം ഇ വികസനത്തിന് പ്രത്യേക ശ്രദ്ധ നൽകും. നിലവിലുള്ള എം എസ് എം ഇ കളെ പുനരുജ്ജീവിപ്പിക്കാനും വീണ്ടെടുക്കലിന്റെ പാതയിലേക്ക് നയിക്കാനും സംസ്ഥാന സർക്കാർ സഹായക പരിപാടികൾ ആരംഭിക്കും. ഈ മേഖലയിൽ ഉയർന്ന ഉൽപാദന ക്ഷമതയുള്ള യൂണിറ്റുകൾ കേരളത്തിലേക്ക് ആകർഷിക്കുന്നതിന് സംസ്ഥാനം പ്രത്യേക ഊന്നൽ നൽകും.

ii. പതിനാലാം പഞ്ചവത്സര പദ്ധതി കേരളത്തിന്റെ പ്രത്യേക നേട്ടങ്ങൾ പ്രയോജനപ്പെടുത്തി ആധുനിക എം എസ് എം ഇ കളെ പ്രോത്സാഹിപ്പിക്കും. വ്യാവസായിക ആവശ്യത്തിനുള്ള ഭൂമി കേരളത്തിൽ കുറവാണ്. അതിനാൽ പൊതുമേഖല വ്യവസായ പ്രൊമോഷനൽ ഏജൻസികളായ കെ എസ് ഐ ഡി സി, കിൻഫ്ര എന്നിവയും മറ്റുള്ളവയും എം എസ് എം ഇ കളെ പിൻതുണക്കുന്നതിനായി ആധുനിക സൗകര്യങ്ങളോടുകൂടിയ വ്യവസായ പാർക്കുകൾ വികസിപ്പിക്കാൻ ചുമതലപ്പെടുത്തിയിരിക്കുന്നു. വ്യാവസായിക അടിസ്ഥാന സൗകര്യ വികസനത്തിന് സർക്കാർ പുതിയ മാതൃകകൾ കണ്ടെത്തുന്നതാണ്. ഇതിലേക്കായി സ്വകാര്യ സഹകരണ മേഖലകളെ ഉൾപ്പെടുത്തണം. നിർദ്ദിഷ്ട വ്യവസായങ്ങൾ, പ്രദേശങ്ങൾ, ക്ലസ്റ്ററുകൾ എന്നിവയ്ക്കായി പൊതുസൗകര്യ കേന്ദ്രങ്ങൾ വികസിപ്പിക്കുന്നതാണ്. നിലവിലുള്ള സംസ്ഥാന പൊതുമേഖല സ്ഥാപനങ്ങളുടെയും (പി എസ് യു) തദ്ദേശ സ്ഥാപനങ്ങളുടെയും കൈവശമുള്ള ഭൂമി കണ്ടെത്തി വിനിയോഗിക്കാൻ വ്യവസായങ്ങൾക്കായി ലാന്റ് ബാങ്കുകൾ സൃഷ്ടിക്കാൻ ശ്രമിക്കും.

iii. സാങ്കേതിക നവീകരണ പരിപാടിയിലൂടെ സംസ്ഥാന പൊതുമേഖല സ്ഥാപനങ്ങൾ ശക്തിപ്പെടുത്തിയിരിക്കുകയാണ്. ഈ യൂണിറ്റുകൾ പുനരുജ്ജീവിപ്പിക്കാനുള്ള നിർദ്ദിഷ്ട യൂണിറ്റ് അധിഷ്ഠിത വിശദമായ പ്രൊജക്ട് റിപ്പോർട്ടുകൾ തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്. പൊതുമേഖല സ്ഥാപനങ്ങളുടെ ഭരണം മെച്ചപ്പെടുത്തുന്നതിന്, ചട്ടങ്ങൾ പരിഷ്ക്കരിക്കുന്നതിനും ഈ യൂണിറ്റുകൾക്ക് കൂടുതൽ പ്രൊഫഷണൽ സ്വയംഭരണാവകാശം നൽകുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

iv. വിവര സാങ്കേതിക വിദ്യ (ഐ ടി) വ്യവസായത്തിനും നഗര–ഗ്രാമീണ കേന്ദ്രങ്ങളിൽ ഐ ടി പ്രാപ്തമാക്കിയ സേവന മേഖലക്കും അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിന് പ്രത്യേക ശ്രദ്ധ നൽകിയിട്ടുണ്ട്. ഈ മേഖലയുടെ വിജയം നിർണ്ണായകമായി ഉയർന്ന നിലവാരമുള്ള മനുഷ്യ വിഭവങ്ങളുടെ ലഭ്യതയെ ആശ്രയിച്ചിരിക്കുന്നു. കരിയർ ഗൈഡൻസ്, നൈപുണ്യ വികസനം, സംരംഭകത്വ വികസന പരിപാടികൾ എന്നിവ വ്യാവസായിക മേഖലയിൽ പുതിയ തൊഴിൽ സൃഷ്ടിക്കാൻ സഹായിക്കും. ഡിജിറ്റൽ യൂണിവേഴ്സിറ്റി പോലുള്ള സ്ഥാപനങ്ങളും അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം കേരള (അസാപ്), ഇൻഫോർമേഷൻ ആന്റ് കമ്മ്യൂണിക്കേഷൻ ടെക്നോളജി അക്കാഡമി ഓഫ് കേരള (ഐ സി ടി –കെ) തുടങ്ങിയ ഏജൻസികളും പ്രോഗ്രാമുകളും ഈ ലക്ഷ്യങ്ങൾ നിറവേറ്റേണ്ടതുണ്ട്. അധ്യാപനത്തിന്റെയും ഗവേഷണത്തിന്റെയും ചില മേഖലകൾ വ്യവസായിക വികസനത്തെ പിന്തുണയ്ക്കുന്ന തരത്തിൽ വ്യവസായ വിദ്യാഭ്യാസ ബന്ധങ്ങൾ വളർത്തിയെടുക്കും. ശാസ്ത്ര, സാങ്കേതിക സ്ഥാപനങ്ങളെ ശക്തിപ്പെടുത്തുന്നത് ശാസ്ത്രത്തിലെ അടിസ്ഥാന ഗവേഷണങ്ങൾ സുഗമമാക്കുക മാത്രമല്ല വിവര സാങ്കേതികവിദ്യയുടെ വികസിത മേഖലകളിലെ കഴിവുകൾ വളർത്താൻ സഹായിക്കുകയും ചെയ്യും.

v. നമ്മുടെ ജനങ്ങളിലെ വലിയൊരു വിഭാഗം പരമ്പരാഗത വ്യവസായങ്ങളായ കൈത്തറി, കയർ, കശുവണ്ടി, കരകൗശല വസ്തുക്കൾ എന്നിവയെ ആശ്രയിക്കുന്നത് തുടരുന്നു, വിപണി പ്രവേശനം, ഉൽപാദനത്തിനുള്ള ഇൻപുട്ടുകൾ, ഉൽപാദന പ്രക്രിയകളിലെ മെച്ചപ്പെടുത്തലുകൾ, ഉൽപന്ന രൂപകൽപന എന്നിവയിൽ ഈ മേഖലയ്ക്ക് പിന്തുണ ആവശ്യമാണ്. കൈത്തറി മേഖലയുടെ പുനരുജ്ജീവനത്തിനായി സമഗ്രമായ പഠനം നടന്നുവരികയാണ്. മറ്റു പരമ്പരാഗത വ്യവസായങ്ങളിലും സമാനമായ പഠനങ്ങൾ നടത്തേണ്ടതുണ്ട്. കയർ, കശുവണ്ടി തുടങ്ങിയ വ്യവസായങ്ങൾക്ക് ഉൽപാദന പ്രക്രിയകളിലും അവയുടെ ഉൽപാദനത്തിന്റെ വൈവിധ്യവത്ക്കരണത്തിലും സാങ്കേതികവിദ്യ ആവശ്യമാണ്.

vi. കേരളം പ്രധാനമായും ഒരു ഉപഭോക്തൃ സംസ്ഥാനമാണ്, എന്നാൽ മറ്റെവിടെയെങ്കിലും ഉൽപാദിപ്പിക്കുന്ന ഉൽപന്നങ്ങൾ വഴി ആവശ്യങ്ങൾ നിറവേറ്റുന്ന സംസ്ഥാനമാണ്. കരുത്തുറ്റ മേഖലകളിൽ ആഭ്യന്തര, വിദേശ വ്യാപാരം വികസിപ്പിക്കുകയും തദ്ദേശീയ ആവശ്യങ്ങൾ നിറവേറ്റുന്നതിനായി കേരളത്തിൽ ശേഷി വർദ്ധിപ്പിക്കുകയും ചെയ്യുന്ന ഇരട്ട ചാക്രിക സാമ്പത്തിക തന്ത്രം പ്രോത്സാഹിപ്പിക്കുന്നതിനുള്ള ശ്രമങ്ങൾ നടക്കുന്നു. കാർഷികാധിഷ്ഠിത വ്യവസായത്തിന്റെ വികസനം ഈ തന്ത്രത്തിന്റെ പ്രധാന ഘടകമാണ്.

vii. ജൈവസാങ്കേതിക, നാനോ ടെക്നോളജി, ബയോ മെഡിക്കൽ സയൻസ്, ഇലക്ട്രോണിക്സ്, കമ്പ്യൂട്ടിംഗ്, മീഡിയ ടെക്നോളജീസ്, ബയോ കെമിക്കൽ എൻജിനീയറിംഗ് എന്നിവ ഉൾപ്പെടെയുള്ള നൂതന സാങ്കേതികവിദ്യകൾ നൂതനവും മൂല്യവർധിതവുമായ ഉൽപന്നങ്ങൾ ഉൽപാദിപ്പിക്കുന്നതിന് കേരളത്തിലെ വ്യാവസായിക മേഖല ഫലപ്രദമായി ഉപയോഗിച്ച് മൂല്യവർധിതവുമായ ഉൽപന്നങ്ങൾ

നിർമ്മിക്കണം. (I) കാർഷികാധിഷ്ഠിത വ്യവസായവും ഭക്ഷ്യ സംസ്കരണവും പോലുള്ള മേഖലകൾ (II) പെയിന്റ്, യൂറിയ, ടൈറ്റാനിയം, ധാതുക്കൾ, സിമന്റ് എന്നിവ ഉൾപ്പടെയുള്ള രാസവസ്തുക്കളും പെട്രോ കെമിക്കലുകളും (III) ഇലക്ട്രോണിക്സ് (IV) മെഡിക്കൽ ഉപകരണങ്ങൾ, ആരോഗ്യ സംരക്ഷണം, ബയോ ടെക്നോളജി (V) വ്യവസായിക ഇടനാഴികൾ, തുറമുഖങ്ങൾ, ഷിപ്പിംഗ് ലോജിസ്റ്റിക്ക്സ്, ഉൾനാടൻ ജലഗതാഗത സംവിധാനങ്ങൾ എന്നിവ ഉൾപ്പടെയുള്ള നങ്കൂര വ്യവസായങ്ങൾ (VI) തുണിത്തരങ്ങളും വസ്ത്രങ്ങളും (VII) കൈത്തറിയും യന്ത്രത്തറിയും (VIII) കശുവണ്ടി, കയർ തുടങ്ങിയ പരമ്പരാഗത വ്യവസായങ്ങൾ (Ix) നിർമ്മാണവും അനുബന്ധ പ്രവർത്തനങ്ങളും എന്നീ മേഖലകളും വളർച്ചക്ക് ഉയർന്ന സാധ്യത നൽകുന്നു.

viii. ലോക വ്യാപാര സംഘടനയുടെ നിയന്ത്രണം കാരണം തോട്ടം വ്യവസായം, (പ്രത്യേകിച്ച് റബ്ബർ, കാപ്പി, ചായ, സുഗന്ധവ്യഞ്ജനങ്ങൾ തുടങ്ങിയ വിളകളുമായി ബന്ധപ്പെട്ട് ), വലിയ സമ്മർദ്ദത്തിലാണ്. തോട്ടം മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി പതിമൂന്നാം പഞ്ചവത്സര പദ്ധതിയിൽ വ്യവസായ വകുപ്പിന് കീഴിൽ തോട്ടങ്ങൾക്കായി പുതിയ ഡയറക്ടറേറ്റ് രൂപീകരിച്ചു. റബ്ബറും മറ്റു കമ്മോഡിറ്റി ബോർഡുകളും കേന്ദ്ര സർക്കാരിന് കീഴിലായതിനാൽ ഈ ബോർഡുകൾക്ക് കേന്ദ്രം അനുവദിക്കുന്ന ഫണ്ട് ക്രമാതീതമായി കുറയുകയാണ്. ബയോ ടെക്നോളജിയിലും മറ്റുമുള്ള നിക്ഷേപങ്ങൾ തോട്ടം മേഖലയിലെ ചെറുകിട ഉടമകളെ സംരക്ഷിക്കാൻ സഹായിക്കും. തോട്ടം മേഖലയുമായി ബന്ധപ്പെട്ട് ഉയർന്നുവരുന്ന കാലാവസ്ഥാ വ്യതിയാന ആശങ്കകളുടെ പശ്ചാത്തലത്തിൽ ഇത്തരം ശ്രമങ്ങൾക്ക് പ്രത്യേക പ്രാധാന്യമുണ്ട്.

ix. കേരളത്തിന്റെ വ്യവസായം ദേശീയവും ആഗോളവുമായ വിതരണ ശൃംഖലയുടെ ഭാഗമായാൽ മാത്രമേ ശക്തവും പ്രതിരോധ ശേഷിയുള്ളതുമായ ഒരു വ്യവസായ മേഖല സാധ്യമാകുകയുള്ളു. പരിസ്ഥിതി, സാമൂഹികം, ഭരണം (ESG) ആവശ്യകതകൾ നിറവേറ്റുന്നതിനായി വിതരണ ശൃംഖലയിലെ ആഗോള മാറ്റങ്ങൾക്കായി പ്രാദേശിക വ്യവസായവും വ്യാപാരവും തയ്യാറാക്കുന്നതിനും ശക്തിപ്പെടുത്തുന്നതിനുമുള്ള ശ്രമങ്ങൾ നടക്കുന്നു. പ്രബുദ്ധമായ തൊഴിലും സാമൂഹിക നയങ്ങളും, പരിസ്ഥിതി നയം എന്നിവയുമായി ബന്ധപ്പെട്ട് കേരളത്തിന്റെ പരമ്പരാഗത ശക്തികൾ ഈ സന്ദർഭത്തിൽ പ്രയോജനപ്പെടുത്താൻ ഉപയോഗിക്കാം. ഉചിതമായ നിയന്ത്രണങ്ങൾ, അടിസ്ഥാന സൗകര്യങ്ങൾ, വിപണനം, കയറ്റുമതി പ്രോത്സാഹനം,വ്യാപാര പിന്തുണ എന്നിവയ്ക്ക് സർക്കാർ പിന്തുണയും കൂടുതൽ ഊർജ്ജസ്വലതയോടെ തുടരും. വ്യവസായങ്ങളെ നയിക്കുന്ന നിയമപരവും നിയന്ത്രണപരവുമായ ചട്ടക്കൂടിലെ മാറ്റങ്ങൾ തുടരും.

x. സംസ്ഥാനം ഒരു പുതിയ ഖനന നയം തയ്യാറാക്കും. അത്തരമൊരു നയം പരിസ്ഥിതി, വ്യവസായം, ഉപജീവനമാർഗ്ഗം എന്നിവയുടെ ഒന്നിലധികം ആവശ്യങ്ങൾ പരിഹരിക്കും.

## 2.3 ശാസ്ത്രവും സാങ്കേതിക വിദ്യയും

68. സമ്പദ്‌വ്യവസ്ഥയിലെ വിവിധ മേഖലകളിലേക്ക് വ്യാപിക്കുകയും മനുഷ്യ ജീവിതത്തിന്റെ ഭൗതിക സാഹചര്യങ്ങളെ പുനർനിർമ്മിക്കുകയും ചെയ്യുന്ന

നേരിട്ടുള്ള പ്രേരക ശക്തിയാണ് ആധുനിക ശാസ്ത്ര സാങ്കേതികവിദ്യ. പതിനാലാം പഞ്ചവത്സര പദ്ധതിയിൽ ശാസ്ത്ര സാങ്കേതിക വിദ്യയുടെ വികസനത്തിനും പുരോഗതിക്കും മുൻഗണന നൽകുന്നു.

69. ശാസ്ത്രവും സാങ്കേതിക വിദ്യയുമാണ് കേരളത്തിന്റെ മുന്നോട്ടുള്ള വളർച്ചയുടെ കേന്ദ്രബിന്ദു. സംസ്ഥാനത്തിന്റെ ആവശ്യങ്ങൾക്കും സാധ്യതകൾക്കും അനുയോജ്യമായ ഗവേഷണ, നൂതനാശയ വികസന പരിപാടികളെ പതിനാലാം പഞ്ചവത്സര പദ്ധതി പ്രോത്സാഹിപ്പിക്കും.

70. ശാസ്ത്ര സാങ്കേതിക വിദ്യയുമായി ബന്ധപ്പെട്ട വികസനത്തിന്റെ മറ്റ് രണ്ട് സവിശേഷതകൾ പതിനാലാം പഞ്ചവത്സര പദ്ധതിയുടെ പശ്ചാത്തലത്തിൽ ഗൗരവമുള്ളതാണ്. ഒന്നാമതായി, സമഗ്ര വികസനത്തിനുള്ള കേരളത്തിന്റെ പ്രതിബദ്ധതയ്ക്ക് അനുസൃതമായി, ശാസ്ത്ര സാങ്കേതികവിദ്യയുടെ പ്രയോജനങ്ങൾ സമൂഹത്തിലെ എല്ലാ വിഭാഗങ്ങളിലേക്കും എത്തിച്ചേരുന്നുവെന്ന് സർക്കാർ നയം ഉറപ്പാക്കും. രണ്ടാമതായി, ജനങ്ങളുടെ ഇടയിൽ, പ്രത്യേകിച്ച് യുവജനങ്ങളിൽ ശാസ്ത്രബോധം വളർത്തുന്നതിനുള്ള ഇടപെടലുകൾ തുടരും. ഇന്ത്യൻ സമൂഹത്തിൽ ശാസ്ത്ര മനോഭാവം മുമ്പെങ്ങുമില്ലാത്തവിധം ഭീഷണി നേരിടുന്ന ഇക്കാലത്ത് ഇതിന് പ്രത്യേക പ്രാധാന്യമുണ്ട്.

71. കേരള വികസന റിപ്പോർട്ട് 2021 കണ്ടെത്തിയ ചില പ്രശ്നങ്ങൾക്ക് പ്രത്യേക നയപരമായ ശ്രദ്ധ പതിനാലാം പഞ്ചവത്സര പദ്ധതി കാലയളവിൽ ആവശ്യമാണ്. സംസ്ഥാനത്തെ സാങ്കേതിക ഗവേഷണവും യഥാർത്ഥ ഗുണഫലങ്ങളും തമ്മിലുള്ള ദുർബലമായ ബന്ധങ്ങൾ, ശാസ്ത്ര, സാങ്കേതികവിദ്യയിൽ വിദ്യാഭ്യാസത്തിന്റെയും ഗവേഷണത്തിന്റെയും വിവിധ തലങ്ങളിൽ ഗുണനിലവാരം സംബന്ധിച്ച ആശങ്കകൾ, കേരളത്തിലെയും രാജ്യത്തിന്റെ മറ്റ് ഭാഗങ്ങളിലെയും, ലോകത്തിലെയും ശാസ്ത്ര, സാങ്കേതിക സ്ഥാപനങ്ങൾ തമ്മിലുള്ള പരിമിതമായ ബന്ധങ്ങളും അപര്യാപ്തമായ സഹകരണ ക്രമീകരണങ്ങളും ഇതിൽ ഉൾപ്പെടുന്നു. വ്യവസായവും ഗവേഷണ സ്ഥാപനങ്ങളും തമ്മിലുള്ള ദുർബലമായ സഹകരണമാണ് മറ്റൊരു പ്രശ്നം.

72. പതിനാലാം പഞ്ചവത്സര പദ്ധതി ശാസ്ത്ര-സാങ്കേതിക രംഗത്ത് താഴെപ്പറയുന്ന കർത്തവ്യങ്ങൾക്ക് മുൻഗണന നൽകും.

i. സംസ്ഥാനത്ത് ശക്തമായ ശാസ്ത്ര, സാങ്കേതിക, നൂതന ആവാസവ്യവസ്ഥ കെട്ടിപ്പടുക്കുന്നതിലാണ് പദ്ധതി ശ്രദ്ധ കേന്ദ്രീകരിക്കുന്നത്. അക്കാദമിക്, ഗവേഷണ സ്ഥാപനങ്ങൾ, ഭരണവ്യവസ്ഥ, വ്യവസായം എന്നിവയ്ക്കിടയിൽ കൂടുതൽ സഹകരണം സർക്കാർ പ്രോത്സാഹിപ്പിക്കും. കേരളത്തിലെ കേന്ദ്ര-സംസ്ഥാന ഗവേഷണ സ്ഥാപനങ്ങൾ തമ്മിലും, സംസ്ഥാനത്തും ഇന്ത്യയിലും ലോകത്തുമുള്ള സ്ഥാപനങ്ങൾ തമ്മിലും ശക്തമായ ബന്ധം പദ്ധതി പ്രോത്സാഹിപ്പിക്കും.

ii. പതിനാലാം പഞ്ചവത്സര പദ്ധതി ശാസ്ത്ര സാങ്കേതിക കണ്ടുപിടുത്തങ്ങൾ ശക്തിപ്പെടുത്തുന്നതിനുള്ള ശ്രമങ്ങളെ പ്രോത്സാഹിപ്പിക്കുകയും സംസ്ഥാനത്ത് ശാസ്ത്രമേഖലയിൽ ഗവേഷണം തുടരാൻ ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾക്ക് ആകർഷകമായ ഗവേഷണ അവസരങ്ങൾ നൽകുകയും ചെയ്യും.

iii. സംസ്ഥാനത്തെ ഗവേഷണ–വിദ്യാഭ്യാസ സ്ഥാപനങ്ങളിലുള്ള ഗവേഷണ അടിസ്ഥാന സൗകര്യങ്ങളിലെ നിക്ഷേപം പതിനാലാം പഞ്ചവത്സര പദ്ധതി പ്രോത്സാഹിപ്പിക്കും. മൗലികവും പരിവർത്തനാത്മകമായ ഗവേഷണം, പുതിയ കണ്ടുപിടിത്തങ്ങൾ, സാമ്പത്തിക വികസനം എന്നീ മേഖലകളിൽ കേരളം ഒന്നാമതായി ഉയർന്നു വരുന്നതിന് സംസ്ഥാനത്ത് ഉയർന്ന നിലവാരമുള്ള ഗവേഷണ വികസന പ്രവർത്തനങ്ങൾ ശാസ്ത്ര സാങ്കേതിക മേഖലകളെ പ്രോത്സാഹിപ്പിക്കുന്നതിലൂടെ മാത്രമേ സാധിക്കൂ.

iv. കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ (KSCSTE) മുഖേന കേരള സർക്കാർ നേരിട്ട് ധനസഹായം നൽകുന്ന ഗവേഷണ സ്ഥാപനങ്ങളെ ശക്തിപ്പെടുത്തുന്നതിന് പദ്ധതി പ്രവർത്തിക്കും. ഈ സ്ഥാപനങ്ങൾ മറ്റിടങ്ങളിലെ മികച്ച പ്രവർത്തന രീതികളിൽ നിന്ന് പഠിക്കുകയും, കൂട്ടായ അവലോകനങ്ങളിലൂടെ ഗവേഷണവും അവയുടെ സ്വാധീനവും അധികാരങ്ങളും ലക്ഷ്യങ്ങളും ശക്തമാക്കാൻ സഹായിക്കുകയും ചെയ്യുന്നു. ഈ സ്ഥാപനങ്ങളിലെ ഗവേഷണ ശാസ്ത്രജ്ഞർ വിവിധ സ്രോതസ്സുകളിൽ നിന്ന് ഗവേഷണ പദ്ധതികൾക്കായുള്ള സമ്പത്ത് സ്വരൂപിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

v. മികച്ച രീതിയിൽ രൂപകല്പന ചെയ്ത പരിപാടികൾ, പ്രചാരണങ്ങൾ, മീറ്റിംഗുകൾ, കോൺഫറൻസുകൾ എന്നിവയിലൂടെ യുവാക്കളിലും വിദ്യാർത്ഥികളിലും ശാസ്ത്രീയ മനോഭാവം വളർത്തിയെടുക്കാൻ സർക്കാർ മുൻകൈയെടുക്കും.

## 2.4 വിവരസാങ്കേതികവിദ്യ

73. ഡാറ്റ ശേഖരിക്കുന്നതിനും വിശകലനം ചെയ്യുന്നതിനും പ്രോസസ്സ് ചെയ്യുന്നതിനുമുള്ള ശേഷിയിലുണ്ടായ അത്ഭുതപൂർവമായ വളർച്ച, സമ്പദ്‌വ്യവസ്ഥയുടെ പ്രധാന ഉൽപാദന, വരുമാനദായക മേഖലകളായ കൃഷി, വ്യവസായം, സേവനങ്ങൾ എന്നിവയെ വിജ്ഞാന വിപ്ലവത്തിലൂടെ മാറ്റിമറിച്ചു. വിവര സാങ്കേതികവിദ്യയിലും അത് ഉപയോഗപ്പെടുത്തിയുള്ള സേവനങ്ങളിലും (ഐടിഇഎസ്) നേരിട്ട് യുവാക്കൾക്ക് ഉൽപാദനക്ഷമമായി തൊഴിൽ ലഭിക്കുന്നതിനുള്ള വലിയ അവസരങ്ങൾ ഇത് സൃഷ്ടിച്ചിട്ടുണ്ട്.

74. വിവരസാങ്കേതികവിദ്യയുടെ തുടർച്ചയായ പുരോഗതിയും ജനജീവിതത്തിന്റെ എല്ലാ മേഖലകളിലുള്ള അതിന്റെ സ്വാധീനവും "വിജ്ഞാന സമ്പദ്‌വ്യവസ്ഥ", "വിജ്ഞാന സമൂഹം" തുടങ്ങിയ ആശയങ്ങളുടെ രൂപീകരണത്തിലേക്ക് നയിച്ചു. യുനെസ്കോ ഉപയോഗിക്കുന്നതുപോലെ, "വിജ്ഞാന സമൂഹങ്ങൾ" എന്ന പദം മനുഷ്യവികസനത്തിനായി വിജ്ഞാനം വികസിപ്പിക്കുന്നതിനും പ്രയോഗിക്കുന്നതിനുമുള്ള വിവരങ്ങൾ തിരിച്ചറിയുന്നതിനും ഉൽപാദിപ്പിക്കുന്നതിനും പ്രോസസ്സ് ചെയ്യുന്നതിനും രൂപാന്തരപ്പെടുത്തുന്നതിനും പ്രചരിപ്പിക്കുന്നതിനും ഉപയോഗിക്കുന്നതിനുമുള്ള കഴിവുകളെ വിവരിക്കുന്നു.

75. വിവരസാങ്കേതികവിദ്യ, ഐടിഇഎസ് സേവനങ്ങൾ നൽകുന്നതിനുള്ള ഒരു പ്രധാന ആഗോള കേന്ദ്രമായി ഇന്ത്യ ഉയർന്നുവരുന്നതിൽ കേരളത്തിൽ നിന്നുള്ള സാങ്കേതിക വിദഗ്ധർ ഒരു പ്രധാന പങ്ക് വഹിച്ചിട്ടുണ്ട്. എന്നിരുന്നാലും, കേരള സംസ്ഥാനം, വിവര സാങ്കേതികവിദ്യയിൽ നിന്നുള്ള സാധ്യതകൾ പ്രത്യേകിച്ച് ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, മെഷീൻ ലേണിംഗ്,

ബ്ലോക്ക്ചെയിൻ ടെക്നോളജി, 5ജി പോലുള്ള ആശയവിനിമയ സാങ്കേതിക വികസനങ്ങൾ എന്നിവയിലെ സമീപകാല സംഭവവികാസങ്ങളിൽ നിന്നുള്ള നേട്ടങ്ങൾ തിരിച്ചറിയുന്നതിന്റെ ആദ്യ നാളുകളിൽ തന്നെയാണ്.

76. പതിമൂന്നാം പഞ്ചവത്സര പദ്ധതിക്കാലത്ത് കേരളത്തിലെ വിവര സാങ്കേതികവിദ്യ മേഖലയിലേക്ക് വൻതോതിൽ അന്താരാഷ്ട്ര കമ്പനികൾ കടന്നുവന്നു. പതിമൂന്നാം പഞ്ചവത്സര പദ്ധതിയുടെ പ്രധാന സംരംഭമായിരുന്നു സർക്കാർ ഓഫീസുകളിലേക്ക് ഇന്റർനെറ്റ് കണക്റ്റിവിറ്റിയും വരുമാനമില്ലാത്ത 20 ലക്ഷം കുടുംബങ്ങൾക്ക് സൗജന്യ ഇന്റർനെറ്റ് കണക്റ്റിവിറ്റിയും നൽകുന്ന പദ്ധതിയായ കേരള ഫൈബർ ഒപ്റ്റിക് നെറ്റ്‌വർക്ക് (കെ–ഫോൺ). പതിമൂന്നാം പഞ്ചവത്സര പദ്ധതിയുടെ മറ്റൊരു പ്രധാന സംരംഭമായ സ്കിൽ ഡെലിവറി പ്ലാറ്റ്ഫോം കേരള, സംസ്ഥാനത്തെ എഞ്ചിനീയറിംഗ് കോളേജുകളെ ഐടി പാർക്കുകളുമായി ബന്ധിപ്പിച്ച് ഓരോ വർഷവും ഏകദേശം 50,000 വിദ്യാർത്ഥികൾക്ക് നൈപുണ്യ പരിശീലനം നൽകുന്നു. കേരള സർക്കാർ നടത്തുന്ന മൂന്ന് ഐടി പാർക്കുകളിൽ (ടെക്നോപാർക്ക്, ഇൻഫോപാർക്ക്, സൈബർപാർക്ക്) ഏകദേശം 196 ലക്ഷം ചതുരശ്ര അടി ബിൽറ്റ്–അപ്പ് സ്പേസ്, 4,982.1 കോടി രൂപ നിക്ഷേപം, 22,204.57 കോടി രൂപ വിറ്റുവരവ്, 1,09,740 തൊഴിലവസരങ്ങൾ എന്നിവ സൃഷ്ടിച്ചു. കൂടാതെ വിവര സാങ്കേതികവിദ്യ മേഖലയിലെ വികസനത്തിന് കേരളത്തിന് വിവിധ അവാർഡുകൾ ലഭിച്ചിട്ടുണ്ട്.

77. സർക്കാരിന്റെ പൗരസേവനങ്ങളും തീരുമാനങ്ങൾ എടുക്കുന്ന പ്രക്രിയകളും സംബന്ധിച്ച്, ഐടിയുടെ പ്രയോഗത്തിന് വലിയ പരിവർത്തന സാധ്യതകളുണ്ട്.

78. പതിനാലാം പഞ്ചവത്സര പദ്ധതി തൊഴിൽ സാധ്യതകളും വിവര സാങ്കേതികവിദ്യയുടെ ക്രോസ് കട്ടിംഗ് അനന്തരഫലങ്ങളും തിരിച്ചറിയുന്നു. ഇത് സർക്കാരിന്റെ വിവിധ മേഖലകളിലും വകുപ്പുകളിലും വിവരസാങ്കേതികവിദ്യ ആപ്ലിക്കേഷനുകളുടെ ഏകോപനത്തെ പിന്തുണയ്ക്കുന്നു.

79. ഈ മേഖലയിലെ പതിനാലാം പഞ്ചവത്സര പദ്ധതിയുടെ പ്രധാന ഊന്നലുകൾ താഴെ പറയുന്നവയാണ്.

i. ***മാനവിക വികസനവും തൊഴിലവസരവും.*** സംസ്ഥാനം ഐടിയിൽ ദേശീയ, അന്തർദേശീയ കമ്പനികളുടെ പ്രവർത്തനം ആകർഷിക്കുകയും വിപുലീകരിക്കുകയും ചെയ്യണമെങ്കിൽ, കമ്പ്യൂട്ടിംഗിലും ഡിജിറ്റൽ സാങ്കേതി കവിദ്യയുടെ നൂതന മേഖലകളിലും വൈദഗ്ധ്യമുള്ള ആളുകളുടെ മതിയായ എണ്ണം ആവശ്യമാണ്. ഈ പ്രക്രിയ സുഗമമാക്കുന്നതിന്, കേരള യൂണി വേഴ്സിറ്റി ഓഫ് ഡിജിറ്റൽ സയൻസസ്, ഇന്നൊവേഷൻ ആൻഡ് ടെ ക്നോളജി, എപിജെ അബ്ദുൾ കലാം ടെക്നോളജിക്കൽ യൂണിവേഴ്സിറ്റി തുടങ്ങിയ പ്രത്യേക സർവകലാശാലകളിലും മറ്റ് ഉന്നത വിദ്യാഭ്യാസ സ്ഥാ പനങ്ങളിലും നിക്ഷേപം നടത്തുന്നതാണ്. പതിനാലാം പഞ്ചവത്സര പദ്ധതി വലിയ തോതിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനുള്ള അവസരങ്ങൾ ഒരുക്കുന്നതിനായി, ഐടി ആവാസവ്യവസ്ഥയെ ശക്തിപ്പെടുത്തുന്നതിന് ബിൽറ്റ്–അപ്പ് സ്പേസും അടിസ്ഥാന സൗകര്യങ്ങളും നിർമ്മിക്കുന്നതിന് പിന്തുണ നൽകുന്നത് തുടരും.

ii. ***ഡിജിറ്റൽ ഇൻഫ്രാസ്ട്രക്ചർ.*** ബ്രോഡ്ബാൻഡ് കണക്റ്റിവിറ്റിയും മറ്റ് ഉയർന്ന നിലവാരമുള്ള പൊതു കമ്പ്യൂട്ടിംഗ് സൗകര്യങ്ങളും ഡിജിറ്റൽ ഇൻഫ്രാസ്ട്രക്ചർ വ്യവസായത്തിന് അനുകൂലമായ അന്തരീക്ഷം സൃഷ്ടിക്കുന്നതിന് അത്യന്താപേക്ഷിതമാണ്. കർശനമല്ലാതെ ജോലിചെയ്യുന്നതിനുള്ള ക്രമീകരണങ്ങൾ സുഗമമാക്കുന്നതിൽ അത്തരം അടിസ്ഥാന സൗകര്യങ്ങളുടെ പ്രാധാന്യം മഹാമാരി എടുത്തുകാണിച്ചിട്ടുണ്ട്. പതിമൂന്നാം പഞ്ചവത്സര പദ്ധതിക്കാലത്ത് ആരംഭിച്ച് പൂർത്തീകരണത്തോടടുക്കുന്ന കേരള ഫൈബർ ഒപ്റ്റിക് നെറ്റ്വർക്ക് (കെ–ഫോൺ) പദ്ധതി സംസ്ഥാനത്തെ വിവരസാങ്കേതികവിദ്യ, ഐടിഇഎസ് മേഖലകളുടെ വികസനത്തിൽ ചരിത്രപരമായ നാഴികക്കല്ലായി മാറും.

iii. ***ലോകോത്തര ഐടി പാർക്കുകൾ***. വ്യവസായത്തിന്റെ വളർച്ചയ്ക്കായി പ്ലഗ് ആൻഡ് പ്ലേ ഇൻഫ്രാസ്ട്രക്ചർ സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനായി കേരളം വിജയകരമായ പൊതു–സ്വകാര്യ പങ്കാളിത്ത (പിപിപി) മാതൃകകൾ വികസിപ്പിച്ചെടുത്തിട്ടുണ്ട്. ഈ സൗകര്യങ്ങൾ നൂതനമായ സേവന വാഗ്ദാനങ്ങൾ കൊടുക്കുന്ന ചെറുതും ഇടത്തരവുമായ സ്പെഷ്യലിസ്റ്റ് സ്ഥാപനങ്ങൾക്കും സഹായകരമാണ്. സ്റ്റാർട്ടപ്പ് കമ്പനികളെ പരിപോഷിപ്പിക്കുന്നതിനുള്ള ഇൻകുബേഷൻ ഇൻഫ്രാസ്ട്രക്ചറും വികസിപ്പിച്ചുകൊണ്ടിരിക്കുന്നു. ഒരു വലിയ വിഭാഗം യുവാക്കൾ നിലവിൽ സംരംഭകത്വ ജീവിതമാർഗ്ഗം തിരഞ്ഞെടുക്കുന്നു. യുവസംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള സ്റ്റാർട്ടപ്പ് മിഷന്റെയും വ്യവസായ വകുപ്പിന്റെയും ശ്രമങ്ങളെ പതിനാലാം പഞ്ചവത്സര പദ്ധതി പിന്തുണയ്ക്കും. കൂടാതെ പ്രവർത്തനക്ഷമമായ ബിസിനസ്സുകളുടെ വളർച്ചയിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്ന ഫണ്ടുകളുടെ ഒരു ഫണ്ട് സൃഷ്ടിക്കുന്നതിനെ പദ്ധതി പിന്തുണയ്ക്കുന്നതാണ്.

iv. ***ഇലക്ട്രോണിക്സ് ഘടകങ്ങളുടെ ഉൽപാദനം.*** ഐടി മേഖലയിലെ ഉൽപാദന കമ്പനികളെ സഹായിക്കുന്നതിനായി ഒരു ഇലക്ട്രോണിക്സ് ഘടക ഇക്കോസിസ്റ്റം വികസിപ്പിക്കുന്നതിന് സംസ്ഥാനം പിന്തുണ നൽകും. ഇതിന് ചെറിയ മാനുഫാക്ചറിംഗ് ക്ലസ്റ്ററുകൾ, ലാബുകൾ, ടൂൾ റൂമുകൾ എന്നിവയുള്ള ടെസ്റ്റിംഗ് സൗകര്യങ്ങൾ പോലുള്ള പൊതു സൗകര്യങ്ങൾ സൃഷ്ടിക്കേണ്ടതുണ്ട്. ഇതൊരു സാങ്കേതികവിദ്യാധിഷ്ഠിത മേഖലയായതുകൊണ്ട്, ഈ മേഖലയിലെ സംയുക്ത സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കാവുന്നതാണ്. പതിനാലാം പഞ്ചവത്സര പദ്ധതി ഹാർഡ്വെയർ ഉൽപാദനത്തിൽ കൂടുതൽ നിക്ഷേപത്തെ പിന്തുണയ്ക്കുന്നു.

v. ***നയ പരിസ്ഥിതിയും നിയന്ത്രണങ്ങളും.*** സ്വകാര്യതയുടെയും ഡാറ്റ സംരക്ഷണത്തിന്റെയും പ്രശ്നങ്ങൾ വർദ്ധിച്ച ഡിജിറ്റൈസേഷനാലും ഇന്റർനെറ്റ് ഓഫ് തിംഗ്സിനാലും (ഐഒടി), എ ഐ ആപ്ലിക്കേഷന്റെ വിപുലീകരണത്താലും (ഐഡന്റിറ്റി മാനേജ്മെന്റ്, ഫേഷ്യൽ റെക്കഗ്നിഷൻ, ഇമോഷൻ ഡിറ്റക്ഷൻ, ഓട്ടോമേറ്റഡ് ഡിസിഷൻ മേക്കിംഗ് എന്നീ മേഖലകളിൽ) നിർണായകമാണ്. സ്വകാര്യതയുടെയും സുരക്ഷയുടെയും പ്രശ്നങ്ങൾ പരിഗണിക്കുമ്പോൾ, നമ്മുടെ പരിഹാരങ്ങൾ ഭരണഘടനാ മൂല്യങ്ങളിൽ അധിഷ്ഠിതമായിരിക്കണം. സ്വകാര്യതയും സുരക്ഷയും സംരക്ഷിക്കുന്നതിൽ സർക്കാരുകൾ സജീവമായ പങ്ക് വഹിക്കണം. പൂർണ്ണ ബോധ്യത്തോടെയുള്ള സമ്മതം തേടുക എന്നതാണ് വിവരങ്ങളുടെ സ്വകാര്യതയും, സുരക്ഷയും ഉറപ്പാക്കുന്നതിനുള്ള ആദ്യപടി. എന്നിരുന്നാലും, ഈ സംവിധാനം ഒന്നുകൊണ്ട് മാത്രം ഡാറ്റ സംരക്ഷണം പൂർണമാകില്ല. പകരം, അശ്രദ്ധ

മൂലം ഉണ്ടാവുന്ന ഏതെങ്കിലും ബന്ധപ്പെട്ട ഡാറ്റാ വിനാശങ്ങൾക്ക് ഡാറ്റാ കൺട്രോളർമാരെ തന്നെ ബാധ്യസ്ഥരാക്കുന്ന തരത്തിലുള്ള ഉത്തരവാദിത്ത–അടിസ്ഥാന ചട്ടക്കൂടുകൾ ആവശ്യമാണ്.

## 2.5 വിനോദസഞ്ചാരം

80. സംസ്ഥാനത്തിന്റെ സമ്പദ്‌വ്യവസ്ഥയിൽ വിനോദസഞ്ചാര മേഖല ഒരു പ്രധാന പങ്ക് വഹിക്കുന്നു. തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും പ്രാദേശിക സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിനും മറ്റ് മേഖലകളെ ഉത്തേജിപ്പിക്കുന്നതിനുമുള്ള കഴിവ് കാരണം സാമ്പത്തിക വളർച്ചയ്ക്ക് സംഭാവന നൽകാൻ വലിയ സാധ്യതയുള്ള ഒരു മേഖലയാണിത്. മഹാമാരി കാലഘട്ടത്തിനു ശേഷം വരുമാനത്തിൽ ഉണർവ് പകരാൻ വിനോദസഞ്ചാരത്തിന് സുപ്രധാന പങ്ക് വഹിക്കാനാകും. മഹാമാരിക്കു ശേഷം ലോകത്ത്, വിനോദസഞ്ചാരികളുടെ വരവിൽ കുത്തനെ വർദ്ധനവുണ്ടാകും, ഈ വികസനം നൽകുന്ന ബിസിനസ്സ് അവസരങ്ങൾ പിടിച്ചെടുക്കാൻ കേരളം നന്നായി സജ്ജമാകണം.

81. പ്രകൃതിദുരന്തങ്ങൾ മുതൽ മഹാമാരി കാരണം നിർബന്ധമാക്കിയ നിയന്ത്രണങ്ങളുടെ പശ്ചാത്തലത്തിൽ തുടർച്ചയായ തിരിച്ചടികളാൽ വലയുകയായിരുന്ന ഈ മേഖലയ്ക്ക് പതിമൂന്നാം പഞ്ചവത്സര പദ്ധതിയിൽ പ്രതീക്ഷിച്ച വളർച്ചാ ലക്ഷ്യങ്ങൾ കൈവരിക്കാൻ സാധിച്ചിട്ടില്ല. സംസ്ഥാനം ആഭ്യന്തര വിനോദ സഞ്ചാരികളുടെ വരവിൽ 17.8 ശതമാനവും വിദേശ വിനോദ സഞ്ചാരികളുടെ വരവിൽ 8.5 ശതമാനവും മുൻ വർഷത്തേക്കാൾ വളർച്ച രേഖപ്പെടുത്തിയതിനാൽ, പതിമൂന്നാം പഞ്ചവത്സര പദ്ധതിയുടെ വളർച്ചാ പ്രവചനങ്ങൾ തീർച്ചയായും കൈവരിക്കാനാകുമെന്നാണ് 2019 ലെ കണക്കുകൾ സൂചിപ്പിക്കുന്നത്. ആഭ്യന്തര വിനോദ സഞ്ചാരത്തിൽ 15 ശതമാനവും വിദേശ വിനോദ സഞ്ചാരത്തിൽ 10 ശതമാനവും വാർഷിക വളർച്ച നേടുകയെന്നതാണ് പതിനാലാം പഞ്ചവത്സര പദ്ധതിയുടെ ന്യായമായ ലക്ഷ്യം.

82. ഇത് നേടുന്നതിന്, അന്തർദേശീയ, ദേശീയ (മറ്റ് സംസ്ഥാനങ്ങൾ), പ്രാദേശിക (കേരളത്തിനുള്ളിൽ) വിനോദസഞ്ചാരികളുടെ വ്യത്യസ്ത ആവശ്യങ്ങൾ നിറവേറ്റുന്നതിന് സംസ്ഥാനം പ്രത്യേക തന്ത്രങ്ങൾ വികസിപ്പിക്കണം. വിനോദസഞ്ചാര മേഖലയിൽ മാറി വരുന്ന പ്രവണതകളായ യുവസഞ്ചാരികൾ, ഒറ്റയ്ക്ക് യാത്ര ചെയ്യുന്നവർ, സ്ത്രീ സഞ്ചാരികൾ, മുതിർന്ന സഞ്ചാരികൾ എന്നിവരുടെ എണ്ണത്തിലുള്ള വർധനവിനനുസരിച്ച് ആവശ്യങ്ങൾ അഭിമുഖീകരിക്കേണ്ടതാണ്. വിവിധ തരത്തിലുള്ള വിനോദസഞ്ചാര ഉൽപന്നങ്ങളുടെയും പാക്കേജുകളുടെയും വികസനവും പ്രോത്സാഹനവും ഈ നയ സമീപനങ്ങളിൽ ഉൾപ്പെടുന്നു.

83. ***വിനോദസഞ്ചാര കേന്ദ്ര വികസനം.*** സംസ്ഥാനത്തുടനീളമുള്ള വിനോദസഞ്ചാര കേന്ദ്രങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനുള്ള പദ്ധതികൾക്ക് കേരള സർക്കാർ നിക്ഷേപം നടത്തുന്നുണ്ട്. പതിനാലാം പഞ്ചവത്സര പദ്ധതി കാലയളവിൽ, ഈ സമീപനം പരിഷ്കരിച്ച് മികച്ച രീതിയിൽ ക്രമപ്പെടുത്തും. പ്രാദേശിക വിനോദസഞ്ചാരികളുടെ

ആവശ്യം പരിഗണിക്കുന്നതിന് വിനോദസഞ്ചാര കേന്ദ്രങ്ങൾ കണ്ടെത്തുകയും, വികസനം, മാനേജ്മെന്റ് എന്നിവയിൽ പ്രാദേശിക സർക്കാരുകളെ ഉൾപ്പെടുത്തുകയും ചെയ്യുക എന്നതിനായിരിക്കും ഊന്നൽ നൽകുന്നത്. ഇത് പ്രാദേശിക ഉടമസ്ഥതയും പങ്കാളിത്തവും പ്രാപ്തമാക്കുകയും സംസ്ഥാനത്തിന്റെ വിദൂര പ്രദേശങ്ങളിൽ വെളിപ്പെടാത്ത പ്രദേശങ്ങൾ പോലും വെളിച്ചത്ത് കൊണ്ടുവരികയും ചെയ്യും. യാത്രക്കാർക്ക് ഈ വിനോദസഞ്ചാര കേന്ദ്രങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ നൽകുന്നതിന് നെറ്റ്‌വർക്കുകൾ ഉപയോഗിക്കുന്നതിന് പുറമെ, സംസ്ഥാന സർക്കാർ പ്രാദേശിക സർക്കാരുകളുമായി സഹകരിച്ച് വിനോദസഞ്ചാര കേന്ദ്രങ്ങളിൽ ഇത്തരം പദ്ധതികൾക്ക് ആവശ്യമായ ഭാഗിക ധനസഹായം നൽകുകയും ചെയ്യും.

84. സംസ്ഥാനത്തിന് പരമ്പരാഗതവും പ്രശസ്തവുമായ നിരവധി വിനോദ സഞ്ചാര കേന്ദ്രങ്ങളുണ്ട്. ഇത്തരം കേന്ദ്രങ്ങളിൽ നിന്നുള്ള അനുഭവങ്ങൾ നിലവിലുള്ള അടിസ്ഥാന സൗകര്യങ്ങളുമായി ഏകീകരിക്കേണ്ടതുണ്ട്. കോവളം, കുമരകം, ബേക്കൽ, മുസിരിസ് തുടങ്ങിയവയിൽ ചിലത് ഹബ്ബുകളോ പ്രധാന കേന്ദ്രങ്ങളോ ആയി വികസിപ്പിക്കും. മുമ്പ് സൂചിപ്പിച്ച പുതിയ വിനോദസഞ്ചാര കേന്ദ്രങ്ങൾക്ക് ഉപകേന്ദ്രങ്ങളായി പ്രവർത്തിക്കാനും വിനോദസഞ്ചാരികളുടെ അനുഭവങ്ങൾ വർദ്ധിപ്പിക്കാനും സഹായിക്കും. കേരളത്തിലെ വിനോദസഞ്ചാരത്തിന്റെ ആസ്തികളുടെ വൈവിധ്യം കണക്കിലെടുത്ത്, പ്രാദേശിക സർക്കാരുകളുടെ സജീവ പങ്കാളിത്തത്തോടെ പ്രാദേശിക വിനോദസഞ്ചാര കേന്ദ്രങ്ങളെ അല്ലെങ്കിൽ ജില്ലാ വിനോദസഞ്ചാര കേന്ദ്രങ്ങളെ ശക്തിപ്പെടുത്താനുമുള്ള കഴിവ് സംസ്ഥാനത്തിനുണ്ട്.

85. ***നൈപുണ്യ വികസനവും തൊഴിലവസരവും.*** സംസ്ഥാനത്തിനകത്തും പുറത്തും നിന്നുള്ള നൈപുണ്യമുള്ള മാനവ വിഭവശേഷി സ്വാംശീകരിക്കുന്നതിനുള്ള വിപുലമായ അവസരങ്ങൾ വിനോദസഞ്ചാരം പ്രദാനം ചെയ്യുന്നു. രാജ്യത്തുടനീളമുള്ള ഹോസ്പിറ്റാലിറ്റി മേഖലയ്ക്കായി ഉയർന്ന നിലവാരമുള്ള മാനവ വിഭവശേഷി പ്രദാനം ചെയ്യാനുള്ള കഴിവ് കേരളത്തിനുണ്ട്. ഈ ലക്ഷ്യം കൈവരിക്കുന്നതിന്, നമ്മുടെ പരിശീലന സ്ഥാപനങ്ങൾ നവീകരിക്കേണ്ടത് അത്യന്താപേക്ഷിതമാണ്. സംസ്ഥാനത്ത് 13 ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ടുകളും (എഫ്‌സിഐ) മൂന്ന് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോട്ടൽ മാനേജ്മെന്റുകളുമുണ്ട്. എഫ്‌സിഐകളിലെ അടിസ്ഥാന സൗകര്യങ്ങളും പരിശീലന സൗകര്യങ്ങളും മെച്ചപ്പെടുത്തുന്നതിനുള്ള ശ്രമങ്ങൾ ഉടൻ ആരംഭിക്കണം. വിനോദസഞ്ചാര മേഖലയിൽ ഉയർന്നുവരുന്ന ആവശ്യകതകളെ അടിസ്ഥാനമാക്കി നൈപുണ്യവും പുതിയ വൈദഗ്ധ്യവും വികസിപ്പിക്കുന്നതിനുള്ള നയങ്ങൾക്ക് ഊന്നൽ നൽകേണ്ടതുണ്ട്. വിനോദസഞ്ചാര പരിശീലന കേന്ദ്രങ്ങൾ അവരുടെ അക്കാദമിക് പ്രോഗ്രാമുകളുടെ ഭാഗമായി, പുതിയതും സമർപ്പിതവുമായ ഉള്ളടക്കം ലോകോത്തര പരിശീലനവുമായി സംയോജിപ്പിക്കണം.

86. ***വിനോദസഞ്ചാര ഉൽപന്നങ്ങൾ.*** പൊതു–സ്വകാര്യ മേഖലകൾ സൃഷ്ടിക്കുന്ന വിനോദസഞ്ചാര ഉൽപന്നങ്ങളുടെ ഉത്തേജകമായും സഹായിയായും കേരള സർക്കാർ പ്രവർത്തിക്കണം. ഗുണനിലവാരവും സേവന വിതരണവും മെച്ചപ്പെടുത്തുന്നതിന് പുരവഞ്ചി മേഖല പോലെ പ്രശസ്തവും ജനപ്രിയവുമായ

സംരംഭങ്ങൾ സൂക്ഷ്മപരിശോധനയ്ക്ക് വിധേയമാക്കേണ്ടതുണ്ട്. സാഹസിക വിനോദസഞ്ചാരത്തിൽ വാദാനം ചെയ്യുന്ന പുതിയ ആശയങ്ങൾക്ക് വിനോദസഞ്ചാര വകുപ്പ് ശക്തമായ ചട്ടക്കൂടുകൾ സൃഷ്ടിക്കേണ്ടതാണ്. കാരവനുകൾ, ഫാംസ്റ്റേകൾ, പ്രകൃതി വിനോദസഞ്ചാരം തുടങ്ങിയ രസകരമായ അനുഭവങ്ങൾ നൽകുന്ന പുതിയ ആശയങ്ങൾ ഉചിതമായ പ്രോത്സാഹന സംവിധാനങ്ങളിലൂടെ മെച്ചപ്പെടുത്തണം. ഇൻഡോർ, ഔട്ട്ഡോർ പ്രവർത്തനങ്ങൾ ഉൾപ്പെടുന്ന വിനോദസഞ്ചാര ആശയങ്ങൾ സ്വതന്ത്രവും സ്വയം നിയന്ത്രിത ടൂറുകളും, വെൽനസ് ടൂറിസം ഉൾപ്പെടുന്ന വിനോദസഞ്ചാര പരിപാടികളും വികസിപ്പിക്കേണ്ടതാണ്. വാട്ടർ സ്പോർട്സ്, രാത്രികാല ഭക്ഷണവും ഷോപ്പിംഗും തുടങ്ങിയ മേഖലകളിലെ സാധ്യതകൾ പരിശോധിക്കേണ്ടതാണ്. വിനോദസഞ്ചാര ആശയങ്ങളുടെ മേഖലകളിലെ ഇത്തരം ആശയങ്ങൾ സവിശേഷവും സമ്പന്നവുമായ അനുഭവങ്ങൾ പ്രദാനം ചെയ്യുക എന്നതാണ്.

87. വിനോദ സഞ്ചാര കേന്ദ്രങ്ങളിലെ മോശപ്പെട്ട അവസ്ഥ വിനോദ സഞ്ചാര വികസനത്തെ തടസ്സപ്പെടുത്തുന്നു. 2018ലും 2019ലും ഉണ്ടായ വെള്ളപ്പൊക്കവും തുടർന്നുണ്ടായ കോവിഡ് 19 മഹാമാരിയും ഈ മേഖലയെ സാരമായി ബാധിച്ചു. വിനോദ സഞ്ചാര മേഖലയുടെ പ്രവർത്തനം പുനരാരംഭിക്കുന്നതിനും പൂർണ്ണ ശേഷിയിലെത്തുന്നതിനും സഹായിക്കുന്നതിന് പ്രത്യേക ഊന്നൽ നൽകേണ്ടതുണ്ട്. ആരോഗ്യ പ്രോട്ടോക്കോളുകളും (ശുചിത്വവും സുരക്ഷയും) വിശ്വാസവും ഉറപ്പാക്കുന്നത് ആളുകളെ യാത്രചെയ്യാൻ പ്രേരിപ്പിക്കും. വിനോദ സഞ്ചാര ആസൂത്രണത്തിനും നിർവഹണത്തിനുമുള്ള മാർഗ്ഗനിർദ്ദേശ തത്വങ്ങളിൽ ഒന്നായിരിക്കണം ദുരന്ത പ്രതിരോധം.

88. ***ഉത്തരവാദിത്ത ടൂറിസം.*** ഉത്തരവാദിത്ത ടൂറിസം രീതികൾ കേരളത്തിലെ എല്ലാ സ്ഥലങ്ങളിലേക്കും വ്യാപിപ്പിക്കുന്നതിനും വ്യത്യസ്തമായ ഗ്രാമീണ അനുഭവങ്ങൾ ഉൾക്കൊള്ളുന്ന ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിനും സംസ്ഥാനം ശ്രദ്ധ കേന്ദ്രീകരിക്കും. ഇത് ടൂറിസത്തെ ഒരു പങ്കാളിത്ത പ്രക്രിയയാക്കാനും വിനോദസഞ്ചാര സൗഹൃദ അന്തരീക്ഷം സൃഷ്ടിക്കാനും പ്രാദേശിക സമൂഹങ്ങൾക്ക് തൊഴിൽ സൃഷ്ടിക്കാനും സഹായിക്കും. ഹോംസ്റ്റേകൾ വിനോദസഞ്ചാരികൾക്ക് അതുല്യമായ അനുഭവങ്ങൾ നൽകുകയും വിനോദ സഞ്ചാരം പ്രോത്സാഹിപ്പിക്കുന്നതിന് പ്രാദേശിക ജനങ്ങളെ ഉൾപ്പെടുത്തുകയും ചെയ്യുന്നു.

89. ***വിനോദസഞ്ചാര നിക്ഷേപവും ഫണ്ടിംഗും.*** പുതിയ പദ്ധതികൾ തുടങ്ങാൻ സ്വകാര്യ സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കും. താമസം, ട്രാവൽ ഏജന്റുമാർ, ടൂർ ഓപ്പറേറ്റർമാർ, ട്രാവൽ പ്രൊവൈഡർമാർ, ക്രൂയിസ് ഓപ്പറേറ്റർമാർ തുടങ്ങിയ വിനോദസഞ്ചാര മേഖലകളിലെ നിക്ഷേപം പ്രോത്സാഹിപ്പിക്കുന്നതിന് പ്രത്യേക തന്ത്രങ്ങൾ വികസിപ്പിക്കും. വിനോദസഞ്ചാര വികസനത്തിൽ സംസ്ഥാനത്തിന്റെ പങ്ക് പരിഗണിച്ച്, വിനോദസഞ്ചാര പ്രോത്സാഹനം, അടിസ്ഥാന സൗകര്യങ്ങൾ, വിനോദസഞ്ചാര കേന്ദ്രങ്ങളുടെ വികസനം എന്നിവയ്ക്കായി ധനസഹായം തുടരും.

90. കേരളത്തിലെ ടൂറിസം മേഖലയ്ക്ക് മെച്ചപ്പെട്ട സ്ഥിതിവിവരക്കണക്കുകൾ, വിവര ശേഖരണം, മാനേജ്മെന്റ്, പ്രോസസ്സിംഗ് രീതികളുടെ പുനഃപരിശോധന എന്നിവ ആവശ്യമാണ്. വിനോദസഞ്ചാര വ്യവസായത്തിന്റെ സുഗമമായ പ്രവർത്തനവും വളർച്ചയും ഉറപ്പാക്കുന്നതിന്, വിനോദസഞ്ചാര വ്യവസായത്തിലെ വിവിധ തല്പരകക്ഷികൾക്ക് സമയബന്ധിതവും കൃത്യവുമായ വിവരങ്ങൾ വിവരശേഖരണത്തിൽനിന്നും നൽകേണ്ടവയാണ്.

## 2.6 വിദേശ, ആഭ്യന്തര വ്യാപാരം

91. ചരിത്രപരമായിത്തന്നെ വ്യാപാരം കേരളത്തിന്റെ സമ്പദ്‌വ്യവസ്ഥയുടെ ഒരു പ്രധാന ചാലകശക്തിയാണ്. കേരളത്തിൽ നിന്നുള്ള സുഗന്ധവ്യഞ്ജനങ്ങൾ, കയറുൽപ്പന്നങ്ങൾ, സംസ്കരിച്ച കശുവണ്ടി എന്നിവയുടെ കയറ്റുമതി പരമ്പരാഗത വ്യവസായങ്ങളുടെ വളർച്ചയ്ക്ക് അടിത്തറയാവുകയും, അവ ഇന്നും സംസ്ഥാനത്തിന്റെ ഒരു പ്രധാന തൊഴിൽ സ്രോതസ്സായി തുടരുകയും ചെയ്യുന്നു. 1980–കളുടെ അവസാനം മുതൽ കേരളത്തിൽ ഉണ്ടായിട്ടുള്ള സാമ്പത്തിക വളർച്ചയുടെ പുനരുജ്ജീവനം ഉപഭോഗച്ചെലവുകളിലും വ്യാപാരത്തിലുമുണ്ടായ (പ്രത്യേകിച്ച് ചില്ലറ വ്യാപാരം) കുതിച്ചുചാട്ടത്തോടൊപ്പമാണ് സംഭവിച്ചിട്ടുള്ളത്. 2019–20 ൽ, വ്യാപാരം, അറ്റകുറ്റപ്പണികൾ, ഹോട്ടലുകൾ, റെസ്റ്റോറന്റുകൾ, ഗതാഗതം, സംഭരണം, വാർത്താവിനിമയം എന്നിവയുടെ സംയോജിത വിഹിതം കേരളത്തിന്റെ മൊത്ത സംസ്ഥാന സംയോജിത മൂല്യത്തിന്റെ (ജിഎസ്‌വിഎ) 24.4 ശതമാനമാണ്, അതേസമയം ഇന്ത്യയുടെ ഈ മേഖലകളിലെ വിഹിതം മൊത്ത സംയോജിത മൂല്യത്തിന്റെ (ജിവിഎ) (രണ്ടും സ്ഥിര വിലയിൽ) 19.4 ശതമാനം മാത്രമായിരുന്നു. മുകളിൽ സൂചിപ്പിച്ച മേഖലകളിലെ കേരളത്തിലെ മൊത്തം തൊഴിൽ വിഹിതം ഇതിലും വലുതാണ്: 2017–18ൽ 27 ശതമാനം, അതേസമയം ദേശീയ തലത്തിൽ ഇത് 17.7 ശതമാനം മാത്രമായിരുന്നു. 2018 ജനുവരിയിൽ കേരളത്തിലെ 2.53 ലക്ഷം സ്ത്രീ തൊഴിലാളികൾ ഉൾപ്പെടെ 16.95 ലക്ഷം തൊഴിലാളികൾ വ്യാപാര മേഖലയിൽ (മോട്ടോർ വാഹനങ്ങളുടെ അറ്റകുറ്റപ്പണികൾ ഉൾപ്പടെ) തൊഴിൽ ചെയ്തിരുന്നു.

92. സംസ്ഥാനത്ത് ഉൽപാദനം വർദ്ധിപ്പിക്കുന്നതിനുള്ള നയങ്ങളുമായി കൈകോർത്തു കൊണ്ട് കേരളത്തിലെ വ്യാപാരത്തിന് പ്രോത്സാഹനം നൽകുന്നതാണ്. ഭക്ഷ്യ ഉൽപന്നങ്ങൾ, വസ്ത്രങ്ങൾ, ഇലക്ട്രോണിക് സാധനങ്ങൾ എന്നിവ ഉൾപ്പെടെ കേരളത്തിൽ വിറ്റഴിക്കപ്പെടുന്ന ഉപഭോക്തൃ വസ്തുക്കളുടെ വലിയൊരു ഭാഗം സംസ്ഥാനത്തിന് പുറത്താണ് നിർമ്മിക്കുന്നത്. കേരളത്തിലെ വ്യാവസായിക യൂണിറ്റുകൾ ഈ സാധനങ്ങളിൽ ചിലത് ഉൽപാദിപ്പിക്കുകയും സംസ്ഥാനത്തെ വലിയ തോതിലുള്ള ചില്ലറ വ്യാപാരത്തിന്റെ ഒരു ഭാഗമെങ്കിലും നിറവേറ്റുകയും ചെയ്താൽ, അത് തൊഴിലവസരങ്ങളെ മൊത്തത്തിൽ വലിയ തോതിൽ സ്വാധീനിക്കുന്നതാണ്.

93. അതേസമയംതന്നെ വ്യാപാരവും ഉൽപാദനവും വർദ്ധിപ്പിക്കുന്നതിന് ലോകത്തിന്റെ മറ്റു ഭാഗങ്ങളുമായുള്ള ദീർഘകാല ബന്ധങ്ങൾ കേരളം ഉപയോഗപ്പെടുത്തുന്നതാണ്. ലോകമെമ്പാടുമുള്ള മലയാളികളുടെ വലിയ ഡിമാൻഡിനെ ഭാഗികമായി ആശ്രയിച്ചു കൊണ്ട് കേരളത്തിൽ നിർമ്മിച്ച ഫാഷൻ വസ്ത്രങ്ങളും മെഡിക്കൽ ഉപകരണങ്ങളും ഉൾപ്പെടെ വിദേശത്ത് കൂടുതൽ

സാധനങ്ങൾ വിറ്റ് സംസ്ഥാനം കയറ്റുമതി വ്യാപാരം പുനരുജ്ജീവിപ്പിക്കണം. കേരളത്തിലെ വ്യാപാരത്തിന്റെയും ഉൽപാദനത്തിന്റെയും വളർച്ചയുടെ മറ്റൊരു ഉറവിടം സംസ്ഥാനം സന്ദർശിക്കുന്ന വിനോദസഞ്ചാരികളുടെ ചോദനം (demand)ആണ്.

# 3. തൊഴിൽ, തൊഴിലാളി ക്ഷേമം, തൊഴിൽ സാദ്ധ്യതകളും നൈപുണ്യവും

## 3.1 തൊഴിലും തൊഴിലാളി ക്ഷേമവും

94. തൊഴിലാളി വർഗത്തിന്റെ ക്ഷേമകാര്യത്തിൽ കേരള സർക്കാർ പ്രതിജ്ഞാബദ്ധമാണ്. തൊഴിൽ അവകാശ സംരക്ഷണത്തിന്റെയും ട്രേഡ് യൂണിയൻ പ്രവർത്തനത്തിന്റെയും ദീർഘകാല പാരമ്പര്യമാണ് കേരളത്തിനുള്ളത്. കേരളത്തിൽ, ട്രേഡ് യൂണിയനുകളുടെയും അധ്വാനിക്കുന്ന തൊഴിലാളി വർഗ്ഗ പ്രതിനിധികളുടെയും രാഷ്ട്രീയത്തിലെ സജീവമായ പങ്ക് അവകാശങ്ങൾക്കായുള്ള ന്യായമായ വാദങ്ങൾ സംസ്ഥാനത്തിന്റെ നിയമങ്ങളും നയങ്ങളുമായി നടപ്പിലാക്കുന്നത് ഉറപ്പാക്കുന്നു.

95. അനൗപചാരിക മേഖലയിലുള്ള തൊഴിലാളികൾ ഉൾപ്പെടെ വലിയൊരു വിഭാഗം തൊഴിലാളികളുടെ വേതനവും, തൊഴിൽ സാഹചര്യങ്ങളുമായി ബന്ധപ്പെട്ട് നിരവധി മാറ്റങ്ങൾ വരുത്താൻ കേരള സർക്കാർ പ്രതിജ്ഞാബദ്ധമാണ്. സ്ത്രീ–പുരുഷ തൊഴിലാളികൾ തമ്മിലുള്ള വേതന അന്തരം നികത്തുക എന്നതും സർക്കാരിന്റെ മുഖ്യ ലക്ഷ്യങ്ങളിൽ ഒന്നാണ്. സ്കീം തൊഴിലാളികൾ, സ്കൂൾ പാചകത്തൊഴിലാളികൾ, പഞ്ചായത്തുതല പാലിയേറ്റീവ് കെയർ നഴ്സുമാർ, കുടുംബശ്രീ ജീവനക്കാർ, പ്രീസ്കൂൾ അധ്യാപകർ, സ്കൂൾ അധ്യാപകർ, പഞ്ചായത്ത് കൗൺസിലർമാർ എന്നിവരുടെ വേതനത്തിൽ പതിമൂന്നാം പഞ്ചവത്സര പദ്ധതിക്കാലയളവിൽ ഗണ്യമായ വർധനവുണ്ടായി. ഇന്ത്യയിലെ മറ്റ് പല ഭാഗങ്ങളിൽ നിന്നും വ്യത്യസ്തമായി, കേരളത്തിൽ സ്കീം വർക്കർമാരുടെ സുപ്രധാനമായ സാമൂഹിക സേവനങ്ങൾ തിരിച്ചറിയാനും പ്രതിഫലം നൽകാനും സർക്കാർ സജീവമായി ശ്രമിക്കുന്നുണ്ട്. സൂപ്പർമാർക്കറ്റുകൾ, ഷോപ്പിംഗ് മാളുകൾ എന്നിവയുൾപ്പെടെ റീട്ടെയിൽ മേഖലകളിലെയും ബാങ്കിംഗ് ഇതര ധനകാര്യ കമ്പനികളിലെയും തൊഴിലാളികൾ ഉൾപ്പെടെ വിവിധ സേവന പ്രവർത്തനങ്ങളിലെ തൊഴിൽ സാഹചര്യങ്ങളും വേതനവും മെച്ചപ്പെടുത്തുന്നതിനുള്ള ഉദ്ദേശ്യവും സർക്കാർ പ്രകടിപ്പിച്ചിട്ടുണ്ട്. സ്ത്രീ വീട്ടുജോലിക്കാരുടെ അവകാശങ്ങൾ നിർവചിക്കുകയും സംരക്ഷിക്കുകയും ചെയ്യുന്ന നിയമനിർമ്മാണം, പ്രത്യേകിച്ച് പ്രതിഫലം, സാമൂഹിക സുരക്ഷ, മാന്യമായ തൊഴിൽ സാഹചര്യങ്ങൾ എന്നിവയുമായി ബന്ധപ്പെട്ടുള്ള നിയമ നിർമ്മാണം നടത്തുക എന്നിവയാണ് ഗവൺമെന്റ് നയത്തിന്റെ മറ്റൊരു വശം. സംസ്ഥാനത്തെ തൊഴിലാളി ക്ഷേമനിധി ബോർഡുകൾ ശക്തിപ്പെടുത്തുവാനും പുനസംഘടിപ്പിക്കുവാനുമുള്ള അതിന്റെ ഉദ്ദേശ്യവും പ്രകടിപ്പിച്ചിട്ടുണ്ട്.

96. കേന്ദ്രസർക്കാർ നിർദേശിച്ച തൊഴിൽ നിയമ ഭേദഗതികളുടെ പ്രതികൂല ഫലങ്ങളിൽ നിന്ന് തൊഴിലാളികളെ സംരക്ഷിക്കാൻ സർക്കാർ ശ്രമിക്കും.

97. പതിനാലാം പഞ്ചവത്സര പദ്ധതിയിൽ അതിഥി തൊഴിലാളികളുടെ ക്ഷേമം മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ കൈക്കൊള്ളും. പതിമൂന്നാം പഞ്ചവത്സര പദ്ധതി കാലയളവിൽ ഈ രംഗത്തെ പരിഷ്കരണം ആരംഭിച്ചു,

അതിഥി തൊഴിലാളികൾക്ക് റേഷൻ കാർഡ് നൽകാനും അവർക്ക് ആരോഗ്യ ഇൻഷുറൻസും മറ്റ് തരത്തിലുള്ള സാമൂഹിക സുരക്ഷയും നൽകുന്ന പദ്ധതികൾ പതിനാലാം പഞ്ചവത്സര പദ്ധതിയിലും തുടരും. അതിഥി തൊഴിലാളികൾക്ക് സുരക്ഷിതവും സുഖപ്രദവുമായ ജീവിതത്തിനുള്ള സൗകര്യങ്ങൾ ഒരുക്കുന്നതിന് പ്രാദേശിക ഭരണാധികാരികളെ പദ്ധതിയിലൂടെ പ്രോത്സാഹിപ്പിക്കും.

98. സംസ്ഥാനത്തെ തൊഴിൽ സ്ഥിതിവിവരക്കണക്ക് സംവിധാനത്തിൽ സമ്പൂർണ്ണ പരിഷ്കരണം സർക്കാർ പരിഗണിക്കണമെന്ന് ആസൂത്രണ ബോർഡ് ആവശ്യപ്പെടുന്നു. ഈ മേഖലയിലെ നയരൂപീകരണത്തിന് സംസ്ഥാനത്തെ ഔപചാരികവും അനൗപചാരികവുമായ തൊഴിൽ മേഖലകളിലെ തൊഴിലാളികളുടെ ഘടനയെയും ജീവിത സാഹചര്യങ്ങളെയും കുറിച്ചുള്ള മികച്ചതും കൂടുതൽ വിശദവും വേർതിരിക്കപ്പെട്ടതുമായ ഡാറ്റ ആവശ്യമാണ്.

## 3.2 തൊഴിൽ സാദ്ധ്യതകളും നൈപുണ്യവും

99. പതിനാലാം പഞ്ചവത്സര പദ്ധതി കാലയളവിൽ ആധുനികവും ഉയർന്ന തൊഴിലവസരവും ഉൽപാദനക്ഷമവുമായ സമ്പദ്‌വ്യവസ്ഥ കെട്ടിപ്പടുക്കുകയാണ് കേരളം ലക്ഷ്യമിടുന്നത്.

100. ഈ ദിശയിൽ വലിയൊരു ശ്രമം ആവശ്യമാണെന്ന് സംസ്ഥാനത്തെ തൊഴിലവസരങ്ങളെക്കുറിച്ചുള്ള സമീപകാല ഡാറ്റ കാണിക്കുന്നു. 2019–20 ൽ കേരളത്തിലെ തൊഴിലില്ലായ്മ നിരക്ക് 10 ശതമാനമാണ്, അതായത് പുരുഷന്മാരിൽ 7.4 ശതമാനവും സ്ത്രീകളിൽ 15.1 ശതമാനവുമാണ്. ഇത് തൊഴിലില്ലായ്മ 4.8 ശതമാനം, അതായത് പുരുഷന്മാരിൽ 5 ശതമാനവും സ്ത്രീകളിൽ 4.2 ശതമാനവും എന്ന ദേശീയ നിരക്കിനേക്കാൾ കൂടുതൽ ആണ്. 2019–20ൽ കേരളത്തിലെ തൊഴിൽ പങ്കാളിത്ത നിരക്ക് (LFPR) 39.8 ആയിരുന്നു, അഖിലേന്ത്യാ തലത്തിൽ ഇത് 40.9 ശതമാനമായിരുന്നു.

101. പതിനാലാം പഞ്ചവത്സര പദ്ധതിയിൽ, ജനങ്ങൾക്ക്, പ്രത്യേകിച്ച് കൃഷി, വ്യവസായം, വിവരസാങ്കേതികവിദ്യ, ടൂറിസം തുടങ്ങിയ സേവന മേഖലകളിലെ യുവജനങ്ങൾക്ക് പുതിയ തൊഴിലുകളിലൂടെ വരുമാനം വർദ്ധിപ്പിക്കുന്ന പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയാണ് കേരള സർക്കാർ ലക്ഷ്യമിടുന്നത്. കേരളത്തിന്റെ ഭാവി വികസനം യുവജനങ്ങളുടെ ക്ഷേമം, വിദ്യാഭ്യാസം, സാമൂഹിക അവബോധം എന്നിവയെ ആശ്രയിച്ചിരിക്കുന്നു. കേരളത്തിൽ യുവജനങ്ങളുടെ തൊഴിലില്ലായ്മ നിരക്ക് ഉയർന്നതാണ്. കേരളത്തിലെ യുവജനങ്ങൾക്ക് ആധുനിക തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതായിരിക്കും സർക്കാരിന്റെ മുൻഗണന.

102. ആധുനിക തൊഴിലിൽ വൈദഗ്ദ്ധ്യം നിർണായകമാണ്. കൂടാതെ ഇന്ത്യയുടെ വിദഗ്ദ്ധ തൊഴിലിന്റെ ഹബ് ആകാനുള്ള സാധ്യത കേരളത്തിനുണ്ട്. ഇന്ത്യയിലെയും, ലോകത്തിന്റെ മറ്റ് ഭാഗങ്ങളിലെയും തൊഴിലുടമകളുടെ മുൻഗണനാ തിരഞ്ഞെടുപ്പിൽ പ്രഥമ സ്ഥാനം സംസ്ഥാനത്തെ വിദഗ്ദ്ധരായ പ്രൊഫഷണൽ തൊഴിലാളികൾക്കുണ്ട്.

103. സാമ്പത്തിക വളർച്ച ഉറപ്പാക്കുന്നതിൽ നൈപുണ്യ പരിശീലനവും വികസനവും നിർണായക പങ്ക് വഹിക്കുന്നുണ്ടെന്ന് കേരള സർക്കാർ തിരിച്ചറിയുന്നു. വിദ്യാസമ്പന്നരും വിദഗ്ധരുമായ തൊഴിലാളികളുടെ സമൃദ്ധി, സംരംഭകത്വത്തിന്റെ ചരിത്രം, വിശാലമായ ലോകവുമായുള്ള സമ്പർക്കം എന്നിവയാണ് നമ്മുടെ ശക്തി. ആഗോള ഉൽപ്പാദനം കൂടുതൽ യന്ത്രവൽക്കൃതവും വിജ്ഞാന കേന്ദ്രിതവുമാകുമ്പോൾ, സ്കൂൾ, ഉന്നത വിദ്യാഭ്യാസം എന്നിവയുമായി ബന്ധപ്പെട്ട് മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച്, കേരളത്തിന്റെ കരുത്ത് പുതിയ വെല്ലുവിളിയെ നേരിടാൻ മികച്ച രീതിയിൽ സജ്ജീകരിച്ചിരിക്കുന്നു. പതിനാലാം പഞ്ചവത്സര പദ്ധതി ഹയർസെക്കൻഡറി സ്കൂളുകളിലെ തൊഴിലധിഷ്ഠിത പഠനവും, സമ്പദ്‌വ്യവസ്ഥയിലെ നൈപുണ്യ നവീകരണവും തമ്മിലുള്ള ബന്ധം സ്ഥാപിക്കാൻ പ്രോത്സാഹിപ്പിക്കും.

104. സംസ്ഥാനത്തിന്റെ വ്യാവസായിക നയവും വിവര സാങ്കേതിക നയവും വിവിധ മേഖലകളിലെ നിക്ഷേപത്തിൽ ദ്രുതഗതിയിലുള്ള വർദ്ധനവ് വിഭാവനം ചെയ്യുന്നു. കേരളത്തിന്റെ സമ്പദ്ഘടനയുടെ ഘടനാപരമായ പരിവർത്തന പ്രക്രിയയിൽ പങ്കാളികളാകുന്നതിന് കേരളത്തിലെ യുവജനങ്ങൾക്ക് ഏറ്റവും ഉയർന്ന നൈപുണ്യ വികസനവും പരിശീലനവും ലഭ്യമാക്കണമെന്ന് ഇത് ആവശ്യപ്പെടുന്നു.

105. വൈജ്ഞാനിക സമൂഹം, ജോലിയുടെ ഭാവി എന്നീ വിഷയങ്ങളിലെ സംവാദങ്ങളും ചർച്ചകളും വിവര–ആശയവിനിമയ സാങ്കേതികവിദ്യയുടെ വികാസത്തിന്റെ ഫലമായി തൊഴിൽ രംഗത്ത് അതിവേഗം മാറിക്കൊണ്ടിരിക്കുന്ന പ്രവണതകളിലേക്ക് വിരൽ ചൂണ്ടുന്നു. റോബോട്ടിക്സ്, മെഷീൻ ലേണിംഗ്, ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, 3 ഡി പ്രിന്റിംഗ് എന്നിവയാണ് കേരളം ഇത്തരത്തിൽ തുടക്കമിട്ടിരിക്കുന്ന ചില മേഖലകൾ. കോവിഡ്–19 മഹാമാരിയും വികസിച്ചുവരുന്ന സാഹചര്യവും ജോലിയുടെ ഭാവിയിലേക്ക് പുതിയ മാനങ്ങൾ കൂട്ടിച്ചേർത്തു. ചില മേഖലകളിൽ തടസ്സങ്ങൾ പ്രകടമാണെങ്കിലും, വിവിധ മേഖലകളിൽ പുതിയ അവസരങ്ങളും ആവശ്യകതകളും ഉയർന്നുവരുന്നുണ്ട്. ഈ മേഖലകളിലെ വൈദഗ്ധ്യമുള്ള തൊഴിലവസരങ്ങൾക്കായി കേരളത്തിലെ യുവാക്കളെ സജ്ജമാക്കുന്നതിന് ഏറ്റവും ആധുനികമായ നൈപുണ്യ പരിശീലനവും വികസനവും നാം ലഭ്യമാക്കണം.

106. കൂടാതെ, ഐടി പ്രാപ്തമാക്കിയ സേവനങ്ങൾ, ഗതാഗതം, സംഭരണവും ആശയവിനിമയവും, ബാങ്കിംഗും ഇൻഷുറൻസും, നിർമ്മാണ മേഖല, ആരോഗ്യ സംരക്ഷണവും മെഡിക്കൽ ഉപകരണങ്ങളും, ഭക്ഷ്യ സംസ്കരണം, ടൂറിസവും ഹോസ്പിറ്റാലിറ്റിയും തുടങ്ങിയ ചില മേഖലകൾക്ക് കേരളത്തിൽ ഗണ്യമായ തൊഴിൽ സാധ്യതകളുണ്ട്. തുടർച്ചയായ റീസ്കില്ലിംഗ് പ്രോഗ്രാമുകളും ആവശ്യമാണ്.

107. ശാക്തീകരണത്തിന്റെയും സാമൂഹിക മാറ്റത്തിന്റെയും ഉപകരണമായി നൈപുണ്യ പരിശീലന പരിപാടികൾ ഉപയോഗിക്കണം. ഉദാഹരണത്തിന്, സ്ത്രീകൾക്കും പട്ടികജാതി–പട്ടികവർഗ്ഗ വിഭാഗങ്ങളിലെ സ്ത്രീകൾക്കും യുവാക്കൾക്കുമായി ഉയർന്നുവരുന്ന മേഖലകളിൽ പ്രത്യേക പരിശീലനം ഉൾപ്പെടുത്തണം.

108. വിജയകരമായ തൊഴിൽ നയങ്ങളെയും തന്ത്രങ്ങളെയും കുറിച്ചുള്ള അന്താരാഷ്ട്ര അനുഭവങ്ങൾ ഒരു സംയോജിത നൈപുണ്യ വികസന നയ ചട്ടക്കൂടും സംവിധാനങ്ങളും വികസിപ്പിക്കുന്നതിൽ സംസ്ഥാനത്തിന്റെ പങ്കിനെ സൂചിപ്പിക്കുന്നു. വിദ്യാഭ്യാസവും (ഹയർസെക്കണ്ടറി, ഉന്നതവിദ്യാഭ്യാസം), വ്യവസായം, തൊഴിലുടമകളുടെ ആവശ്യങ്ങൾ എന്നിവ തമ്മിലുള്ള ബന്ധത്തെ അത്തരമൊരു സംവിധാനം തിരിച്ചറിയുന്നു.

109. ഇന്റർനാഷണൽ ലേബർ ഓർഗനൈസേഷൻ നൈപുണ്യവുമായി ബന്ധപ്പെട്ട് മൂന്ന് മേഖലകൾ നിർവചിച്ചിട്ടുണ്ട്, അതായത്, (1) നിലവിലെ തൊഴിൽ വിപണി ആവശ്യങ്ങളുമായി പരിശീലനത്തെ ബന്ധിപ്പിക്കുകയും ഭാവിയിലെ ജോലികൾക്കായുള്ള കഴിവുകൾ മുൻകൂട്ടി കാണുകയും നിർമ്മിക്കുകയും ചെയ്യുന്നു. (2) ഗുണമേന്മയുള്ള അപ്രന്റീസ്ഷിപ്പ് സംവിധാനങ്ങൾ നിർമ്മിക്കുകയും യുവാക്കൾക്കുള്ള പരിശീലനത്തിൽ പ്രധാന കഴിവുകൾ ഉൾപ്പെടുത്തുകയും ചെയ്യുക; കൂടാതെ (3) ഔപചാരിക സമ്പദ്‌വ്യവസ്ഥയിൽ ജോലി ചെയ്യാൻ സ്ത്രീകളെയും പുരുഷന്മാരെയും സജ്ജമാക്കുന്നതിന് തൊഴിലുമായി ബന്ധപ്പെട്ട പരിശീലനത്തിലേക്കുള്ള പ്രവേശനം വിപുലീകരിക്കുക. ഈ മേഖലകൾ കേരളത്തിന് വളരെ പ്രധാനമാണ്.

110. അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം (അസാപ്പ്), കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് (കെയ്സ്), കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ ആൻഡ് എംപ്ലോയ്മെന്റ് (കിലെ), കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എന്റർപ്രണർഷിപ്പ് ഡവലപ്മെന്റ് (കെഐഇഡി) എന്നിവയുൾപ്പെടെ ഒന്നിലധികം ഏജൻസികളാണ് സംസ്ഥാനത്ത് നൈപുണ്യ വികസനത്തിന്റെ ചുമതല നടപ്പിലാക്കുന്നത്. ടൂറിസം (കോഴ്സുകളിലൂടെ, ഉദാഹരണത്തിന്, ടൂറിസം, ഹോസ്പിറ്റാലിറ്റി, കാറ്ററിംഗ് എന്നിവയിൽ), ഭവന നിർമ്മാണം, പട്ടികജാതി–പട്ടികവർഗ വികസനം, വ്യാവസായിക പരിശീലനം, പ്രാദേശിക സർക്കാർ, സാമൂഹിക നീതി എന്നിവ ഉൾപ്പെടെ വിവിധ വകുപ്പുകൾ പ്രത്യേക വൈദഗ്ധ്യ പരിശീലനം നൽകുന്നു. വിജ്ഞാന സമ്പദ്‌വ്യവസ്ഥയുടെ സൃഷ്ടി നൈപുണ്യ പരിപാടിയുടെ ഒരു പ്രധാന വശമാണ് (വിവരസാങ്കേതികവിദ്യ എന്ന ഭാഗം കാണുക). കേരള നോളജ് ഇക്കോണമി മിഷനിലൂടെ സംസ്ഥാനത്തെ വിജ്ഞാന സമ്പദ്‌വ്യവസ്ഥാ പദ്ധതികളെ ഏകോപിപ്പിക്കുന്ന ഏജൻസിയാണ് കേരള ഡെവലപ്മെന്റ് ആൻഡ് ഇന്നൊവേഷൻ സ്ട്രാറ്റജിക് കൗൺസിൽ (K–DISC). പതിനാലാം പഞ്ചവത്സര പദ്ധതി സംസ്ഥാനത്തിന്റെ വിപുലമായ മനുഷ്യ വിഭവശേഷിയുടെ നൈപുണ്യത്തിനും നൈപുണ്യവികസനത്തിനും സംഭാവന നൽകുന്ന വ്യത്യസ്തമായ ശ്രമങ്ങളെ പിന്തുണയ്ക്കാൻ പ്രതിജ്ഞാബദ്ധമാണ്.

# 4. വിദ്യാഭ്യാസം

## 4.1 സ്കൂൾ വിദ്യാഭ്യാസം

111. പതിമൂന്നാം പഞ്ചവത്സര പദ്ധതി കാലയളവിൽ കേരളത്തിലെ സ്കൂൾ വിദ്യാഭ്യാസം മുന്നോട്ട് കുതിച്ചു. 2016–ൽ "പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം" എന്ന പേരിൽ സർക്കാർ ഉദ്ഘാടനം ചെയ്ത സ്കൂൾ വിദ്യാഭ്യാസ വികസന പരിപാടിയാണ് ഇക്കാര്യത്തിൽ ഏറ്റവും പ്രധാനപ്പെട്ട നയപരമായ നടപടി. പൊതുമേഖലയിലെ സ്കൂൾ വിദ്യാഭ്യാസത്തിന്റെ അടിസ്ഥാന സൗകര്യങ്ങളുടെയും സേവനങ്ങളുടെയും ഗുണനിലവാരം ഉയർത്തുന്നതിലായിരുന്നു അതിൽ ശ്രദ്ധ ചെലുത്തിയിരുന്നത്.

112. കേരളത്തിന്റെ വികസന നേട്ടങ്ങളുടെ അടിത്തറ സ്കൂൾ വിദ്യാഭ്യാസമാണ്, കാരണം മറ്റ് മേഖലകളിലും പുരോഗതി സാധ്യമാക്കിയത് സ്കൂൾ വിദ്യാഭ്യാസത്തിലൂടെയാണ്. വരുമാനം, പ്രദേശം, സാമൂഹിക വിഭാഗങ്ങൾ എന്നിവ പരിഗണിക്കാതെ സംസ്ഥാനത്തെ എല്ലാ കുട്ടികൾക്കും സാധ്യമായ ഏറ്റവും മികച്ച സ്കൂൾ വിദ്യാഭ്യാസം ലഭ്യമാക്കുക എന്നതായിരുന്നു പതിമൂന്നാം പദ്ധതിക്കാലത്ത് കേരള സർക്കാർ നിശ്ചയിച്ച ദൗത്യം. 1990 കളിൽ കേരളം സാർവത്രിക സാക്ഷരത കൈവരിക്കുകയും കുട്ടികൾക്ക് സൗജന്യവും സാർവത്രികവുമായ സ്കൂൾ വിദ്യാഭ്യാസം എന്ന ലക്ഷ്യം കൈവരിക്കുകയും ചെയ്തു.

113. പതിമൂന്നാം പഞ്ചവത്സര പദ്ധതി കാലഘട്ടം സ്കൂൾ വിദ്യാഭ്യാസരംഗത്ത്, പ്രത്യേകിച്ച് സർക്കാർ, എയ്ഡഡ് സ്കൂളുകളിലെ പരിവർത്തനത്തിന്റേതായിരുന്നു. സ്കൂൾ വിദ്യാഭ്യാസത്തിലെ പുതിയ നിക്ഷേപങ്ങൾ, പ്രത്യേകിച്ച് അടിസ്ഥാന സൗകര്യങ്ങൾ, സ്കൂളുകളുടെയും അധ്യയനത്തിന്റെയും ഗുണനിലവാരം മെച്ചപ്പെടുത്തൽ, സാമൂഹിക പരിരക്ഷ മെച്ചപ്പെടുത്തൽ, സ്കൂൾ വിദ്യാഭ്യാസ സമ്പ്രദായത്തിൽ ഉൾപ്പെടുത്തൽ എന്നിവയാൽ ഈ കാലഘട്ടത്തെ രേഖപ്പെടുത്തി. ഉയർന്ന നിലവാരമുള്ള സ്കൂൾ വിദ്യാഭ്യാസം മുമ്പത്തേക്കാളും കൂടുതൽ ജനവിഭാഗങ്ങൾക്ക് ലഭ്യമാക്കി.

114. 2016–17 നും 2021–22 നും ഇടയിൽ സർക്കാർ, എയ്ഡഡ് സ്കൂളുകളിൽ 8,91,046 കുട്ടികൾ അധികമായി ചേർന്നു എന്നതാണ് സമീപകാല നയത്തിന്റെ ശ്രദ്ധേയമായ ഫലം.

115. പതിനാലാം പഞ്ചവത്സര പദ്ധതിക്ക് കീഴിലുള്ള പദ്ധതികൾ സ്കൂളുകളിലെ അക്കാദമിക പുരോഗതിയിലും അധ്യാപനത്തിന്റെയും അധ്യാപന ശാസ്ത്രത്തിന്റെയും ഗുണനിലവാരം ഉയർത്തുന്നതിലും ശ്രദ്ധ കേന്ദ്രീകരിക്കും. പ്രീസ്കൂൾ മുതൽ ഹയർസെക്കൻഡറി വരെയുള്ള എല്ലാ തലങ്ങളിലുമുള്ള പാഠ്യപദ്ധതികളും പഠന പരിപാടികളും പരിഷ്ക്കരിക്കപ്പെടുന്ന പ്രക്രിയയിലാണ്. ബോധനത്തിന്റെ എല്ലാ തലങ്ങളിലും പാഠപുസ്തകങ്ങളിൽ ജെൻഡർ ഓഡിറ്റ് നടത്തുന്നുണ്ട്. ഭാഷയിലും ആശയവിനിമയത്തിലും, പ്രത്യേകിച്ച് ഇംഗ്ലീഷിലും ഗണിതത്തിലും കഴിവുകൾ മെച്ചപ്പെടുത്തുന്നതിന് കേരള സർക്കാർ പ്രത്യേക പരിപാടികൾ ആസൂത്രണം ചെയ്തിട്ടുണ്ട്. പതിനാലാം പഞ്ചവത്സര പദ്ധതി

എല്ലാ കുട്ടികൾക്കും മികച്ച സ്കൂൾ വിദ്യാഭ്യാസം എത്തിക്കുന്നതിനുള്ള തുടർ ശ്രമങ്ങളെ പിന്തുണയ്ക്കും. അധ്യാപനശാസ്ത്രം, അടിസ്ഥാന സൗകര്യങ്ങൾ, ഉയർന്ന നിലവാരമുള്ള റസിഡൻഷ്യൽ വിദ്യാഭ്യാസത്തിനുള്ള സൗകര്യങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട് പട്ടികവർഗ വിഭാഗങ്ങളിലെ കുട്ടികൾക്ക് ലഭിക്കുന്ന സ്കൂൾ വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം കൂടുതൽ മെച്ചപ്പെടുത്തുന്നതിനുള്ള ആസൂത്രിത ശ്രമങ്ങൾ ഇതിൽ ഉൾപ്പെടുന്നു. പട്ടികജാതി-പട്ടികവർഗ വിഭാഗങ്ങളിലെ കുട്ടികളും മറ്റ് ജനവിഭാഗങ്ങളും തമ്മിലുള്ള ഡിജിറ്റൽ വിഭജനം അവസാനിപ്പിക്കാൻ പദ്ധതി പ്രവർത്തിക്കും.

116. ഓൺലൈൻ പഠനം സ്കൂൾ വിദ്യാഭ്യാസത്തിന്റെ പ്രധാന മാർഗമായി മാറിയ മഹാമാരിയുടെ കാലത്ത് ഡിജിറ്റൽ വിഭജനം നികത്തുന്ന രീതികളിൽ കേരളം വിലപ്പെട്ട പാഠങ്ങൾ പഠിച്ചു. പതിനാലാം പഞ്ചവത്സര പദ്ധതി ഡിജിറ്റൽ വിഭജനം അവസാനിപ്പിക്കുന്നതിനും സ്കൂൾ വിദ്യാഭ്യാസവുമായി മികച്ച കണക്റ്റിവിറ്റി ഉറപ്പാക്കുന്നതിനും ദരിദ്രർക്ക് ഡിജിറ്റൽ പഠന സാമഗ്രികളിലേക്കും ലൈബ്രറി നെറ്റ് വർക്കുകളിലേക്കും തികച്ചും പുതിയ തലത്തിൽ പ്രവേശനം നൽകുന്നതിനുമുള്ള എല്ലാ ശ്രമങ്ങളെയും പിന്തുണയ്ക്കും.

117. പതിനാലാം പഞ്ചവത്സര പദ്ധതി എല്ലാവരെയും ഉൾക്കൊള്ളുന്ന അന്തരീക്ഷത്തിൽ പ്രീ സ്കൂൾ വിദ്യാഭ്യാസ വെല്ലുവിളികളായ കുട്ടികളുടെ വൈകാരികവും സാമൂഹികവും വ്യക്തിഗതവുമായ വളർച്ചയെ സാധ്യമാക്കുന്നതിനുള്ള ശ്രമങ്ങളെ പിന്തുണയ്ക്കും. ഔപചാരിക വിദ്യാഭ്യാസ ഘടനയുടെ ആദ്യപടിയായി ആദ്യകാല ശിശുപരിപാലനത്തെയും പ്രീ-സ്കൂൾ വിദ്യാഭ്യാസത്തെയും കാണുന്നു.

118. ബൗദ്ധികവും ശാരീരികവുമായ വൈകല്യമുള്ള കുട്ടികളുടെ പ്രത്യേക ആവശ്യങ്ങൾ നിറവേറ്റാൻ സ്കൂളുകളെ സഹായിക്കുന്നതിനുള്ള എല്ലാ ശ്രമങ്ങളെയും പതിനാലാം പഞ്ചവത്സര പദ്ധതി പിന്തുണയ്ക്കും.

119. പതിനാലാം പഞ്ചവത്സര പദ്ധതി സമ്പദ്‌വ്യവസ്ഥയിലെ നൈപുണ്യ നിലവാരം ഉയർത്തുന്നതിനുള്ള പൊതുവായ ശ്രമത്തോടൊപ്പം ഹയർസെക്കൻഡറി സ്കൂളുകളിലെ തൊഴിലധിഷ്ഠിത പഠനത്തെ പ്രാബല്യത്തിൽ വരുത്തുന്നതിനുള്ള ശ്രമങ്ങളെയും പിന്തുണയ്ക്കും.

## 4.2 ഉന്നത വിദ്യാഭ്യാസം

120. ഉന്നത വിദ്യാഭ്യാസം മാനുഷിക കഴിവുകളും വികസനവും ഏറ്റവും വിപുലമായ അർത്ഥത്തിൽ മെച്ചപ്പെടുത്താനുള്ള ഒരു സമൂഹത്തിന്റെ ശ്രമങ്ങൾക്ക് അത്യന്താപേക്ഷിതമാണ്. ഉന്നതവിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം ഉയർത്തുക എന്നത് കേരളത്തിന്റെ അടുത്ത ഘട്ടത്തിലെ സാമൂഹിക, സാമ്പത്തിക വികസനത്തിന്റെ വിജയത്തിന് ആവശ്യമായ ഒരു വ്യവസ്ഥയാണ്.

121. വിദ്യാഭ്യാസ രംഗത്തെ പുരോഗതിക്ക്, സംസ്ഥാനത്തെ സ്കൂൾ വിദ്യാഭ്യാസത്തിന്റെ സാർവത്രികവൽക്കരണത്തിലും ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിലും, കേരളത്തിന് അന്താരാഷ്ട്ര അംഗീകാരം ലഭിച്ചു.

ഉന്നത വിദ്യാഭ്യാസ രംഗത്തെ പുരോഗതി, പ്രത്യേകിച്ച് ഉന്നത വിദ്യാഭ്യാസ സമ്പ്രദായത്തിലേക്കുള്ള പൊതു പ്രവേശനത്തിന്റെ വിശാലമായ അടിത്തറ, സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ രംഗത്തെ പ്രവേശന അനുപാതത്തിലെ മൊത്തത്തിലുള്ള വർദ്ധനവ് എന്നിവ ശ്രദ്ധിക്കപ്പെടുന്നില്ല.

122. എന്നിരുന്നാലും, ഈ രംഗത്ത് കേരളത്തിന് വലിയ ചുമതലകൾ മുന്നിലുണ്ട്. ആദ്യത്തേത് ഉന്നത വിദ്യാഭ്യാസത്തിൽ മൊത്തത്തിലുള്ള പ്രവേശന അനുപാതം (GER) ഉയർത്തുന്നതുമായി ബന്ധപ്പെട്ടതാണ്. ഉന്നതവിദ്യാഭ്യാസത്തിലെ മൊത്തത്തിലുള്ള പ്രവേശന അനുപാതം 38 ശതമാനത്തിൽ നിന്ന് 75 ശതമാനമായി ഉയർത്തുകയെന്ന ലക്ഷ്യമാണ് സർക്കാർ പ്രഖ്യാപിച്ചിരിക്കുന്നത്. ഉന്നത വിദ്യാഭ്യാസത്തിൽ ഗ്രോസ് എൻറോൾമെന്റ് റേഷ്യോ 75 ശതമാനമായി ഉയർത്തുകയെന്ന ദൗത്യം ലക്ഷക്കണക്കിന് പുതിയ വിദ്യാർത്ഥികൾക്ക് ഉന്നത വിദ്യാഭ്യാസം നൽകും. ഈ വിദ്യാർത്ഥികൾ പൊതു, സ്വകാര്യ വിദ്യാഭ്യാസത്തിന്റെ വിവിധ സ്ട്രീമുകളിൽ പ്രവേശിക്കുമ്പോൾ, ലക്ഷ്യം സാക്ഷാത്ക്കരിക്കുന്നതിന് ഉന്നത വിദ്യാഭ്യാസത്തിന്റെയും പരിശീലനത്തിന്റെയും എല്ലാ തലങ്ങളിലും ഗുണപരമായി പുതിയ തലത്തിലുള്ള പദ്ധതി ധനസഹായം ആവശ്യമാണെന്ന് വ്യക്തമാണ്. രണ്ടാമതായി, യുവാക്കൾക്ക് ഉന്നത നിലവാരത്തിലുള്ള ബിരുദ, ബിരുദാനന്തര ബിരുദ, ഗവേഷണ വിദ്യാഭ്യാസം നൽകാനുള്ള ചുമതലയും സംസ്ഥാനത്തിനുണ്ട്.

123. 2021–ൽ, സംസ്ഥാന ആസൂത്രണ ബോർഡ് "ദീർഘവീക്ഷണത്തോടെ കേരളം" (Kerala Looks Ahead) എന്ന ഒരു പ്രധാന അന്താരാഷ്ട്ര കൂടിയാലോചന സംഘടിപ്പിച്ചു. ഉന്നത വിദ്യാഭ്യാസരംഗത്തെ മുൻഗണനകൾ എന്നതായിരുന്നു കൂടിയാലോചനയിലെ ഒരു വിഷയം. ഇതിന്റെയും മറ്റ് കൂടിയാലോചനകളുടെയും ഫലമായി, നയപരമായ ശ്രദ്ധയും സർക്കാർ ചെലവഴിക്കലും ആവശ്യമുള്ള മേഖലകളായി താഴെപ്പറയുന്നവയെ കണ്ടെത്തി.

i. ***അടിസ്ഥാന സൗകര്യങ്ങൾ, അധ്യാപനം, പാഠ്യപദ്ധതി വികസനം.*** ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കുള്ള പദ്ധതി ധനസഹായം അടിസ്ഥാന സൗകര്യ വികസനത്തിനും പാഠ്യപദ്ധതി പരിഷ്കരണത്തിനും പിന്തുണയാകും. ഇത് വ്യക്തിഗത വിജ്ഞാനശാഖകളിൽ/വിഷയങ്ങളിൽ ശേഷിവർദ്ധിപ്പിക്കുന്നതിനെ പിന്തുണയ്ക്കണം; ബിരുദ, ബിരുദാനന്തര വിദ്യാഭ്യാസത്തിനും അക്കാദമിക് ഗവേഷണത്തിനുമുള്ള തന്ത്രങ്ങളുടെ രൂപീകരണം; കോഴ്സ് ഡിസൈൻ; മികവിന്റെ വകുപ്പുകൾക്കും മികവിന്റെ കേന്ദ്രങ്ങൾക്കും വേണ്ടിയുള്ള ആസൂത്രണം; മികവിന്റെ കേന്ദ്രങ്ങളിൽ ദേശീയ വിദഗ്ധരുമായി അനുഭവങ്ങൾ പങ്കുവയ്ക്കൽ; കൂടാതെ അധ്യാപക പരിശീലനവും വികസനവും.

ii. ***സ്ഥാപനപരമായ പുനഃസംഘടനയും നവീകരണവും.*** പതിനാലാം പഞ്ചവത്സര പദ്ധതിയിൽ, അധ്യാപകരുടെയും വിദ്യാർത്ഥികളുടെയും ആവശ്യങ്ങളോട് വഴക്കമുള്ളതും സുതാര്യവും ഉചിതവുമായ ഭരണപരമായ നിയന്ത്രണങ്ങൾ വികസിപ്പിക്കുന്നതിനുള്ള ശ്രമങ്ങൾ നടക്കും.

iii. ***ഓൺലൈൻ കോഴ്സ് വികസനം.*** കോളേജുകളിലും സർവ്വകലാശാലകളിലും മികച്ച രീതിയിൽ MOOC–കൾ (മാസ്സീവ് ഓപ്പൺ ഓൺലൈൻ കോഴ്സുകൾ) പോലെയുള്ള പുതിയ സാങ്കേതിക

വിദ്യകൾ പര്യവേക്ഷണം ചെയ്യുകയും, ഓൺലൈൻ കോഴ്സുകൾ വികസിപ്പിക്കുന്നതിന് ഇന്റർ യൂണിവേഴ്സിറ്റി ഗ്രൂപ്പുകൾ രൂപീകരിക്കാനും പദ്ധതി നടപടികൾ പിന്തുണയ്ക്കും.

iv. ***അധ്യാപനത്തിനും ഗവേഷണത്തിനും വിദ്യാർത്ഥി കൈമാറ്റത്തിനുമുള്ള ശൃംഖലകൾ.*** അധ്യാപനത്തിനും ഗവേഷണത്തിനും വിദ്യാർത്ഥി കൈമാറ്റത്തിനുമായി ദേശീയവും അന്തർദേശീയവുമായ ശൃംഖലകൾ വിപുലീകരിക്കാനുള്ള ശ്രമങ്ങൾ ആവശ്യമാണ്.

v. ലൈബ്രറി വികസനം, കാമ്പസിലെ ഐ.ടി. ഡിജിറ്റൽ പശ്ചാത്തല സൗകര്യം മെച്ചപ്പെടുത്തുന്നതിനും ലൈബ്രറികളുടെ പ്രോത്സാഹനത്തിനും പദ്ധതി സഹായിക്കും. വിവിധ കാമ്പസുകളിലെ സ്ഥാപനങ്ങൾക്കിടയിൽ ഇലക്ട്രോണിക് സ്രോതസ്സുകൾ പങ്കിടാനുള്ള ശ്രമങ്ങളെ പദ്ധതി പിന്തുണയ്ക്കും.

vi. ***തുല്യത.*** ഉന്നതവിദ്യാഭ്യാസത്തിൽ സാമൂഹിക ഉൾപ്പെടുത്തൽ ഉറപ്പുവരുത്തുന്നതിനും ആഴത്തിലാക്കുന്നതിനും, പ്രാദേശിക സന്തുലിതാവസ്ഥ ഉറപ്പാക്കുന്നതിനുമുള്ള വഴികളും മാർഗങ്ങളും സർക്കാരിന്റെ നയപരമായ ശ്രമങ്ങളിൽ ഉൾപ്പെടും. പുതിയ സ്കോളർഷിപ്പുകൾ, മെച്ചപ്പെട്ട ഹോസ്റ്റലുകൾ, ഡിജിറ്റൽ പശ്ചാത്തല സൗകര്യങ്ങൾ സൗജന്യമായി ഉപയോഗിക്കാനുള്ള അവസരം, കോൺഫറൻസ് ട്രാവൽ, എക്സ്ചേഞ്ച് പരിപാടികൾ എന്നിവയ്ക്കായി വിദ്യാർത്ഥികൾക്ക് സഹായം എന്നിവയെ പദ്ധതി പിന്തുണയ്ക്കും.

vii. ***സൂക്ഷ്മതല ആസൂത്രണം.*** ആവശ്യാനുസരണം ഓരോരോ സർവ്വകലാശാലകൾ, കോളേജുകൾ, അനുബന്ധ സ്ഥാപനങ്ങൾ എന്നിവയ്ക്കായി പ്രത്യേക പദ്ധതികളും പ്രോഗ്രാമുകളും രൂപപ്പെടുത്തുന്നതിനുള്ള ശ്രമങ്ങളെ പദ്ധതി പിന്തുണയ്ക്കും.

124. ദേശീയ വിദ്യാഭ്യാസ നയം (NEP) വിവിധ കാരണങ്ങളാൽ വിമർശിക്കപ്പെട്ടിട്ടുണ്ട്. ഈ നയം വിദ്യാഭ്യാസത്തെ ഒരു അവകാശ ചട്ടക്കൂടിൽ പരിഗണിക്കുന്നില്ല, അതായത് ഉന്നത വിദ്യാഭ്യാസം അർഹതയുള്ള ഓരോ വ്യക്തിയുടെയും അവകാശമായി പരിഗണിക്കുന്നില്ല, വിദ്യാഭ്യാസം നൽകൽ ഭരണകൂടത്തിന്റെ ചുമതലയാണെന്ന് അത് ഉറപ്പിക്കുന്നില്ല; നേരെമറിച്ച്, അത് സ്വകാര്യ വിദ്യാഭ്യാസത്തിന് പുതിയ ഇടങ്ങൾ തുറക്കുന്നു. നാഗരിക പാഠങ്ങൾ എന്ന പേരിൽ അത് വിദ്യാഭ്യാസ സമ്പ്രദായത്തിൽ പരമ്പരാഗതവും പലപ്പോഴും യുക്തിരഹിതവുമായ വീക്ഷണങ്ങൾ അടിച്ചേൽപ്പിക്കുന്നു. ഇത് സംസ്ഥാനങ്ങളുടെ അവകാശങ്ങൾ കവർന്നെടുക്കുന്ന പ്രത്യേക വിദ്യാഭ്യാസ പരിഷ്കാരങ്ങൾ സംബന്ധിച്ച് ശുപാർശകളും തീരുമാനങ്ങളും എടുത്തിട്ടുണ്ട്. പുതിയ വിദ്യാഭ്യാസ നയത്തിന്റെ ചില വശങ്ങൾ എങ്ങനെ പ്രവർത്തനക്ഷമമാക്കാം എന്നതിൽ അവ്യക്തതയും ആശയക്കുഴപ്പവും ഉണ്ട്. ഇത് നടപ്പിലാക്കുന്നതിൽ കേന്ദ്രവും സംസ്ഥാനങ്ങളും തമ്മിലുള്ള നിരന്തര കൂടിയാലോചനയുടെ അഭാവവുമുണ്ട്.

125. സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ സമ്പ്രദായത്തിന്റെ അക്കാദമികവും ഭരണപരവുമായ പരിഷ്കരണത്തിന് കേരള സർക്കാർ പ്രതിജ്ഞാബദ്ധമാണ്. കേരളത്തിലെ ജനങ്ങളുടെ, പ്രത്യേകിച്ച് യുവാക്കളുടെ, ആവശ്യങ്ങൾ നിറവേറ്റുന്നതിനാണ് ഉന്നത വിദ്യാഭ്യാസ നയം രൂപീകരിക്കുന്നത്.

# 5. ജനക്ഷേമത്തിലെ പുത്തൻ വാതായനങ്ങൾ

## 5.1 വൈദ്യ ശുശ്രൂഷയും പൊതുജനാരോഗ്യവും

126. പൊതുജനാരോഗ്യവുമായി ബന്ധപ്പെട്ട് കൈവരിച്ച നേട്ടങ്ങളുടെ പേരിൽ കേരളം അന്താരാഷ്ട്ര ശ്രദ്ധ ആകർഷിച്ചുകൊണ്ടേയിരിക്കുന്നു. ജനനസമയത്തുള്ള ആയുർദൈർഘ്യം, ശിശുമരണനിരക്ക്, മാതൃമരണനിരക്ക്, ജനസംഖ്യയുടെ സ്ത്രീ–പുരുഷ അനുപാതം തുടങ്ങിയ സൂചകങ്ങളുടെ കാര്യത്തിൽ കേരളം രാജ്യത്തെ മുന്നോട്ട് നയിക്കുന്നു. ആരോഗ്യവുമായി ബന്ധപ്പെട്ട എല്ലാ പ്രധാനപ്പെട്ട ദേശീയ പട്ടികകളും കേരളത്തെ ഏറ്റവും മുകളിൽ നിർത്തുന്നു. നീതി ആയോഗിന്റെ 2019–20 ലെ ആരോഗ്യ മേഖലയിലെ സൂചികയിൽ സംസ്ഥാനങ്ങളുടെ മൊത്തത്തിലുള്ള പ്രകടനത്തിന്റെ അടിസ്ഥാനത്തിൽ 82.20 പോയിന്റുകളോടെ കേരളം ഏറ്റവും മുന്നിലാണ്.

127. സേവനങ്ങളുടെയും അടിസ്ഥാനസൗകര്യങ്ങളുടെയും ഗുണനിലവാരവും മെച്ചപ്പെടുത്തുന്നതിലൂടെ സാധ്യമായ ഏറ്റവും മികച്ച പ്രതിരോധ ചികിത്സ, രോഗശമന, സാന്ത്വന പരിചരണം എന്നിവ പൊതുമേഖലയിൽ ജനങ്ങൾക്ക് ലഭ്യമാക്കുക എന്നതായിരുന്നു പതിമൂന്നാം പഞ്ചവത്സര പദ്ധതിയുടെ സമീപനം. ആരോഗ്യ മേഖലയിൽ മാറ്റം കൈവരിച്ചതിനുള്ള ഒരു പ്രധാന ചാലകമായിരുന്നത് ആർദ്രം മിഷൻ ആണ്. മിഷന്റെ പ്രധാന ലക്ഷ്യങ്ങൾ ഇവയാണ്: 1. മെഡിക്കൽ കോളേജ് ആശുപത്രികളുടെയും മറ്റ് ഗവൺമെന്റ് ആശുപത്രികളുടെയും ഔട്ട്പേഷ്യന്റ് (ഒ.പി.) വിഭാഗങ്ങളുടെ രോഗീ സൗഹൃദ പരിവർത്തനം, 2. ജില്ലാ–താലൂക്ക് തല ആശുപത്രികളെ മാതൃകയാക്കാവുന്ന നിലവാരത്തിലേക്കുയർത്തൽ 3. പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഘട്ടംഘട്ടമായി വികസിപ്പിക്കുക 4. ആശുപത്രികളിലെ രോഗികളുടെ പരിചരണത്തിൽ പ്രോട്ടോക്കോൾ അടിസ്ഥാനത്തിലുള്ള ചികിത്സ മാർഗ്ഗനിർദ്ദേശങ്ങൾ ഉറപ്പുവരുത്തുക.

128. കേരള സർക്കാരിന്റെ ആരോഗ്യരംഗത്തെ കോവിഡാനന്തര പ്രവർത്തനങ്ങൾക്ക് പതിനാലാം പഞ്ചവത്സര പദ്ധതി പിന്തുണയ്ക്കും. ആരോഗ്യ സംവിധാനങ്ങളിലേക്കുള്ള ഉയർന്ന പ്രാപ്യതയും താങ്ങാനാവുന്ന ആരോഗ്യ പരിപാലനച്ചെലവും ഉൾപ്പെടെ ജനസൗഹൃദമായ രോഗപ്രതിരോധ, രോഗശമന, പൊതുജനാരോഗ്യ സംരക്ഷണത്തിന് ഊന്നൽ നൽകുന്നത് തുടരും. ആർദ്രം മിഷന്റെ തുടർച്ചയ്ക്കും ശക്തിപ്പെടുത്തലിനും പദ്ധതി പിന്തുണ നൽകും. സമകാലിക കേരളത്തിന്റെ പ്രത്യേക വെല്ലുവിളികളെ അഭിമുഖീകരിക്കുന്നതിനായി പ്രാഥമിക, ദ്വിതീയ തലത്തിലുള്ള ആരോഗ്യ പരിപാലന സ്ഥാപനങ്ങളും തൃതീയ പരിചരണത്തിൽ സൂപ്പർ സ്പെഷ്യാലിറ്റി സൗകര്യങ്ങളും ശക്തിപ്പെടുത്തുന്നതിന് പദ്ധതി പിന്തുണയ്ക്കും. ദേശീയതല അക്രഡിറ്റേഷൻ മാനദണ്ഡങ്ങൾക്കനുസൃതമായി നിലവിലുള്ള സർക്കാർ ആശുപത്രികൾ, ഡിസ്പെൻസറികൾ, ലബോറട്ടറികൾ എന്നിവ നവീകരിക്കുന്നതിനും പദ്ധതി പിന്തുണ നൽകും.

129. സാംക്രമികേതര രോഗങ്ങളുടെ വ്യാപനം, ഉയർന്നുവരുന്നതും (പുനരുജ്ജീവനം സംഭവിച്ചതും) ആയ സാംക്രമിക രോഗങ്ങൾ തുടങ്ങിയ

ആരോഗ്യ മേഖലയിലെ രണ്ടാം തലമുറ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിനുള്ള ആരോഗ്യ ഭരണകൂടത്തിന്റെ ശ്രമങ്ങളെ പതിനാലാം പഞ്ചവത്സര പദ്ധതി പിന്തുണയ്ക്കും.

130. കേരളത്തിന്റെ ആരോഗ്യസംവിധാനം അതിന്റെ സമഗ്രതയ്ക്ക് പ്രശംസനീയമാണ്. പട്ടികവർഗക്കാർ, മത്സ്യത്തൊഴിലാളികൾ, സ്ത്രീകൾ, പ്രായമായവർ, ട്രാൻസ്ജെൻഡറുകൾ, അതിഥി തൊഴിലാളികൾ എന്നിവരുടെ ആരോഗ്യ പരിപാലന പ്രശ്നങ്ങൾ, പ്രായമായവർക്കും കിടപ്പ് രോഗികൾക്കുമുള്ള സാന്ത്വന പരിചരണത്തിന്റെ പ്രശ്നങ്ങൾ എന്നിവയ്ക്കുള്ള പരിഹാര പരിപാടികൾക്ക് പതിനാലാം പഞ്ചവത്സര പദ്ധതിയിലും സഹായം തുടരും. മാനസികാരോഗ്യ സംരക്ഷണത്തിന് പതിനാലാം പഞ്ചവത്സര പദ്ധതിയിൽ പ്രത്യേക ശ്രദ്ധ നൽകും.

131. ആരോഗ്യ ഇൻഷുറൻസ് ശക്തിപ്പെടുത്തുകയും വിപുലീകരിക്കുകയും ചെയ്യും. നവലിബറലിസത്തിന്റെ കാലഘട്ടത്തിലെ അന്തർദേശീയ പ്രവണതകൾ ഇൻഷുറൻസ് (സാർവത്രികമായി ലഭ്യമാക്കുന്നതിനു പകരം), സ്വകാര്യവൽക്കരണം (ആരോഗ്യരംഗത്ത് പൊതുമേഖലയെ ശക്തിപ്പെടുത്തുന്നതിനു പകരം) എന്നിവയാണ്. ഇതിനു നേർവിപരീതമായി പതിമൂന്നാം പഞ്ചവത്സര പദ്ധതിക്കാലയളവിൽ സംസ്ഥാന സർക്കാർ രോഗപ്രതിരോധം, ചികിത്സ, സാന്ത്വന പരിചരണം എന്നിവയിൽ പൊതുമേഖലയ്ക്ക് ഊന്നൽ നൽകുകയും അവയെ ശക്തിപ്പെടുത്തുകയും ചെയ്തു. പൊതുമേഖലയിൽ സാധ്യമായ ഏറ്റവും മികച്ച ആരോഗ്യ പരിചരണം ലഭ്യമാക്കുന്നതിന് സർക്കാർ ഇടപെടൽ സ്ഥിരമായി രൂപകൽപന ചെയ്തിട്ടുണ്ട്. ലഭ്യതയും കുറഞ്ഞചെലവും മെച്ചപ്പെടുത്തുന്നതിനും ആരോഗ്യ ത്തിനും ശുചീകരണത്തിനുമുള്ള ഭൗതിക സൗകര്യങ്ങൾ വിപുലീകരിക്കുന്നതിനു മായി പൊതുമേഖലയെ ശക്തിപ്പെടുത്തുന്ന തരത്തിലാണ് രൂപകൽപന ചെയ്തിരിക്കുന്നത്. അതേസമയംതന്നെ കേരള സർക്കാർ ആരോഗ്യരംഗത്തെ ഇൻഷുറൻസ് പരിരക്ഷ മെച്ചപ്പെടുത്തുന്നത് തുടരും.

132. ജന്തുജന്യ രോഗങ്ങൾ വർധിച്ചുവരുന്ന സാഹചര്യം പൊതുജ നാരോഗ്യ സംവിധാനത്തിന് ഭീഷണിയാകുന്നുണ്ട്. പതിനാലാം പഞ്ചവത്സരക്കാലയളവിൽ “2030 ൽ പേവിഷരഹിത കേരളം” എന്ന ലക്ഷ്യം സാക്ഷാൽക്കരിക്കുവാൻ വേണ്ട ശ്രമങ്ങൾ സംസ്ഥാനം പ്രോത്സാഹിപ്പിക്കും.

133. സാംക്രമിക രോഗങ്ങളെക്കുറിച്ചുള്ള പഠനങ്ങൾ, നൂതന വൈറസുകളെ കുറിച്ചും വൈറൽ രോഗങ്ങളെ കുറിച്ചുമുള്ള പഠനം, വ്യത്യസ്ത പഠന ശാഖകൾ ചേർന്നുള്ള ഗവേഷണം, ഒത്തുചേർന്നുള്ള ഗവേഷണം എന്നിവയ്ക്കായി ഗവേഷണ സ്ഥാപനങ്ങൾ വഴിയുള്ള ശ്രമങ്ങൾ ഉൾപ്പെടെ സംസ്ഥാനത്തിന്റെ നിർദ്ദിഷ്ട ആരോഗ്യ ആവശ്യങ്ങളെ കേന്ദ്രീകരിച്ചുള്ള ഗവേഷണ-വികസന ശ്രമങ്ങളെ പതിനാലാം പഞ്ചവത്സര പദ്ധതി പ്രോത്സാഹിപ്പിക്കും. പുതിയ ഇ-ഹെൽത്ത് വിവരശേഖരം വികസിപ്പിക്കുന്നതിനും ഇത് പിന്തുണയ്ക്കും.

134. ആയുർവേദം, ആയുർവേദ ടൂറിസം, സുഖചികിൽസ എന്നിവയിലെ ഗവേഷണത്തിനും വികസനത്തിനും, ഔഷധ സസ്യങ്ങളുടെ കൃഷിക്കും പദ്ധതി പിന്തുണയ്ക്കും.

135. കോവിഡാനന്തര സാഹചര്യത്തിൽ, പതിനാലാം പഞ്ചവത്സര പദ്ധതിയിൽ സംസ്ഥാനം "ഏകാരോഗ്യം" പ്രോത്സാഹിപ്പിക്കും.

136. മതിയായ ശുചിത്വമുള്ളതും സുരക്ഷിതവുമായ ഭക്ഷണം ജനങ്ങൾക്ക് ലഭിക്കുക വഴി ഭക്ഷ്യ സുരക്ഷ ഉറപ്പു വരുത്തുന്നതിന് ഭക്ഷ്യ സുരക്ഷാ വകുപ്പിന്റെ പ്രവർത്തനങ്ങളെ പതിനാലാം പഞ്ചവത്സര പദ്ധതി പിന്തുണയ്ക്കും.

## 5.2 ലിംഗപദവിയും വികസനവും

137. കേരളത്തിലെ സ്ത്രീകൾ സാമൂഹ്യ-രാഷ്ട്രീയ-സാമ്പത്തിക മേഖലകളിൽ കൈവരിച്ച നേട്ടങ്ങൾ വിദ്യാഭ്യാസ-ആരോഗ്യ രംഗങ്ങളിൽ സംസ്ഥാനം കൈവരിച്ചിട്ടുള്ള ചരിത്രനേട്ടങ്ങൾക്ക് ആനുപാതികമല്ല. ഉയർന്നതോതിലുള്ള തൊഴിലില്ലായ്മ, ലിംഗ വ്യത്യാസങ്ങളിൽ അധിഷ്ഠിതമായ കൂലിനിരക്കുകൾ, കയർ, കശുവണ്ടി സംസ്കരണം, കൈത്തറി, മുളയുമായി ബന്ധപ്പെട്ട ജോലി, തോട്ടം മേഖലയിലെ ജോലി തുടങ്ങിയ പരമ്പരാഗത തൊഴിലുകളിൽ സ്ത്രീ തൊഴിലാളികളുടെ കേന്ദ്രീകരണം എന്നിവയാണ് തൊഴിൽ മേഖലയിൽ സ്ത്രീകൾ നേരിടുന്ന പ്രശ്നങ്ങൾ. പാർലമെൻറിലും നിയമസഭയിലും കേരളത്തിൽ നിന്നുള്ള സ്ത്രീകളുടെ പ്രാതിനിധ്യം കുറവാണ്. സ്ത്രീകളുടെ സാമ്പത്തിക സ്വാതന്ത്ര്യം മെച്ചപ്പെടുത്തുന്നതിനും, രാഷ്ട്രീയ സാമൂഹിക ജീവിതത്തിൽ സ്വതന്ത്രമായ പങ്കാളിത്തം ഉറപ്പാക്കുന്നതിനും, പൊതു ഇടങ്ങളിൽ സ്വാതന്ത്ര്യം ഉറപ്പാക്കുന്നതിനും സഹായകമാകുന്ന നയത്തിന്റെ ആവശ്യകത പുരോഗമന സാമൂഹിക ശക്തികൾ കൃത്യമായി ഊന്നിപ്പറഞ്ഞിട്ടുണ്ട്.

138. പതിമൂന്നാം പഞ്ചവത്സര പദ്ധതി കാലയളവിൽ കേരളത്തിലെ സ്ത്രീകളുടെ തൊഴിൽ പങ്കാളിത്ത നിരക്ക് ഉയർന്നതായി ദേശീയ ഔദ്യോഗിക കണക്കുകൾ സൂചിപ്പിക്കുന്നു. എല്ലാ മേഖലകളിലും സ്ത്രീകൾക്ക് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനുള്ള എല്ലാ ശ്രമങ്ങൾക്കും പതിനാലാം പഞ്ചവത്സര പദ്ധതി പിന്തുണനൽകും. നൈപുണ്യ വികസനത്തിനുള്ള പദ്ധതികൾ രൂപീകരിക്കുക, മെച്ചപ്പെട്ട തൊഴിൽ സാഹചര്യങ്ങൾ സൃഷ്ടിക്കുക, ഉയർന്ന മിനിമം വേതനം ഉറപ്പാക്കുക, സ്ത്രീകൾക്ക് സുരക്ഷിതമായ തൊഴിൽ ഇടങ്ങൾ സൃഷ്ടിക്കുക എന്നിവ ഇതിൽ ഉൾപ്പെടുന്നു.

139. സ്ത്രീകളുടെ ക്ഷേമത്തിനായി പ്രത്യേകം രൂപകല്പന ചെയ്ത പദ്ധതികളും നയങ്ങളും പതിറ്റാണ്ടുകളായി കേരളത്തിലുണ്ട്. ലിംഗപദവിയും വികസനവും എന്ന മേഖലയിലെ നയങ്ങൾ ശക്തിപ്പെടുത്തുന്നതിന് 2017-ൽ സ്ഥാപിതമായ വനിതാ ശിശു വികസന വകുപ്പ് (WCD) സഹായകമായി. വിവിധ വിഭാഗങ്ങളിലെ സ്ത്രീകൾക്കുവേണ്ടി വകുപ്പിന്റെയും അനുബന്ധ ശൃംഖലയുടെയും പ്രവർത്തനം ശക്തിപ്പെടുത്തുന്നതിനുള്ള പിന്തുണ പതിനാലാം പഞ്ചവത്സര പദ്ധതിയിലും തുടരും.

140. സംസ്ഥാനത്തെ ആസൂത്രണത്തിലെ ഒരു പ്രധാന സവിശേഷതയാണ് ജെൻഡർ ബജറ്റ്. കൂടാതെ, ജെൻഡർ ബജറ്റിൽ ഉൾപ്പെടുന്ന പദ്ധതികളുടെ അനുപാതം പ്ലാൻ ബജറ്റിന്റെ ഏകദേശം 25 ശതമാനമായി ഉയർത്തുക എന്നത് സംസ്ഥാന പൊതുബജറ്റിലെ ശ്രദ്ധേയമായ സവിശേഷതയാണ്.

ജെൻഡർ ബജറ്റിന്റെ വിഹിതം 2017–18ൽ 11.5 ശതമാനമായിരുന്നത്, 2021–22ൽ 19.54 ശതമാനമായി ഉയർന്നു. വാർഷിക പദ്ധതികളുടെ ജെൻഡർ സെൻസിറ്റീവ് ഓഡിറ്റ് ആരംഭിക്കുന്നതിനുള്ള ശ്രമങ്ങൾക്ക് സംസ്ഥാന ആസൂത്രണ ബോർഡ് പിന്തുണ നൽകുന്നതാണ്. സമ്പദ്‌വ്യവസ്ഥയിലും, തൊഴിൽ മേഖലയിലുമുള്ള സ്ത്രീകളുടെ വിവരങ്ങൾ പ്രത്യേകമായി സ്റ്റാറ്റിസ്റ്റിക്കൽ മേഖലയിൽ നിന്നും ലഭ്യമാക്കണമെന്ന് സംസ്ഥാന ആസൂത്രണ ബോർഡ് ശുപാർശ ചെയ്യുന്നു. ജൻഡർ സെൻസിറ്റീവ് അവലോകന പ്രവൃത്തികളിൽ കാര്യശേഷി വർധിപ്പിക്കുന്നതിനുള്ള ശ്രമങ്ങൾക്ക് പതിനാലാം പഞ്ചവത്സര പദ്ധതിയിൽ പ്രോത്സാഹനം നൽകുന്നതാണ്.

141. വീട്ടുജോലിക്കാർ, മത്സ്യത്തൊഴിലാളികൾ, അതിഥി തൊഴിലാളികൾ തുടങ്ങിയ വിഭാഗങ്ങളിൽപ്പെട്ട സ്ത്രീകളുടെ വേതനം, സുരക്ഷ, ആരോഗ്യം, ഇൻഷുറൻസ് തുടങ്ങിയ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള ശ്രമങ്ങൾ പതിനാലാം പഞ്ചവത്സര പദ്ധതിയിലും തുടരും. പട്ടികജാതി–പട്ടികവർഗ–പിന്നാക്ക വിഭാഗങ്ങളിൽപ്പെട്ട സ്ത്രീകളെ ശാക്തീകരിക്കുന്നതിനായി പ്രത്യേക ശ്രമങ്ങൾ നടത്തുന്നതാണ്.

142. സുരക്ഷിതമായ പൊതു ഇടങ്ങൾ ഉറപ്പാക്കുന്നതിനും, പൊതുഗതാഗത സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും, സുരക്ഷിതമായ ജോലിസ്ഥലങ്ങൾ ഉറപ്പാക്കുന്നതിനും, സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾ ചെറുക്കുന്നതിനുമുള്ള സംവിധാനങ്ങൾ ശക്തിപ്പെടുത്തുന്നതിനുവേണ്ടിയുള്ള നയങ്ങൾക്കും പദ്ധതികൾക്കും പതിനാലാം പഞ്ചവത്സര പദ്ധതി പിന്തുണ നൽകും.

143. കേരളത്തിൽ, ലിംഗപദവി ശാക്തീകരണത്തിനായി പ്രധാന പങ്കുവഹിക്കുന്ന വിവിധ സ്ഥാപനങ്ങൾക്കുള്ള പിന്തുണയും പതിനാലാം പഞ്ചവത്സര പദ്ധതിക്കാലയളവിൽ തുടരുന്നതാണ്. കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ, കേരള വനിതാ കമ്മീഷൻ, ജെൻഡർ പാർക്ക്, കുടുംബശ്രീ, വനിതാ ഘടക പദ്ധതികൾ രൂപീകരിക്കുന്ന പ്രാദേശിക സർക്കാരുകൾ എന്നിവ ഇതിൽ ഉൾപ്പെടുന്നു.

144. ഗാർഹിക തൊഴിലാളികളുടെ വേതനമില്ലാത്ത പ്രവർത്തനങ്ങളുടെയും, ഭവനങ്ങളിൽ സ്ത്രീകൾ നിർവഹിക്കുന്ന പരിചരണ പ്രവർത്തനങ്ങളുടെയും മൂല്യം തിരിച്ചറിയുകയെന്നത്, വികസനക്കുതിപ്പിൽ വളരെ നിർണ്ണായകമായതും, കൂടാതെ ഉൽപാദന മേഖലയിൽ സ്ത്രീകളുടെ പങ്കാളിത്തം പുനർവിചിന്തനം ചെയ്യുന്നതിനുമുള്ള ഒരു സുപ്രധാന ചുവടുവെയ്പ്പാണ്. സ്ത്രീകളുടെ മേലുള്ള ഗാർഹിക ജോലികളുടെ ഭാരം കുറയ്ക്കുന്നതിനുള്ള നടപടികൾക്കും പദ്ധതി പിന്തുണ നൽകുന്നതാണ്. ദേശീയ അന്തർദ്ദേശീയ തലങ്ങളിലെ ജൻഡർ മേഖലാ ആസൂത്രണ വിദഗ്ധരുമായി സ്ത്രീകളുടെ പ്രവർത്തനങ്ങളെക്കുറിച്ചുള്ള കൂടിയാലോചനകൾ സംഘടിപ്പിക്കുന്നതിന് ആസൂത്രണ ബോർഡ് പ്രോത്സാഹനം നൽകും.

145. കേരളത്തിലെ സ്ത്രീകളുടെ ആരോഗ്യ വിഷയത്തിലുള്ള ഒരു പ്രധാന പ്രശ്നമാണ് ഉയർന്ന തോതിൽ കാണപ്പെടുന്ന അനീമിയ. കേരളത്തിലെ പെൺകുട്ടികളിലെയും സ്ത്രീകളിലെയും വിളർച്ച ഒഴിവാക്കുന്നതിനുള്ള

പ്രവർത്തനങ്ങളുടെ വിശദമായ പഠനത്തിന് ആസൂത്രണ ബോർഡ് പിന്തുണ നൽകും.

### ശിശു വികസനം

146. കുട്ടികളുടെ ശാരീരികവും, സാംസ്കാരികവും, ബൗദ്ധികവുമായ വികാസത്തിനുള്ള അവസരങ്ങൾ മെച്ചപ്പെടുത്തുന്നതിലൂടെ അവരുടെ ജീവിതനിലവാരം ഉയർത്തുന്നതിനുള്ള വൈവിധ്യവും ഏകോപിതവുമായ ശ്രമങ്ങളെ പതിനാലാം പഞ്ചവത്സര പദ്ധതി പിന്തുണയ്ക്കും.

147. അങ്കണവാടികളുടെ അടിസ്ഥാന സൗകര്യങ്ങൾ നവീകരിക്കുന്നതിലൂടെയും, അവിടെ കുട്ടികൾക്ക് ലഭ്യമായ കളികളുടെയും പഠനോപകരണങ്ങളുടെയും ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിലൂടെയും ശിശുസംരക്ഷണത്തിന്റെയും ബാല്യകാല വിദ്യാഭ്യാസത്തിന്റെയും ഗുണനിലവാരം മെച്ചപ്പെടുത്തും. അങ്കണവാടികളിലെ പോഷകാഹാര പദ്ധതികൾ മെച്ചപ്പെടുത്തുന്നതിനുള്ള സഹായവും പദ്ധതിയിലൂടെ ലഭ്യമാകും.

148. പോക്സോ നിയമം ശക്തിപ്പെടുത്തുന്നതിനും, അതിലെ വ്യവസ്ഥകളെക്കുറിച്ചുള്ള അവബോധം മെച്ചപ്പെടുത്തുന്നതിനുമുള്ള പിന്തുണ തുടർന്നും നൽകുന്നതാണ്.

149. ശാരീരികവും ബൗദ്ധികവുമായ വൈകല്യമുള്ള കുട്ടികളുടെ ആരോഗ്യ സംരക്ഷണത്തിനും, പ്രത്യേക ആവശ്യങ്ങൾക്കു വേണ്ടിയുള്ള പദ്ധതികൾക്കും തുടർന്നും പഞ്ചവത്സര പദ്ധതിയിലൂടെ പിന്തുണ നൽകും.

### ട്രാൻസ്ജെൻഡർ പോളിസി

150. 2015 ൽ ട്രാൻസ്ജെൻഡർ പോളിസി അംഗീകരിച്ചതിലൂടെ, ഇത്തരത്തിൽ അംഗീകാരം നൽകുന്ന രാജ്യത്തെ ആദ്യ സംസ്ഥാനമായി കേരളം മാറുകയുണ്ടായി. വിദ്യാഭ്യാസം, തൊഴിൽ, ആരോഗ്യ സംരക്ഷണം, നൈപുണ്യ പരിശീലനം, വായ്പ, ഉപജീവന പദ്ധതികൾ എന്നീ പ്രവർത്തികളിൽ ട്രാൻസ്ജെൻഡേഴ്സിന്റെ പ്രാതിനിധ്യം ഉറപ്പാക്കുന്ന പദ്ധതികൾക്കുള്ള പിന്തുണ തുടരുന്നതാണ്.

## 5.3 പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗങ്ങൾ

151. പാർശ്വവൽക്കരിക്കപ്പെട്ട ജനവിഭാഗങ്ങളുടെ ക്ഷേമവും വികസനവും സാധ്യമാക്കുന്നതിന് കേരള സർക്കാർ പ്രതിജ്ഞാബദ്ധമാണ്. ഒൻപതാം പഞ്ചവത്സര പദ്ധതി മുതൽ ജനകീയാസൂത്രണ പദ്ധതിയിലൂടെ അധികാരവികേന്ദ്രീകരണം നടപ്പിലാക്കിയതുവഴി പട്ടികവിഭാഗത്തിന്റെ സാമ്പത്തികവും സാമൂഹികവുമായ വികസനം ഉറപ്പുവരുത്തുന്നതിന് വൈവിധ്യമാർന്ന പദ്ധതികൾ ആവിഷ്കരിക്കാൻ സംസ്ഥാന സർക്കാരിന് സാധിച്ചിട്ടുണ്ട്.

152. പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ക്ഷേമ-വികസന പ്രവർത്തനങ്ങൾക്കായി അനുവദിക്കുന്ന ഫണ്ടിന്റെ അനുപാതം പ്രസ്തുത വിഭാഗങ്ങളുടെ ജനസംഖ്യാനുപാതത്തേക്കാൾ കൂടുതലാണ് എന്നുള്ളതാണ് കേരളത്തിലെ

പ്ലാൻ ബജറ്റിന്റെ സവിശേഷത. രാജ്യത്തെ 25 ശതമാനത്തോളം പട്ടികജാതി–പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായി 2022 ലെ കേന്ദ്ര ബജറ്റിൽ കേവലം 6 ശതമാനം മാത്രം മാറ്റിവയ്ക്കുമ്പോഴാണ് ജനസംഖ്യാനുപാതത്തേക്കാൾ കൂടുതൽ തുക മാറ്റിവെച്ച് കേരളം മാതൃക സൃഷ്ടിക്കുന്നത്.

153. ഡിജിറ്റൽ സാങ്കേതിക വിദ്യയുടെ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തി പട്ടികജാതി–പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് വിദ്യാഭ്യാസവും ആരോഗ്യവും മെച്ചപ്പെടുത്തുന്നതിനും തൊഴിൽ സാധ്യതകൾ വർധിപ്പിക്കുന്നതിനുമുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കാൻ ശ്രമിക്കുന്നതാണ്. ഡിജിറ്റൽ കണക്ടിവിറ്റി എല്ലാ പ്രദേശങ്ങളിലും എത്തിക്കുന്നതിനും പട്ടിക വിഭാഗങ്ങൾക്ക് പൊതുസമൂഹവുമായുള്ള ഡിജിറ്റൽ ഡിവൈഡ് ഇല്ലാതാക്കുകയും ചെയ്യുന്നതിന് ശ്രമിക്കുന്നതാണ്.

154. പട്ടികജാതി–പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് ശാസ്ത്ര, സാങ്കേതിക, ഗണിത, എൻജിനീയറിംഗ്, സാമൂഹ്യശാസ്ത്ര വിഷയങ്ങളിൽ ഉന്നതവിദ്യാഭ്യാസത്തിനുള്ള പ്രവേശനം വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതികൾക്ക് പതിനാലാം പദ്ധതിയിൽ പിന്തുണ നൽകുന്നതാണ്. പ്രത്യേക നൈപുണ്യ വികസനത്തിന്റെ ഭാഗമായുള്ള TRACE (Training for Carreer Excellence) പദ്ധതിയിലൂടെ സർക്കാർ–പൊതുമേഖല സ്ഥാപനങ്ങളിൽ വിവിധ തൊഴിൽ മേഖലകളിലായി പട്ടികജാതി–പട്ടികവർഗ്ഗ യുവാക്കൾക്ക് ഹോണറേറിയത്തോടു കൂടിയ പരിശീലനം ഉറപ്പുവരുത്തുന്നതാണ്.

155. പതിനാലാം പഞ്ചവത്സര പദ്ധതി ഉൽപ്പാദന മേഖലയിലും സേവന മേഖലയിലും തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനുള്ള കാലഘട്ടമാണ്. പട്ടികജാതി–പട്ടികവർഗ്ഗ വിഭാഗത്തിലെ യുവതീ-യുവാക്കളെ ഒരേസമയം തൊഴിൽ സംരംഭകരും തൊഴിൽദാതാക്കളുമാക്കുന്ന എംപവർമെന്റ് സൊസൈറ്റികൾ പോലുള്ള നൂതന പദ്ധതികളാണ് വിഭാവനം ചെയ്യുന്നത്. പട്ടികജാതി–പട്ടികവർഗ്ഗ വിഭാഗങ്ങൾക്കിടയിലെ വരുമാന–ദാരിദ്ര്യ അനുപാതം ആകെയുള്ള ജനസംഖ്യയിൽ ഉള്ളതിനേക്കാൾ കൂടുതൽ ആണ്. തൊഴിൽ, വരുമാന വർദ്ധനവ് എന്നിവയുമായി ബന്ധപ്പെട്ട എല്ലാ മേഖലകളിലും പട്ടികജാതി–പട്ടികവർഗ്ഗക്കാരുടെ തുല്യ പങ്കാളിത്തം ഉറപ്പാക്കാൻ പ്രത്യേകം ശ്രമിക്കുന്നതാണ്.

156. പട്ടികജാതി വിഭാഗത്തിൽപ്പെട്ട കുടുംബങ്ങൾക്ക് ഭൂമിയും വാസയോഗ്യമായ വീടും കുടിവെള്ളം, വൈദ്യുതി, ഗതാഗത സൗകര്യങ്ങൾ, ഇന്റർനെറ്റ് കണക്ടിവിറ്റി, ഡ്രെയിനേജ് സംവിധാനങ്ങൾ എന്നിവ ഉറപ്പാക്കുന്ന പദ്ധതികൾ നടപ്പിലാക്കും. അംബേദ്കർ ഗ്രാമവികസന പദ്ധതി ചില മാറ്റങ്ങൾ വരുത്തി ഈ പഞ്ചവത്സര പദ്ധതി കാലത്തും തുടരുന്നതാണ്.

157. പട്ടികവർഗ്ഗ വികസന വകുപ്പിന്റെ നിയന്ത്രണത്തിലുള്ള ഫാമുകളിലെ ഭൂമി ഉപയോഗപ്പെടുത്തി ആധുനിക കൃഷിയും അനുബന്ധ രീതികളും പ്രോത്സാഹിപ്പിക്കുന്നതിലൂടെ കാർഷിക വികസനം സാധ്യമാക്കുന്നതിന് ശ്രമിക്കുന്നതാണ്.

158. പട്ടികജാതി–പട്ടികവർഗ്ഗ വിഭാഗങ്ങളിലെ ജനങ്ങളുടെ ഭരണഘടനാ

പരമായ അവകാശങ്ങൾ സംരക്ഷിക്കുന്ന പദ്ധതികൾക്കുള്ള പിന്തുണ ശക്തിപ്പെടുത്തുന്നത് തുടരും.

159. പട്ടികവർഗ്ഗ വിഭാഗങ്ങളിലെ ജനങ്ങൾക്ക്, പ്രത്യേകിച്ച് ഒറ്റപ്പെട്ട വാസസ്ഥലങ്ങളിൽ താമസിക്കുന്നവർക്ക്, രോഗ പ്രതിരോധ–രോഗശമന ആരോഗ്യ സേവനങ്ങൾ എത്തിക്കുന്നതിലെ പ്രശ്നങ്ങൾക്ക് പ്രത്യേക പരിഗണന നൽകും.

160. പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ഭൂമിനൽകുകയെന്ന ലക്ഷ്യത്തിലേക്ക് സംസ്ഥാനം നീങ്ങും.

161. 65 ശതമാനത്തിൽ അധികംവരുന്ന പിന്നാക്ക ജനവിഭാഗങ്ങളുടെ വിദ്യാഭ്യാസ, സാമൂഹിക, സാമ്പത്തിക പുരോഗതിക്ക് ആവശ്യമായ പദ്ധതികൾ നടപ്പാക്കുന്നതിന് ശ്രദ്ധിക്കുന്നതാണ്. പിന്നാക്ക വികസന വകുപ്പിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് എല്ലാ ജില്ലകളിലും ഓഫീസിന്റെ പ്രവർത്തനം വ്യാപിപ്പിക്കുന്നതാണ്.

## 5.4 സാമൂഹിക സേവനങ്ങളും സാമൂഹിക സുരക്ഷയും

162. സാമൂഹ്യനീതി വകുപ്പിൽ ഉൾപ്പെടുന്ന ബുദ്ധിപരവും ശാരീരികവും ആയ വൈകല്യമുള്ളവർ, വയോജനങ്ങൾ, ഭിന്നലിംഗക്കാർ എന്നിവരുമായി ബന്ധപ്പെട്ട സർക്കാർ നയം ഈ രംഗത്തെ മനുഷ്യാവകാശ ധാരണയും കാഴ്ചപ്പാടും കൊണ്ടാണ് വ്യക്തമാക്കേണ്ടത്. ഭിന്നശേഷിയുള്ളവർ, വയോജനങ്ങൾ, ഭിന്നലിംഗക്കാർ എന്നിവർ നേരിടുന്ന പ്രശ്നങ്ങൾ അവരും അവരെ പരിചരിക്കുന്നവരും അവരുടെ ബന്ധുക്കളും മാത്രം പരിഹരിക്കേണ്ട പ്രശ്നങ്ങളല്ല, മറിച്ച് അതിനെ സമൂഹത്തിന്റെ മൊത്തത്തിലുള്ള പ്രശ്നമായിക്കാണണം. ഈ ഗ്രൂപ്പിലെ വ്യക്തികളുടെ പ്രത്യേക പ്രശ്നങ്ങളും നമ്മൾ ശ്രദ്ധിക്കുന്നു, അവർ ഇതിനോടകംതന്നെ വ്യത്യസ്തങ്ങളായ വിവേചനത്തിന്, പ്രത്യേകിച്ചും സാമൂഹികവും ദാരിദ്ര്യവും അടിസ്ഥാനമാക്കിയുള്ളതിൽ, വിധേയരാണ്.

163. പതിമൂന്നാം പഞ്ചവത്സര പദ്ധതിയിൽ സംസ്ഥാനത്തിന്റെ സാമ്പത്തിക പ്രതിസന്ധി കൾക്കിടയിലും, ഭിന്നശേഷിക്കാരുടെയും മുതിർന്ന പൗരന്മാരുടെയും ക്ഷേമത്തിനായുള്ള പദ്ധതികളിലേക്കുള്ള പദ്ധതി വിഹിതത്തിൽ തുടർച്ചയായ വർദ്ധനവ് ഉണ്ടായി.

### ഭിന്നശേഷിക്കാരുടെ ക്ഷേമം

164. ഭിന്നശേഷി സൗഹൃദ സംസ്ഥാനമെന്ന നിലയിൽ കേരളത്തിന്റെ സ്ഥാനം നിലനിർത്താനുള്ള എല്ലാശ്രമങ്ങളെയും പതിനാലാം പഞ്ചവത്സര പദ്ധതി പിന്തുണയ്ക്കുന്നതാണ്. ഭിന്നശേഷിക്കാരുടെ അവകാശങ്ങൾ രൂപകൽപ്പന ചെയ്യുകയും സംരക്ഷിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്ന എല്ലാ നിയമനിർമ്മാണങ്ങളും പ്രാബല്യത്തിൽ വരുത്താൻ സർക്കാർ നയം ശ്രമിക്കുന്നു. ഈ ശ്രമത്തിന്റെ ഭാഗമായി, സംസ്ഥാനത്തെ പൊതു ഇടങ്ങളിലും മറ്റിടങ്ങളിലും തടസ്സരഹിതമാക്കാൻ ശ്രമിക്കുന്ന എല്ലാ പദ്ധതികളെയും പതിനാലാം പഞ്ചവത്സര പദ്ധതി പിന്തുണയ്ക്കുന്നു. ഭിന്നശേഷിക്കാർക്ക്

സഹായകമായ സാങ്കേതിക വിദ്യകളുടെയും സേവനങ്ങളുടെയും ഉൽപ്പാദനത്തിലും വിതരണത്തിലും സംസ്ഥാനം നിക്ഷേപം തുടരുകയും ഈ മേഖലയിലെ പ്രമുഖ പൊതുസ്ഥാപനങ്ങളെ പിന്തുണയ്ക്കുകയും ചെയ്യുന്നു. ആധുനിക തൊഴിലവസരങ്ങൾക്കായുള്ള നൈപുണ്യത്തിന്റെ പുതിയ പരിപാടികൾ കേരളം ആരംഭിക്കുമ്പോൾ, ഭിന്നശേഷിക്കാരുടെ അവകാശങ്ങളും ആവശ്യങ്ങളും ഈ പദ്ധതികളിൽ ഉൾപ്പെടുത്താൻ ശ്രമിക്കും.

**മുതിർന്ന പൗരന്മാരുടെ ക്ഷേമം**

165. ഇന്ത്യയിലെ മറ്റേതൊരു സംസ്ഥാനത്തേക്കാളും കേരളത്തിലെ ജനസംഖ്യയുടെ ഉയർന്ന അനുപാതം മുതിർന്ന പൗരന്മാരാണ്.

166. പതിനാലാം പഞ്ചവത്സര പദ്ധതിയുടെ നയം മുതിർന്ന പൗരന്മാരെ ശാക്തീകരിക്കുകയും ആരോഗ്യകരവും സുരക്ഷിതവും ഉൽപാദനപരവുമായ ജീവിതം നയിക്കാൻ അവരെ സഹായിക്കുക എന്നതാണ്. ഈ മേഖലയിലെ അവകാശ നിയമനിർമ്മാണത്തിലും നയത്തിനും മേലെയായിരിക്കും ഇത് നിർമ്മിക്കുന്നത്. താഴ്ന്ന വരുമാനക്കാരായ മുതിർന്ന പൗരന്മാർക്ക് ക്ഷേമ പെൻഷനുകൾ മുഖേന കേരള സർക്കാർ വരുമാന പിന്തുണയും സാമ്പത്തിക സുരക്ഷയും നൽകുന്നത് തുടരും. മുതിർന്ന പൗരന്മാരുടെ പരിചരണത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്ന ആരോഗ്യ സംരക്ഷണത്തിനും പാലിയേറ്റീവ്, ഹോം കെയർ സൗകര്യങ്ങൾക്കും ഈ പഞ്ചവത്സര പദ്ധതി തുടർന്നും ധനസഹായം നൽകും. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ നടപ്പാക്കുന്ന സാമൂഹിക സേവന അടിസ്ഥാനത്തിലുള്ള പിന്തുണാ പരിപാടികൾ ശക്തിപ്പെടുത്തും.

## 5.5 പാർപ്പിടം

167. പതിമൂന്നാം പഞ്ചവത്സര പദ്ധതിക്കാലത്ത് സംസ്ഥാന സർക്കാരിന്റെ ഒരു സുപ്രധാന പദ്ധതിയായിരുന്നു സമ്പൂർണ്ണ പാർപ്പിട പദ്ധതിയായ ഉപജീവനമാർഗ്ഗം മെച്ചപ്പെടുത്തൽ, ഉൾപ്പെടുത്തൽ, സാമ്പത്തിക ശാക്തീകരണം (ലൈഫ്) പദ്ധതി. ഈ പദ്ധതിയിൽ 2022 ഫെബ്രുവരി വരെ സംസ്ഥാനത്തെ 2,79,131 കുടുംബങ്ങൾക്ക് ഉന്നത നിലവാരമുള്ള വീടുകൾ – വ്യക്തിഗത ഭവനങ്ങളും ഫ്ലാറ്റുകളും ഉൾപ്പെടെ – നിർമ്മിച്ച് നൽകിയിട്ടുണ്ട്. ഈ കുടുംബങ്ങൾ പാർപ്പിടത്തിന്റെ കാര്യത്തിൽ സംസ്ഥാനത്തെ ഏറ്റവും പാവപ്പെട്ട കുടുംബങ്ങളാണ്. സംസ്ഥാനത്ത് അതുവരെ നിലനിന്നിരുന്ന വിവിധ വകുപ്പുകളുടെ ദരിദ്രർക്കായുള്ള എല്ലാ ഭവനപദ്ധതികളെയും സംയോജിപ്പിക്കുകയും ലൈഫ് പദ്ധതിയുമായി കൂട്ടിച്ചേർക്കുകയും ചെയ്തിട്ടുണ്ട്. ഈ പദ്ധതി പതിനാലാം പഞ്ചവത്സര പദ്ധതിയിലും തുടരുന്നതാണ്. ഇനിവരുന്ന അഞ്ച് വർഷങ്ങളിൽ പട്ടികജാതി, പട്ടികവർഗ്ഗ, മത്സ്യത്തൊഴിലാളികൾ, തോട്ടം തൊഴിലാളികൾ എന്നിവരുടെ പാർപ്പിട ആവശ്യങ്ങൾ നിറവേറ്റുന്നതിന് പ്രത്യേകം ഊന്നൽ നൽകുന്നതാണ്.

## 5.6 ശുദ്ധജല വിതരണവും മലിനജല നിവാരണവും

168. കേരളം ജലസമൃദ്ധമായ സംസ്ഥാനമാണെങ്കിലും എല്ലാ വീടുകളിലും കുടിവെള്ള വിതരണ സംവിധാനം വിപുലീകരിക്കേണ്ടതുണ്ട്. എല്ലാ വീട്ടിലും കുടിവെള്ള വിതരണം കേരള സർക്കാർ ഉറപ്പാക്കും. ഇതിനായി, ജലസ്രോതസ്സുകളുടെ പുനഃസ്ഥാപനം, സംരക്ഷണം, തുല്യമായ വിതരണം, ഉപയോഗയോഗ്യമായ ജലവിതരണം വർദ്ധിപ്പിക്കൽ എന്നിവയിൽ സർക്കാർ ശ്രദ്ധ കേന്ദ്രീകരിക്കും.

169. പതിനാലാം പഞ്ചവത്സര പദ്ധതി ജലവിതരണ സംവിധാനത്തിന്റെയും ജലവിതരണ മേഖലയിലെ പദ്ധതികളുടെയും സമ്പൂർണ ഓഡിറ്റിന് പിന്തുണ നൽകും. ഗാർഹിക കിണറുകൾ കുടിവെള്ള സ്രോതസ്സുകളായി പരിശോധിച്ച് സാക്ഷ്യപ്പെടുത്താനും മഴക്കാലത്ത് മഴവെള്ള സംഭരണം ഉറപ്പാക്കാനുമുള്ള നിർദ്ദേശത്തെ ഇത് പിന്തുണയ്ക്കും. ജൽ ജീവൻ മിഷൻ (ജെജെഎം) വഴി ഗ്രാമീണ ജനങ്ങൾക്ക് സുരക്ഷിതമായ പൈപ്പ് കുടിവെള്ളം ലഭ്യമാക്കുന്നതിനുള്ള പരിപാടി ഫലപ്രദമായി നടപ്പിലാക്കുന്നതിനുള്ള സംസ്ഥാന വിഹിതത്തെയും ശ്രമങ്ങളെയും പദ്ധതി പിന്തുണയ്ക്കും.

170. സംസ്ഥാനത്തെ എല്ലാ പ്രധാന നഗരങ്ങളിലും ഘട്ടംഘട്ടമായി അഴുക്കുചാൽ നിർമ്മാണം തുടങ്ങുന്നതിന് പതിനാലാം പഞ്ചവത്സര പദ്ധതി പിന്തുണ നൽകും. സംസ്ഥാനത്തുടനീളം ഘട്ടംഘട്ടമായി വികേന്ദ്രീകൃത മലിനജല ശുദ്ധീകരണ പ്ലാന്റുകൾ ആരംഭിക്കുന്നതിനുള്ള പരിപാടിയെ ഇത് പിന്തുണയ്ക്കും.

## 5.7 ഭക്ഷ്യഭദ്രതയും പൊതുവിതരണവും

171. കേരളത്തിലെ പൊതുവതരണ സമ്പ്രദായം സംസ്ഥാനത്തെ **ഭക്ഷ്യ** ഭദ്രതയുടെ സംരക്ഷണ കവചമാണ്. പതിമൂന്നാം പഞ്ചവത്സര പദ്ധതിക്കാലയളവിൽ, പ്രകൃതിദുരന്തങ്ങളുടെയും പകർച്ചവ്യാധികളുടെയും കാലത്ത് ഇത് സംസ്ഥാനത്തെ ജനങ്ങൾക്ക് ഭക്ഷ്യഭദ്രതയുടെ ജീവനാഡിയായിരുന്നു. പതിനാലാം പഞ്ചവത്സര പദ്ധതി കേരളത്തിലെ പൊതുവിതരണ സമ്പ്രദായത്തിന്റെ വളർച്ചയുടെയും വികാസത്തിന്റെയും വിവിധ വശങ്ങൾക്ക് തുടർന്നും പിന്തുണ നൽകുന്നതാണ്. റേഷൻ കടകളുടേയും ന്യായവില കടകളുടേയും ശൃംഖലയുടെ വിപുലീകരണം, പ്രത്യേകിച്ച് പട്ടികവർഗ ജനവാസ കേന്ദ്രങ്ങളിൽ; വിതരണ ശൃംഖലയുടെ നവീകരണവും ഡിജിറ്റലൈസേഷനും; പുതിയതും ആധുനികവുമായ വെയർഹൗസിംഗ് സൗകര്യങ്ങളുടെ നിർമ്മാണം; പരാതി പരിഹാര സംവിധാനം ശക്തിപ്പെടുത്തൽ; വിശപ്പ് രഹിത കേരളം ഉറപ്പാക്കുന്നത് തുടരുക എന്നിവ ഇതിൽ ഉൾപ്പെടുന്നു.

## 5.8 അതിദാരിദ്ര്യ നിർമാർജ്ജനം

172. ഇന്ത്യയിൽ ദാരിദ്ര്യത്തിന്റെ അനുപാതം ഏറ്റവും കുറഞ്ഞ സംസ്ഥാനം കേരളമാണെങ്കിലും ജനസംഖ്യയിൽ ഒരു ചെറിയ വിഭാഗത്തിൽ ഇപ്പോഴും അതിദാരിദ്ര്യത്തിന്റെ പ്രശ്നം നിലനിൽക്കുന്നു. ഇന്നത്തെ കേരള സർക്കാരിന്റെ വർഗ പ്രതിബദ്ധതയും സാമൂഹിക ക്ഷേമത്തോടുള്ള പ്രതിബദ്ധതയും കണക്കിലെടുക്കുമ്പോൾ, അടുത്ത അഞ്ച്

വർഷത്തിനുള്ളിൽ കേരളത്തിൽനിന്ന് അതിദാരിദ്ര്യം ഇല്ലാതാക്കുക എന്ന ദൗത്യം നിറവേറ്റാവുന്നതാണ്. അതിദാരിദ്ര്യത്തിൽ കഴിയുന്ന ആളുകളെ തിരിച്ചറിയുന്നതിനും, തിരിച്ചറിയപ്പെടുന്ന ഓരോ വ്യക്തിക്കും അതിദാരിദ്ര്യത്തിൽ നിന്ന് കരകയറാനുള്ള മാർഗ്ഗങ്ങൾ ലഭ്യമാക്കുന്നുണ്ടെന്ന് ഉറപ്പാക്കാൻ അനുയോജ്യമായ മൈക്രോ പ്ലാനുകൾ തയ്യാറാക്കുന്നതിനുമുള്ള ശ്രമങ്ങൾ പ്രാദേശിക സർക്കാരുകൾ ആരംഭിച്ചിട്ടുണ്ട്. അതിദാരിദ്ര്യ നിർമാർജ്ജനം എന്ന സുപ്രധാന പരിപാടിയെ പതിനാലാം പഞ്ചവത്സര പദ്ധതി പിന്തുണയ്ക്കും.

# 6. പശ്ചാത്തല സൗകര്യങ്ങൾ

## 6.1 ഗതാഗതം

173. സാമ്പത്തികവും സാമൂഹികവുമായ ജീവിതത്തിൽ ചലനാത്മകത എത്രത്തോളം പ്രാധാന്യം അർഹിക്കുന്നുവെന്ന് ചരിത്രം നമുക്ക് കാണിച്ചുതരുന്നു. ഗതാഗതം സാമ്പത്തിക അടിസ്ഥാന സൗകര്യങ്ങളുടെ നിർണായക വശമാണ്, കൂടാതെ കൃഷി, വ്യവസായം, സേവനങ്ങൾ തുടങ്ങിയ സമ്പദ്‌വ്യവസ്ഥയുടെ വിവിധ മേഖലകളിൽ വിന്യസിച്ചിട്ടുള്ള വിഭവങ്ങളുടെ സ്വാധീന ശക്തി വർദ്ധിപ്പിക്കുന്നതിനും കാരണമാകുന്നു. ഗതാഗത സംവിധാനങ്ങൾ പൊതുവേ ജനങ്ങളുടെ ആവശ്യങ്ങൾ, സൗകര്യങ്ങൾ, ചെലവ് എന്നിവ അടിസ്ഥാനപ്പെടുത്തിയാവണം. ത്വരിത ചലനം എന്നത് ആധുനിക വ്യാവസായിക നാഗരികതയുടെ അടിസ്ഥാന സവിശേഷതയാണ്; ഇത് തൊഴിൽ ഇടങ്ങളിലെ ദൈനംദിന യാത്രകൾ, ആഗോള വിതരണ ശൃംഖലകൾ (അതുവഴി മത്സര നേട്ടങ്ങളും തൊഴിലവസരങ്ങളും സൃഷ്ടിക്കൽ), ടൂറിസം, അസമമായ പ്രാദേശിക വികസനത്തിന്റെ സാമ്പത്തിക പുനഃസന്തുലനം എന്നിവ സുഗമമാക്കുന്നു. കാലാവസ്ഥാ വ്യതിയാനവുമായി പൊരുത്തപ്പെടുന്നതിന്റെയും "നെറ്റ്-സീറോ" ലോകത്തിനായുള്ള തയ്യാറെടുപ്പിന്റെയും പശ്ചാത്തലത്തിൽ, ഗതാഗത ആസൂത്രണത്തിൽ സർക്കാരുകൾ ദീർഘകാല വീക്ഷണം സ്വീകരിക്കേണ്ടതുണ്ട്.

174. പതിനാലാം പഞ്ചവത്സര പദ്ധതിയിൽ, യാത്രാ ഗതാഗതം ചരക്ക് ഗതാഗതം എന്നിവയിൽ പൊതു ഗതാഗതത്തിന്റെ പങ്ക് വർധിപ്പിക്കുക എന്ന പ്രധാന ലക്ഷ്യത്തോടെ മൾട്ടിമോഡൽ ഗതാഗത സംവിധാനം വികസിപ്പിക്കുന്നതിന് പിന്തുണ നൽകും. ഈ പ്രക്രിയ സുഗമമാക്കുന്നതിന്, കൂടുതൽ ഊർജക്ഷമമായ റെയിൽവേകൾ (നഗര-ദീർഘദൂര), ഉൾനാടൻ ജലപാതകൾ എന്നിവയ്ക്ക് കൂടുതൽ ഊന്നൽ നൽകേണ്ടത് അനിവാര്യമാണ്.

175. പതിനാലാം പഞ്ചവത്സര പദ്ധതി കേരളത്തിന്റെ ഗതാഗത സംവിധാനത്തിന്റെ നിലവിലെ സവിശേഷതകളിൽ നിന്ന് ഉടലെടുക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും ഊന്നൽ നൽകും. 2019 മാർച്ചിലെ കണക്കനുസരിച്ച് കേരളത്തിൽ ആയിരം ജനങ്ങൾക്ക് 425 വാഹനങ്ങൾ ഉണ്ട്, ഇത് ദേശീയ ശരാശരിയായ 225 നേക്കാൾ വളരെ കൂടുതലാണ്. കൂടാതെ, റോഡിന്റെ നീളവുമായി ബന്ധപ്പെട്ട് ദേശീയ ശരാശരിയായ 4.39 കിലോമീറ്ററിനെ അപേക്ഷിച്ച് കേരളത്തിൽ 1,000 ജനസംഖ്യക്ക് 7.75 കിലോമീറ്റർ എന്ന തോതിൽ റോഡ് ദൈർഘ്യമുണ്ട്. 1000 ചതുരശ്ര കിലോമീറ്ററിൽ ഉള്ള റോഡ് ദൈർഘ്യം ദേശീയ ശരാശരിയായ 1617 കിലോമീറ്ററുമായി താരതമ്യം ചെയ്യുമ്പോൾ കേരളത്തിൽ, 6,664 കിലോമീറ്ററാണ്. കേരളത്തിലെ നാലുവരിപ്പാതകളുടെ അനുപാതം ദേശീയ ശരാശരിയായ 22 ശതമാനവുമായി താരതമ്യം ചെയ്യുമ്പോൾ ഏകദേശം 7.6 ശതമാനം മാത്രമാണ്. ഉയർന്ന റോഡ് സാന്ദ്രത, ഉയർന്ന വാഹന ഉടമസ്ഥത, മൾട്ടി-ലെയ്ൻ റോഡുകളുടെ കുറഞ്ഞ സാന്ദ്രത എന്നിവ അപകടങ്ങളുടെ എണ്ണം വർധിക്കുന്നതിന് കാരണമാകുന്നു. 2019-ൽ റിപ്പോർട്ട് ചെയ്യപ്പെട്ട 41,111 അപകടങ്ങളിലായി 4,440 മരണങ്ങളും 46,055 പേർക്ക്പരിക്കേറ്റതായും

കണക്കുകൾ സൂചിപ്പിക്കുന്നു. 2019 ലെ അപകടങ്ങളുടെ കണക്കനുസരിച്ച്, ഇന്ത്യയിൽ ഏറ്റവും കൂടുതൽ റോഡപകടങ്ങൾ സംഭവിക്കുന്ന നാലാമത്തെ സംസ്ഥാനമാണ് കേരളം.

176. പൊതുമരാമത്ത് വകുപ്പ് ലക്ഷ്യമിടുന്നത് റോഡുകളെ ബി.എം & ബി.സി നിലവാരത്തിൽ നിർമ്മിക്കുവാനാണ്. പുതുതായി നിർമ്മിക്കുന്ന റോഡുകൾ ഉയർന്ന നിലവാരമുള്ളതോടൊപ്പം യൂറ്റിലിറ്റി ഡക്ടുകളോടുകൂടിയ സൗകര്യമുണ്ടായിരിക്കണം. കൂടുതൽ റോഡുകളും നാലുവരി പാതകളായിരിക്കും. തിരക്കുള്ള ജംഗ്ഷനുകളിൽ പുതിയ മൾട്ടി ലെവൽ ഫ്ലൈ ഓവറുകൾ നിർമ്മിക്കാൻ ഉദ്ദേശിക്കുന്നു. റോഡുനിർമ്മാണത്തിന് പുത്തൻ സാങ്കേതിക വിദ്യകൾ ഉപയോഗപ്പെടുത്തുന്നതിന് പരിശ്രമിക്കും. കൂടാതെ, ഇതിനാവശ്യമായ ഗവേഷണങ്ങൾ പ്രോത്സാഹിപ്പിക്കും.

177. ഭൂവിനിയോഗത്തിലും ലഭ്യതയിലും ഏർപ്പെടുത്തിയിട്ടുള്ള നിലവിലെ നിയന്ത്രണങ്ങളാണ് കേരളത്തിലെ റോഡുകളുടെ ശേഷിവർധിപ്പിക്കുന്നതിനുള്ള പ്രതിബന്ധമായി ചൂണ്ടിക്കാട്ടുന്നത്. ഈ സാഹചര്യത്തിൽ, റോഡുകളിലെ തിരക്ക് കുറയ്ക്കുന്നതിനും ഭാവിയിലെ വളർച്ചയ്ക്ക് ആവശ്യമായ ശേഷിവികസിപ്പിക്കുന്നതിനും സെമി–ഹൈ–സ്പീഡ് റെയിൽ, ആഭ്യന്തര ജലപാത തുടങ്ങിയ ഇതര ഗതാഗത മാർഗ്ഗങ്ങളുടെ പങ്ക് നാം ഗൗരവമായി പരിഗണിക്കേണ്ടതുണ്ട്.

178. ***ദീർഘകാല പദ്ധതികളും സംയോജിത ഗതാഗത നയവും.*** കാര്യക്ഷമവും ചെലവ് കുറഞ്ഞതും മൾട്ടി–മോഡും തുല്യവുമായ ഗതാഗത സംവിധാനത്തിന്റെ വികസനത്തിനും ജനങ്ങളുടെ സഞ്ചാരത്തിനും ലോജിസ്റ്റിക് സംവിധാനങ്ങളുടെ വികസനത്തിനും, വാണിജ്യ–വ്യവസായങ്ങൾ നിലനിർത്തുന്നതിനും ഉതകുന്ന ഒരു റോഡ്മാപ്പ് എന്ന നിലയിലുള്ള ഒരു ഗതാഗത നയം രൂപീകരിക്കുന്നതിനായി സംസ്ഥാന ആസൂത്രണ ബോർഡ് ശുപാർശ ചെയ്യുന്നു. ദീർഘകാല ആവശ്യങ്ങളും ഉടനടിയുള്ള ആശങ്കകളും സന്തുലിതപ്പെടുത്തിക്കൊണ്ട് മൂലധന നിക്ഷേപത്തിന് മുൻഗണന നൽകുന്നതിന് ഈ നയം സഹായിക്കും.

179. ***പൊതുഗതാഗതം.*** സംസ്ഥാനത്തെ പൊതു റോഡ് ഗതാഗത സംവിധാനം പ്രധാനമായും ആശ്രയിക്കുന്നത് കെഎസ്ആർടിസിയും സ്വകാര്യ ബസ്സുകളെയുമാണ്. കോവിഡ് പ്രതിസന്ധി കെഎസ്ആർടിസിയുടെ സാമ്പത്തിക സ്ഥിതി കൂടുതൽ വഷളാക്കുകയും ഇപ്പോൾ സ്വകാര്യ ഓപ്പറേറ്റർമാരിലേക്കും ഇത് വ്യാപിക്കുകയും ചെയ്തു. എൽഎൻജി/ സിഎൻജി, ഇലക്ട്രിക് ബസുകൾ എന്നിവ ഉപയോഗിച്ച് ഫ്ലീറ്റിനെ നവീകരിച്ചും ഭരണപരവും പ്രവർത്തനപരവുമായ കാര്യക്ഷമത മെച്ചപ്പെടുത്തുന്നതിന് ഡിജിറ്റൽ സാങ്കേതികവിദ്യകൾ ഉപയോഗിച്ചും പൊതുഗതാഗതത്തിന്റെ കാര്യക്ഷമത മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതികളെ പതിനാലാം പഞ്ചവത്സര പദ്ധതി പിന്തുണയ്ക്കും.

180. മേൽ സൂചിപ്പിച്ചതുപോലെ, പൊതുഗതാഗതം മെച്ചപ്പെടുത്തുന്നതിന് മറ്റ് യാത്രാമാർഗങ്ങൾ വികസിപ്പിക്കേണ്ടതുണ്ട്, പ്രത്യേകിച്ച് റെയിൽവേയും ഉൾനാടൻ ജലഗതാഗതവും. ഈ സാഹചര്യത്തിൽ, മാസ് റാപ്പിഡ് ട്രാൻസിറ്റ്

സിസ്റ്റത്തിന് (എംആർടിഎസ്) പ്രത്യേക ശ്രദ്ധ ചെലുത്തേണ്ടതാണ്. ജെഎൻഎൽ സ്റ്റേഡിയം മുതൽ ഇൻഫോപാർക്ക് വരെയുള്ള കൊച്ചി മെട്രോ പദ്ധതിയുടെ രണ്ടാം ഘട്ടം, കൊച്ചി സംയോജിത ജലഗതാഗത സംവിധാനം എന്നിവയെ പദ്ധതി പിന്തുണയ്ക്കും. ഭാരത സർക്കാരിന്റെ പുതിയ മെട്രോ നയത്തിന് അനുസൃതമായി തിരുവനന്തപുരം കോഴിക്കോട് ലൈറ്റ് മെട്രോ പദ്ധതികൾ പുനഃക്രമീകരിക്കും.

181. സിൽവർ ലൈൻ പദ്ധതി കാസർഗോഡും തിരുവനന്തപുരവും തമ്മിലുള്ള യാത്രാ സമയം ഏകദേശം നാല് മണിക്കൂറായി കുറയ്ക്കും. ഗതാഗത സംവിധാനത്തിൽ പൊതുഗതാഗതത്തിന്റെ പങ്ക് വർധിപ്പിക്കുക എന്ന ഗതാഗത മേഖലയുടെ ലക്ഷ്യം കൈവരിക്കുന്നതിന് പദ്ധതി നിർണായകമാണ്. പ്രാദേശിക അസന്തുലിതാവസ്ഥ പരിഹരിക്കുന്നതിനും സാമ്പത്തിക വളർച്ചയ്ക്കും തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും പാരിസ്ഥിതിക സുസ്ഥിരതയ്ക്കും ദ്രുതഗതിയിലുമുള്ള ഗതാഗത സംവിധാനത്തിന്റെ വികസനത്തിനും ഇത് സംഭാവന ചെയ്യും. കാർബൺ പ്രസരണം ഗണ്യമായി കുറയ്ക്കുമെന്നത് സെമി-ഹൈ സ്പീഡ് റെയിൽവേയുടെ സുപ്രധാനമായ ദീർഘകാല പാരിസ്ഥിതിക നേട്ടമാണ്. ആത്യന്തികമായി വിപണിയിൽ ലഭ്യമായ ഗ്രീൻ പ്രോജക്ട് ഫിനാൻസിങ്ങിലേക്ക് കടക്കുന്നതിന് വിജയകരമായ ഒരു സിൽവർ ലൈൻ പദ്ധതി സംസ്ഥാനത്തെ സഹായിക്കും.

182. ***തുറമുഖങ്ങൾ, ലോജിസ്റ്റിക്സ്, തീരദേശ വികസനം.*** ദേശീയ അന്തർദേശീയ ഷിപ്പിംഗ് റൂട്ടുകളുമായി ബന്ധപ്പെട്ട് തന്ത്രപ്രധാന സ്ഥാനത്ത് സ്ഥിതി ചെയ്യുന്ന സംസ്ഥാനത്തിന്റെ തീരദേശ ദൈർഘ്യം ഏകദേശം 585 കിലോമീറ്ററാണ്. തുറമുഖ വികസനം സാമ്പത്തിക വളർച്ചയുടെ മറ്റ് മേഖലകളുമായി സംയോജിപ്പിക്കുന്നത് ഭാവിയിലെ സാമ്പത്തിക വികസനത്തിൽ ഒരു പ്രധാന പങ്കുവഹിക്കും. കൊച്ചിയിലെ മേജർ തുറമുഖം കൂടാതെ കേരളത്തിൽ 17 മൈനർ തുറമുഖങ്ങളുണ്ട്. ബെർത്തിംഗ്, ചരക്ക് കൈകാര്യം ചെയ്യൽ, സംഭരണ സൗകര്യങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ കേരളത്തിലെ 17 മൈനർ തുറമുഖങ്ങളിൽ വിഴിഞ്ഞം, ബേപ്പൂർ-കോഴിക്കോട്, അഴീക്കൽ, കൊല്ലം എന്നീ നാല് തുറമുഖങ്ങൾ ഇന്റർമീഡിയറ്റ് തുറമുഖങ്ങളായി കണക്കാക്കുന്നു. തീരദേശ ഷിപ്പിംഗ് പ്രവർത്തനങ്ങൾക്കുവേണ്ടി മുൻഗണനാടിസ്ഥാനത്തിൽ തുറമുഖങ്ങൾ വികസിപ്പിച്ച് വരുന്നു. തീരദേശ വികസനത്തിൽ മലബാർ ഇന്റർനാഷണൽ പോർട്ട് SEZ ലിമിറ്റഡ് നിർണായക പങ്ക് വഹിക്കുമെന്ന് പ്രതീക്ഷിക്കുന്നു. സംസ്ഥാനത്തെ ഇന്റർമീഡിയറ്റ് തുറമുഖങ്ങളുടെ വികസനത്തെ പഞ്ചവത്സര പദ്ധതി പിന്തുണയ്ക്കുകയും തുറമുഖങ്ങളുടെ പ്രവർത്തനക്ഷമത വർധിപ്പിക്കുന്നതിനായി തുറമുഖ അനുബന്ധ വ്യവസായവൽക്കരണത്തെ പ്രോത്സാഹിപ്പിക്കുകയും ചെയ്യും.

183. ***നഗരഗതാഗതം.*** ബസുകളുടെ എണ്ണത്തിൽ വർധനവുണ്ടാവുന്നതുകൊണ്ട് മാത്രം നമ്മുടെ നഗരങ്ങളുടെ ഗതാഗത ആവശ്യങ്ങൾ നിറവേറ്റാനാവില്ല. നഗരവികസന പദ്ധതികൾക്കൊപ്പം മൾട്ടിമോഡൽ ട്രാൻസ്പോർട്ട് ഇൻഫ്രാസ്ട്രക്ചറിനായി പദ്ധതികൾ വികസിപ്പിക്കേണ്ടതിന്റെ പ്രാധാന്യം സംസ്ഥാന ആസൂത്രണ ബോർഡ് തിരിച്ചറിയുന്നതോടൊപ്പം സംയോജിത നഗര ഗതാഗത പദ്ധതികൾ വികസിപ്പിക്കുന്നതിനുള്ള കേരള മെട്രോപൊളിറ്റൻ ട്രാൻസ്പോർട്ട് അതോറിറ്റിയുടെ ശ്രമങ്ങളെ പദ്ധതി പിന്തുണയ്ക്കും.

184. *ചരക്കുനീക്കവും ലോജിസ്റ്റിക്സും.* കേരളത്തിലെ ചരക്കുകളുടെ ഭൂരിഭാഗവും നടക്കുന്നത് റോഡ് മാർഗമാണ്. കേരളത്തിന്റെ ദൈർഘ്യമേറിയ തീരദേശവും ആഭ്യന്തര ജലപാതകളും പരിസ്ഥിതി സൗഹൃദവും ഇന്ധനക്ഷമതയുള്ളതുമായ ചരക്ക് ഗതാഗത സംവിധാനം വികസിപ്പിക്കാനുള്ള അവസരം നൽകുന്നു., എൻഡ്-ടു-എൻഡ് ചെലവുകൾ ഗതാഗത മാർഗ്ഗങ്ങൾ തമ്മിലുള്ള കൈമാറ്റത്തിന്റെ കാര്യക്ഷമത എന്നിവയെക്കുറിച്ചുള്ള ഉപയോക്താക്കളുടെ ആശങ്കകൾ പരിഹരിക്കുന്നതിനും സംസ്ഥാനത്തെ മൾട്ടിമോഡ് ഗതാഗതത്തിനായി പുതിയ ഡിസൈനുകൾ വികസിപ്പിക്കുന്നതിനുമുള്ള ശ്രമങ്ങളെ പതിനാലാം പഞ്ചവത്സര പദ്ധതി പിന്തുണയ്ക്കും.

## 6.2 ഊർജ്ജം

185. സംസ്ഥാനത്തെ എല്ലാ കുടുംബങ്ങളിലും വൈദ്യുതി കണക്ഷൻ നൽകുമെന്ന വാഗ്ദാനം പൂർത്തീകരിച്ചതായി കേരള സർക്കാർ 2017-ൽ പ്രഖ്യാപിച്ചു. സർക്കാർ സംസ്ഥാനത്തെ എല്ലാ ജനങ്ങൾക്കും ന്യായമായ നിരക്കിൽ തടസ്സമില്ലാത്തതും ഗുണമേന്മയുള്ളതുമായ വൈദ്യുതി വിതരണം ചെയ്യാനുള്ള ശ്രമങ്ങൾ തുടരുകയാണ്.

186. സംസ്ഥാനം ഇപ്പോൾ സമ്പൂർണമായി വൈദ്യുതീകരിച്ചിട്ടുണ്ടെങ്കിലും, 2019-20 ലെ പ്രതിശീർഷ വൈദ്യുതി ഉപഭോഗം അഖിലേന്ത്യാ ശരാശരി 1208 kWh ആയിരുന്നെങ്കിൽ കേരളത്തിലേത് 826 kWh ആണ്. ഈ വിടവിന് പ്രധാന കാരണം കേരളത്തിലെ ഗാർഹികേതര ഉപഭോഗത്തിന്റെ തോത് രാജ്യത്ത് മൊത്തത്തിലുള്ളതിനേക്കാൾ കുറവായതാണ്. ലോക പ്രതിശീർഷ വൈദ്യുതി ഉപഭോഗത്തിന്റെ 36 ശതമാനം ഇന്ത്യയുടേയും 9 ശതമാനം അമേരിക്കയുടേതും ചൈനയുടേത് 25 ശതമാനവും ആണ്.

187. സാമ്പത്തിക പ്രവർത്തനങ്ങൾ ഡീകാർബണൈസ് ചെയ്യുന്നതിനുള്ള ആഗോള ശ്രമങ്ങൾക്ക് താഴെപ്പറയുന്ന പ്രവർത്തനങ്ങളിൽ നയപരമായ ശ്രമങ്ങൾ ആവശ്യമാണ്, ഒന്നാമതായി, വർദ്ധിച്ച ആവശ്യം നിറവേറ്റുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങൾ നിർമ്മിക്കുക, രണ്ടാമതായി, കാർബൺ രഹിത ഊർജ്ജ സ്രോതസ്സുകളുടെ പങ്ക് വർദ്ധിപ്പിക്കുക. 2070-ഓടെ ഗ്രീൻഹൗസ് വാതക ബഹിർഗമനം ശൂന്യവൽകരിക്കുന്നതിന് ഭാരത സർക്കാർ ഉദ്ദേശിക്കുന്നു. ഡീകാർബണൈസേഷൻ ലക്ഷ്യങ്ങൾ കൈവരിക്കുന്നതരത്തിൽ സജ്ജീകരിക്കുന്ന വൈദ്യുതി പശ്ചാത്തല സൗകര്യ വികസനം വിന്യസിക്കാൻ സംസ്ഥാനത്തിന് ഒരു റോഡ് മാപ്പ് ആവശ്യമാണ്.

188. പതിനാലാം പഞ്ചവത്സര പദ്ധതിയുടെ ചില പ്രത്യേക ശ്രദ്ധാകേന്ദ്രങ്ങളാണ് താഴെ കൊടുത്തിരിക്കുന്നത്.

i. ***സംസ്ഥാന വൈദ്യുതി പദ്ധതി.*** പതിനാലാം പഞ്ചവത്സര പദ്ധതി ദീർഘകാല വൈദ്യുതി പദ്ധതിയുടെ രൂപീകരണത്തെ പിന്തുണയ്ക്കുകയും, ഉൽപാദനം, പ്രസരണം, വിതരണം എന്നിവയിൽ ഭാവിയിലെ ശേഷി വർദ്ധിപ്പിക്കുന്നതിനുള്ള ആവശ്യകതകൾ വ്യക്തമാക്കുകയും ചെയ്യും. വ്യവസായം, കൃഷി, വിവരസാങ്കേതിക സേവനങ്ങൾ എന്നിവയുൾപ്പെടെ വിവിധ മേഖലകളുടെ ആവശ്യങ്ങൾ വൈദ്യുതി പദ്ധതികൾ കണക്കിലെടുക്കേണ്ടതാണ്. പബ്ലിക് യൂട്ടിലിറ്റി ഗ്രിഡ് സിസ്റ്റത്തിന്റെ

ചലനാത്മകതയെ മാറ്റിമറിക്കുന്ന വേരിയബിൾ റിന്യൂവബിൾ എനർജിയുമായി ബന്ധപ്പെട്ട സാങ്കേതികവിദ്യയിലെ സമീപകാല മുന്നേറ്റങ്ങൾക്കും ഈ പദ്ധതി സഹായകമാകണം.

ii. ***ഉല്പാദന ശേഷി.*** കേരളം അതിന്റെ ആഭ്യന്തര ഉൽപാദന ശേഷി വർദ്ധിപ്പിക്കേണ്ടതുണ്ട്. 2020–21 ൽ കേരളം അതിന്റെ ആവശ്യകതയുടെ 78 ശതമാനവും മറ്റ് സംസ്ഥാനങ്ങളിൽ നിന്ന് സംഭരിച്ചു (ചില മാസങ്ങളിൽ ഈ അനുപാതം 90 ശതമാനം വരെ ഉയരും). വൈദ്യുതിക്കായി ഹ്രസ്വകാല വിപണികളെ ആശ്രയിക്കുന്നത് ഉയർന്ന സംഭരണച്ചെലവിന് കാരണമാകുകയും ഒഴിവാക്കാവുന്ന അനിശ്ചിതത്വം ഉൾപ്പെടുന്നു. അതിന്റെ ശ്രമങ്ങളുടെ ഭാഗമായി കേരളത്തിന് ജലവൈദ്യുത ഉൽപാദനത്തിന്റെ പുതിയ സ്രോതസ്സുകൾ ആവശ്യമാണ്. ചെറുകിട ജലവൈദ്യുത പദ്ധതികൾ മുതൽ വൻകിട പദ്ധതികൾ വരെ ഇതിൽ ഉൾപ്പെടുന്നു. 2019 നു ശേഷം നിർമ്മാണം ആരംഭിച്ച ജലവൈദ്യുത പദ്ധതികൾ വൈദ്യുതി റിന്യൂവബിൾ പർച്ചേയ്സ് ഒബ്ലിഗേഷൻ നിറവേറ്റാൻ ഉപയോഗിക്കും. 800 മെഗാവാട്ട് ശേഷി ഇടുക്കി രണ്ടാം നിലയവും 200 മെഗാവാട്ട് ശേഷിയുള്ള ലക്ഷി പദ്ധതിയും ഉൾപ്പടെ 1500 മെഗാവാട്ടിന്റെ പുതിയ ജലവൈദ്യുത പദ്ധതികൾ ആരംഭിച്ച് വൈദ്യുതി ഉൽപാദന മേഖലയെ സ്വയംപര്യാപ്തതയിൽ എത്തിക്കാനുള്ള ശ്രമങ്ങളെ പതിനാലാം പഞ്ചവത്സര പദ്ധതി പിന്തുണയ്ക്കും. പാരിസ്ഥിതിക അനുമതി ലഭിച്ച എല്ലാ പദ്ധതികളും പൂർത്തീകരിക്കുന്നതിനും നിലവിലുള്ള പ്ലാന്റുകളുടെ പുനരുദ്ധാരണത്തിനും നവീകരണത്തിനും പുനരുപയോഗ ഊർജ പദ്ധതികൾ പ്രോത്സാഹിപ്പിക്കുന്നതിനുമുള്ള ശ്രമങ്ങളെ പതിനാലാം പഞ്ചവത്സര പദ്ധതി പിന്തുണയ്ക്കും. സർക്കാർ നിശ്ചയിച്ചിട്ടുള്ള പുനരുപയോഗ ഊർജ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനും ഇതുമായി ബന്ധപ്പെട്ട വെല്ലുവിളികൾ തിരിച്ചറിയുന്നതിനും പഠിക്കുന്നതിനുമുള്ള ശ്രമങ്ങളെയും പദ്ധതി പിന്തുണയ്ക്കും.

iii. ***പ്രസരണം.*** പതിമൂന്നാം പഞ്ചവത്സര പദ്ധതി കാലയളവിൽ വിഭാവനം ചെയ്ത പദ്ധതിയായ ട്രാൻസ് ഗ്രിഡ് 2.0, ഭാവിയിലെ ആവശ്യങ്ങൾക്കായി സംസ്ഥാനത്തെ ഊർജ്ജ സംവിധാനം ഒരുക്കുന്നതിനുള്ള ഒരു പരിവർത്തന സംരംഭമാണ്. പദ്ധതി വേഗത്തിൽ പൂർത്തീകരിക്കുന്നതിന് പതിനാലാം പഞ്ചവത്സര പദ്ധതി പിന്തുണ നൽകും. ഈ പദ്ധതിക്കാലയളവിൽ കോൾപ്പാടങ്ങൾ ഉൾപ്പടെയുള്ള ഇടങ്ങളിൽ ഒരുലക്ഷം കാർഷിക പമ്പുകൾ സൌരോർജ്ജവൽക്കരിക്കുവാൻ ലക്ഷ്യമിടുന്നതുവഴി 500 മെഗാവാട്ടോളം അധികവൈദ്യുതി ഉൽപാദിപ്പിക്കുകയും മിച്ച വൈദ്യുതി ഗ്രിഡിലേക്കു നൽകുന്നതിലൂടെ കർഷകർക്ക് അധിക വരുമാനം ലഭ്യമാക്കുവാനും ലക്ഷ്യമിടുന്നു.

iv. ***വിതരണം.*** വിതരണ ശൃംഖലയിലെ പുതിയ ആവശ്യങ്ങൾ നിറവേറ്റുന്നതിനും നെറ്റ്‌വർക്കിലെ പുനരുപയോഗ ഊർജത്തിന്റെ വർദ്ധിച്ചുവരുന്ന വിഹിതത്തിന്റെ ഫലമായി ഡിമാൻഡ്–സപ്ലൈ ഡെസ്പാച്ച് മാനേജ്മെന്റിനും വിതരണ ശൃംഖലയെ ശക്തിപ്പെടുത്തുന്നതിനുള്ള ശ്രമങ്ങളെയും പതിനാലാം പഞ്ചവത്സര പദ്ധതി പിന്തുണയ്ക്കും. സ്മാർട്ട് ഗ്രിഡ് സംവിധാനം സ്ഥാപിക്കുന്നതിനും ഗ്രിഡ് മാനേജ്മെന്റിനായി നൂതന സാങ്കേതികവിദ്യയുടെയും ആശയവിനിമയ സംവിധാനങ്ങളുടെയും ഉപയോഗം പ്രോത്സാഹിപ്പിക്കുനതിനും ലോഡ് ഡെസ്പാച്ച് സെന്ററുകൾ നവീകരിക്കുന്നതിനുമുള്ള ശ്രമങ്ങളെ പദ്ധതി പിന്തുണയ്ക്കും.

v. ***റസീലിയൻറ്റ് പവർ ഇൻഫ്രാസ്ട്രക്ചർ.*** പതിനാലാം പഞ്ചവത്സര പദ്ധതി സംസ്ഥാനത്ത് പ്രതിരോധശേഷിയുള്ള പശ്ചാത്തല സൗകര്യങ്ങൾ സ്ഥാപിക്കുന്നതിനുള്ള ശ്രമങ്ങളെ പ്രോത്സാഹിപ്പിക്കും. മുന്നൊരുക്കങ്ങൾ, ലഘൂകരണം, അടിയന്തര പ്രതികരണം തുടങ്ങിയ പ്രശ്നങ്ങളെ അഭിസംബോധന ചെയ്യുന്ന "സേഫ് കേരള" ഡിസാസ്റ്റർ മാനേജ്മെന്റ് പ്രോഗ്രാം ഉൾപ്പെടെയുള്ള കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിന്റെ പരിപാടികളെ പ്ലാൻ പിന്തുണയ്ക്കും. നിർദ്ദിഷ്ട സംസ്ഥാന വൈദ്യുതി പദ്ധതിയിൽ വ്യവസ്ഥാപിത പ്രതിരോധവുമായി ബന്ധപ്പെട്ട പുതിയ മാനദണ്ഡങ്ങളും പ്രക്രിയകളും ഉൾപ്പെടുത്താനുള്ള ശ്രമങ്ങളെ പദ്ധതി പ്രോത്സാഹിപ്പിക്കും. സൈബർ സുരക്ഷയുടെ കാര്യത്തിലും പ്രത്യേക ശ്രദ്ധ നൽകും.

vi. ***ഇ–മൊബിലിറ്റി ഇക്കോസിസ്റ്റം.*** പൊതു, അർധ പൊതു, സ്വകാര്യ ഗതാഗതത്തിൽ കേന്ദ്രീകൃത ഇലക്ട്രിക് മൊബിലിറ്റി പ്രോഗ്രാം കേരള സർക്കാർ ആരംഭിച്ചിട്ടുണ്ട്. ആവശ്യകതക്ക് അനുസൃതമായി ചാർജിംഗ് സൗകര്യങ്ങൾ സ്ഥാപിക്കാനുള്ള ശ്രമങ്ങളെ പദ്ധതി പ്രോത്സാഹിപ്പിക്കും.

vii. ***കാര്യശേഷി വർദ്ധിപ്പിക്കലും സ്ഥാപന വികസനവും.*** കെഎസ്ഇബിഎൽ സംസ്ഥാനത്തെ മുഖ്യ ഉപയോക്താക്കൾ ആണെങ്കിലും, ഊർജ്ജവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടപ്പിലാക്കുന്ന ഒന്നിലധികം സ്ഥാപനങ്ങൾ നിലവിലുണ്ട്. സാങ്കേതിക മാറ്റങ്ങൾ, നിയന്ത്രണ മാറ്റങ്ങൾ, ദേശീയ തലത്തിലുള്ള സംഭവവികാസങ്ങൾ എന്നിവയ്ക്കൊപ്പവും ആധുനിക മാനേജ്മെന്റ് രീതികൾ അവതരിപ്പിക്കുന്നതിനും ഈ മേഖലയിലെ സ്ഥാപനങ്ങളെ പദ്ധതി പ്രോത്സാഹിപ്പിക്കും. ഇത്തരം ഏജൻസികൾ തമ്മിലുള്ള ഏകോപനത്തെ പ്രോത്സാഹിപ്പിക്കുകയും ചെയ്യും.

viii. ***സുരക്ഷ.*** സുരക്ഷ ഉറപ്പാക്കുന്നതിനും അപകടങ്ങൾ ഇല്ലാതാക്കുന്നതിനും ലക്ഷ്യമിട്ടുള്ള നിരവധി നടപടികളെ പതിനാലാം പഞ്ചവത്സര പദ്ധതി പിന്തുണയ്ക്കും.

## 6.3 ജലസേചനം

189. സംസ്ഥാനത്തുകൂടി പടിഞ്ഞാറോട്ട് ഒഴുകുന്ന 41 നദികളാണ് കേരളത്തിന്റെ ഭൂമിശാസ്ത്രത്തിലെ പ്രധാന സവിശേഷത. നദീജലത്തിന്റെ വലിയൊരു ഭാഗം ഉപയോഗശൂന്യമായി കടലിൽ പതിക്കുന്നുവെന്നതാണ് യാഥാർത്ഥ്യം.

190. പതിമൂന്നാം പഞ്ചവത്സര പദ്ധതി കാലയളവിൽ, രണ്ട് സവിശേഷ പ്രവർത്തനങ്ങൾ ജലസേചന മേഖലയിൽ ആരംഭിച്ചു. ഒന്നാമതായി, ദീർഘകാലമായി മുടങ്ങിക്കിടക്കുന്ന നാല് വൻകിട ഇടത്തരം ജലസേചന പദ്ധതികൾ പൂർത്തീകരിക്കുന്നതിനായി സംസ്ഥാന വാർഷിക പദ്ധതി മുഖേന പിന്തുണ നൽകിയിരുന്നു. ഇതിൽ, മൂവാറ്റുപുഴ ജലസേചന പദ്ധതി കമ്മീഷൻ ചെയ്യുകയുണ്ടായി. ശേഷിക്കുന്ന മൂന്ന് ജലസേചന പദ്ധതികളായ കാരാപ്പുഴ, ബാണാസുരസാഗർ, ഇടമലയാർ എന്നിവ കമ്മീഷൻ ചെയ്യാനുള്ള ശ്രമങ്ങൾക്ക് പതിനാലാം പഞ്ചവത്സര പദ്ധതി കാലയളവിൽ പിന്തുണ നൽകുന്നതാണ്. രണ്ടാമതായി, പതിമൂന്നാം പഞ്ചവത്സര പദ്ധതി കാലയളവിൽ വൻകിട ഇടത്തരം പദ്ധതികളിൽ നിന്ന് ചെറുകിട ജലസേചന പദ്ധതികളിലേക്കുള്ള വിഭവസമാഹരണത്തിലുണ്ടായ മാറ്റമാണ്.

പതിനാലാം പഞ്ചവത്സര പദ്ധതി കാലയളവിലും ചെറുകിട ജലസേചനം പ്രോത്സാഹിപ്പിക്കുന്നതിനുള്ള ശ്രമം തുടരുന്നതാണ്.

191. നിലവിലുള്ള ജലസേചന പദ്ധതികളിലെ കനാലുകളുടെ അറ്റകുറ്റപ്പണികൾക്കും നവീകരണത്തിനുമുള്ള പ്രവർത്തനങ്ങൾക്ക് പതിനാലാം പഞ്ചവത്സര പദ്ധതി കാലത്ത് പിന്തുണ നൽകുന്നതാണ്. കൃഷിയിടത്തിലേക്കുള്ള ജലസേചനപദ്ധതി കനാലുകൾക്ക് (ടെയിൽ എൻഡ് കനാലുകൾ) പ്രത്യേക ശ്രദ്ധ നൽകും. സംസ്ഥാനത്തുടനീളമുള്ള നദികൾ, കനാലുകൾ, തടാകങ്ങൾ, കുളങ്ങൾ, തോടുകൾ എന്നിവയുടെ നവീകരണത്തിനും ശുചീകരണത്തിനും പദ്ധതി കാലയളവിൽ പിന്തുണ നൽകും. കുട്ടനാട് പോലുള്ള പ്രത്യേക പ്രദേശങ്ങളിൽ പതിമൂന്നാം പഞ്ചവത്സര പദ്ധതിക്കാലത്ത് "റൂം ഫോർ ദ റിവർ" എന്ന ആശയം നടപ്പിലാക്കാനുള്ള ശ്രമങ്ങൾ ആരംഭിച്ചിരുന്നു. കൃഷിഭൂമികൾക്ക് ചുറ്റുമുള്ള വരമ്പുകളും, ബണ്ടുകളും ബലപ്പെടുത്തുന്നതിനും, സംരക്ഷിക്കുന്നതിനുമുള്ള ശ്രമങ്ങളും നടന്നിരുന്നു. പതിനാലാം പഞ്ചവത്സര പദ്ധതിക്കാലയളവിലും ഇത്തരം ശ്രമങ്ങൾക്കുള്ള സഹായം തുടരുന്നതാണ്.

192. ചെറുതും വലുതുമായ പുതിയ ജലസംഭരണികളിൽ ഇത്തരത്തിൽ ജലം തടഞ്ഞ് നിർത്തുന്നതിനും, സംഭരിക്കുന്നതിനുമുള്ള വഴികൾ കേരളം സജീവമായി പരിഗണിക്കേണ്ടതുണ്ട്. സംസ്ഥാനത്തെ ജലസേചിത പ്രദേശം വിപുലീകരിക്കാനും കുടിവെള്ള ആവശ്യങ്ങൾ നിറവേറ്റവാനും ഇത്തരം പ്രവൃത്തികൾ സഹായകമാവും.

193. സംസ്ഥാനത്ത് മിക്ക തീരപ്രദേശങ്ങളിലും കടലാക്രമണ പ്രശ്നങ്ങൾ നിലനിൽക്കുന്നു. കടലാക്രമണത്തിൽ നിന്നും തീരപ്രദേശങ്ങളെ സംരക്ഷിക്കുന്നതിനാവശ്യമായ നടപടികൾ പതിനാലാം പഞ്ചവത്സര പദ്ധതി സ്വീകരിക്കും.

# 7. പരിസ്ഥിതി

## 7.1 ജൈവവൈവിധ്യം, കാലാവസ്ഥാ വ്യതിയാനം, പരിസ്ഥിതി

194. കാലാവസ്ഥാ വ്യതിയാനം ഒരു ആഗോള സംയോജിത പ്രവർത്തന പ്രശ്നമാണ്. ഹരിതഗൃഹ വാതക ബഹിർഗമനത്തിന്റെ പ്രത്യാഘാതങ്ങൾ ലഘൂകരിക്കുന്നതിന്റെ ഭാരവും, ആഗോളതാപനം മൂലമുള്ള വിവിധ മേഖലകളിലെ ആഘാതത്തെ നേരിടുന്നതിനും പൊരുത്തപ്പെടുന്നതിനുമുള്ള ചുമതലയും വിവിധ രാജ്യങ്ങളിലും, പ്രദേശങ്ങളിലും തുല്യമായിട്ടല്ല വിതരണം ചെയ്യപ്പെട്ടിട്ടുള്ളത്. ഐ.പി.സി.സിയുടെ ആറാമത്തെ മൂല്യനിർണ്ണയ റിപ്പോർട്ട് കാലാവസ്ഥാ പ്രതിരോധശേഷിയുള്ള വികസനം പ്രാദേശികവും ദേശീയവുമായ സാഹചര്യങ്ങൾക്കനുസരിച്ചും തുല്യവും സാമൂഹികവും കാലാവസ്ഥാ പരവുമായ നീതി ഉറപ്പാക്കിയും രൂപപ്പെടുത്തേണ്ടതാണെന്ന് ഊന്നിപ്പറയുന്നു. ദേശീയ കാലാവസ്ഥാ നയം, ആഗോള കാർബൺ ബജറ്റിന്റെ ന്യായമായ വിഹിതം ഇന്ത്യയുടെ ആവശ്യകതയാണെന്ന് അടിവരയിടുന്നതോടൊപ്പം ഉത്തരവാദിത്ത ഉപയോഗവും ഇന്ത്യയുടെ വികസനത്തിന്റെ അടിസ്ഥാന ആവശ്യകതയാണെന്ന് സൂചിപ്പിക്കുന്നു. ആഗോള കാലാവസ്ഥാ പ്രവർത്തനങ്ങളോടുള്ള നമ്മുടെ പ്രതിബദ്ധതകൾ ഈ ചട്ടക്കൂടിനുള്ളിൽ രൂപപ്പെടുത്തേണ്ടിയിരിക്കുന്നു.

195. സമ്പന്നമായ ജൈവവൈവിധ്യമാണ് കേരളത്തിന്റെ സവിശേഷത. ഇത്രയും വിപുലമായ ആവാസവ്യവസ്ഥകൾ പരസ്പരം അടുത്തടുത്ത് സ്ഥിതി ചെയ്യുന്നത് കേരളത്തിന്റെ മാത്രം പ്രത്യേകതയാണ്. സംസ്ഥാനത്തിന്റെ ജൈവ വിഭവങ്ങൾ കേരളത്തിന്റെ സമ്പന്നമായ സാംസ്കാരികവും ഭൗതികവുമായ പൈതൃകത്തിന്റെയും ഭാഗമാണ്. കേരളത്തിന്റെ കാലാവസ്ഥാ പ്രതിരോധ നയ രൂപീകരണത്തിൽ സംസ്ഥാനത്തെ പ്രകൃതി വിഭവങ്ങൾ, മാനവിക സാമൂഹിക വികസനത്തിന്റെ ഉയർന്ന തലങ്ങൾ, ഉൽപാദന ശക്തികളെ വികസിപ്പിക്കേണ്ടതിന്റെ ആവശ്യകത എന്നിവ കണക്കിലെടുക്കേണ്ടതുണ്ട്.

196. കൃഷിയിലും തോട്ടവിളകളിലും ഉൽപ്പാദനക്ഷമത നിലനിർത്തുന്നതിനും വർദ്ധിപ്പിക്കുന്നതിനും ആയിരിക്കണം ശ്രദ്ധ കേന്ദ്രീകരിക്കേണ്ടത്. ബയോടെക്നോളജിയിൽ നിന്നും ജനിതക എഞ്ചിനീയറിംഗിൽ നിന്നുമുള്ള പ്രസക്തമായ സാങ്കേതിക വിദ്യകൾ ഈ സമീപനത്തിന്റെ ഭാഗമാക്കേണ്ടതാണ്. പ്രത്യേകിച്ച് തീരദേശമേഖലകൾക്കും തണ്ണീർത്തടങ്ങൾക്കും വേണ്ടിയുള്ള പാരിസ്ഥിതിക നിയമങ്ങളും പരിപാലനവും കാലാവസ്ഥാ വ്യതിയാനത്തിന്റെ അടിയന്തിരതയും ദുർബലമായ ആവാസവ്യവസ്ഥയോട് ചേർന്ന് ജീവിക്കുന്നവരുടെ മേലുണ്ടാകുന്ന സമ്മർദ്ദവും ഉൾക്കൊള്ളേണ്ടതാണ്. പതിനാലാം പഞ്ചവത്സര പദ്ധതി ഈ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനുള്ള ഏകോപിത പ്രവർത്തനങ്ങൾക്ക് ഊന്നൽ നൽകും. നിലവിൽ വിവിധ ഏജൻസികളിലായി വ്യാപിച്ചുകിടക്കുന്ന പരിസ്ഥിതി മാനേജ്മെന്റിന്റെ വിവിധ വശങ്ങൾ ഏകോപിപ്പിക്കുന്നതിനുള്ള ശ്രമങ്ങൾക്കും മുൻഗണന നൽകേണ്ടതുണ്ട്. കാലാവസ്ഥാ വ്യതിയാനം സംബന്ധിച്ച സംസ്ഥാന കർമ്മ പദ്ധതി രൂപീകരിക്കുന്നതിൽ പരിസ്ഥിതി വകുപ്പിന്റെ പങ്ക് ഇക്കാര്യത്തിൽ പ്രത്യേക പ്രാധാന്യമുള്ളതാണ്.

197. കാലാവസ്ഥാ വ്യതിയാനം ലഘൂകരിക്കുന്നതിലും പൊരുത്തപ്പെടുത്തുന്നതിലും പ്രാദേശിക ഇടപെടൽ വിലപ്പെട്ടതാണ്. പ്രാദേശിക തലത്തിൽ കാലാവസ്ഥാ പ്രതിരോധശേഷി വികസിപ്പിക്കുന്നതിന് വിവിധ മേഖലകളിലെ കൂട്ടായ പരിശ്രമം ആവശ്യമുണ്ട്. സുസ്ഥിരമായ അടിസ്ഥാന സൗകര്യവികസനം, തീവ്ര കാലാവസ്ഥാ പ്രശ്നങ്ങളും അവയുടെ ആഘാതവും (വെള്ളപ്പൊക്കവും മണ്ണിടിച്ചിലും ഉൾപ്പെടെ) നേരിടാൻ പ്രാദേശിക മുന്നറിയിപ്പ് സംവിധാനങ്ങളുടെ രൂപീകരണം, നിർമ്മാണ പ്രവർത്തനങ്ങളുടെ നിയന്ത്രണം, പ്രധാന പ്രാദേശിക ആവാസവ്യവസ്ഥാ വിഭവങ്ങളുടെ സംരക്ഷണം എന്നിവ ഇതിൽ ഉൾപ്പെടുന്നു.

198. ജൈവവൈവിധ്യ മാനേജ്മെന്റ് വിശാലമായ പൊതു അവബോധ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുക മാത്രമല്ല, സുസ്ഥിരമായ നിരീക്ഷണം ഉൾപ്പെടെ വ്യക്തമായ മുൻഗണനകളോട് പ്രായോഗികവും നിർദ്ദിഷ്ടവുമായ കാര്യങ്ങൾ കൂടി കൈകാര്യം ചെയ്യേണ്ടിയിരിക്കുന്നു. പ്രത്യുൽപാദന സവിശേഷതയും ജീവികളുടെ സ്ഥലപരമായ ചലനവും ഉൾപ്പെടെയുള്ള പ്രധാന പ്രേരകശക്തികളെ ദീർഘകാലത്തേക്ക് നിരീക്ഷിക്കേണ്ടതുണ്ട്. തീരപ്രദേശങ്ങളിലെ കണ്ടൽക്കാടുകൾ പുനഃസ്ഥാപിക്കാൻ ലക്ഷ്യമിട്ടുള്ള നടപടികളുമുണ്ടാകേണ്ടിയിരിക്കുന്നു.

## 7.2 ദുരന്ത നിവാരണം

199. ദുരന്തനിവാരണത്തിനും വീണ്ടെടുക്കലിനും വേണ്ടിയുള്ള കേരളത്തിന്റെ സാമൂഹികകൂട്ടായ്മയുടെ അനുഭവം നല്ല രീതിയിൽ അംഗീകരിക്കപ്പെട്ടിരിക്കുന്നു. പതിമൂന്നാം പഞ്ചവത്സര പദ്ധതിയുടെ മിക്കവാറും എല്ലാ വർഷങ്ങളിലും തുടർച്ചയായി ഉണ്ടായ ദുരന്തങ്ങളുടെ ഒരു പരമ്പര കൈകാര്യം ചെയ്യുന്നതിന് സർക്കാരും കേരള സമൂഹത്തിലെ എല്ലാ വിഭാഗം ജനങ്ങളും ചേർന്ന് നടത്തിയ പരിശ്രമം, സംസ്ഥാനത്തെ സഹായിച്ചു. ഈ പ്രകടനവും ശേഷിയും ഭാവിയിലേക്കുള്ള വിലപ്പെട്ട വിഭവങ്ങളാണ്.

200. ദുരന്തസാധ്യത ലഘൂകരിക്കുന്നതിനുള്ള പ്രതിരോധ പ്രവർത്തനങ്ങളിലും, പ്രത്യേകിച്ചും സാമൂഹിക ക്ഷേമത്തിന്റെ ആവശ്യങ്ങളുമായി പ്രാദേശിക പാരിസ്ഥിതിയുടേയും ആവാസവ്യവസ്ഥയുടെയും പ്രത്യേകതകൾ സമന്വയിപ്പിക്കുന്ന എഞ്ചിനീയറിംഗ് പരിഹാരങ്ങളുമായി ബന്ധപ്പെട്ടും സംസ്ഥാനം കൂടുതൽ ശ്രദ്ധ ചെലുത്തും.

201. കാലാവസ്ഥയോടു പൊരുത്തപ്പെട്ടുപോവുന്ന പശ്ചാത്തല സൗകര്യ വികസനവും മാനേജ്മെന്റും ഏറ്റെടുക്കുന്നതിനു സുപ്രധാനമായിട്ടു ശാസ്ത്രവും സാങ്കേതികവിദ്യയും തുടരുന്നു. വിവിധ അപകടങ്ങൾ മൂലമുണ്ടാകുന്ന ദുരന്ത സാധ്യതകളെ തുടർച്ചയായ പഠനങ്ങളിലൂടെ സംസ്ഥാനം മാപ്പ് ചെയ്തിട്ടുണ്ട്. ആവർത്തിച്ചുള്ള കനത്ത മഴയും തുടർന്നുള്ള വെള്ളപ്പൊക്കവും മണ്ണിടിച്ചിലും ഉണ്ടാകാനുള്ള കാരണങ്ങളെക്കുറിച്ചും ഉചിതമായ നയ പ്രതികരണങ്ങളെക്കുറിച്ചുമുള്ള റിപ്പോർട്ട് (സംസ്ഥാന ആസൂത്രണ ബോർഡ് നിയോഗിച്ചത് ) ഇതിൽ ഉൾപ്പെടുന്നു.

202. ദേശീയ ദുരന്ത നിവാരണ അതോറിറ്റി (എൻഡിഎംഎ) പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ചാണ് സംസ്ഥാന ദുരന്ത നിവാരണ പദ്ധതി (എസ്ഡിഎംപി) 2016–ൽ തയ്യാറാക്കിയിട്ടുള്ളത്. ദേശീയ ദുരന്ത നിവാരണ അതോറിറ്റി 2019 നവംബറിൽ ദേശീയ ദുരന്ത നിവാരണ പദ്ധതി പരിഷ്ക്കരിക്കുകയും കാലോചിതമാക്കുകയും ചെയ്തു. പുതുക്കിയ ദേശീയ പദ്ധതിയും ദുരന്ത സാധ്യത കുറയ്ക്കാനുള്ള (2015–2030) സെൻഡായി ചട്ടക്കൂടും(Sendai Frame work), സുസ്ഥിര വികസന ലക്ഷ്യങ്ങൾ (SDGs), കാലാവസ്ഥാ വ്യതിയാനത്തെക്കുറിച്ചുള്ള പാരീസ് ഉടമ്പടി (COP 21) തുടങ്ങിയ മറ്റ് അന്താരാഷ്ട്ര കരാറുകളുമായി യോജിച്ച് പ്രവർത്തിക്കാൻ ശ്രമിക്കുന്നു. എസ്ഡിഎംഎ നിലവിൽ എസ്ഡിഎംപി കാലോചിതമാക്കുന്ന പ്രക്രിയയിലാണ്. പതിനാലാം പഞ്ചവത്സര പദ്ധതി കാലത്തെ നയരൂപീകരണങ്ങൾക്ക് പുതുക്കിയ എസ്ഡിഎംപി മാർഗ്ഗ ദർശകമായിരിക്കും. എസ്ഡിഎംപി തയ്യാറാക്കുമ്പോൾ, ഇനിപ്പറയുന്ന ആശയങ്ങൾ പരിഗണിക്കേണ്ടതുണ്ട്:

i. ***കാലാവസ്ഥാ വ്യതിയാന സംസ്ഥാന കർമ്മ പദ്ധതി (എസ്എപിസിസി).*** കാലാവസ്ഥാ വ്യതിയാന സംസ്ഥാനതല കർമ്മ പദ്ധതി റിപ്പോർട്ട് കേരള സർക്കാർ ഇപ്പോൾ തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്. ദേശീയ തന്ത്രങ്ങളും നയങ്ങളും പ്രാദേശിക പ്രവർത്തനങ്ങളിലേക്ക് പരിവർത്തനം ചെയ്യുന്നതിനും സംസ്ഥാനത്ത് സവിശേഷമായുണ്ടാവുന്ന അപകട സാധ്യതകൾ തിരിച്ചറിയുന്നതിനും അതിനനുസൃതമായ പ്രവർത്തനങ്ങൾക്കായി ഒരു സംയോജിത പദ്ധതി തയ്യാറാക്കുന്നതിനും കാലാവസ്ഥാ വ്യതിയാന സംസ്ഥാന പ്രവർത്തന പദ്ധതി (എസ്.എ.പി.സി.സി) സഹായിക്കും. എസ്ഡിഎംപി തയ്യാറാക്കുമ്പോൾ എസ്ഡിഎംഎ അതിന്റെ നിർദ്ദേശങ്ങൾ എസ്.എ.പി.സി.സിയുമായി സംയോജിപ്പിക്കേണ്ടതുണ്ട്.

ii. ***ഓഖി ചുഴലിക്കാറ്റിൽ നിന്നും വെള്ളപ്പൊക്കത്തിൽ നിന്നുമുള്ള പാഠങ്ങൾ.*** 2016 ലെ സംസ്ഥാന ദുരന്ത നിവാരണ പദ്ധതിക്ക് (എസ്ഡിഎംപി) ശേഷം പ്രകൃതി ദുരന്തങ്ങൾ കൈകാര്യം ചെയ്യുന്നതിൽ നിന്ന് കാര്യമായ പാഠങ്ങൾ ഉൾക്കൊണ്ടിട്ടുണ്ട്. പുതിയ എസ്ഡിഎംപി തയ്യാറാക്കുമ്പോൾ അപകടസാധ്യത കുറയ്ക്കുന്നതിനും നഷ്ടം ലഘൂകരിക്കുന്നതിനുമുള്ള പാഠങ്ങൾ തിരിച്ചറിയുകയും ഉൾപ്പെടുത്തുകയും വേണം. ദുരന്താനന്തര മാനേജ്മെന്റിൽ നിന്നും വീണ്ടെടുക്കലിൽ നിന്നും പഠിക്കുന്ന പാഠങ്ങൾ വിവിധ സർക്കാർ വകുപ്പുകളിലും ഏജൻസികളിലും ദുരന്ത നിവാരണ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിന് സഹായിക്കും.

iii. ***പ്രാദേശിക സർക്കാരുകളും ദുരന്തനിവാരണവും.*** പ്രാദേശിക സർക്കാരുകൾ മുഖേനയുള്ള സാമൂഹിക കൂട്ടായ്മയിലൂടെ കേരളം നേടിയ വിജയം സമീപകാലത്ത് പ്രകൃതി ദുരന്തങ്ങളെ നേരിടുന്നതിൽ പ്രധാന പങ്ക് വഹിച്ചു. പ്രാദേശിക സർക്കാരുകളുടെ നിർദ്ദിഷ്ട ദുരന്ത നിവാരണ പദ്ധതികൾ വഴി ലോക്കൽ ഗവൺമെന്റ് പ്ലാനുകൾ ഡിസാസ്റ്റർ റിസ്ക് മാനേജ്മെന്റ് എത്തിക്കുന്ന ഈ പ്രക്രിയയെ സഹായിക്കും. പതിനാലാം പഞ്ചവത്സര പദ്ധതി പരിശീലനത്തിലൂടെയും ഭൗതികവും ആശയവിനിമയപരവുമായ അടിസ്ഥാന സൗകര്യങ്ങൾ പ്രദാനം ചെയ്യുന്നതിലൂടെയും പ്രാദേശിക സാമൂഹിക ശേഷി വളർത്തുന്നതിനുള്ള ശ്രമങ്ങളെ പിന്തുണയ്ക്കും.

iv. ***അനുയോജ്യമായ പശ്ചാത്തലസൗകര്യം.*** വൈദ്യുതി, ഗതാഗതം, വാർത്താവിനിമയ അടിസ്ഥാന സൗകര്യങ്ങൾ എന്നിവ ദുരന്ത പ്രതികരണത്തിൽ നിർണായക പങ്ക് വഹിക്കുന്നു. വൈദ്യുതി, ഗതാഗതം, വാർത്താവിനിമയം എന്നിവയ്ക്കായി ഏജൻസി തലത്തിലുള്ള സമഗ്ര ദുരന്ത നിവാരണ, വീണ്ടെടുക്കൽ പദ്ധതി വികസിപ്പിക്കുന്നതിനുള്ള എസ്ഡിഎംഎയുടെ ശ്രമങ്ങളെ പതിനാലാം പദ്ധതി പിന്തുണയ്ക്കും.

v. ***ഡിജിറ്റൽ, സ്പേഷ്യൽ ടെക്നോളജി.*** തുടർച്ചയായി പ്രവർത്തിക്കുന്ന റഫറൻസ് സ്റ്റേഷൻസ് (CORS) ഉൾപ്പെടെ അത്യാധുനിക സ്പേഷ്യൽ സാങ്കേതികവിദ്യയിൽ കേരള സർക്കാർ നിക്ഷേപം നടത്തിയിട്ടുണ്ട്. ഒട്ടുമിക്ക വികസിത രാജ്യങ്ങളും ദുരന്തനിവാരണ ആസൂത്രണത്തിനും പ്രതികരണത്തിനും CORS സാങ്കേതിക വിദ്യ ഉപയോഗിക്കുന്നു. ദുരന്തത്തെ നേരിടുന്നതിനും അതിജീവിക്കാനും കഴിയുന്ന ഒരു കേരളം കെട്ടിപ്പടുക്കാനുള്ള ശ്രമങ്ങളെ സഹായിക്കുന്നതിനായി ഈ സാങ്കേതികവിദ്യകൾ ഉപയോഗിക്കുന്നതിനുള്ള സംവിധാനം പുതിയ SDMP യിൽ ഉൾപ്പെടുത്തിയിരിക്കണം.

## 7.3 വനസംരക്ഷണം

203. കേരളത്തിലെ മൊത്തം ഭൂവിസ്തൃതി ഇന്ത്യയുടെ ഭൂവിസ്തൃതിയുടെ 1.2 ശതമാനം മാത്രമാണെങ്കിലും കേരളത്തിന്റെ വനവിസ്തൃതി ഇന്ത്യയുടെ വനവിസ്തൃതിയുടെ 2.3 ശതമാനമാണ്. കേരളത്തിലെ വനങ്ങൾ ജൈവവൈവിധ്യത്താൽ സമ്പന്നവും, അപൂർവവും, വംശനാശഭീഷണി നേരിടുന്നതുമായ സസ്യജന്തുജാലങ്ങളുടെ ശേഖരവുമാണ്, അതുകൊണ്ടുതന്നെ പരിസ്ഥിതി സുസ്ഥിരതയ്ക്ക് വനങ്ങൾ അത്യന്താപേക്ഷിതമാണ്. സംസ്ഥാനത്ത് രേഖപ്പെടുത്തിയ വനവിസ്തൃതി 11,521.9 ചതുരശ്ര കിലോമീറ്ററാണ്, അതായത് സംസ്ഥാനത്തിന്റെ ഭൂവിസ്തൃതിയുടെ ഏകദേശം 29.7 ശതമാനം (വനങ്ങളുടെ യഥാർത്ഥ വിസ്തീർണ്ണം ഇതിലും കൂടുതലായിരിക്കാം). ഫോറസ്റ്റ് സർവേ ഓഫ് ഇന്ത്യയുടെ (എഫ്.എസ്.ഐ) 2021 ലെ വിലയിരുത്തലിൽ നിന്നുള്ള വസ്തുതകൾ സൂചിപ്പിക്കുന്നത്, വനങ്ങളുടെ മൊത്തം വിസ്തീർണ്ണം (ഈ ഡാറ്റായിൽ തോട്ടങ്ങളും ഉൾപ്പെടുന്നു) 21,253 ചതുരശ്ര കിലോമീറ്ററാണ്, അതായത് സംസ്ഥാനത്തിന്റെ ഭൂവിസ്തൃതിയുടെ 54.7 ശതമാനം.

204. പതിമൂന്നാം പഞ്ചവത്സര പദ്ധതിയിൽ ഈ മേഖലയിൽ വന സംരക്ഷണത്തിലും പരിപാലനത്തിലും ആയിരുന്നു ശ്രദ്ധ കേന്ദ്രീകരിച്ചിരുന്നത്. ഈ ഊന്നൽ തുടരുമെങ്കിലും, വനങ്ങളിലെ ജലസുരക്ഷ വർദ്ധിപ്പിക്കുക, മനുഷ്യ-വന്യജീവി സംഘർഷങ്ങൾ കുറയ്ക്കുക, വനത്തെ ആശ്രയിച്ചു കഴിയുന്ന വിഭാഗങ്ങളുടെ ജീവിതവും ഉപജീവനവും സുരക്ഷിതമാക്കുക, കാലാവസ്ഥാ വ്യതിയാനത്തിനെതിരെയുള്ള സുരക്ഷാ കവചമായി വനങ്ങളെ വികസിപ്പിക്കുക എന്നിവയിലും പതിനാലാം പഞ്ചവത്സരപദ്ധതി പ്രത്യേക ശ്രദ്ധ ചെലുത്തും.

205. 2018 ലെയും 2019 ലെയും വെള്ളപ്പൊക്കവും മണ്ണിടിച്ചിലും കേരളത്തിലെ വനങ്ങളിൽ ദൂരവ്യാപകമായ പ്രത്യാഘാതങ്ങൾ ഉണ്ടാക്കി. ഇത് സസ്യാവരണത്തിലെ വ്യാപകമായ നഷ്ടം, മണ്ണിടിച്ചിൽ, സമ്പുഷ്ടമായ മേൽമണ്ണിന്റെ നഷ്ടം എന്നിവയ്ക്ക് കാരണമായി. തൽഫലമായുണ്ടായ നാശം വനത്തിന്റെ അടിത്തട്ടിൽ ജലം ശേഖരിച്ചു നിർത്താനുള്ള ശേഷിയെ

പ്രതികൂലമായി ബാധിച്ചു. പതിനാലാം പഞ്ചവത്സര പദ്ധതി, മലനിരകൾ മുതൽ താഴ്‌വര വരെയുള്ള, വന ആവാസവ്യവസ്ഥകൾ, കാർഷിക ആവാസവ്യവസ്ഥകൾ എന്നിവയെ ഉൾക്കൊള്ളുന്ന നീർത്തടങ്ങൾക്കായി സമഗ്രമായ കർമ്മ പദ്ധതികൾ വിഭാവനം ചെയ്യുന്നു. ജൈവവൈവിധ്യ സംരക്ഷണവും വന്യജീവിസംരക്ഷണവുമായി ബന്ധപ്പെട്ട്, വനത്തിനുള്ളിലെ മനുഷ്യവാസത്തെ നിരുത്സാഹപ്പെടുത്തുന്നതിനും സുപ്രധാന ആവാസവ്യവസ്ഥകളുടെ നാശംകുറയ്ക്കുന്നതിനും വന്യജീവി ഇടനാഴികൾ പരിപാലിക്കുന്നതിനുമുള്ള ശ്രമങ്ങൾക്കായിരിക്കും പദ്ധതിയിൽ മുൻഗണന നൽകുക.

206. മനുഷ്യ–വന്യജീവി സംഘർഷങ്ങൾ സങ്കീർണ്ണമായ പ്രശ്നമാണ്, ഈ പ്രശ്നം പരിഹരിക്കുന്നതിനുള്ള വിവിധ മാർഗ്ഗങ്ങൾക്ക് പദ്ധതി പിന്തുണ തുടരും. ഉയർന്ന നഷ്ടപരിഹാരം ആവശ്യപ്പെടുന്നത് വർദ്ധിക്കുന്നതുപോലെ ഇത്തരം സംഘർഷങ്ങളുടെ എണ്ണവും സമീപ വർഷങ്ങളിൽ വർദ്ധിച്ചുവരികയാണ്. ദീർഘ–ഹ്രസ്വകാല പ്രതിരോധ–ലഘൂകരണ നടപടികൾ ഉൾപ്പെടുന്ന മനുഷ്യ–വന്യജീവി ഇടപെടലിനെക്കുറിച്ചുള്ള സമഗ്രമായ ഒരു തന്ത്രത്തിന്റെ രൂപകൽപ്പനയും നടപ്പാക്കലും പദ്ധതിയിൽ വിഭാവനം ചെയ്യുന്നുണ്ട്.

# 8. പ്രാദേശിക സർക്കാരുകൾ

207. കേരളത്തിലെ ജനകീയാസൂത്രണ പ്രസ്ഥാനത്തിന്റെ ഇരുപത്തിയഞ്ചാം വാർഷികത്തിന് 2021 സാക്ഷ്യം വഹിച്ചു. ജനകീയാസൂത്രണ പരിപാടി പ്രാദേശിക സർക്കാരുകളിൽ അടിസ്ഥാനപരമായ പുനഃസംഘടന കൊണ്ടുവരികയും സമൂഹത്തിൽ പ്രാദേശിക സർക്കാരുകളുടെ സ്ഥാനവും പങ്കും വലിയ രീതിയിൽ വർദ്ധിപ്പിക്കുകയും ചെയ്തു. കഴിഞ്ഞ 25 വർഷമായി സംസ്ഥാനത്ത് സാമൂഹ്യ ക്ഷേമം, സാമൂഹ്യ നീതി, സാമൂഹ്യ സുരക്ഷാ പദ്ധതികൾ നടപ്പിലാക്കുന്നതിൽ പ്രാദേശിക സർക്കാരുകൾ സുപ്രധാന പങ്ക് വഹിച്ചു. പ്രളയകാലത്തും മഹാമാരിയിലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ജനങ്ങളുടെ വിശ്വാസത്തിന്റെ കലവറയാണെന്ന് തെളിയിച്ചു. ഈ കാലഘട്ടങ്ങളിൽ, അവർ പൗര സഹകരണത്തിന്റെ വിശാലവും അദ്ഭുതപൂർവവുമായ ശ്രമങ്ങളുടെ സംഘാടകരും ആയിത്തീർന്നു.

208. ജനകീയ പങ്കാളിത്തത്തിന്റെയും പ്രാദേശിക ജനാധിപത്യത്തിന്റെയും ചാലകമായി പ്രാദേശിക സർക്കാരുകളെ മാറ്റാൻ ഒന്നാം ജനകീയാസൂത്രണ ക്യാമ്പയിൻ സഹായിച്ചെങ്കിൽ, അവരുടെ ചരിത്രത്തിലെ അടുത്ത ഘട്ടം പ്രാദേശിക സർക്കാരുകളെ വളർച്ചയുടെ ചാലകമായി മാറ്റണം എന്നതാണ്. പ്രാഥമിക മേഖലയിലെ ഉൽപ്പാദനവും ഉൽപാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിനും, ദ്വിതീയ, സേവന മേഖലകളിലെ വളർച്ചയും തൊഴിലവസരങ്ങളും സൃഷ്ടിക്കുന്നതിനും ഉത്തേജിപ്പിക്കുന്നതിനും, ശാസ്ത്രീയമായ പ്രകൃതിവിഭവ മാനേജ്മെന്റ് പ്രോത്സാഹിപ്പിക്കുന്നതിനും, സമഗ്രവികസനത്തിനും ദാരിദ്ര്യ ലഘൂകരണത്തിനും പ്രോൽസാഹനം നൽകുന്നതിനും, സേവന വിതരണത്തിന്റെ ഗുണനിലവാരം വർദ്ധിപ്പിക്കുന്നതിനും പ്രാദേശിക സർക്കാരുകളുടെ സജീവ പങ്ക് പതിനാലം പഞ്ചവത്സര പദ്ധതി വിഭാവനം ചെയ്യുന്നു.

209. സംസ്ഥാന പദ്ധതി അടങ്കലിന്റെ 25 ശതമാനത്തിലധികം വിഹിതം തദ്ദേശ ഭരണസ്ഥാപനങ്ങൾക്ക് കൈമാറുന്ന ഏക സംസ്ഥാനമാണ് കേരളം. ഗ്രാമവികസന-നഗരവികസന പദ്ധതികൾ, പ്രാദേശിക സർക്കാരുകൾ മുഖേന നടപ്പിലാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതികൾ, മറ്റു അനുബന്ധ പരിപാടികൾ എന്നിവ കൂടി കണക്കാക്കുമ്പോൾ യഥാർത്ഥത്തിൽ പ്രാദേശിക സർക്കാരുകൾ വഴിയാണ് പ്ലാൻ ബജറ്റിന്റെ 40 ശതമാനത്തോളം വിനിയോഗിക്കപ്പെടുന്നത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് സംസ്ഥാനം ഉപാധിരഹിത ഫണ്ട് നൽകുമ്പോൾ, പതിനഞ്ചാം ധനകാര്യ കമ്മീഷൻ വിവിധ നിബന്ധനകൾ പ്രാദേശിക സർക്കാരുകൾക്കുമേൽ ഏർപ്പെടുത്തുന്നത് അവരുടെ മുൻഗണനകളെയും സംസ്ഥാനത്തിന്റെ വികസന മുൻഗണനകളെയും പ്രതികൂലമായി ബാധിച്ചു.

210. കേരള സർക്കാരിന്റെ വിപുലമായ പദ്ധതികളുടെയും പരിപാടികളുടെയും വിജയത്തിന് പ്രാദേശിക സർക്കാരുകളുടെ ഇടപെടലുകൾ നിർണായകമാണ്. പദ്ധതികൾ നടപ്പിലാക്കുന്നതിൽ പ്രാദേശിക സർക്കാരുകൾ സുപ്രധാന പങ്ക് വഹിക്കുകയും ചെയ്യുന്നു. അവയിൽ ചില പദ്ധതികൾ മാത്രം ഇവിടെ പ്രതിപാദിക്കുന്നു.

211. കൃഷി, മൃഗസംരക്ഷണം, ക്ഷീരവികസനം, മത്സ്യബന്ധനം എന്നിവയിൽ ഉൽപ്പാദനവും ഉൽപ്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിനുള്ള പ്രാദേശിക സർക്കാരുകളുടെ ശ്രമങ്ങളെ പതിനാലാം പഞ്ചവത്സര പദ്ധതി പിന്തുണയ്ക്കും.

212. വ്യവസായത്തിലും സേവനങ്ങളിലും തൊഴിലവസരങ്ങളുടെ വളർച്ചയ്ക്ക് പ്രാദേശിക സർക്കാരുകൾ സൗകര്യമൊരുക്കണം. നിക്ഷേപവുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ ലളിതമാക്കുന്നതിനും അതുവഴി സംസ്ഥാനത്തെ എല്ലാ തലങ്ങളിലും വ്യാവസായികവും മറ്റ് രൂപങ്ങളിലുമുള്ള മൂലധന നിക്ഷേപങ്ങളുടെ വളർച്ച പ്രോത്സാഹിപ്പിക്കുന്നതിലും പ്രാദേശിക സർക്കാരുകൾ നിർണായകമാണ്. കുടുംബശ്രീ പരിപാടികളെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വികസന പരിപാടികളുമായി സംയോജിപ്പിച്ച്, അവർ ഏറ്റെടുക്കുന്ന വികസന ഇടപെടലുകളുടെയും സംരംഭങ്ങളുടെയും വ്യാപ്തി വിപുലീകരിച്ച് കൂടുതൽ ശക്തിപ്പെടുത്തും.

213. മഹാമാരിയും പ്രവാസികളുടെ വലിയ തോതിലുള്ള മടങ്ങിവരവും തൊഴിലില്ലായ്മ രൂക്ഷമാക്കിയിരിക്കുന്നു. തൊഴിൽ സൃഷ്ടിക്കുന്നതിനുള്ള പ്രാദേശിക സർക്കാർ പരിപാടികളെ, പ്രത്യേകിച്ച് സ്ത്രീകളെ കേന്ദ്രീകരിച്ചുള്ള പരിപാടികളെ ഈ പദ്ധതി പിന്തുണയ്ക്കും.

214. പതിനാലാം പഞ്ചവത്സര പദ്ധതി കാലയളവിൽ പ്രാദേശിക സർക്കാരുകൾ സ്വയം നിശ്ചയിച്ചിട്ടുള്ള ഒരു പ്രധാന ദൗത്യം പൊതുജനങ്ങൾക്കായുള്ള സേവനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുകയും ഒരു കൂട്ടം സേവനങ്ങൾ, പ്രത്യേകിച്ച് മുതിർന്ന പൗരന്മാർക്കും ഭിന്നശേഷിക്കാർക്കും വേണ്ടിയുള്ള സേവനങ്ങൾ വാതിൽപ്പടിയിൽ ലഭ്യമാക്കുകയും ചെയ്യും എന്നതാണ്.

215. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ (എം.ജി.എൻ.ആർ. ഇ.ജി.എസ്.) വ്യവസ്ഥകൾ പ്രാഥമിക മേഖലയിലെ ഉൽപ്പാദനത്തിനും സാമൂഹിക ആസ്തി സൃഷ്ടിക്കുന്നതിനുമുള്ള പ്രാദേശികതല വികസന പരിപാടികളുമായി സംയോജിപ്പിക്കാൻ പ്രാദേശിക സർക്കാരുകൾക്ക് പദ്ധതിയുണ്ട്. രാജ്യത്ത് നഗര തൊഴിലുറപ്പ് പദ്ധതികൾക്ക് തുടക്കമിട്ടത് കേരളമാണ്. പതിനാലാം പഞ്ചവത്സര പദ്ധതി കാലയളവിൽ അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി (AUEGS) ശക്തിപ്പെടുത്തും.

216. പട്ടികജാതി–പട്ടികവർഗ വിഭാഗങ്ങളിലെ ജനങ്ങളുടെ ക്ഷേമത്തിനായി പദ്ധതികൾ ആസൂത്രണം ചെയ്യുന്ന കാര്യത്തിൽ പ്രാദേശിക സർക്കാരുകൾക്ക് പ്രത്യേക കടമയുണ്ട്. ഈ മേഖലയിൽ ക്ഷേമവും തൊഴിലും വരുമാനവും വർദ്ധിപ്പിക്കുന്നതിന് പട്ടികജാതി ഉപപദ്ധതി, പട്ടികവർഗ്ഗ ഉപപദ്ധതി, തദ്ദേശസ്വയംഭരണ വികസന ഫണ്ടുകൾ എന്നിവ വിനിയോഗിക്കാനുള്ള പ്രാദേശിക സർക്കാരുകളുടെ ശ്രമങ്ങളെ പതിനാലാം പഞ്ചവത്സര പദ്ധതി പിന്തുണയ്ക്കും.

217. സ്ത്രീകൾ, കുട്ടികൾ, ട്രാൻസ്ജെൻഡർമാർ, ഭിന്നശേഷിക്കാർ, മുതിർന്ന പൗരന്മാർ, പാലിയേറ്റീവ് പരിചരണത്തിന് കീഴിലുള്ളവർ എന്നിവരുടെ

പ്രത്യേക ആവശ്യങ്ങൾക്കായി രൂപകൽപ്പന ചെയ്തിരിക്കുന്ന പരിപാടികൾ ഉൾപ്പെടുന്ന പ്രത്യേക മേഖലാ പരിപാടികളുടെ ഒരു ശ്രേണി പ്രാദേശിക സർക്കാരുകൾ നടപ്പിലാക്കുന്നു. പതിനാലാം പഞ്ചവത്സര പദ്ധതിയിലും ഇത്തരം സംവിധാനങ്ങളെ പിന്തുണയ്ക്കുന്നത് തുടരും.

218. കേരള സർക്കാർ നടപ്പാക്കി വന്നിരുന്ന നാല് മിഷനുകൾ – ഹരിതകേരളം, ഉപജീവന ഉൾപ്പെടുത്തലും സാമ്പത്തിക ശാക്തീകരണവും (ലൈഫ്), ആർദ്രം (ആരോഗ്യവുമായി ബന്ധപ്പെട്ടത്), പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം (സ്കൂൾ വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട്, ഇപ്പോൾ വിദ്യാ കിരണം എന്ന് പുനർനാമകരണം ചെയ്യപ്പെട്ടിരിക്കുന്നു) എന്നിവയെ ഏകീകൃത നവകേരള കർമ്മ പദ്ധതിയാക്കി മാറ്റി. (നവ കേരള കർമ്മ പദ്ധതി, അല്ലെങ്കിൽ NKKP). ഇത് വിജയകരമായി നടപ്പാക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പങ്ക് നിർണായകമാണ്.

219. ദ്രുതഗതിയിലുള്ള നഗരവൽക്കരണപ്രക്രിയയ്ക്ക് അടിസ്ഥാന സൗകര്യങ്ങൾ, നാഗരിക സൗകര്യങ്ങൾ, പൗരസേവനങ്ങൾ എന്നിവ മെച്ചപ്പെടുത്തുന്നതിനുള്ള പ്രാദേശിക തലത്തിലുള്ള പദ്ധതികളുമായി വിവിധ കേന്ദ്രാവിഷ്കൃത പരിപാടികളും ബാഹ്യ സഹായ പദ്ധതികളും സംയോജിപ്പിക്കുന്നതിന് പ്രാദേശിക സർക്കാരുകളുടെ യോജിച്ച ശ്രമങ്ങൾ ആവശ്യമായിട്ടുണ്ട്. കേരളത്തിന്റെ സവിശേഷമായ ഗ്രാമീണ–നഗര തുടർച്ചയുടെ പശ്ചാത്തലത്തിൽ നഗരവൽക്കരണത്തിന്റെ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിന് പ്രാദേശിക സർക്കാരുകൾക്ക് വ്യക്തമായ ധാരണ ഉണ്ടായിരിക്കേണ്ടതും ആവശ്യമാണ്. സ്ഥലപരാസൂത്രണത്തിന്റെ സാങ്കേതികതകളിലെയും രീതികളിലെയും ആധുനിക സംഭവവികാസങ്ങളിൽ നിന്ന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പാഠങ്ങൾ ഉൾക്കൊള്ളേണ്ടതാണ്. ഈ മേഖലകളിൽ കേരള സർക്കാരിന്റെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും എല്ലാ ശ്രമങ്ങൾക്കും പദ്ധതി പിന്തുണ നൽകും.

220. നഗരവികസനത്തിനായി മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കുക എന്നത് വളരെ ഗൗരവമേറിയ വിഷയമാണ്, അത് ഏറ്റെടുക്കുന്നതാണ്. കേരളത്തിൽ, ഗ്രാമപ്രദേശങ്ങളും നഗരപ്രദേശങ്ങളും തമ്മിലുള്ള വേർതിരിവ് മറ്റ് സംസ്ഥാനങ്ങളെപ്പോലെ അല്ലാത്തതിനാൽ, മാസ്റ്റർ പ്ലാനുകൾക്ക് നഗര–ഗ്രാമ വികസനത്തിന്റെ യോജിപ്പുള്ള വിഷയങ്ങളും പരിഗണിക്കേണ്ടതുണ്ട്.

221. കേരളത്തിലെ ഖര–ദ്രവമാലിന്യ സംസ്കരണത്തിന്റെ പ്രശ്നങ്ങൾ പരിഹരിക്കേണ്ടത് അത്യന്താപേക്ഷിതമാണ്, മാത്രമല്ല ആരോഗ്യം, പരിസ്ഥിതി, വിനോദസഞ്ചാരം എന്നിവയുൾപ്പെടെ സാമൂഹികവും സാമ്പത്തികവുമായ ജീവിതത്തിന്റെ പല വശങ്ങളിലും ഇത് പ്രത്യാഘാതങ്ങൾ ഉണ്ടാക്കുന്നു. നഗര–ഗ്രാമീണ പ്രാദേശിക സർക്കാരുകൾക്ക് ഇക്കാര്യത്തിൽ വലിയൊരു ചുമതലയുണ്ട്.

222. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് സേവനങ്ങൾ നൽകുന്നതിലും ഇന്ത്യയിലും വിദേശത്തുമുള്ള പ്രാദേശിക ഭരണരംഗത്തെ ഉന്നത വിദ്യാഭ്യാസം, ഗവേഷണം, പരിശീലനം എന്നീ മേഖലകളിലെ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട

ത്തുന്നതിനുമുള്ള കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷന്റെ (കില) ശ്രമങ്ങളെ പദ്ധതി പിന്തുണയ്ക്കുന്നതാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വരുമാനം വർധിപ്പിക്കുന്നതിനുള്ള സാങ്കേതിക പഠനങ്ങൾ നടത്തുന്നതിനുള്ള ശ്രമങ്ങളെ പദ്ധതി പിന്തുണയ്ക്കുന്നതാണ്.

223. പ്രാദേശിക വികസന ആസൂത്രണത്തിന് സമഗ്രവും വിശ്വസനീയവുമായ വിവരവ്യൂഹം ആവശ്യമാണ്. ഇൻഫർമേഷൻ കേരള മിഷൻ (ഐകെഎം) രാജ്യത്തെ ഏറ്റവും വലുതും സമഗ്രവുമായ, തദ്ദേശ സ്ഥാപനങ്ങളുടെ കമ്പ്യൂട്ടറൈസേഷൻ സംരംഭമാണ്. ഐകെഎം വികസിപ്പിച്ച മൂന്ന് പ്രധാന ആപ്ലിക്കേഷനുകൾ; തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വികസന പദ്ധതികൾ നിരീക്ഷിക്കുന്നതിനുള്ള എംഐഎസ് ആയ സുലേഖ, സിവിൽ രജിസ്ട്രേഷനും സേവന വിതരണവും കൈകാര്യം ചെയ്യുന്ന സേവന; അക്കൗണ്ടിംഗ്, ഫിനാൻസ് മാനേജ്മെന്റ് എന്നിവ കൈകാര്യം ചെയ്യുന്ന സാംഖ്യ എന്നിവയാണ്. പ്രാദേശിക തലത്തിലുള്ള ആസൂത്രണത്തിനും പ്രാദേശിക സർക്കാരുകൾ ഉപയോഗിക്കുന്ന സോഫ്റ്റ്‌വെയർ ആപ്ലിക്കേഷനുകൾ സംയോജിപ്പിക്കുന്നതിനുള്ള ശ്രമങ്ങൾക്കുമായി ഐകെഎമ്മിന്റെയും മറ്റും ലഭ്യമായ വിവരവ്യൂഹം മെച്ചപ്പെടുത്തുന്നതിനുള്ള ശ്രമങ്ങളെ പതിനാലാം പഞ്ചവത്സര പദ്ധതി പിന്തുണയ്ക്കും.

224. ഐക്യരാഷ്ട്രസഭയുടെ സുസ്ഥിര വികസന ലക്ഷ്യങ്ങളുമായി (SDG) ബന്ധപ്പെട്ട്, സംസ്ഥാനത്തിന്റെ നേട്ടങ്ങൾ നിലനിർത്തുന്നതിനും മെച്ചപ്പെടുത്തുന്നതിനുമുള്ള തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ ശ്രമങ്ങളെ പതിനാലാം പഞ്ചവത്സര പദ്ധതി പിന്തുണയ്ക്കും.

# 9. കലയും സംസ്കാരവും കായികവും

## 9.1 കലയും സംസ്കാരവും

225. പുരോഗമനപരവും ജനാധിപത്യപരവും ബഹുസ്വരവും മതേതരവുമായ സാംസ്കാരിക മൂല്യങ്ങളെയും സ്ഥാപനങ്ങളെയും പിന്തുണയ്ക്കുന്നതിനും സംസ്ഥാനത്തെ കലകൾക്ക് ഊർജസ്വലമായ ഒരു ആവാസവ്യവസ്ഥ സംജാതമാക്കുന്നതിനും പതിനാലാം പഞ്ചവത്സര പദ്ധതി പ്രതിജ്ഞാബദ്ധമാണ്. ജനങ്ങൾക്കായി പൊതു സാംസ്കാരിക സേവനങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള ശ്രമങ്ങളെ ഇത് പിന്തുണയ്ക്കും.

226. കൊച്ചി–മുസിരിസ് ബിനാലെ, ഇന്റർനാഷണൽ ഫിലിം ഫെസ്റ്റിവൽ ഓഫ് കേരള (IFFK), ഇന്റർനാഷണൽ ഡോക്യുമെന്ററി ആൻഡ് ഷോർട്ട് ഫിലിം ഫെസ്റ്റിവൽ ഓഫ് കേരള (IDSFFK), ഇന്റർനാഷണൽ തിയറ്റർ ഫെസ്റ്റിവൽ ഓഫ് കേരള (ITFoK) എന്നിവയാണ് ഇപ്പോൾ ദേശീയ– അന്തർദ്ദേശീയ തലങ്ങളിൽ അറിയപ്പെടുന്ന സംസ്ഥാനത്തെ പ്രധാന സാംസ്കാരിക പരിപാടികൾ. ഈ പരിപാടികൾക്കുള്ള പിന്തുണ പദ്ധതി തുടർന്നും നൽകുന്നതാണ്.

227. വ്യത്യസ്ത സാംസ്കാരിക മണ്ഡലങ്ങളിലെ സർഗ്ഗാത്മക പ്രതിഭകളെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള പരിശീലന പരിപാടികൾക്കും അതിനായി കലാരംഗത്തെ പ്രമുഖരെ ഉപദേശകരായി പങ്കെടുപ്പിക്കാനും പദ്ധതി സഹായിക്കും. ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ നിന്നും ലോകമെമ്പാടുമുള്ള കലാകാരന്മാരെ കേരളം സന്ദർശിക്കാനും കലാപരിപാടികൾ അവതരിപ്പിക്കാനും ക്ഷണിക്കുന്നതിനുള്ള പ്രവർത്തനങ്ങളെ ഈ പദ്ധതി പിന്തുണയ്ക്കും. കേരളവും ലോകത്തിന്റെ മറ്റു ഭാഗങ്ങളും തമ്മിലുള്ള സാംസ്കാരിക വിനിമയ പരിപാടികൾക്കും ജനങ്ങൾ തമ്മിലുള്ള സമ്പർക്കത്തിനും ഇത് പിന്തുണ നൽകും.

228. സാംസ്കാരിക വികസനത്തിന്റെയും, ടൂറിസത്തിന്റെയും സംയോജിത പരിപാടികൾക്ക് സർക്കാർ പിന്തുണ നൽകും.

229. കലാകാരന്മാരുടെ ഉപജീവനമാർഗത്തെ മഹാമാരി ബാധിച്ചിട്ടുണ്ട്. അവരുടെ ഉപജീവനമാർഗങ്ങൾ സംരക്ഷിക്കുന്നതിനും, വരുമാനം വർദ്ധിപ്പിക്കുന്നതിനുമുള്ള പദ്ധതികളെയും പ്രവർത്തനങ്ങളെയും ഈ പദ്ധതി പിന്തുണയ്ക്കും.

230. സംസ്ഥാനത്തിനകത്തും പ്രവാസികൾക്കിടയിലും മറ്റും മലയാള ഭാഷയുടെ വികാസത്തിനും അഭിവൃദ്ധിക്കും പദ്ധതി പ്രോത്സാഹനം നൽകും.

231. കേരളത്തിലെ ഗ്രന്ഥശാലാ പ്രസ്ഥാനത്തിന് സമ്പന്നമായ പാരമ്പര്യമുണ്ട്. എല്ലാ തലങ്ങളിലുമുള്ള ലൈബ്രറികളിൽ പൊതുവായ സോഫ്റ്റ്‌വെയർ ഉപയോഗപ്പെടുത്തുന്നതിനും ലൈബ്രറികൾ തമ്മിലുള്ള പുസ്തക കൈമാറ്റത്തിന് സജീവമായ സംവിധാനം നടപ്പിലാക്കുന്നതിനും ഡിജിറ്റൽ

പുസ്തകങ്ങൾ വാങ്ങുന്നതിനും വായ്പ നൽകുന്നതിനും ഇന്ത്യയിലും, ലോകത്തും മറ്റിടങ്ങളിലെ മികച്ച സമ്പ്രദായങ്ങളിൽ നിന്ന് പഠിക്കാനുള്ള പദ്ധതികളെ പതിനാലാം പഞ്ചവത്സര പദ്ധതി പിന്തുണയ്ക്കും. സംസ്ഥാനത്തുടനീളം വായനാശീലം വളർത്തുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും സംസ്ഥാനം പ്രതിജ്ഞാബദ്ധമാണ്.

232. സംസ്ഥാനത്തെ സ്മാരകങ്ങൾ, സാംസ്കാരിക പുരാവസ്തുക്കൾ, പുരാവസ്തു പ്രദേശങ്ങൾ, പുരാവസ്തു ശേഷിപ്പുകൾ എന്നിവ ഏറ്റെടുക്കുന്നതിനും, സംരക്ഷിക്കുന്നതിനുമുള്ള ശ്രമങ്ങളെ പദ്ധതി പ്രോത്സാഹിപ്പിക്കും. പഞ്ചവത്സര പദ്ധതി സംസ്ഥാനത്തിന്റെ സമ്പന്നമായ പുരാവസ്തു പൈതൃകത്തെക്കുറിച്ചുള്ള അന്വേഷണത്തെയും ഗവേഷണത്തെയും പ്രോത്സാഹിപ്പിക്കുകയും സഹായിക്കുകയും ചെയ്യും. മ്യൂസിയങ്ങളെ സംബന്ധിച്ച്, അടിസ്ഥാന സൗകര്യവികസനത്തിനും സന്ദർശകരുടെ മ്യൂസിയം അനുഭവങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള ശ്രമങ്ങൾക്കും ഈ പദ്ധതി തുടർന്നും പിന്തുണ നൽകും. പതിന്നാലാം പഞ്ചവത്സര പദ്ധതി കാലയളവിൽ, നിരവധി പ്രധാനപ്പെട്ട മ്യൂസിയങ്ങളിൽ ആധുനികവൽക്കരണ പ്രവർത്തനങ്ങൾ പൂർത്തിയാക്കാനും വീണ്ടും തുറക്കാനും കേരള സർക്കാർ ലക്ഷ്യമിടുന്നു. ഇതിൽ തിരുവനന്തപുരം രാജാ രവിവർമ്മ ആർട്ട് ഗാലറി; പഴശ്ശി രാജ മ്യൂസിയം, കോഴിക്കോട്; ശക്തൻ തമ്പുരാൻ പാലസ് മ്യൂസിയം, തൃശ്ശൂർ; കൃഷ്ണപുരം പാലസ് മ്യൂസിയം; തിരുവനന്തപുരം നേപ്പിയർ മ്യൂസിയം എന്നിവ ഉൾപ്പെടുന്നു. പതിനാലാം പഞ്ചവത്സര പദ്ധതി കാലയളവിൽ ഏറ്റെടുക്കുന്ന പുതിയ മ്യൂസിയം പദ്ധതികളിൽ കാലിക്കറ്റ് സിറ്റി മ്യൂസിയം, കോഴിക്കോട്; തെയ്യം മ്യൂസിയം, കണ്ണൂർ; കൈത്തറി മ്യൂസിയം, കണ്ണൂർ; ശ്രീപാദം പാലസ് ഹെറിറ്റേജ് മ്യൂസിയം, തിരുവനന്തപുരം; എ.കെ.ജി മെമ്മോറിയൽ മ്യൂസിയം, കണ്ണൂർ എന്നിവ ഉൾപ്പെടുന്നു.

233. സംസ്ഥാനത്തിന്റെ സമ്പന്നമായ പുരാവസ്തു സമ്പത്ത് സംരക്ഷിക്കുന്നതിന് ശാസ്ത്രീയ സാങ്കേതിക വിദ്യകൾ ഉപയോഗിക്കുന്നതിനുള്ള ശ്രമങ്ങളെ പതിനാലാം പഞ്ചവത്സര പദ്ധതി പിന്തുണയ്ക്കും. തിരുവനന്തപുരം കേരള യൂണിവേഴ്സിറ്റി കാമ്പസിൽ ഇന്റർനാഷണൽ ആർക്കൈവ്സ് ആൻഡ് ഹെറിറ്റേജ് സെന്ററും ഇന്റർനാഷണൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടും നിർമ്മിക്കാനുള്ള ശ്രമങ്ങളെ പദ്ധതി പ്രോത്സാഹിപ്പിക്കും. ഇത് ഗവേഷണം പ്രോത്സാഹിപ്പിക്കുകയും പുരാരേഖാ പഠനങ്ങളെയും ഭരണ നിർവഹണത്തെയും കുറിച്ചുള്ള ആശയങ്ങളുടെ കൈമാറ്റം സുഗമമാക്കുകയും ചെയ്യും.

## 9.2 കായികം

234. പതിനാലാം പഞ്ചവത്സര പദ്ധതി സംസ്ഥാനത്ത് കായികരംഗത്ത് ഊർജസ്വലമായ സംസ്കാരത്തെ പ്രോത്സാഹിപ്പിക്കുകയും അഭിവൃദ്ധിപ്പെടുത്തുകയും ചെയ്യും. പശ്ചാത്തല സൗകര്യ വികസനം, പ്രത്യേക പരിശീലന അക്കാദമികൾ സ്ഥാപിക്കൽ, വിനോദസഞ്ചാരത്തെയും പരമ്പരാഗത കായിക വിനോദങ്ങളെയും ബന്ധിപ്പിക്കൽ തുടങ്ങിയ മേഖലകളിലാണ് പ്രധാന പുതിയ സംരംഭങ്ങൾ.

235. എല്ലാ ജില്ലകളിലും സ്പോർട്സ് കോംപ്ലക്സുകളും എല്ലാ പഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും കായിക സൗകര്യങ്ങളും നിർമ്മിക്കാനുള്ള ശ്രമങ്ങളെ പതിനാലാം പഞ്ചവത്സര പദ്ധതി പിന്തുണയ്ക്കും. എല്ലാ പ്രായത്തിലുമുള്ള ആളുകളുടെ ശാരീരിക ക്ഷമതയും കായിക പങ്കാളിത്തവും പ്രോത്സാഹിപ്പിക്കുന്ന പരിപാടികളേയും പദ്ധതി പിന്തുണയ്ക്കും ഇതിൽ വികലാംഗർക്ക് പ്രത്യേക ശ്രദ്ധ നൽകുകയും ചെയ്യും. കായിക പ്രതിഭകളെ നേരത്തേ കണ്ടെത്തുന്നതിനും പരിശീലകരുടെയും മറ്റ് കായിക ഉദ്യോഗസ്ഥരുടെയും കഴിവുകൾ അന്താരാഷ്ട്ര നിലവാരത്തിന് അനുസൃതമായി ഉയർത്തുന്നതിനുമുള്ള പരിപാടികളെ ഇത് പിന്തുണയ്ക്കും.

236. പതിനാലാം പഞ്ചവത്സര പദ്ധതി കാലയളവിലെ ഒരു പ്രധാന പുതിയ നിർദ്ദേശമായി മുന്നോട്ടുവയ്ക്കുന്നത് തിരഞ്ഞെടുത്ത കായിക ഇനങ്ങളിൽ (ഫുട്ബോൾ, ബാഡ്മിന്റൺ, ബാസ്കറ്റ്ബോൾ, ടെന്നീസ്, വോളിബോൾ, അത് ലറ്റിക്സ് എന്നീ മേഖലകൾ ഉൾപ്പെടുന്നു) പരിശീലനത്തിനായി വളരെ പ്രത്യേകമായ "എലൈറ്റ് അക്കാദമികൾ" സ്വകാര്യ പങ്കാളിത്തത്തോടെ വികസിപ്പിക്കുക എന്നതാണ്.

237. സ്പോർട്സ്, പൊതുവിദ്യാഭ്യാസം, ഉന്നത വിദ്യാഭ്യാസം എന്നീ വകുപ്പുകൾ തമ്മിലുള്ള വലിയ രീതിയിലുള്ള ഏകോപനത്തെ ഈ പദ്ധതി പിന്തുണയ്ക്കുകയും കായിക ശാസ്ത്ര മേഖലയിൽ സർവ്വകലാശാലകളുമായുള്ള സഹകരണം പ്രോത്സാഹിപ്പിക്കുകയും ചെയ്യും.

# 10. പ്രവാസി മലയാളികൾ

238. പ്രവാസികൾ കേരളത്തിന്റെ സാമൂഹിക ജീവിതത്തിന്റെ ഭാഗമാണ്. കേരളത്തിന്റെ സമ്പദ്‌വ്യവസ്ഥയുടെയും, സമൂഹത്തിന്റെയും, സംസ്കാരത്തിന്റെയും വിവിധ തലങ്ങളിൽ അവർ സജീവ സാന്നിദ്ധ്യമായി ഇടപെടുന്നു. പുതിയ സാങ്കേതികവിദ്യകൾ പ്രവാസികളും സംസ്ഥാനവും തമ്മിലുള്ള ബന്ധം കൂടുതൽ ശക്തിപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാന മൊത്ത ആഭ്യന്തര ഉൽപാദനത്തിന്റെയും കേരളത്തിന്റെ സാമ്പത്തിക വളർച്ചയുടെയും നിർണായക ഘടകവും വളരെ പ്രധാനപ്പെട്ട ഭാഗവുമാണ് പ്രവാസികൾ അയയ്ക്കുന്ന പണം (റെമിറ്റൻസസ്). പണമയയ്ക്കൽ വഴിയുള്ള വരുമാനം വിപണിയെ വിപുലപ്പെടുത്തുകയും കേരളത്തിൽ ഉൽപ്പാദിപ്പിക്കുന്ന ഭൗതികവും സാംസ്കാരികവുമായ ഉൽപന്നങ്ങൾക്ക് ചോദനം (ഡിമാൻഡ്) സൃഷ്ടിക്കുകയും ചെയ്തു.

239. പ്രവാസലോകത്തിന് പുതിയൊരു ആത്മവിശ്വാസം നൽകുന്ന ഒന്നാണ് ഇന്നത്തെ കേരള സർക്കാർ. വിവിധ പരിപാടികളിൽ സർക്കാരുമായി ചേർന്ന് പ്രവർത്തിക്കാനും സഹകരിക്കാനുമുള്ള പ്രവാസികളുടെ സന്നദ്ധത പതിമൂന്നാം പഞ്ചവത്സര പദ്ധതിക്കാലയളവിൽ പ്രകടമായിരുന്നു. പതിമൂന്നാം പഞ്ചവത്സര പദ്ധതിക്കാലത്ത് രൂപീകരിച്ച ലോക കേരള സഭ, സംസ്ഥാനത്തെ സംവാദങ്ങളിലും സാമൂഹിക പ്രക്രിയകളിലും പങ്കെടുക്കാനും പ്രവാസികളെപ്പറ്റിയും കുടിയേറ്റത്തെപ്പറ്റിയും അവർ അനുഭവിക്കുന്ന ബുദ്ധിമുട്ടുകളെക്കുറിച്ചും ചർച്ച ചെയ്യാൻ അംഗങ്ങൾക്ക് അവസരം നൽകി. പതിനാലാം പഞ്ചവത്സര പദ്ധതി ലോക കേരള സഭയെ പിന്തുണയ്ക്കുന്നത് തുടരും.

240. കേരളത്തിലെ വിദേശജനതയെ സാമ്പത്തിക വികസനത്തിൽ പങ്കാളികളാകാനും,ഒപ്പംസമ്പാദ്യവുംനിക്ഷേപവുംപ്രോത്സാഹിപ്പിക്കുന്നതിനായി ശ്രമിക്കുന്ന സർക്കാരിന്റെ എല്ലാ പരിപാടികൾക്കും ഈ പദ്ധതി തുടർന്നും പിന്തുണ നൽകും. വിദഗ്ദ്ധ തൊഴിലാളികൾ, പ്രൊഫഷണലുകൾ, ശാസ്ത്രജ്ഞർ, സാമൂഹിക ശാസ്ത്രജ്ഞർ, മറ്റ് വിദഗ്ധർ എന്നിവരുടെ കഴിവുകൾ കേരളത്തിന്റെ വികസന പ്രവർത്തനങ്ങളിൽ സംഭാവന ചെയ്യാൻ പദ്ധതി പ്രോത്സാഹിപ്പിക്കും. അവർക്ക് സംഭാവന ചെയ്യാൻ കഴിയുന്ന മേഖലകൾ കണ്ടെത്തുന്ന ദൗത്യം അടിയന്തരമായി ഏറ്റെടുക്കണം.

241. മഹാമാരിയുടെ സമയത്ത്, പ്രധാനമായും ഗൾഫ് കോ-ഓപ്പറേഷൻ കൗൺസിൽ (ജിസിസി) മേഖലയിൽ നിന്ന് 15 ലക്ഷത്തിലധികം പ്രവാസികൾ കേരളത്തിലേക്ക് മടങ്ങിവന്നു. മടങ്ങിവരുന്ന പ്രവാസികളുടെ സാമ്പത്തിക സ്ഥിതി കേരള സർക്കാരിനെ സംബന്ധിച്ചിടത്തോളം അത്യന്തം ആശങ്കാജനകമാണ്, മടങ്ങിവരുന്ന പ്രവാസികൾക്ക് നിക്ഷേപം, നൈപുണ്യം, പുനർ നൈപുണ്യം എന്നിവയ്ക്ക് അവസരങ്ങൾ സൃഷ്ടിക്കുന്നതിനും തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും കൂടാതെ കേരളത്തിലെ ഒരു താമസക്കാരന് ലഭ്യമായ വിവിധ തരത്തിലുള്ള സാമൂഹിക സഹായങ്ങൾ ഉറപ്പ് വരുത്തുന്നതിനും പ്രയത്നിക്കുന്നു. തിരിച്ചു വിദേശത്ത് ജോലിയിൽ

പ്രവേശിക്കാൻ ഉദ്ദേശിക്കുന്നവരെ സഹായിക്കാനും ശ്രമിക്കുന്നു. കേരള പ്രവാസി വെൽഫെയർ ബോർഡിന്റെ പ്രവർത്തനങ്ങൾ വിപുലീകരിക്കും.

242. പ്രവാസികളുടെ താല്പര്യങ്ങളും ക്ഷേമവും സംരക്ഷിക്കുന്നതിനായി കേരള സർക്കാർ നിർദ്ദേശിക്കുന്ന നിയമപരവും ഭരണപരവും സാമ്പത്തികവുമായ നടപടികളെ പദ്ധതി പിന്തുണയ്ക്കും.

243. ഇപ്പോൾ കേരള മൈഗ്രേഷൻ സർവേകളിൽ നിന്നാണ് പ്രവാസി മലയാളികളുടെ കണക്കുകൾ വരുന്നത്. ഈ പഠനങ്ങൾ സംസ്ഥാനത്ത് നിന്നുള്ള പ്രവാസികളെക്കുറിച്ചുള്ള വിവരങ്ങളിൽ വലിയ വിടവ് നികത്തുന്നുണ്ടെങ്കിലും, ഈ മേഖലയിലെ ഒരു സമഗ്രമായ വിവരവ്യൂഹത്തിന്റെ ആവശ്യകത ഭരണാധികാരികളും പണ്ഡിതന്മാരും ഊന്നിപ്പറയുന്നു. പതിമൂന്നാം പഞ്ചവത്സര പദ്ധതി കാലയളവിൽ, ഇന്ത്യയുടെയും ലോകത്തിന്റെയും വിവിധ ഭാഗങ്ങളിലുള്ള മലയാളികളുടെ എണ്ണം കണ്ടെത്തുന്നതിനായി കേരള സർക്കാർ ഒരു വെബ് പോർട്ടൽ സ്ഥാപിച്ചു. സംസ്ഥാനത്തേക്ക് മടങ്ങിവരുന്ന പ്രവാസികളുടെ എണ്ണവും ഓൺലൈൻ ഡാറ്റാബേസ് നൽകുന്നു. കേരളത്തിനു പുറത്തുള്ള മലയാളികളുടെ എണ്ണം തത്സമയം വിലയിരുത്തുന്നതിനും അവരുടെ ക്ഷേമത്തിനും പിന്തുണയ്ക്കുമായി നയങ്ങൾ രൂപീകരിക്കുന്നതിൽ സർക്കാരിനെ സഹായിക്കുന്നതിനും ഉദ്ദേശിച്ചുള്ളതാണ് ഓൺലൈൻ ഡാറ്റാബേസ്.

# 11. ഭരണനിർവഹണവും ഗവേണൻസും

## 11.1 ഭൂരേഖകൾ

244. പതിനാലാം പഞ്ചവത്സര പദ്ധതിയുടെ ഒരു ലക്ഷ്യം പാവപ്പെട്ട ഭൂരഹിതരായ എല്ലാ കുടുംബങ്ങൾക്കും ഭൂമിയോ വീടോ നൽകുക; നിയമപരമായ എല്ലാ ഭൂവുടമകൾക്കും അവകാശ രേഖകൾ നൽകുക, എല്ലാ ഉടമസ്ഥാവകാശ രേഖകളും ഡിജിറ്റൈസ് ചെയ്യുക എന്നതാണ്.

245. സംസ്ഥാനത്തെ എല്ലാ ഭൂമിയുടെയും റീ സർവെ പതിനാലാം പഞ്ചവത്സര പദ്ധതിയുടെ സുപ്രധാന ലക്ഷ്യമാണ്. സാമ്പത്തിക വികസനത്തിന് വിശ്വസനീയവും കാലികവും ഡിജിറ്റൈസ് ചെയ്തതുമായ ഭൂരേഖകൾ ആവശ്യമാണ്. ആളുകളുടെ ഭൂവുടമാവകാശം ഉറപ്പാക്കാനും, ഉടമസ്ഥതയുടെ രേഖ നൽകാനും, എല്ലാത്തരത്തിലുമുള്ള ഭൂവുടമസ്ഥതയെയും കുറിച്ചുള്ള വിവരങ്ങളും, ഭൂവിനിയോഗത്തെക്കുറിച്ചും നിയന്ത്രണങ്ങളെക്കുറിച്ചുമുള്ള വിവരങ്ങൾ സമന്വയിപ്പിക്കുന്നതിനും ഇവ ആവശ്യമാണ്. ആയതിനാൽ ഭൂവിനിയോഗ ആസൂത്രണത്തിന് വിശ്വസനീയവും കൃത്യവും കാലികവുമായ ഭൂരേഖകൾ ആവശ്യമാണ്. ഒരു സംസ്ഥാനത്തിന്റെ സ്ഥിതിവിവരക്കണക്ക് സംവിധാനത്തിന്റെ പ്രധാന ഘടകങ്ങളിലൊന്നാണ് നല്ല ഭൂരേഖകൾ. നിലവിലെ സാഹചര്യത്തിൽ, എല്ലാ ടെക്സ്റ്റ്, സ്പേഷ്യൽ ഡാറ്റയും സംയോജിപ്പിച്ച് ഡിജിറ്റൈസ് ചെയ്തിട്ടുള്ള രേഖകളും, ഏറ്റവും പുതിയ ഭൂരേഖകളും നിക്ഷേപ നടപടിക്രമങ്ങൾ ലളിതമാക്കാനുള്ള ശ്രമങ്ങളുടെ നിർണായക ഘടകമാണ്. പൂർണ്ണമായും ഡിജിറ്റൈസ് ചെയ്ത ഡോക്യുമെന്റ് മാനേജ്മെന്റ് സിസ്റ്റത്തിൽ വിവരങ്ങൾ എളുപ്പത്തിൽ സംഭരിച്ച് വയ്ക്കുന്നതിനും എവിടെനിന്നും വിവരങ്ങൾ എടുക്കുന്നതിനും, ഒന്നിലധികം മാർഗ്ഗത്തിലൂടെ വിവരങ്ങൾ ശേഖരിക്കുന്നതിനും, സമയ ലാഭം, മികച്ച സുരക്ഷിതത്വം, പ്രമാണ തിരയലുമായി ബന്ധപ്പെട്ട ചെലവ് കുറയ്ക്കൽ, പേപ്പർ പകർപ്പുകളുടെ ഭൗതിക സൂക്ഷിപ്പുമായി ബന്ധപ്പെട്ട ചെലവ് കുറയ്ക്കൽ, ദുരന്തത്തിനെതിരായ തയ്യാറെടുപ്പ് മെച്ചപ്പെടുത്തൽ, പ്രമാണങ്ങൾ വീണ്ടെടുക്കൽ ഉറപ്പാക്കൽ, നടപടി ക്രമങ്ങൾ ലളിതമാക്കൽ എന്നിവ സാധ്യമാകുന്നു.

246. സ്വാതന്ത്ര്യത്തിനു മുമ്പുള്ള തിരുവിതാംകൂർ, കൊച്ചി നാട്ടുരാജ്യങ്ങളിലും ബ്രിട്ടീഷ് ഇന്ത്യൻ മലബാർ ജില്ലയിലും സൃഷ്ടിച്ച ഭൂരേഖാ ഫോർമാറ്റുകൾ ഉപയോഗിച്ചാണ് കേരളം ഇപ്പോഴും പ്രവർത്തിക്കുന്നത്. 1964–ൽ കേരളത്തിൽ ആരംഭിച്ച സർവേ, റീസർവേ, സെറ്റിൽമെന്റ് എന്നിവയുടെ നടപടികൾ അപൂർണ്ണവും, പൂർത്തിയാക്കിയ റീസർവേകൾ മിക്കതും ഇതിനകം കാലഹരണപ്പെട്ടതുമാണ്.

247. കേരളത്തിന് പുതുക്കിയ ഭൂരേഖകൾ, ഓട്ടോമേറ്റഡ് ഓട്ടോമാറ്റിക് മ്യൂട്ടേഷൻ, ടെക്സ്റ്റ്, സ്പേഷ്യൽ റെക്കോർഡുകൾ തമ്മിലുള്ള സംയോജനം, റവന്യൂവും രജിസ്ട്രേഷനും തമ്മിലുള്ള പരസ്പരബന്ധം എന്നിവ ഉള്ള ഒരു സംവിധാനം ആവശ്യമാണ്. ഇതിന് നിലവിലുള്ള ഡീഡ് രജിസ്ട്രേഷനും അനുമാന ഉടമസ്ഥാവകാശ സമ്പ്രദായങ്ങളും (Presumptive title system) മാറ്റി, ഉടമസ്ഥാവകാശ ഗ്യാരന്റിയോടു കൂടിയ യഥാർത്ഥ ഉടമസ്ഥാവകാശം

(Conclusive titling) നൽകണം. ഭൂവിനിയോഗ ആസൂത്രണം, ജലവിഭവ പരിപാലനം, ദുരന്തനിവാരണത്തിനും അനുബന്ധ ലക്ഷ്യങ്ങൾക്കുമുള്ള അടിസ്ഥാനസൗകര്യആസൂത്രണം, എന്നിവയ്ക്ക് ആധുനികവൽക്കരിക്കപ്പെട്ടതും ഡിജിറ്റൈസ് ചെയ്തതുമായ ഭൂരേഖകൾ അനിവാര്യമാണ്.

248. പരിമിതമായ സമയത്തിനുള്ളിൽ സർവേ, റീസർവേ സെറ്റിൽമെന്റ്/ റീ സെറ്റിൽമെന്റ് നടപടികൾ പൂർത്തിയാക്കുന്നതിനായി, കേരളം ആധുനിക സാങ്കേതികവിദ്യയിൽ നിക്ഷേപിക്കേണ്ടതുണ്ട്. ഇന്ന് ഭൂമിശാസ്ത്രപരമായ സ്ഥാന നിർണ്ണയ ത്രിമാന ഡാറ്റ ഏറ്റവും മികച്ച രീതിയിൽ സൃഷ്ടിക്കുന്ന സാങ്കേതികവിദ്യ CORS (Continuously Operating Reference Station) സാങ്കേതികവിദ്യയാണ്. CORS ഉപഗ്രഹത്തെ അടിസ്ഥാനമാക്കിയുള്ള ഒരു സാങ്കേതിക വിദ്യയാണ്. CORS സാങ്കേതികവിദ്യ ഭൂവിനിയോഗ ആസൂത്രണവും ജലവിഭവ ആസൂത്രണവും ദുരന്തനിവാരണ മാനേജ്മെന്റ് ആസൂത്രണവും ഉൾപ്പടെ ബഹുമുഖ ആവശ്യകതകൾക്ക് ഉപയോഗിക്കാവുന്നതാണ്. CORS ആണ് പ്രധാന സാങ്കേതികവിദ്യയെങ്കിലും, ചില മേഖലകളിൽ, ഭൂപ്രദേശം, ബിൽറ്റ്-അപ്പ് ഏരിയ, വെജിറ്റേറ്റീവ് കവർ, ചെലവ് എന്നിവയെ ആശ്രയിച്ച്, ഡിഫറൻഷ്യൽ ഗ്ലോബൽ പൊസിഷനിംഗ് സിസ്റ്റങ്ങൾ (ഡിജിപിഎസ്), ഇലക്ട്രോണിക് ടോട്ടൽ സ്റ്റേഷനുകൾ (ഇ റ്റി എസ്), ഡ്രോൺ അധിഷ്ഠിത ഏരിയൽ ഫോട്ടോഗ്രാഫിയും റിമോട്ട് സെൻസിംഗ് ഡാറ്റയും ഉൾപ്പെടുന്ന ഹൈബ്രിഡ് സാങ്കേതികവിദ്യകൾ എന്നിവയുൾപ്പെടെയുള്ള മറ്റ് സാങ്കേതികവിദ്യകൾ CORS-ന് അനുബന്ധമായി ഉപയോഗിക്കേണ്ടി വന്നേക്കാം.

249. ലാൻഡ് റെക്കോർഡ് നവീകരണ പരിപാടികൾ കാര്യക്ഷമമായി നടപ്പാക്കിയാൽ അഞ്ച് വർഷം കൊണ്ട് അത് പൂർത്തിയാക്കാൻ സാധിക്കും.

## 11.2 ഇ-ഗവേണൻസ്

250. സംസ്ഥാനത്തിന്റെ ആധുനിക സാമ്പത്തിക വികസനത്തിന് സഹായകമാകുന്ന ഐസിടിയുടെ നിർണായക പ്രാധാന്യം കേരള സർക്കാർ അംഗീകരിക്കുന്നു. സ്കൂൾ, യൂണിവേഴ്സിറ്റി വിദ്യാഭ്യാസരംഗത്തെ കേരളത്തിന്റെ നേട്ടങ്ങളും സംസ്ഥാനത്തെ ഉയർന്ന ഡിജിറ്റൽ സാക്ഷരതയും ഇന്ത്യയിൽ അതുല്യമായ തോതിൽ ഇ-ഗവേണൻസ് വിപുലീകരിക്കാനും ആഴത്തിലാക്കാനും കേരളത്തെ പ്രാപ്തമാക്കുന്നു. ഒന്നാമതായി, ഇ-ഗവേണൻസ് എന്നാൽ പൗരന്മാർക്ക് സർക്കാരിന്റെ എല്ലാ സേവനങ്ങളും ഓൺലൈനിൽ ലഭ്യമാക്കുക എന്നതാണ്. രണ്ടാമതായി, സർക്കാർ പ്രക്രിയകൾ ഇലക്ട്രോണിക് ഫയലുകളിലേക്കും ഭരണ നിർവ്വഹണത്തിലേക്കും ഉള്ള മാറ്റം എന്നാണ്.

251. വകുപ്പുകളിലുടനീളമുള്ള വിവരവ്യൂഹം കൈകാര്യം ചെയ്യുന്നതിലെ കാര്യക്ഷമത ഉറപ്പാക്കാൻ ഇന്റർ ഓപ്പറബിൾ ടെക്നിക്കൽ ആർക്കിടെക്ചറുകൾ പ്രധാനമാണ്. ഇന്റർ ഓപ്പറബിലിറ്റി എന്നത് സോഫ്റ്റ്‌വെയർ അനുയോജ്യതയെ മാത്രമല്ല, ഏകോപനത്തിൽ പ്രവർത്തിക്കുന്ന ആളുകളെയും സ്ഥാപനങ്ങളെയും കുറിച്ചും കൂടിയാണ്. വിവിധ തരത്തിലുള്ള പരസ്പര പ്രവർത്തനക്ഷമതയെ ആശ്രയിക്കുന്ന,

സാങ്കേതിക ഏജൻസികൾക്കും സർക്കാരിനകത്തും പുറത്തുമുള്ള ഇതുമായി ബന്ധപ്പെട്ടവർക്കിടയിലും സ്ഥാപനപരമായ ഏകോപനം ആവശ്യമായി വരുന്ന ഒരു സാഹചര്യത്തിന്റെ മികച്ച ഉദാഹരണമാണ് ദുരന്ത നിവാരണ പ്രവർത്തനങ്ങൾ പ്രകടമാകുന്നത്.

## 11.3 വികസനത്തിനായുള്ള സ്ഥിതിവിവരക്കണക്കുകൾ

252. 2019 ജൂലൈയിൽ സംസ്ഥാന ആസൂത്രണ ബോർഡ് സംഘടിപ്പിച്ച സംസ്ഥാനതല സ്ഥിതിവിവരക്കണക്ക് സംബന്ധിച്ച ദ്വിദിന ശിൽപശാലയിൽ, "കേരളത്തിലെ സാമ്പത്തിക നയത്തിന് വളരെ ഉയർന്ന നിലവാരമുള്ള സ്ഥിതിവിവരക്കണക്കുകൾ ആവശ്യമാണെന്ന്" കേരള മുഖ്യമന്ത്രി അഭിപ്രായപ്പെട്ടു.

കൂടാതെ (i) പ്രശ്നങ്ങൾ തിരിച്ചറിയുകയും മനസ്സിലാക്കുകയും ചെയ്യുക; (ii) ഉചിതമായ നയങ്ങളും തന്ത്രങ്ങളും രൂപപ്പെടുത്തുക; (iii) നിർദ്ദേശങ്ങളും മാനദണ്ഡങ്ങളും സജ്ജമാക്കുക; (iv) നയങ്ങളും പരിപാടികളും നിരീക്ഷിക്കുകയും വിലയിരുത്തുകയും ചെയ്യുക എന്നിവയ്ക്കായി സ്ഥിതിവിവരക്കണക്ക് തെളിവുകൾ വേണമെന്നും മുഖ്യമന്ത്രി ഊന്നിപ്പറഞ്ഞു. പരിപാടികൾ നടപ്പിലാക്കേണ്ട പ്രദേശങ്ങളും, മേഖലകളും തിരിച്ചറിയുന്നതിനും, നയങ്ങളും പരിപാടികളും നമ്മുടെ ഉദ്ദേശലക്ഷ്യങ്ങൾ നിറവേറ്റുന്നുണ്ടോ എന്ന് മനസ്സിലാക്കുന്നതിനും, മെച്ചപ്പെടുത്തേണ്ട മേഖലകൾ തിരിച്ചറിയുന്നതിനും സ്ഥിതിവിവരക്കണക്കുകൾ ഉണ്ടായിരിക്കേണ്ടത് അത്യാവശ്യമാണ്. ഈ ആവശ്യത്തിനായി, സമയോചിതവും പൂർണ്ണവും കൃത്യവും വിശ്വസനീയവുമായ സ്ഥിതിവിവരക്കണക്കുകൾ ആവശ്യമാണ്.

253. ഇതിന്റെ ഭാഗമായി സംസ്ഥാന ആസൂത്രണ ബോർഡ് വിവിധ ഏജൻസികളുടെ, പ്രത്യേകിച്ച് സംസ്ഥാന സ്റ്റാറ്റിസ്റ്റിക്കൽ കമ്മീഷൻ നടത്തുന്ന താഴെ പറയുന്ന ശ്രമങ്ങളെ പിൻതുണയ്ക്കുന്നതാണ്. (1) സംസ്ഥാനതല സ്ഥിതിവിവരക്കണക്കുകൾ പ്രകാരവും, സംസ്ഥാനത്തിന്റെ സാമൂഹികവും സാമ്പത്തികവുമായ വികസനത്തിന് നിർണായകമായി കണക്കാക്കാവുന്ന സ്ഥിതിവിവരക്കണക്കുകൾ പ്രകാരവും മുൻഗണനാ മേഖലകൾ കണ്ടെത്തുക; (2) അന്തർദേശീയവും ദേശീയവുമായ സമ്പ്രദായങ്ങളുമായി പൊരുത്തപ്പെടുന്ന വിവിധ മേഖലകളിലെ മികച്ച ആശയങ്ങൾ, നിർവചനങ്ങൾ, വിഭാഗങ്ങൾ, രീതിശാസ്ത്രം എന്നിവ എങ്ങനെ വികസിപ്പിച്ചെടുക്കാം എന്നതിനെക്കുറിച്ചുള്ള പ്രാഥമിക നിർദ്ദേശങ്ങൾ നൽകുക; (3) സംസ്ഥാന സർക്കാർ സ്ഥാപനങ്ങളിൽ പുതിയ സ്റ്റാറ്റിസ്റ്റിക്കൽ നിപുണതയും കാര്യക്ഷമതയും കെട്ടിപ്പടുക്കുന്നതിനുള്ള രീതികൾ നിർദ്ദേശിക്കുക.

# 12. പതിനാലാം പഞ്ചവത്സര പദ്ധതിക്കുള്ള വിഭവങ്ങൾ

## 12.1 പദ്ധതി വിഭവങ്ങളും വിഹിതവും

254. ഇന്ത്യയുടെ ഫെഡറൽ ഭരണസംവിധാനത്തിന് നിരന്തരമായ ഒരു പ്രശ്നവും കേരള സർക്കാരിന് വലിയ ആശങ്കയുളവാക്കുന്നതുമായ ഒരു വിഷയവുമാണ് കേന്ദ്ര-സംസ്ഥാന സാമ്പത്തിക ബന്ധങ്ങൾ. ഇന്ത്യയുടെ ഫെഡറൽ സാമ്പത്തിക ക്രമീകരണങ്ങളിൽ സംസ്ഥാനങ്ങളുടെ അവസ്ഥ കൂടുതൽ പരിതാപകരമായിക്കൊണ്ടിരിക്കുന്നു. കേരള സർക്കാർ പതിറ്റാണ്ടുകളായി സംസ്ഥാനങ്ങളുടെ അവകാശങ്ങൾക്കും നീതിയുക്തമായ കേന്ദ്ര-സംസ്ഥാന സാമ്പത്തിക വ്യവസ്ഥയ്ക്കും വേണ്ടി പോരാടുന്നുണ്ട്. 2018-ൽ കേരള മുഖ്യമന്ത്രി പ്രസ്തുത വിവരം താഴെ പറയും പ്രകാരം ധരിപ്പിക്കുകയുണ്ടായി:

> ഭരണഘടനയിൽ പ്രതിപാദിച്ചിരിക്കും പ്രകാരം നിലവിൽ ഇന്ത്യയിലെ സംസ്ഥാനങ്ങൾക്ക് അവരുടെ ചുമതലകൾ നിറവേറ്റാനുള്ള വിഭവങ്ങളോ അത്തരം വിഭവങ്ങൾ സ്വരൂപിക്കാനുള്ള അവകാശമോ ഇല്ല. സംസ്ഥാനങ്ങളുടെ പ്രവർത്തനരീതിയോ നിഷ്ക്രിയത്വമോ കൊണ്ടല്ല മറിച്ച് കേന്ദ്ര സർക്കാർ നയത്തിന്റെ അനന്തരഫലമാണ് ഈ അവസ്ഥയ്ക്ക് കാരണം.
>
> ഇന്ത്യയുടെ ഫെഡറൽ സംവിധാനത്തിൽ വലിയ അസമത്വം നിലനിൽക്കുന്നു. വിഭവ സമാഹരണത്തിനുള്ള കേന്ദ്രത്തിന്റെ ശേഷി സംസ്ഥാനങ്ങളെക്കാൾ വളരെ കൂടുതലാണ്, എന്നാൽ സംസ്ഥാനങ്ങൾ അവരുടെ വരുമാനത്തിന്റെ ശേഷിയെക്കാൾ അധികം വികസന ചെലവുകൾ ഏറ്റെടുക്കേണ്ടതായി വരുന്നു.

255. ചരക്ക് സേവനനികുതി നടപ്പിലാക്കിയതും പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ ശുപാർശകളും കാരണം സംസ്ഥാനത്തിന് ലഭ്യമാകുന്ന വരുമാനത്തിലും കേന്ദ്ര സംസ്ഥാന വിഭവപങ്കുവയ്ക്കലിന്റെ അടിസ്ഥാന ഘടനയിലും ഗണ്യമായ മാറ്റങ്ങൾ വന്നു.

256. കൂടാതെ, 2018 ലെയും 2019 ലെയും വെള്ളപ്പൊക്കവും കോവിഡ്-19 മഹാമാരിയും സംസ്ഥാനത്തിന്റെ സാമ്പത്തിക പ്രവർത്തനങ്ങളെയും വിഭവസമാഹരണത്തെയും സാരമായി ബാധിക്കുകയും ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കും മറ്റ് പ്രതിരോധ പ്രവർത്തനങ്ങൾക്കുമായി കൂടുതലായി കടമെടുത്തതിന്റെ ഭാഗമായി ഋണാശ്രിതത്വം വർദ്ധിക്കുകയും ചെയ്തു.

257. വിഭവ സമാഹരണവുമായി ബന്ധപ്പെട്ട് പതിനാലാം പഞ്ചവത്സര പദ്ധതിയിൽ 4 പുതിയ വെല്ലുവിളികൾ അഭിമുഖീകരിക്കേണ്ടതായിട്ടുണ്ട്. ഒന്നാമതായി, പതിനഞ്ചാം ധനകാര്യ കമ്മീഷൻ ശുപാർശകൾ അനുസരിച്ച്, സംസ്ഥാനങ്ങളുമായി പങ്കിടാവുന്ന നികുതികളിൽ കേരളത്തിന്റെ പങ്ക് 2.5 ശതമാനത്തിൽ നിന്ന് 1.925 ശതമാനമായി കുറയുന്നു. രണ്ടാമതായി, റവന്യൂ കമ്മി ഗ്രാന്റായി ഈ കാലയളവിൽ കേരളത്തിന് ലഭിച്ചിരുന്ന വിഹിതം 2023-24 ൽ അവസാനിക്കും. മൂന്നാമതായി, 14 ശതമാനം നികുതി വരുമാന വളർച്ച കൈവരിക്കുക എന്ന ലക്ഷ്യം മുൻനിർത്തി നൽകിവരുന്ന നികുതി വരുമാന നഷ്ടത്തിനുള്ള ജി.എസ്.ടി നഷ്ടപരിഹാരം 2022 ജൂണിനു

ശേഷം തുടരാൻ സാധ്യതയില്ല. അവസാനമായി, മൊത്തം സംസ്ഥാന ആഭ്യന്തര ഉൽപാദനത്തിന് ആനുപാതികമായി സംസ്ഥാനങ്ങൾക്ക് കടമെടുക്കുന്നതിനുള്ള പരിധി 2025–26 ൽ 3 ശതമാനമായി തിരികെ കൊണ്ടുവരും (മഹാമാരിയുടെ സമയത്ത് ഇത് 4.5 ശതമാനമായി ഉയർത്തിയിരുന്നു).

258. മേൽ പറഞ്ഞ സാഹചര്യങ്ങളും സംസ്ഥാനത്തിന്റെ തനത് നികുതി വരുമാന വളർച്ച കുറയുന്ന വസ്തുതയും കണക്കിലെടുക്കുമ്പോൾ, പതിനാലാം പഞ്ചവത്സര പദ്ധതിക്കായി വിഭവങ്ങൾ സമാഹരിക്കുന്നത് വെല്ലുവിളി നിറഞ്ഞ ദൗത്യമാണ്. പതിമൂന്നാം പദ്ധതി കാലയളവിലെ ഓരോ വർഷവും ഉണ്ടായ ചെലവിന്റെ അതേ നിരക്കിൽ (ഓരോ വർഷവും ജിഎസ്ഡിപിയുടെ 3.5 ശതമാനം), പതിനാലാം പദ്ധതിയിലും ആവർത്തിക്കുകയാണെങ്കിൽ പതിനാലാം പദ്ധതിക്ക് ആവശ്യമായ വിഭവങ്ങൾ 2.15 ലക്ഷം കോടി രൂപയായി കണക്കാക്കേണ്ടിവരുമെന്നാണ് പതിനാലാം പദ്ധതി രൂപീകരണത്തിനായി സാമ്പത്തിക വിഭവങ്ങളും വിഭവ സമാഹരണവും എന്ന വിഷയത്തിൽ നിയോഗിക്കപ്പെട്ട വർക്കിംഗ് ഗ്രൂപ്പ് അഭിപ്രായപ്പെട്ടത്. എന്നിരുന്നാലും, പതിനാലാം പഞ്ചവത്സര പദ്ധതിയുടെ ആകെ അടങ്കൽ തുക അന്തിമമായി ഇതുവരെ തീരുമാനിച്ചിട്ടില്ല.

259. പതിനാലാം പഞ്ചവത്സര പദ്ധതിയുടെ വിഭവ ആസൂത്രണം താഴെപ്പറയുന്ന അനുമാനങ്ങളെ അടിസ്ഥാനമാക്കിയുള്ളതാണ്.

i. 2022 മുതൽ 2024 വരെ ജിഎസ്ഡിപി പ്രതിവർഷം 10 ശതമാനവും പദ്ധതി കാലയളവിലെ ശേഷിക്കുന്ന മൂന്ന് വർഷത്തേക്ക് 11 ശതമാനവും കണ്ട് വളർച്ചയുണ്ടാകുമെന്നും അനുമാനിക്കപ്പെടുന്നു.
ii. കേന്ദ്രനികുതി വിഹിതം 2022–23ൽ 15 ശതമാനം വരെ വർദ്ധിക്കുമെന്നും, പദ്ധതി കാലയളവിന്റെ ശേഷിക്കുന്ന വർഷങ്ങളിൽ ഇത് 12 ശതമാനമാകുമെന്നും പ്രതീക്ഷിക്കുന്നു.
iii. പതിനാലാം പദ്ധതി കാലയളവിൽ സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനത്തിൽ 12.7 ശതമാനം വളർച്ചയാണ് പ്രതീക്ഷിക്കുന്നത്. സമ്പദ്‌വ്യവസ്ഥയുടെ നിലവിലെ വീണ്ടെടുക്കൽ പ്രവണതയെ അടിസ്ഥാനമാക്കിയാണ് ഈ വളർച്ച പ്രതീക്ഷിക്കുന്നത്.
iv. നികുതിയേതര വരുമാനത്തിൽ 10 ശതമാനം വളർച്ച പ്രതീക്ഷിക്കുന്നു.
v. പതിനഞ്ചാം ധനകാര്യ കമ്മീഷൻ പ്രധാനമായും ശുപാർശ ചെയ്യുന്ന പദ്ധതിയേതര ഗ്രാന്റുകൾ, ധനകാര്യ കമ്മീഷൻ ശുപാർശകൾക്ക് അനുസൃതമായി വർദ്ധിക്കുമെന്ന് അനുമാനിക്കുന്നു.
vi. പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ ശുപാർശകൾക്കനുസൃതമായിട്ടായിരിക്കും പതിനാലാം പദ്ധതിയുടെ അറ്റ വായ്പാ നിരക്ക് നിശ്ചയിക്കുന്നത്.

260. കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡിൽ (കിഫ്ബി) നിന്നുള്ള നിക്ഷേപങ്ങൾ സർക്കാരിന്റെ വിഭവങ്ങളുടെ അനുപൂരക നിക്ഷേപങ്ങളാണ്. 2022 ഫെബ്രുവരിയിലെ കണക്കനുസരിച്ച്, 70,762 കോടി രൂപയുടെ 962 പദ്ധതികൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്. അടിസ്ഥാന സൗകര്യമേഖലയിലെ കിഫ്ബിയുടെ നിക്ഷേപം സമ്പദ്‌വ്യവസ്ഥയിൽ പലമടങ്ങ് വർദ്ധനവുണ്ടാക്കും.

## 12.2 സഹകരണ സംഘങ്ങൾ

261. അംഗങ്ങളുടെ പൊതുവായ ആവശ്യങ്ങൾ നിറവേറ്റുന്നതിനും സമൂഹത്തെ മൊത്തത്തിൽ സേവിക്കുന്നതിനുമായി ജനങ്ങളെ അണിനിരത്തുന്നതിലും അവരുടെ വിഭവങ്ങൾ സമാഹരിക്കുന്നതിലും കേരളത്തിലെ സഹകരണ സ്ഥാപനങ്ങൾ ഒരു സുപ്രധാന പങ്ക് വഹിക്കുന്നു. ഇന്ന് സംസ്ഥാനത്തെ മിക്കവാറും എല്ലാ ഗ്രാമീണ സാമ്പത്തിക പ്രവർത്തനങ്ങൾക്കും സഹകരണ സംഘങ്ങൾ പിന്തുണ നൽകി വരുന്നു.

262. തുടർന്നുവരുന്ന പഞ്ചവത്സര പദ്ധതികളിലൂടെ ലഭിച്ചു വരുന്ന സാമ്പത്തിക സഹായങ്ങൾ കേരളത്തിലെ സഹകരണ സംഘങ്ങളെ വലിയതോതിൽ പിന്തുണയ്ക്കുന്നുണ്ട്. സംസ്ഥാന നയവും സഹകരണ സ്ഥാപനങ്ങളുടെ വായ്പാ പിന്തുണയും കൃഷി പ്രോത്സാഹിപ്പിക്കുന്നതിൽ നിർണ്ണായക പങ്ക് വഹിക്കുന്നു.

263. പ്രാഥമിക മേഖലയിലും കാർഷിക വിപണനത്തിലും ഉൽപന്ന സംഭരണത്തിലും വ്യവസായത്തിലും സേവനങ്ങളിലും ചില്ലറ വ്യാപാരത്തിലും മറ്റ് മേഖലകളിലും നിക്ഷേപം വർധിപ്പിക്കുന്നതിൽ സഹകരണ സ്ഥാപനങ്ങളുടെ ഇടപെടലുകളെ പതിനാലാം പഞ്ചവത്സര പദ്ധതി പിന്തുണയ്ക്കും. കേരളത്തിന്റെ സഹകരണ ഘടനയിലെ മുൻനിര സ്ഥാപനമായ കേരളാ ബാങ്കിൽ സംസ്ഥാന ആസൂത്രണ ബോർഡ് പ്രതീക്ഷയർപ്പിക്കുന്നു, അതിന്റെ വികസന പങ്കാളിത്തം മെച്ചപ്പെടുത്തികൊണ്ടും അത് ജനങ്ങൾക്ക് വാഗ്ദാനം ചെയ്യുന്ന ബാങ്കിംഗ് ഉൽപന്നങ്ങളുടെ വൈവിദ്ധ്യവല്കരണം വിപുലീകരിച്ചുകൊണ്ടും അതിന് കേരളത്തിന്റെ സാമ്പത്തിക വളർച്ചയിൽ നിർണായകമായ സംഭാവന നൽകാൻ കഴിയും.

264. സഹകരണ പ്രസ്ഥാനം ഭാവിയുടെ ഒരു സംഘടനാ രൂപമായി സ്വയം സ്ഥാപിക്കണമെങ്കിൽ, അത് യുവാക്കളെ വൻതോതിൽ ആകർഷിക്കുകയും അതിന്റെ പ്രവർത്തനങ്ങളിൽ അവരെ ഉൾപ്പെടുത്തുകയും വേണം. സാങ്കേതികവിദ്യയുടെ വലിയതോതിലുള്ള സന്നിവേശിപ്പിക്കൽ, സ്റ്റാർട്ടപ്പുകൾ ഉൾപ്പെടെയുള്ള പുതിയ സംരംഭങ്ങൾക്കുള്ള ഫണ്ട് മാറ്റിവെക്കൽ എന്നിവ യുവാക്കളെ സഹകരണ പ്രസ്ഥാനത്തിലേക്ക് കൂടുതൽ ആകർഷിക്കാൻ സഹായിക്കും.

265. കേരള ബാങ്കും പ്രാഥമിക സഹകരണ സംഘങ്ങളും തമ്മിലുള്ള സാമ്പത്തിക ബന്ധം ശക്തിപ്പെടുത്തുന്നതോടൊപ്പം പ്രാഥമിക സഹകരണ സംഘങ്ങളുടെ പ്രവർത്തനങ്ങളും സാമ്പത്തിക തന്ത്രങ്ങളും കേരള ബാങ്കിന്റെ വാണിജ്യ പ്രവർത്തനങ്ങളുമായി ഏകോപിപ്പിക്കുകയും വേണം. സഹകരണ സംഘങ്ങളുടെ എല്ലാ തലങ്ങളിലും പൊതു സോഫ്റ്റ്‌വെയർ അവതരിപ്പിക്കുന്നതിന് പതിനാലാം പഞ്ചവത്സര പദ്ധതി എല്ലാ പിന്തുണയും നൽകും. പ്രവർത്തനരഹിതമായ സഹകരണ സംഘങ്ങളെ സംബന്ധിച്ച്, പതിനാലാം പഞ്ചവത്സര പദ്ധതി-മെച്ചപ്പെട്ട സാമ്പത്തിക പ്രകടനം, മികച്ച മേൽനോട്ട ഘടന, മേഖലയുടെ പ്രത്യേക പ്രശ്നങ്ങൾ മനസ്സിലാക്കുന്നതിനുള്ള ഏകോപിത ശ്രമങ്ങൾ എന്നിവയെ പ്രോത്സാഹിപ്പിക്കും.

# 13. പദ്ധതികളുടെ വിലയിരുത്തൽ

266. ആസൂത്രണത്തിന്റെ അവിഭാജ്യ ഘടകമാണ് വിലയിരുത്തൽ. വിലയിരുത്തൽ പ്രക്രിയയിലൂടെ ലഭിക്കുന്ന പ്രതികരണങ്ങളും അറിവുകളും പദ്ധതി രൂപകൽപ്പനയിലും വിഭവ വിതരണത്തിലും ആസൂത്രണ പ്രക്രിയയെ സഹായിക്കും. നിലവിൽ നടന്നുകൊണ്ടിരിക്കുന്നതും പൂർത്തീകരിച്ചതുമായ പദ്ധതികളുടെ വിലയിരുത്തൽ ആസൂത്രണ ബോർഡ് നടത്തുന്നു.

267. പതിനാലാം പഞ്ചവത്സര പദ്ധതിക്കാലയളവിൽ, പദ്ധതികളുടെ വിലയിരുത്തലിന് വളരെയധികം പ്രാധാന്യം നൽകുന്നതായിരിക്കും. ഇത്തരം വിലയിരുത്തലുകൾ ക്രമമായും ചിട്ടയായും നടത്തുന്നതിനുള്ള സംവിധാനങ്ങൾ ബോർഡ് രൂപീകരിക്കും. പ്രയോജന കാലം അധികരിച്ച പദ്ധതികളും പദ്ധതികളുടെ ഇരട്ടിപ്പും കൂടിക്കലരലും കണ്ടെത്തി അവ ഒഴിവാക്കാനുള്ള നടപടികൾ ബോർഡ് നടപ്പിലാക്കും. വിലയിരുത്തൽ പ്രക്രിയയിലൂടെ, പദ്ധതി രൂപകല്പനയും നിർവഹണ പ്രക്രിയയും മെച്ചപ്പെടുത്താനും ത്വരിതഗതിയിൽ സമയബന്ധിതമായി പദ്ധതികൾ പൂർത്തീകരിക്കാനും ആസൂത്രണ ബോർഡ് ലക്ഷ്യമിടുന്നു. പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിന്റെയും നടപ്പിലാക്കുന്നതിന്റെയും കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും അതുവഴി വിഭവങ്ങളുടെ മെച്ചപ്പെട്ട വിനിയോഗം പ്രോത്സാഹിപ്പിക്കുന്നതിനും പദ്ധതികളുടെ വിലയിരുത്തൽ സഹായിക്കും.

***

268. പതിനാലാം പഞ്ചവത്സര പദ്ധതി കേരളത്തെ അടിസ്ഥാന ആവശ്യങ്ങൾ നിറവേറ്റുന്ന ഒരു സമൂഹത്തിൽ നിന്ന് എല്ലാവരുടെയും സമഗ്രമായ അഭിവൃദ്ധിയും സുസ്ഥിരതയും സാമൂഹിക നീതിയും അടിസ്ഥാനമാക്കിയുള്ള സമൂഹത്തിലേക്കുള്ള മാറ്റത്തിന്റെ ഒരു സുപ്രധാന നാഴികക്കല്ലായിരിക്കും.